**ധനകാര്യം**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ നാലാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ മൂന്നാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ സംബന്ധിച്ച് 2013-14 സാമ്പത്തിക വർഷത്തിന്റെ നാല് മാസത്തേയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയോ ചെലവ് ചെയ്യുന്നതിലേയ്ക്കോ ആയി ഗവർണ്ണർക്ക് നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 141,88,84,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 60,68,44,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 123,70,66,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 424,77,67,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 126,70,03,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേ ണ്ടതാണ്.

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 134,07,65,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,87,29,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേ ണ്ടതാണ്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,79,17,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെ യ്യേണ്ടതാണ്.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 136,07,54,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

<u>ഡോ. ടി.എം. തോമസ് ഐസക്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

വാഹന നികുതികൾ എന്ന IX- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,01,55,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേ ണ്ടതാണ്.

<u>ശ്രീ. വി. ചെന്തമരാക്ഷൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 58,95,62,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

<u>ശ്രീ. കെ. ദാസൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 133,33,12,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

<u>ശ്രീ. കെ.വി. വിജയദാസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 707,80,27,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

<u>ശ്രീ. എളമരം കരീം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ജയിലുകൾ എന്ന XIII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,15,20,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പൊതുമരാമത്ത് എന്ന XV -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1076,72,02,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4102,80,83,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1112,38,51,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. കെ.കെ. ജയചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

കുടുംബക്ഷേമം എന്ന XIÄII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 166,76,70,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. ഇ.പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശുദ്ധജല വിതരണവും, ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 377,80,33,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേ ണ്ടതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 140,80,85,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. സി. കൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,44,23,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക വിഭാഗങ്ങൾ/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 648,90,02,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 66,56,38,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

വാഹന നികുതികൾ എന്ന IX- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,01,55,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേതാണ്.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 707,80,27,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4102,80,83,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ശുദ്ധജല വിതരണവും, ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 377,80,33,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേതാണ്.

പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 103,52,67,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 731,91,22,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 316,46,09,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊളളിച്ചിട്ടുളള 50,87,29,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

ശ്രീമതി കെ.കെ. ലതിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 93,88,22,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

ശ്രീ. കെ.കെ. നാരായണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 976,53,26,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 145,66,48,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊളളിച്ചിട്ടുള്ള 161,15,18,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

ശ്രീ. റ്റി.വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 122,44,44,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 305,18,68,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

<u>ശ്രീമതി കെ.എസ്. സലീഖ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 138,43,91,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

<u>ശ്രീ. ബി. സത്യൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 628,10,89,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 25,15,20,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 166,76,70,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 103,52,67,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 93,88,22,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 126,70,03,000 ക.യിൽ നിന്ന ്ഒരു നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊളളിച്ചിട്ടുളള 122,44,44,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊളളിച്ചിട്ടുളള 50,87,29,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 740,86,04,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

ശ്രീ. എം. ചന്ദ്രൻ: സർ, ഞാൻ ഇവിടെ അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. പതിനൊന്ന് ബഡ്ജറ്റുകൾ അവതരിപ്പിച്ച് റെക്കോർഡ് സൃഷ്ടിച്ചുവെന്നാണ് ശ്രീ. കെ. എം. മാണി പെരുമയായി അവകാശപ്പെടുന്നത്. ഈ പതിനൊന്ന് ബഡ്ജറ്റുകളിൽ രണ്ടെണ്ണം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കൂടെയുണ്ടായിരുന്ന സമയത്ത് അവതരിപ്പിച്ചതാണ്. സാമൂഹ്യമാറ്റത്തിന് സഹായകമായിട്ടുള്ള ബഡ്ജറ്റുകളായിരുന്നു അവ. ബാക്കിയുള്ള ഒൻപത് ബഡ്ജറ്റുകളും ഈ സമൂഹ്യമാറ്റങ്ങളെ പിന്തിരിപ്പിക്കുന്ന നയസമീപനങ്ങൾ ഉൾക്കൊള്ളുന്ന യു.ഡി.എഫിനുവേണ്ടി അവതരിപ്പിച്ച ബഡ്ജറ്റുകളാണ്. അതുകൊണ്ടുതന്നെ നായയായി നാൽപ്പതുകൊല്ലം ജീവിക്കുന്നതിനേക്കാൾ ഭേദം നരിയായി നാലുകൊല്ലം ജീവിക്കുന്നതാണെന്ന് പറയുന്നതുപോലെ പതിനൊന്ന് ബഡ്ജറ്റുകൾ അവതരിപ്പിച്ചതുകൊണ്ടൊരു പെരുമയില്ല രണ്ട് ബഡ്ജറ്റുകൾ മാത്രമാണ് പെരുമയിൽ അവകാശപ്പെടാനുള്ളത്. എന്നാൽ പതിനൊന്നാമത്തെ ബഡ്ജറ്റിന് ഒരു പ്രത്യേകതയുണ്ടായിരുന്നു. സാധാരണ എല്ലാ ധനകാര്യ വകുപ്പുമന്ത്രിമാരും ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ അതിനെ ഡെസ്കിലടിച്ച് പ്രോത്സാഹിപ്പിക്കാൻ ഭരണകക്ഷിയംഗങ്ങൾ മുതിരുക സ്വാഭാവികമാണ്. എന്നാൽ ശ്രീ. കെ. എം. മാണി ബഡ്ജറ്റ് പ്രസംഗം നടത്തിയ സന്ദർഭത്തിൽ ഒരു മന്ത്രിവരെ അതിനെതിരായി പ്രതികരിക്കുകയുണ്ടായി. അതുപോലെ ഒരു ഭരണകക്ഷിയംഗം പ്രതിഷേധിച്ച് ഇറങ്ങിപ്പോവുകയും ചെയ്തു. മൂന്ന് ഭരണകക്ഷിയംഗങ്ങൾ ഈ ബഡ്ജറ്റിനെ

ഞങ്ങൾ അനുകൂലിക്കില്ലെന്ന് പരസ്യമായി പ്രഖ്യാപിച്ചതായി പത്രങ്ങളിലൂടെ അറിയാൻ സാധിച്ചു. മാത്രമല്ല, ഭരണകക്ഷിയംഗങ്ങളുടെ ഭാഗത്തുനിന്ന് പ്രസംഗിച്ചവരെല്ലാം ബഡ്ജറ്റിനെ തേനിൽ മുക്കിയ വിഷം ചീറ്റുന്നതുപോലെ യാണ് പരാമർശിച്ചത്. ഒരംഗമാകട്ടെ, ഈ ബഡ്ജറ്റ് നിരാശാജനകമെന്ന് പറ യാൻപോലും പറ്റാത്തവിധം നിരാശാജനകമാണെന്ന് പരസ്യമായി ഈ സഭ യിൽ പറയുകയും ചെയ്തു. പ്രതിപക്ഷാംഗങ്ങളും ഈ ബഡ്ജറ്റിനെ ശക്ത മായി എതിർത്തു. പൊതുവിൽ ഗവൺമെന്റ് രണ്ട് വർഷക്കാലമായി തുടർന്നു വരുന്ന പ്രതിപക്ഷ നിയോജക മണ്ഡലങ്ങളോടുള്ള അവഗണന ഈ ബഡ്ജറ്റ് അവതരണത്തിലും വളരെ കാര്യമായി പ്രതിഫലിച്ചു. ഇതിനെതി രായി പ്രതിപക്ഷാംഗങ്ങൾ ചർച്ചയിലൂടെ അതിനുള്ള രോഷവും പ്രകടിപ്പിക്കു കയുണ്ടായി. എന്നാൽ ചർച്ചയ്ക്ക് മറുപടി പറഞ്ഞ സന്ദർഭത്തിൽ മാണി സാർ ഭരണകക്ഷിയംഗങ്ങളെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടി ഓരോരുത്ത രായി എഴുതി നൽകിയ കടലാസുകളിൽ പറഞ്ഞ കാര്യങ്ങൾ ഓരോന്നോരോ ന്നായി പ്രഖ്യാപിക്കുകയാണ് ഇന്നലെ ചെയ്തത്. ഇന്നലെ നിയമസഭയിൽ വച്ചുതന്നെ ഭരണകക്ഷി എം.എൽ.എ. മാരെ വിളിച്ച് ബഹുമാനപ്പെട്ട മുഖ്യ മന്ത്രി സഭയിൽവച്ച് യോഗം ചേരുകയാണുണ്ടായത്. ഇതുവരെ സംഭവി ക്കാത്ത കാര്യങ്ങളാണ് ഇന്നലെ സംഭവിച്ചത്. അങ്ങനെ യോഗം ചേർന്ന് ഓരോ എം.എൽ.എ. മാരുടെയും കാര്യങ്ങളെന്താണെന്ന് അന്വേഷിക്കുകയും അത് എഴുതി വാങ്ങുകയും അത് അപ്പപ്പോൾതന്നെ ധനകാര്യ വകുപ്പുമ ന്ത്രിയ്ക്ക് നൽകുകയും ചെയ്തിരുന്നു. അങ്ങനെ ഭരണകക്ഷിയിൽപ്പെട്ട എം. എൽ.എ. മാർ ഓരോരുത്തരായിനൽകുന്ന കാര്യങ്ങൾ പ്രഖ്യാപിക്കാൻ ഈ കേരള ബഡ്ജറ്റ് ശ്രീ. കെ. എം. മാണിയുടെ തറവാട്ടുസ്വത്തൊന്നുമല്ലല്ലോ? ഒരു തറവാട്ടുസ്വത്ത് പോലെയാണ് ശ്രീ. കെ. എം. മാണി ഇന്നലെ പ്രഖ്യാ

പനം നടത്തിയത്. പ്രതിപക്ഷം പറഞ്ഞ കാര്യങ്ങളൊക്കെ അവഗണിച്ച് സാധാരണ തറവാട്ടുകാരണവന്മാർ അനന്തരവർക്ക് ഓണപ്പുടവ കൊടുക്കുന്ന പോലെ ഭരണകക്ഷിയംഗങ്ങൾക്കുവേണ്ടിയുള്ള കാര്യങ്ങൾ പ്രഖ്യാപിക്കുന്ന ഒരു സമീപനമാണ് ഇന്നലെ ഈ സഭയിൽ കാണാൻ കഴിഞ്ഞത്. പ്രതിപക്ഷാംഗങ്ങളായ 67 പേർ ഈ നിയമസഭയിലുണ്ട്. ഞങ്ങൾക്കും നിയോജകമണ്ഡലങ്ങളുണ്ട്, ജനങ്ങൾ ഞങ്ങളേയും വോട്ട് ചെയ്ത് ജയിപ്പിച്ചാണ് ഇങ്ങോട്ട് വിട്ടിരിക്കുന്നത്. ജനാധിപത്യ മര്യാദകൾക്കനുസരിച്ച് ക്രിയാത്മക പ്രതിപക്ഷമായാണ് ഞങ്ങൾ ഇവിടെ പ്രവർത്തിക്കുന്നത്. അത് അനുവദിക്കാത്തൊരു സമീപനം വരികയാണെങ്കിൽ ഈ ഗവൺമെന്റിന്റെ ക്രിയകഴിക്കുന്ന ഒരു പ്രതിപക്ഷമായി ഞങ്ങൾക്ക് മാറേണ്ടിവരുമെന്ന് ഈ ഭരണകക്ഷിയംഗങ്ങളെ ഓർമ്മപ്പെടുത്തുകയാണ്. ഈ സഭയിൽ പ്രതിപക്ഷാംഗങ്ങളെ വിവേചനത്തോടുകൂടിയാണ് കാണുന്നത്. പ്രതിപക്ഷാംഗങ്ങൾ ചെറിയ പിശകുകൾ ചെയ്യുമ്പോഴേയ്ക്കും അവരുടെ പേരിൽ ചെയറിന്റെ ഭാഗത്തുനിന്ന് നടപടികൾ പ്രഖ്യാപിക്കുന്നു. മാപ്പുപറഞ്ഞാൽപോലും ആ നടപടിയിൽ നിന്ന് അവരെ ഒഴിവാക്കുന്നില്ല. എന്നാൽ മുഖ്യമന്ത്രിയുടെ നിർദ്ദേശമനുസരിച്ച്................

ശ്രീ. സി. പി. മുഹമ്മദ്: സർ, പോയിന്റ് ഓഫ് ഓർഡർ, ഭരണകക്ഷിയംഗങ്ങൾക്കെതിരെ നടപടിയെടുക്കുന്നില്ലെന്ന രീതിയിൽ ബഹുമാനപ്പെട്ട ചെയറിനെതിരെ ഇവിടെ ഒരു ആരോപണമുന്നയിച്ചിരിക്കുകയാണ്. ഈ സഭ സമ്മേളിച്ച് രണ്ടാമത്തെ മാസം ശാസനയ്ക്ക് വിധേയമായ ഒരാളാണ് ഞാൻ. ഭരണപക്ഷത്തുള്ള എത്രയോപേരെ ശാസിച്ചിട്ടുണ്ട്. എന്നാൽ പ്രതിപക്ഷാംഗങ്ങളെ ശാസിക്കുമ്പോൾ മാത്രം ഇത്തരത്തിൽ ചെയറിനെ പരസ്യമായി വിമർശിക്കുന്നത് ഓർഡറിലാണോ;

ശ്രീ. എം. ചന്ദ്രൻ: ഞങ്ങൾക്ക് തോന്നിയൊരു വസ്തുത ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ വേണ്ടിയാണ് പറഞ്ഞത്.

ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. എൻ. ശക്തൻ): ബഹുമാനപ്പെട്ട എം. ചന്ദ്രൻ, ചെയറിന്റെ റൂളിംഗിനെ ചോദ്യം ചെയ്യാൻപാടില്ല.

ശ്രീ. എം. ചന്ദ്രൻ: സർ, ബഹുമാനപ്പെട്ട ചെയറിന്റെ റൂളിംഗിനെ ചോദ്യം ചെയ്തിട്ടേയില്ല. ഇവിടെ പറഞ്ഞത് ഭരണകക്ഷിയംഗങ്ങൾ മാപ്പുചോദിച്ചാൽ നടപടി സ്വീകരിക്കുന്നില്ല അതേസമയം..............

ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. എൻ. ശക്തൻ): ബഹുമാനപ്പെട്ട ചെയർ എപ്പോഴും നിഷ്പക്ഷമായാണ് പെരുമാറുന്നത്. രണ്ടുഭാഗത്തുമുള്ള അംഗങ്ങളെയും ഒരുപോലെയാണ് ചെയർ കാണുന്നത്. രണ്ടുഭാഗത്തുമുള്ള അംഗങ്ങളെ ഒരേപോലെ കണ്ടുകൊണ്ട് നിഷ്പക്ഷമായിട്ടാണ് ചെയർ റൂളിംഗ് നൽകുന്നത്. അതിനെ ചോദ്യം ചെയ്യരുത്.

ശ്രീ. എം. ചന്ദ്രൻ: ബഹുമാനപ്പെട്ട ചെയറിനെ ചോദ്യം ചെയ്യുന്നില്ലെന്നുമാത്രമല്ല, അങ്ങേയറ്റം ബഹുമാനിക്കുകയും ചെയ്യുന്നു. അതേസമയം മന്ത്രിപദവിയുള്ള ഒരംഗമായ ചീഫ് വിപ്പ് പ്രതിപക്ഷത്തെ പട്ടികളെന്ന് വിളിച്ച് ആക്ഷേപിക്കുകയും നാൽപ്പത്തിയഞ്ച് കൊല്ലത്തോളം നിയമസഭാംഗമായിരുന്ന ശ്രീമതി ഗൗരിയമ്മയേയും ടി. വി. തോമസിനേയും പറയാൻ പാടില്ലാത്ത ഭാഷയിൽ അധിക്ഷേപിക്കുകയും ചെയ്തതിന് എന്ത് നടപടിയാണ് സ്വീകരിച്ചത്; അതൊരു കമ്മിറ്റി വിടുകയല്ലേ ചെയ്തത്. ആ കാര്യമാണ് ഇവിടെ പറയുന്നത്. അക്കാര്യങ്ങൾ അന്വേഷിക്കാൻ അങ്ങ് അതൊരു കമ്മിറ്റിക്കുവിട്ടു. അതുകൊണ്ട് ഇതൊക്കെ ഒരു വിവേചനമാണെന്ന് ആർക്കെങ്കിലും തോന്നിയാൽ അവരെ കുറ്റം പറയാൻ കഴിയില്ലെന്ന് അങ്ങേയറ്റം ബഹുമാനത്തോടുകൂടി ഞാൻ പറയുകയാണ്. ഞങ്ങളുടെ മണ്ഡലങ്ങളിലെ

കാര്യങ്ങളെക്കാളുപരി സംസ്ഥാനത്തെ പൊതുവായിട്ടുള്ള ചില കാര്യ ങ്ങളാണ് ഇവിടെ പറയാൻ ഉദ്ദേശിക്കുന്നത്. 1600 കോടി രൂപയുടെ നഷ്ട ത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെ.എസ്.ഇ.ബി.–ക്കുവേണ്ടി ഈ ബഡ്ജറ്റിൽ ഒരുപൈസപോലും വകയിരുത്തുന്നില്ലെങ്കിൽ അത് ഇവിടത്തെ ജനങ്ങളെയാണ് ബാധിക്കാൻ പോകുന്നത്. റെഗുലേറ്ററി കമ്മീഷന്റെ ശുപാർശപ്രകാരം ഒരു യൂണിറ്റിന് രണ്ട് രൂപ നിരക്കിൽ കെ.എസ്.ഇ.ബി.–ക്ക് ചാർജ്ജ് വർദ്ധിപ്പിക്കേണ്ടിവരും. അതുകൊണ്ട് കെ.എസ്.ഇ.ബി.ക്ക് പണം അനുവദിക്കണമെന്നാണ് ആവശ്യപ്പെടുന്നത്. പ്രധാനപ്പെട്ട മറ്റൊരു പ്രശ്ന മാണ് വരൾച്ച. വരൾച്ചയുടെ ഭാഗമായി 7888 കോടിരൂപയുടെ നഷ്ടമാണ് കേരളത്തിനുണ്ടായിട്ടുള്ളത്. ഇതിലൂടെ 1,15,731 കൃഷിക്കാർക്ക് നഷ്ടമുണ്ടാ യി. ഇവരെ സഹായിക്കുന്നതിനുവേണ്ടി ഈ ബഡ്ജറ്റിൽ തുക വകയിരുത്തി യിട്ടുണ്ടോ? സംസ്ഥാനത്ത് നെൽവയലുകൾ ഉൾപ്പെടെ ഏതാണ്ട് മൂന്ന് ലക്ഷം ഹെക്ടർ ഭൂമി വരൾച്ചമൂലം നശിച്ചിരിക്കുകയാണ്. അവരുടെ നഷ്ടം നിക ത്തുന്നതിനുവേണ്ടി ഒരു പൈസപോലും ഈ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വകയിരുത്തിയിട്ടില്ല. പന്ത്രണ്ട് താലൂക്കുകളാണ് ഇന്നലെ ഇവിടെ പ്രഖ്യാപിച്ചത്. ബാബുപോൾ കമ്മീഷൻ റിപ്പോർട്ടിന്റെ അടി സ്ഥാനത്തിൽ 2001-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് 16 താലൂക്കുകൾ പ്രഖ്യാപിച്ചു. എന്നാൽ 2001–ൽ അധികാരത്തിൽ വന്ന യു.ഡി. എഫ്–ന്റെ ഗവൺമെന്റ് അതെല്ലാം തള്ളിക്കളഞ്ഞു. അതിനുശേഷം യാതൊരു വിധ നടപടിക്രമങ്ങളുമില്ലാതെയാണ് ഭരണകക്ഷിയംഗങ്ങളുടെ ആവശ്യമനു സരിച്ച് ഇവിടെ താലൂക്കുകൾ പ്രഖ്യാപിച്ചിരിക്കുന്നത്. പന്ത്രണ്ട് താലൂക്കുകൾ പ്രഖ്യാപിച്ചതിൽ രണ്ട് താലൂക്കുകൾ മാത്രമാണ് ഇടതുപക്ഷ ജനാധിപത്യ

മുന്നണി അംഗങ്ങൾ പ്രതിനിധീകരിക്കുന്ന മണ്ഡലത്തിലുള്ളത്. ബാക്കിയുള്ള പത്ത് താലൂക്കുകളും ഭരണകക്ഷിയംഗങ്ങളെ തൃപ്തിപ്പെടുത്തുവാൻവേണ്ടിയാണ് പ്രഖ്യാപിച്ചത്. അതുപോലെ തന്നെ 22 കോളേജുകൾ ഇന്നലെ പ്രഖ്യാപിച്ചു. എയ്ഡഡ് കോളേജാണോ, ഗവൺമെന്റ് കോളേജാണോ, റെക്കഗ്നൈസ്ഡ് കോളേജാണോ എന്നൊന്നും പറയാതെ 22 കോളേജുകൾ പ്രഖ്യാപിച്ചു.  ഇതുമായി ബന്ധപ്പെട്ട് സ്കോട്ട്ലന്റ്കാരുടെ പിശുക്കിനെപ്പറ്റി ഒരു കഥ പറയാനുണ്ട്. ഒരു കുട്ടി നിലവിളിച്ചപ്പോൾ സ്കോട്ട്ലന്റുകാരനായ ഒരു രക്ഷിതാവ് ആ കുട്ടിയോട് പറഞ്ഞു, നീ നിലവിളി നിർത്തിയാൽ നാളെ നിന്നെ ഞാൻ പട്ടണത്തിൽകൊണ്ടുപോകും അവിടെ ആളുകൾ ഐസ്ക്രീം കഴിക്കുന്നത് കാണിച്ചുതരുമെന്ന് പറഞ്ഞതുപോലെയാണ് ഈ കോളേജുകൾ പ്രഖ്യാപിച്ചത്. എന്ത് അടിസ്ഥാനത്തിലാണ് 22 കോളേജുകൾ പ്രഖ്യാപിച്ചിരിക്കുന്നത്. മുന്നൂറുകോടി രൂപയുടെ ആനുകൂല്യങ്ങളല്ലേ ഭരണകക്ഷിക്കുവേണ്ടി ധനകാര്യവകുപ്പുമന്ത്രി മാണി സാർ ഇവിടെ പ്രഖ്യാപിച്ചത്. ആ 300 കോടി രൂപയ്ക്കുള്ള വിഭവ സമാഹരണം കണ്ടെത്തിയിട്ടുണ്ടോ. 1400 കോടി രൂപ അധിക വിഭവസമാഹരണം കണ്ടെത്തേണ്ട ബഡ്ജറ്റാണ് മാണിസാർ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അതിലാണ് വിഭവസമാഹരണത്തിന് പ്രാമുഖ്യമില്ലാതെ മുന്നൂറുകോടി രൂപയുടെ ആനുകൂല്യങ്ങൾ ഇന്നലെ ഭരണകക്ഷിക്കുവേണ്ടി പ്രഖ്യാപിച്ചത്. ഒരെണ്ണമെങ്കിലും പ്രതിപക്ഷാംഗങ്ങൾക്കുവേണ്ടി പ്രഖ്യാപിച്ചിട്ടുണ്ടെന്ന് അങ്ങേയ്ക്ക് പറയാൻ കഴിയുമോ? അതുകൊണ്ട് ഇത് നഖശിഖാന്തം എതിർക്കേണ്ടൊരു ബഡ്ജറ്റ് തന്നെയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):  ശ്രീ. എം. ചന്ദ്രൻ, ഞാൻ എന്താണ് ചെയ്തത്?  എന്റെ പ്രസം

ഗത്തിന്റെ അവസാനം ഒരുപാട് മെമ്പർമാർ ചില നല്ല കാര്യങ്ങൾ പറഞ്ഞു, സമ്മതിച്ചു. പക്ഷേ നിങ്ങൾ ഇവിടെ ഇരിക്കണ്ടേ? നിങ്ങൾ ഇവിടെ ഇരുന്നിരുന്നുവെങ്കിൽ, വല്ലതും ചോദിച്ചിരുന്നുവെങ്കിൽ അപ്പോൾ ഞാൻ അനുവദിച്ചു തരുമായിരുന്നു. നഷ്ടപ്പെടുത്തിയത് നിങ്ങളാണ്. 'എന്നാൽ ഇപ്പോൾ താ' എന്നുപറഞ്ഞ് ഇന്ന് ചോദിച്ചാൽ തരാൻ നിവൃത്തിയില്ല. ഇന്നലെ അതിനുള്ള സമയം കഴിഞ്ഞു.

<u>ശ്രീ. എം. ചന്ദ്രൻ</u>: സർ, ഞങ്ങൾ ഇരുന്നാലും ഒന്നും കിട്ടുകയില്ലെന്ന് മനസ്സിലാക്കിയതുകൊണ്ടാണ് ഞങ്ങൾ ഇറങ്ങിപ്പോയത്. ഞങ്ങൾ അവസാനം വരെ ഇവിടെ ഇരുന്നു. മൂന്ന് ദിവസവും മാണി സാറിന്റെ ബഡ്ജറ്റ് പ്രസംഗങ്ങൾ കേൾക്കാൻ ഞങ്ങൾ ഇവിടെ ഇരുന്നതല്ലേ? ഞങ്ങൾ ഇന്ന് ഇരുന്നുതരാം. ഈ വോട്ട് ഓൺ അക്കൗണ്ടിന്റെ ചർച്ചയിൽ. മറുപടി പറയുമ്പോൾ ഞങ്ങൾക്കുവേണ്ടി വല്ലതും പ്രഖ്യാപിക്കുമോ? എന്നാൽ അവസാനം വരെ ഇരുന്നുതരാം, ഒരു കുഴപ്പവുമില്ല. ബഡ്ജറ്റിൽ, വരുമാനം കണ്ടെത്തുന്നതിന് മദ്യത്തിന് വില വർദ്ധിപ്പിച്ചിരിക്കുകയാണ്. മദ്യവർജ്ജനം അംഗീകരിക്കുന്ന ഒരു സർക്കാരാണ് ഈ സർക്കാർ. മദ്യത്തിന് വില വർദ്ധിപ്പിച്ചുകൊണ്ട് മദ്യവർജ്ജനമുണ്ടാക്കാൻ കഴിയുമോ? 250 കോടി രൂപയാണ് മദ്യത്തിൽ നിന്നും വരുമാനമായി പ്രതീക്ഷിക്കുന്നത്. പിന്നെങ്ങെനെയാണ് അത് മദ്യവർജ്ജനമാകുന്നത്? സിഗരറ്റുവലിക്കാരിൽ നിന്ന് കൊള്ളയടിക്കുകയല്ലേ ഈ സർക്കാർ ചെയ്യുന്നത്; ഇത് അവരുടെ കുടുംബങ്ങളെ നശിപ്പിക്കുകയല്ലേയുള്ളൂ? നിങ്ങൾ ബിവറേജസ് കോർപ്പറേഷനും ബാറുകളും ഇല്ലാതാക്കണം. മദ്യത്തിന്റെ വില വർദ്ധിപ്പിച്ച് സർക്കാരിന്റെ ഖജനാവിലേയ്ക്ക് പണം കണ്ടെത്തിയിട്ട് അതിന്റെ പേര് മദ്യവർജ്ജനമാണെന്നാണ് പറയുന്നത്. വില

വർദ്ധിപ്പിച്ചതുകൊണ്ടൊന്നും ഇവിടെ ഒരു മദ്യവർജ്ജനവും നടക്കാൻ പോകുന്നില്ല. അവരുടെ കുടുംബങ്ങളെ തകർക്കലാണ് ഇതുകൊണ്ട് മാണി സാർ ഉദ്ദേശിച്ചിട്ടുളളത്. മാത്രമല്ല, സംസ്ഥാന സർക്കാരിലേയ്ക്ക് വരുമാനം കണ്ടെത്തേണ്ട മാർഗ്ഗങ്ങളൊക്കെ മാണി സാർ ഇല്ലാതാക്കുകയും ചെയ്തു. കാർഷികാദായ നികുതി ഇല്ലാതാക്കിയതുകൊണ്ട് ഇവിടത്തെ ഏതെങ്കിലും പാവപ്പെട്ട കൃഷിക്കാരന് ഗുണമുണ്ടോ? നെല്ലിന്റെ വില 17 രൂപയിൽത്തന്നെ നിലനിർത്തി. ഇന്ന് സ്വകാര്യ മാർക്കറ്റിൽ മില്ലുകാർ 21 രൂപയ്ക്കാണ് നെല്ല് സംഭരിക്കുന്നത്. ഈ ഗവൺമെന്റ് തരാനുളളത് തന്നില്ലെങ്കിലും വേണ്ടില്ല തല്ല് നിർത്തിയാൽ മതിയെന്ന് പറഞ്ഞതുപോലെ വർഗ്ഗീയ ശക്തികളുടെ ഗവൺമെന്റായി മാറിയിരിക്കുകയാണ്. മന്ത്രിസഭാ പുന:സംഘടന ഇപ്പോൾ ഇല്ലെന്ന് ഇവിടത്തെ മുഖ്യമന്ത്രി പറഞ്ഞു. അത് പറയാൻ അയാൾ ആരാണെന്ന് ഒരു എൻ.എസ്.എസ്.-ന്റെ നേതാവ് ചോദിച്ചു. അതിന് മുഖ്യമന്ത്രി മറുപടി പറഞ്ഞത്, 'ഇതൊക്കെ കേട്ടുകൊണ്ടേ ഭരണത്തിലിരിക്കാൻ പറ്റൂ, അല്ലെങ്കിൽ വീട്ടിൽ പോയിരിക്കണമെന്നാണ്'. മുഖ്യമന്ത്രിക്കസേരയിൽ ഇരിക്കാൻ യോഗ്യനല്ലെന്നാണ് ശ്രീ. ഉമ്മൻ ചാണ്ടി അതുവഴി തെളിയിച്ചത്. വർഗ്ഗീയ ശക്തികൾക്കും ജാതീയ ശക്തികൾക്കും കീഴടങ്ങിക്കൊണ്ടുള്ള ഒരു ഗവൺമെന്റാണ് ഇത്. പൊതുവെ മതേതരത്വ ജനാധിപത്യം പുലർന്നിരുന്ന കേരളത്തെ, ഈ ഗവൺമെന്റ് വർഗ്ഗീയ ശക്തികൾക്ക് കീഴടക്കിയിരിക്കുകയാണ്. അതുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. വി.റ്റി. ബൽറാം</u>: സർ, വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിന്താങ്ങുകയാണ്. കഴിഞ്ഞ ദിവസം ശ്രീ. കെ.എം. മാണി ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ, കക്ഷി രാഷ്ട്രീയത്തിനതീതമായി കേരളീയ സമൂഹവും സാമ്പത്തിക

വിദഗ്ദ്ധന്മാർ മുഴുവനും ഏറ്റവും മാതൃകാപരമായ ഒരു ബഡ്ജറ്റായിട്ടാണ് ഈ ബഡ്ജറ്റിനെ വിലയിരുത്തിയത്. അധികം ആളുകളും അതിനെക്കുറിച്ച് വിമർശനമൊന്നും പറഞ്ഞില്ല. പക്ഷേ ആ ബഡ്ജറ്റിനെ വിമർശിക്കാനെന്ന വണ്ണം കേരളത്തിലെ ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പറഞ്ഞ ഒരു കമന്റ് എന്റെ ശ്രദ്ധയിൽപ്പെട്ടു. ഈ ബഡ്ജറ്റ് വരുന്ന ലോക്സഭാ തെരഞ്ഞെടുപ്പിനെ ലാക്കാക്കി ഉണ്ടാക്കിയ ഒരു ബഡ്ജറ്റാണെന്നാണ് അദ്ദേഹം പറഞ്ഞത്. ഈ ബഡ്ജറ്റിന് കിട്ടാവുന്നതിൽ വച്ച് ഏറ്റവും വലിയ അംഗീകാരവും പ്രശംസയുമാണ് പ്രതിപക്ഷ നേതാവിന്റെ ആ വാക്കുകൾ. അടുത്ത ലോക്സഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന് അനുകൂലമായ രീതിയിൽ വിധി എഴുതുന്നതിനുവേണ്ടി ജനങ്ങളെ പ്രേരിപ്പിക്കുന്ന തരത്തിലുള്ള ജനകീയമായ ജനപക്ഷ ബഡ്ജറ്റാണ് ഇതെന്നാണ് പ്രതിപക്ഷനേതാവ് തന്റെ വിമർശനത്തിൽ ഉന്നയിച്ച ഏറ്റവും പ്രസക്തമായ ആശയമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. കേരളത്തിന്റെ ഭാവിയെ മുന്നിൽ കണ്ടുകൊണ്ട് ഒരു ആധുനിക കേരളത്തിന് അടിത്തറ ഇടുന്ന തരത്തിലുള്ള ഒരു ബഡ്ജറ്റ് അവതരിപ്പിക്കാൻ സാധിച്ചുവെന്നുള്ളതിൽ ശ്രീ. കെ.എം. മാണിക്ക് പ്രത്യേകമായ അഭിനന്ദനങ്ങൾ അർപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ധനകാര്യ മാനേജുമെന്റിന്റെ ഏറ്റവും നല്ല ഒരു മാതൃകയാണ് അദ്ദേഹം സൃഷ്ടിച്ചത്. ഇവിടെ ആ ബഡ്ജറ്റിനെ വിമർശിച്ചുകൊണ്ട് സാമ്പത്തിക വിദഗ്ദ്ധന്മാർ എന്ന് അവകാശപ്പെടുന്ന ആളുകൾ പറയുന്നത്, കൂടുതൽ കടമെടുക്കുന്നില്ല എന്നുള്ളതാണ്. എഫ്.ആർ.പി.എം. ആക്ടിന്റെ അടിസ്ഥാനത്തിൽ ഫിസ്ക്കൽ ഡെഫിസിറ്റ് 3 ശതമാനമായി ലിമിറ്റ് ചെയ്യണമെന്ന ഒരു നിർദ്ദേശമുണ്ട്. 3 ശതമാനം എന്നുള്ളതിന് പ്രാധാന്യം കൊടുത്തുകൊണ്ട് ആ 3 ശതമാനത്തിൽ താഴെ ഫിസ്ക്കൽ ഡെഫിസി

റ്റിനെ നിർത്താനുള്ള ഒരു തീരുമാനം ശ്രീ. കെ.എം. മാണി എടുത്തപ്പോൾ അതൊരു വലിയ പാതകമായിപ്പോയി, വീണ്ടും ആയിരക്കണക്കിന് കോടി രൂപ കടമെടുത്തുകൊണ്ട് നമുക്ക് ഈ ഫിസ്ക്കൽ ഡെഫിസിറ്റിനെ വർദ്ധിപ്പി ക്കണമായിരുന്നു എന്നുള്ളതാണ് തോമസ് ഐസക് അടക്കമുള്ള ആളുക ളുടെ ആവശ്യം. വളരെ വിചിത്രമായിട്ടുള്ള ഒരു വാദമാണിത്. കടമെടുത്ത് ഇക്കോണമിയിലേയ്ക്ക് പമ്പ് ചെയ്യുന്ന ഒരു സാഹചര്യം ധനകാര്യ മാനേ ജ്മെന്റിന്റെ ഭാഗമായി പലപ്പോഴും കാണാറുണ്ട്. ഏത് സാഹചര്യത്തിലാണ് അത്തരമൊരു നടപടി സംഗതമാകുന്നതെന്ന് മനസ്സിലാക്കണം. റിസഷണറി യായിട്ടുള്ള ഒരു ഇക്കോണമിയിൽ ആ മാന്ദ്യത്തിന്റെ അവസ്ഥയിൽ നിന്ന് പുറത്തുകടക്കുന്നതിനുവേണ്ടി കൂടുതൽ ക്യാപ്പിറ്റൽ എക്സ്പെന്റിച്ചർ കൊണ്ടുവരുന്നതിനുവേണ്ടി, മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഭാഗമായി ഇത്തര ത്തിൽ കടമെടുക്കുന്നതിനെ നമുക്ക് ന്യായീകരിക്കാം. പക്ഷേ കേരളത്തിന്റെ സാമ്പത്തികാവസ്ഥ ഇന്നൊരു മാന്ദ്യാവസ്ഥയിൽ അല്ലെന്നുമാത്രമല്ല, ദേശീയ ശരാശരിയേക്കാൾ ഇരട്ടിയോളം സാമ്പത്തിക വളർച്ച കൈവരിച്ചുകൊണ്ടാണ് കേരളത്തിന്റെ സമ്പദ്ഘടന മുന്നോട്ടുപോകുന്നത്. ദേശീയാടിസ്ഥാനത്തിൽ വളർച്ചാനിരക്ക് 5 ശതമാനത്തിൽ നിൽക്കുമ്പോൾ കേരളം ഏതാണ്ട് അതിന് ഇരട്ടിയോളം(9.5 ശതമാനം) വളർച്ചാ നിരക്ക് കൈവരിച്ച്, ഇൻഡ്യയിൽ ഏറ്റവും കൂടുതൽ വളർച്ച കൈവരിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന സംസ്ഥാ നമായി തുടരുമ്പോൾ കൂടുതൽ കൂടുതൽ കടമെടുക്കുന്നതെന്തിനാണ്? ഇത്തരത്തിൽ കടമെടുത്താൽ അതിന്റെ ബാദ്ധ്യത വരംതലമുറകളല്ലേ അനുഭ വിക്കേണ്ടി വരിക? റവന്യൂ വരുമാനത്തിന്റെ സിംഹഭാഗവും ഇന്ന് ചെലവഴി ച്ചുകൊണ്ടിരിക്കുന്നത് കടമെടുത്ത തുകയുടെ പലിശ കൊടുക്കുന്നതിനും പെൻഷൻ കൊടുക്കുന്നതിനും ശമ്പളം കൊടുക്കുന്നതിനുമാണെന്നാണ്

കണക്കുകൾ വ്യക്തമാക്കുന്നത്. അതുകൊണ്ടുതന്നെ വരും തലമുറയ്ക്കു വേണ്ടി കരുതിവച്ചുകൊണ്ട്, വരുംതലമുറയെ മനസ്സിൽ കണ്ടുകൊണ്ട് ധനകാര്യ മാനേജ്മെന്റിന്റെ ശരിയായ മാതൃക സൃഷ്ടിക്കാൻ ശ്രീ. കെ.എം. മാണിക്ക് കഴിഞ്ഞുവെന്നുള്ളതിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കാൻ ആഗ്രഹിക്കുകയാണ്.

ഒരു വലിയ കാഴ്ചപ്പാടു കൂടി ഈ ബഡ്ജറ്റിന്റെ ഭാഗമായി കടന്നുവരികയാണ്. പലപ്പോഴും പദ്ധതികൾ പ്രഖ്യാപിക്കപ്പെടാറുണ്ട്. ബഡ്ജറ്റുകളിൽ വലിയ പ്രഖ്യാപനങ്ങൾ നടക്കാറുണ്ട്. 40,000 കോടി രൂപയും 50,000 കോടി രൂപയുമൊക്കെ കണ്ടെത്തുമെന്നും ആ കണ്ടെത്തപ്പെട്ട തുകയിൽ നിന്ന് കോടിക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ട് വികസനപ്രവർത്തനങ്ങൾ നടത്തുമെന്നുമൊക്കെ പലരും അവകാശവാദങ്ങൾ ബഡ്ജറ്റിലൂടെ ഉന്നയിക്കാറുണ്ട്. പക്ഷേ അത് എത്രമാത്രം പ്രാവർത്തികമായി എന്നുള്ളതിനെക്കുറിച്ച് യാതൊരു പരിശോധനയുമില്ല. അടുത്ത വർഷത്തെ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ കഴിഞ്ഞ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾ എവിടെ നിൽക്കുന്നു; എത്രത്തോളം അത് പ്രാവർത്തികമാക്കാൻ കഴിഞ്ഞു; ഏന്തൊക്കെയാണ് തടസ്സങ്ങൾ; എന്തൊക്കെ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടായത്; എങ്ങനെയാണ് അതിനെ മറികടക്കാൻ ഉദ്ദേശിക്കുന്നത്; ബഡ്ജറ്റിൽ കാണിച്ച തുക ഉപയോഗിച്ച് അതിൽ പറഞ്ഞ ലക്ഷ്യം കൈവരിച്ചുവെന്ന് ഉറപ്പുവരുത്തേണ്ടത് എങ്ങനെയാണ് എന്നതിനെക്കുറിച്ച് കാലങ്ങളായി കേരളത്തിൽ യാതൊരു തരത്തിലുള്ള ശ്രദ്ധയുമുണ്ടാകാറില്ല. കേന്ദ്രത്തിൽ ഔട്ട്കം ബഡ്ജറ്റ് എന്നുപറയുന്ന ആശയത്തെക്കുറിച്ചും പെർഫോമൻസ് ബഡ്ജറ്റിനെക്കുറിച്ചും ചർച്ച ചെയ്യുകയാണ്. ഓരോ വർഷം കഴിയുമ്പോഴും ആ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങളിൽ എത്ര ശതമാനം കൃത്യമായ രീതിയിൽ നടപ്പാക്കപ്പെട്ടു എന്നത് പരി

ശോധിക്കാനുള്ള ഒരു സംവിധാനമുണ്ടാകണമെന്ന് പറയുന്ന ഒരു നവീനമായ ആശയത്തിലേയ്ക്ക് കേരളത്തിലെ മാണി സാറിന്റെ ഈ ബഡ്ജറ്റ് മുന്നോട്ടു പോകുന്നു എന്നുള്ളതാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം.

പ്രധാനപ്പെട്ട ഏതാണ്ട് മുപ്പത്തിയഞ്ചോളം ഫ്ളാഗ് ഷിപ്പ് പദ്ധതികൾ പ്രഖ്യാപിച്ച് അവയുടെ നിർവ്വഹണത്തിനുവേണ്ടി ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നു. 3 മാസത്തിലൊരിക്കൽ അതിന്റെ പ്രോഗ്രസ്സ് റിപ്പോർട്ട് പുറത്തുവിടുമെന്ന് പ്രഖ്യാപിക്കുന്നു. അങ്ങനെ ഓരോ മാർച്ച് മാസത്തിലും അല്ലെങ്കിൽ ഫെബ്രുവരി മാസത്തിലും കോടിക്കണക്കിന് രൂപ ചെലവഴിച്ചതായി കണക്കുകളിൽ കാണിക്കുന്ന അവസ്ഥയിൽ നിന്ന് മാറി ഏറ്റവും ശരിയായ രീതിയിൽ പദ്ധതികൾ ഫിസിക്കലായി നടക്കുന്നുണ്ടോ എന്ന് പരിശോധിക്കാനുള്ള ഒരു പരിശോധനാ സംവിധാനത്തിലേയ്ക്ക് ഈ ബഡ്ജറ്റിലൂടെ കേരള സംസ്ഥാനം മാറുന്നു എന്നുള്ളത് വരും വർഷങ്ങളിൽ ഒരുപക്ഷേ കേന്ദ്രത്തിലും മറ്റ് പല വികസിത ജനാധിപത്യ സമൂഹങ്ങളിലും രാജ്യങ്ങളിലുമൊക്കെ ഉള്ളതുപോലെ ഔട്ട്കം ബഡ്ജറ്റിലേയ്ക്ക് അടുത്ത വർഷം തൊട്ട് പ്രവേശിക്കാൻ അദ്ദേഹത്തിന് കഴിയട്ടേ എന്ന് ഞാൻ ഈ അവസരത്തിൽ ആശംസിക്കുകയാണ്.

കേരളം വരൾച്ചബാധിത സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ട് മുന്നോട്ടു പോകുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. മുൻകാലത്തൊക്കെ വരൾച്ചയെക്കുറിച്ചും വേനലിനെക്കുറിച്ചും കേട്ടിരുന്നത് ഏപ്രിൽ മാസത്തിലും മെയ് മാസത്തിലുമാണെങ്കിൽ ഇപ്പോൾ ഡിസംബർ മാസത്തിൽത്തന്നെ ഔദ്യോഗികമായി വരൾച്ചബാധിത സംസ്ഥാനമായി പ്രഖ്യാപിക്കപ്പെടേണ്ട ഒരു ഗതികേടിലേയ്ക്ക് കേരളം എത്തിച്ചേർന്നിരിക്കുകയാണ്.

ഗുജറാത്തുകാരും രാജസ്ഥാൻകാരും അതുപറഞ്ഞാൽ മനസ്സിലാക്കാം. പക്ഷേ ഓരോ വർഷവും 3000 മില്ലീലിറ്റർ മഴ ലഭിക്കേണ്ടിയിരുന്ന കേരള ത്തിൽ ഇത്തരത്തിൽ ഒരവസ്ഥ സംജാതമാകുന്നതിന്റെ പിന്നിലുള്ള തലതി രിഞ്ഞ വികസന സങ്കൽപ്പങ്ങളെ മാറ്റിയെറിഞ്ഞുകൊണ്ട് വരുംതലമുറയ്ക്കു വേണ്ടി പ്രകൃതിയേയും അതിന്റെ അനുഗ്രഹങ്ങളേയും സംഭരിച്ചുവയ്ക്കുന്ന അതിനെ സംരക്ഷിച്ച് നിർത്തുന്ന ഒരു സംസ്കാരത്തിന്റെ വികസന കാഴ്ചപ്പാ ടിലേയ്ക്കുകൂടി ഈ ബഡ്ജറ്റ് മുന്നോട്ടുപോകുന്നുണ്ടെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ബഡ്ജറ്റിന്റെ ആദ്യ പ്രഖ്യാപനവേളയിൽ, ഹരിതാഭിമുഖ ്യമുള്ള ബഡ്ജറ്റ് എന്നുള്ള അർത്ഥത്തിൽ ഇതിനെ നോക്കിക്കാണുമ്പോഴും ചില ന്യൂനതകളും പോരായ്മകളും പലരും ചൂണ്ടിക്കാണിച്ചു. ആ ന്യൂനത കൾകൂടി പരിഹരിച്ചുകൊണ്ട് അതിന്റെകൂടി പ്രഖ്യാപനങ്ങൾ നടത്തിക്കൊ ണ്ടാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെ കഴിഞ്ഞ ദിവസത്തെ മറുപടി പ്രസംഗമുണ്ടായതെന്നുള്ള കാര്യത്തിൽ ഞാൻ അദ്ദേഹത്തെ പ്രത്യേ കമായി അഭിനന്ദിക്കുകയാണ്.

കേരളത്തിലെ നദികളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള സമഗ്രമായ ഒരു പദ്ധതിയെക്കുറിച്ച് നമുക്ക് ആലോചിക്കേണ്ടിയിരിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ആ നദികളുടെ സംരക്ഷണത്തിനുവേണ്ടി നിയമപരമായ അധികാര ങ്ങളുള്ള ഒരു റിവർ ബേസിൻ അതോറിറ്റിയുടെ രൂപീകരണമെന്നുള്ളത് കുറ ച്ചുകാലങ്ങളായി കേരളത്തിൽ ഏറ്റവും കൂടുതൽ ചർച്ചാവിഷയമായ ഒരു പാരിസ്ഥിതിക ആവശ്യമാണ്. ആ ആവശ്യത്തിന്റെ പൂർത്തീകരണത്തിനായി ഫണ്ട് അനുവദിക്കാൻ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി സൻമനസ്

കാണിച്ചുവെന്നുള്ളത് അദ്ദേഹത്തിന്റെ ഈ മേഖലയോടുള്ള പ്രതിബദ്ധത യുടെ തെളിവായി ഞാൻ വിലയിരുത്തുകയാണ്.

അതുപോലെ ഭൂഗർഭജല സംരക്ഷണത്തിന്റെ കാര്യത്തിൽ വലിയ ഒരു ഡിപ്ലീഷൻ, ഏറ്റവും കൂടുതൽ മഴവെള്ളം സംഭരിക്കുകയും അതുവഴി ഭൂഗർഭജലത്തിന്റെ റീ-ചാർജ്ജിംഗിന് ഉപകരിക്കുകയും ചെയ്യുന്ന നെൽവയ ലുകളുടെ സംരക്ഷണം വളരെ പ്രധാനപ്പെട്ട ഒരു കാര്യമായി ഈ ഗവൺമെന്റ് കാണുന്നുവെന്നുള്ളതുകൊണ്ടാണ്, കഴിഞ്ഞ ഗവൺമെന്റ് പാസ്സാക്കിയിട്ടും വേണ്ടത്ര രീതിയിൽ ഫലപ്രാപ്തിയോടുകൂടി നടപ്പാക്കാൻ കഴിയാതെപോയ നെൽവയൽ സംരക്ഷണനിയമം നടപ്പാക്കുന്നതിനുള്ള ഡാറ്റാബാങ്ക് രൂപീകരണത്തിനായി പഞ്ചായത്തുകൾക്ക് എട്ടുകോടി രൂപ യോളം അനുവദിക്കുവാൻ അദ്ദേഹം തയ്യാറായതെന്നുള്ളത് നന്ദിപൂർവ്വം ഞാൻ ഓർക്കുകയാണ്. ഇത്തരത്തിലുള്ള പരിപാടികൾ ഇനിയുമുണ്ടാകണം. പുഴകളിലെ ജലം സംഭരിച്ച് ഭൂഗർഭജലത്തിന്റെ റീ-ചാർജ്ജിംഗിന് ഉപകരി ക്കുന്ന തടയണകൾക്കുവേണ്ടി 400 കോടിയോളം രൂപ നീക്കിവക്കുമ്പോൾ, ഭൂഗർഭജലപോഷണത്തിന്റെ കാര്യത്തിൽ അതേപോലെത്തന്നെ പ്രാധാ ന്യമാണ് നെൽവയലുകൾക്കുള്ളത് എന്ന കാര്യവും ഓർമ്മിച്ചുകൊണ്ട് അതിന്റെ സംരക്ഷണവും വളരെ പ്രാധാന്യത്തോടുകൂടി ഗവൺമെന്റ് ഏറ്റെടു ക്കുകയാണ്.

ഈ ബഡ്ജറ്റ് ഈ ഗവൺമെന്റിന്റെ മനുഷ്യമുഖത്തിന്റെ ഏറ്റവും വലിയ തെളിവാണ്. വികസനവും കരുതലുമെന്ന പ്രഖ്യാപിത ലക്ഷ്യത്തോട് ഏറ്റവും നീതി പുലർത്തുന്ന ഒരു ബഡ്ജറ്റ് ഇവിടെ അവതരിപ്പിക്കപ്പെട്ടുവെ ന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. നിർണ്ണായകമായ മേഖല

കൾക്കൊക്കെ വേണ്ടത്ര പ്രാധാന്യം കൊടുക്കുവാൻ സാധിക്കുന്നു, പ്രത്യേകിച്ച് സാമൂഹ്യക്ഷേമ വകുപ്പിന്റെ കാര്യത്തിൽ. എല്ലാ ക്ഷേമപെൻഷനുകളും കൂട്ടുവാൻ സാധിച്ചു. ഏതെങ്കിലും ക്ഷേമപെൻഷനുകൾ കൂട്ടുന്നതിൽനിന്ന് വിട്ടുപോയിട്ടുണ്ടെങ്കിൽ കഴിഞ്ഞ മറുപടി പ്രസംഗത്തോടുകൂടി ആ പരാതിയും അവസാനിച്ചിരിക്കുന്നു. എല്ലാ ക്ഷേമപെൻഷനുകളും കൂട്ടിയ ഒരു വർഷം കേരളത്തിന്റെ ചരിത്രത്തിലുണ്ടായിട്ടുണ്ടോ എന്നുള്ളത് സംശയമാണ്. ഈ വർഷമാണ് അത് സംഭവിച്ചിരിക്കുന്നത്. അതുകൊണ്ട് നമുക്ക് ഒരുപക്ഷേ തൃപ്തിയായി എന്ന് വരുകയില്ല. ഒരു സ്വപ്നം ഞാൻ ഇവിടെ പങ്കുവയ്ക്കാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സാമൂഹ്യ സുരക്ഷാവലയം വളരെയധികം വിപുലപ്പെടുത്തുവാൻ സാധിക്കണം. അതിനുവേണ്ടിയുള്ള ഊർജ്ജിത ശ്രമത്തിലേയ്ക്ക് നമുക്ക് പോകേണ്ടതായിട്ടുണ്ട്. ജോലി ചെയ്യാൻ കഴിയാത്ത സാഹചര്യങ്ങളിൽ ജീവിക്കുന്ന ലക്ഷക്കണക്കിന് ആളുകളെ സംരക്ഷിക്കുകയും അവർക്ക് വരുമാനമുണ്ടാക്കി കൊടുക്കുകയും ചെയ്യുക എന്ന ഒരു ബാധ്യതയിലേയ്ക്ക് സർക്കാരുകൾ മാറേണ്ടിയിരിക്കുന്നുവെന്നാണ് എനിക്ക് പറയുവാനുള്ളത്. നമ്മുടെ നാട്ടിലെ മിനിമം കൂലി 200–205 രൂപയാണ്. 30 ദിവസം തൊഴിൽ ലഭിച്ചാൽ ഒരാൾക്ക് ലഭിക്കുന്ന വരുമാനം ഏകദേശം 6,000 രൂപയാണ്. അതിന്റെ പകുതിയെങ്കിലും തൊഴിൽ ചെയ്യാൻ കഴിയാത്ത ആളുകൾക്ക് പെൻഷൻ രൂപത്തിൽ കൊടുക്കുവാൻ കഴിഞ്ഞാൽ മാത്രമേ നമുക്ക് അഭിമാനിക്കാൻ കഴിയുന്ന ഒരു സാഹചര്യമുണ്ടാകുകയുള്ളൂ. ഇപ്പോഴത്തെ നാമമാത്രമായ ഈ വർദ്ധനവ് തീർച്ചയായും വലിയൊരു അനുഗ്രഹമാണ്. പക്ഷേ ഭാവിയെ മുൻകൂട്ടി കണ്ട് നോക്കുമ്പോൾ ഇതിനെ പടിപടിയായി ഉയർത്തി തൊഴിൽ ചെയ്യുന്ന ആളുകൾക്ക് ലഭിക്കുന്ന വരുമാനത്തിന്റെ പകു

തിയെങ്കിലും അംഗവൈകല്യങ്ങൾ കൊണ്ടോ മറ്റ് ശാരീരിക അവശതകൾ കൊണ്ടോ സാമൂഹ്യപരമായ സാഹചര്യങ്ങൾ കൊണ്ടോ തൊഴിലെടുത്ത് വരുമാനമുണ്ടാക്കാൻ സാധിക്കാത്ത ആളുകൾക്ക് കൊടുക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകുകയാണെങ്കിൽ അത് നമ്മുടെ സാമ്പത്തിക രംഗത്തും വലിയ ചലനങ്ങൾ സൃഷ്ടിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ നേരത്തെ സംസാരിച്ച ശ്രീ. എം. ചന്ദ്രൻ, വളരെ മാന്യനായിട്ടുള്ള, വികസന കാര്യങ്ങളിൽ താൽപര്യമെടുക്കുന്ന ഒരു എം.എൽ.എ. ആയിട്ടാണ് പൊതുവെ വിലയിരുത്തപ്പെടുന്നത്. പക്ഷേ അദ്ദേഹം ഇന്നലെ നേരത്തെ പോയതുകൊണ്ടാണോയെന്ന് അറിയില്ല, കേരളത്തിൽ 22 പുതിയ കോളേജുകൾ പ്രഖ്യാപിച്ചപ്പോൾ അതിൽ സംശയിക്കുകയാണ് ചെയ്യുന്നത്. അദ്ദേഹം ആലത്തൂരിന്റെ എം.എൽ.എ.-യാണെങ്കിലും എന്റെ നിയോജകമണ്ഡലമായ തൃത്താലയിലെ ഒരു വോട്ടറാണ്. കഴിഞ്ഞ 40 വർഷക്കാലത്തെ അദ്ദേഹത്തിന്റെ മണ്ഡലത്തിലെ ജനങ്ങളുടെ അഭിലാഷമാണ് ഇന്നലെ പൂർത്തീകരിക്കപ്പെട്ടത്. തൃത്താലയിൽ ഒരു ഗവൺമെന്റ് കോളേജ് എന്നുപറയുന്നത് എന്റെ പ്രായത്തിനും എന്റെ തലമുറയ്ക്കും മുകളിലുള്ള ആളുകൾകണ്ട സ്വപ്നമാണ്. ആ സ്വപ്നത്തിന്റെ സാക്ഷാൽക്കാരത്തിനായി ഇന്നലെ ഈ സഭയിൽ ഒരു പ്രഖ്യാപനമുണ്ടായപ്പോൾ............

ശ്രീ. എം. ചന്ദ്രൻ: സർ, ഞാൻ സംശയമുന്നയിച്ചത്, ഗവൺമെന്റ് കോളേജാണോ എയ്ഡഡ് കോളേജാണോ റെക്കഗ്നൈസ്ഡ് കോളേജാണോ എന്ന് പറഞ്ഞിട്ടില്ലെന്നാണ്. അങ്ങ് പറയുന്നത് ഗവൺമെന്റ് കോളേജിനെക്കുറിച്ചാണ്. ഗവൺമെന്റ് കോളേജാണെന്ന് ഇന്നലെ ഇവിടെ പ്രഖ്യാപിച്ചിട്ടുണ്ടോ;

എന്തിനാണ് ഇല്ലാത്ത കാര്യം പറയുന്നത്? അതിൽ വ്യക്തത വേണമെന്നാണ് ഞാൻ പറഞ്ഞത്. കോളേജ് പ്രഖ്യാപിക്കുന്നതിന് ഞാൻ എതിരല്ല.

ശ്രീ. വി. റ്റി. ബൽറാം: സർ, ബഡ്ജറ്റിലൂടെയോ അസംബ്ലിയിലൂടെയോ പ്രഖ്യാപിക്കേണ്ട കാര്യമല്ലല്ലോ. ഗവൺമെന്റിനുവേണ്ടി ധനകാര്യ വകുപ്പു മന്ത്രി ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ പറയുന്ന കാര്യം ഗവൺമെന്റ് കോളേജാണെന്ന് മനസ്സിലാക്കാൻ പ്രത്യേകമായ ബുദ്ധിവൈഭവം ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. ഈ ബഡ്ജറ്റ് ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുക്കുന്നത് വിദ്യാഭ്യാസ മേഖലയ്ക്കാണ്. കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ തുക, 580 കോടി രൂപയോളം വിദ്യാഭ്യാസ മേഖലയ്ക്കുവേണ്ടി നീക്കിവച്ചിട്ടുണ്ട്. ഇവിടത്തെ കമ്യൂണിസ്റ്റുകാർ കഴിഞ്ഞ പത്തിരുപത് വർഷക്കാലമായി............

ശ്രീ. സി. പി. മുഹമ്മദ്: സർ, പുതുതായി അനുവദിക്കുന്ന കോളേജുകൾ ഗവൺമെന്റ് ഉടമയിലാണെന്നും അതിൽ മഹാഭൂരിപക്ഷവും കണ്ണൂർ ജില്ലയിലും കോഴിക്കോട് ജില്ലയിലുമാണെന്നാണ് അറിയാൻ സാധിച്ചത്. അത് കേൾക്കുവാനുള്ള ക്ഷമ നിങ്ങൾക്കുണ്ടായില്ല. അതിൽ ഭൂരിപക്ഷവും ഇടതുപക്ഷ മെമ്പർമാരുടെ നിയോജകമണ്ഡലങ്ങളിലാണ്. അദ്ദേഹത്തെ പ്രസംഗിക്കാൻ നിങ്ങൾ സമ്മതിച്ചില്ലല്ലോ.

മി. ചെയർമാൻ: പോയിന്റ് ഓഫ് ഓർഡർ.........

ശ്രീ. ജി. സുധാകരൻ: സർ, കോളേജുകൾ അനുവദിക്കുന്നതിനെപ്പറ്റിയാണ് അദ്ദേഹം പറയുന്നത്. അതിനെപ്പറ്റി തർക്കമില്ല. ഗവൺമെന്റ് കോളേജാണെന്ന് ധനകാര്യ വകുപ്പുമന്ത്രി പറയുകയാണെങ്കിൽ അതിനോട് പൂർണ്ണസമ്മതമാണ്. പക്ഷേ പ്രശ്നം അതല്ല. ഏത് തരം കോളേജാണെന്ന് പറഞ്ഞിട്ടില്ല

എന്നാണ് മനസ്സിലാക്കിയത്. ഗവൺമെന്റ് കോളേജാണെങ്കിൽ ഞങ്ങളൊന്നും പറയുന്നില്ല. പക്ഷേ എയ്ഡഡ് കോളേജ് പാടില്ല. കാരണം കെട്ടിടം ആരാണ് നിർമ്മിക്കുന്നത്; നിയമനം ആരാണ് നടത്തുന്നത്? അവിടെ പി.എസ്.സി. നിയമനം അല്ലാത്തതിനൽ പട്ടികജാതിക്കാർക്ക് തർക്കം വരും. ഗവൺമെന്റ് കോളേജാണോ അല്ലയോയെന്ന് അവിതർക്കിതമായി പറയുമോയെന്ന് ചോദിച്ചാൽ അങ്ങനെയാണ് അറിയുന്നതെന്ന് ശ്രീ. സി. പി. മുഹമ്മദ് പറഞ്ഞാൽ ഞങ്ങൾ തൃപ്തരാകുകയില്ല, അത് വ്യക്തമാക്കണം. ധനകാര്യ വകുപ്പുമന്ത്രി ഇപ്പോൾ വ്യക്തമാക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഒന്നാമത് നിങ്ങൾ നിയമസഭയിൽ ഇരിക്കുകയില്ല. ഞാൻ പറയുന്നത് എന്താണെന്ന് കേൾക്കുകയില്ല, കേട്ടാൽപ്പോലും കേട്ടതായി നടിക്കുകയുമില്ല. സമാനസ്വഭാവമുള്ള ഒരു ഗവൺമെന്റ് കോളേജോ എയ്ഡഡ് കോളേജോപോലുമില്ലാത്ത നിയോജകമണ്ഡലങ്ങൾ എവിടെയുണ്ടോ അവിടെയൊക്കെ കോളേജ് തരുമെന്ന് പറഞ്ഞതാണ്.

ശ്രീ. വി. റ്റി. ബൽറാം: 1991-ൽ പുതിയ സാമ്പത്തിക പരിഷ്കാരങ്ങൾ ഈ രാജ്യത്ത് ആരംഭിച്ചതുമുതൽ ആ പരിഷ്കാരങ്ങളുടെ ഭാഗമായി വിദ്യാഭ്യാസ മേഖലയിൽ നിന്നും ആരോഗ്യ മേഖലയിൽ നിന്നും ഗവൺമെന്റ് പുറകോട്ടുപോകുകയാണ് എന്നാണ് ഇവിടത്തെ കമ്മ്യൂണിസ്റ്റുകാർ പറയുന്നത്. എല്ലാ മേഖലകളിൽ നിന്നും പുറകോട്ടുപോകുന്ന ഒരു സാമ്പത്തിക സമീപനമാണ് കേരളത്തിലേയും ഇന്ത്യയിലേയും സർക്കാരുകൾ സ്വീകരിക്കുന്നതെന്നാണ് കഴിഞ്ഞ ഇരുപത് വർഷമായി ഇവർ പറഞ്ഞുപോരുന്നത്.

അതിൽനിന്നും വ്യത്യസ്തമായി ഗവൺമെന്റ് കൂടുതൽ ഇന്റർവെൻഷൻസ് നടത്തുന്ന അനുഭവമാണ് ഈ ഗവൺമെന്റിന്റെ കാലത്ത് നമുക്ക് കാണാൻ സാധിക്കുന്നത്. വിദ്യാഭ്യാസക്കച്ചവടമാണ് നടക്കുന്നതെന്നും പറഞ്ഞ് സ്വാ ശ്രയ കോളേജുകൾക്കെതിരെ വലിയ രീതിയിൽ സമരം നടത്തിയിരുന്ന ആളുകളുടെ ഭരണണകാലത്ത് സ്വാശ്രയ കോളേജുകളുടെ വിദ്യാഭ്യാസക്കച്ച വടത്തിന് തടയിടുന്നതിനുവേണ്ടി ക്രിയേറ്റീവായ ഒരു ഇന്റർവെൻഷനും കഴിഞ്ഞ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല.

ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് എന്റെ ജില്ലയായ പാലക്കാട് ജില്ലയിലടക്കം അഞ്ച് പുതിയ മെഡിക്കൽ കോളേജുകൾ സർക്കാർ മേഖല യിൽ ആരംഭിക്കാനുള്ള തീരുമാനമെടുത്തത്. ആ അനുഭവത്തിന്റെ വെളിച്ച ത്തിലാണ് ഈ 22 കോളേജുകളേയും നമ്മൾ കാണേണ്ടത്. കഴിഞ്ഞ വർഷം പുറത്തുവന്ന ഒരു കണക്ക് എന്റെ കൈവശമുണ്ട്. കഴിഞ്ഞ വർഷം ഇന്ത്യ യിലെ കേന്ദ്രഭരണ പ്രദേശങ്ങളും സംസ്ഥാന ഗവൺമെന്റുകളും വിദ്യാഭ്യാസ ത്തിനുവേണ്ടി നീക്കിവയ്ക്കുന്ന തുകയുടെ കണക്ക് പരിശോധിച്ചപ്പോൾ വിദ ്യാഭ്യാസച്ചെലവിനത്തിൽ തൊട്ടുമുമ്പിലത്തെ വർഷത്തേതിനേക്കാൾ ഏറ്റവും കൂടുതൽ വെട്ടിക്കുറവ് നടത്തിയത് ത്രിപുരയാണ്. ഇന്ത്യയിലെ സംസ്ഥാന ങ്ങളിൽ വച്ച് ഏറ്റവും കൂടുതൽ വിദ്യാഭ്യാസ രംഗത്തെ ചെലവിനങ്ങളിൽ വെട്ടിക്കുറവ് നടത്തിയത് ത്രിപുരയാണ്. 2011-12 വർഷത്തിൽ ത്രിപുരയിൽ വിദ്യാഭ്യാസത്തിനുവേണ്ടി ബഡ്ജറ്റിലൂടെ നീക്കിവച്ചത് 17.2% ആയി രുന്നുവെങ്കിൽ 2012-13-ൽ അത് 13.8%-ആയി വെട്ടിക്കുറച്ചു. ഇന്ത്യയിൽ കമ്മ ്യൂണിസ്റ്റ് പാർട്ടി ഭരിക്കുന്ന ഒരേയൊരു സംസ്ഥാനം, ഒരു പഞ്ചായത്തിന്റെ വലിപ്പമേ കാണുകയുള്ളൂ. ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചെങ്കൊടി കാണണമെങ്കിൽ ഇന്ന് നമുക്ക് എത്തിനോക്കാൻ പറ്റുന്ന ഒരേയൊരു സ്ഥല

ത്തിന്റെ അനുഭവത്തിന്റെ വെളിച്ചത്തിലായിരിക്കും വിദ്യാഭ്യാസത്തിന്റെ മേഖലയിൽ നിന്നും ആരോഗ്യ മേഖലയിൽ നിന്നും സേവന മേഖലയിൽ നിന്നുമെല്ലാം ഗവൺമെന്റുകൾ പിൻവാങ്ങുന്നുവെന്നുള്ള ഇവരുടെ ആരോപണം ഉയരുന്നത്. അതിൽനിന്നും വ്യത്യസ്തമായി ഓരോ വർഷവും കൂടുതൽ ഇന്റർവെൻഷൻസ് നടത്തുന്ന, കൂടുതൽ തുക വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും ക്ഷേമപ്രവർത്തനങ്ങൾക്കും ഐശ്വര്യ പ്രവർത്തനങ്ങൾക്കും ഭാവിയിലേയ്ക്കുവേണ്ടിയുള്ള വികസനപ്രവർത്തനങ്ങൾക്കും പദ്ധതിച്ചെലവിനും വേണ്ടിയെല്ലാം നീക്കിവയ്ക്കുന്ന ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് മുന്നോട്ടു വച്ചിട്ടുള്ള ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. കെ. രാജു:</u> സർ, ഞാൻ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രി സഭയിലുണ്ട്. പക്ഷേ, അംഗങ്ങൾ എന്താണ് പറയുന്നതെന്നുള്ളത് ധനകാര്യ വകുപ്പുമന്ത്രി കേൾക്കാതിരിക്കാൻവേണ്ടി, ചീഫ് വിപ്പ് മനഃപൂർവ്വമായി അദ്ദേഹത്തിന്റെ ശ്രദ്ധ തന്നിലേയ്ക്ക് കേന്ദ്രീകരിച്ചിരിക്കുകയാണ്. മറ്റു മന്ത്രിമാരാരും ഇവിടെയില്ല, ധനകാര്യ വകുപ്പുമന്ത്രി മതി. പക്ഷെ ഞങ്ങൾ പറയുന്നത് ശ്രദ്ധിക്കാൻ അങ്ങേയ്ക്ക് ഇടംതരാതെ തൊട്ട് ഇപ്പുറത്ത് ഒരാളിരിക്കുന്നു.

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. കെ. എം. മാണി):</u> സർ, ഞാൻ എപ്പോഴും ഒരു ചെവികൊണ്ട് കേൾക്കുകയും അതേസമയം വേറൊരു ജോലി ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്ന ഒരാളാണ്. തെറ്റിദ്ധാരണയൊന്നും വേണ്ട. ഇവിടെ പലയാളുകളും അങ്ങനെയാണ് ചെയ്യുന്നത്. വർത്തമാനം പറയുന്നതിനിടയ്ക്ക് ഇതെല്ലാം കേൾക്കും. ശ്രീ.

പി. സി. ജോർജ് എന്റെ അടുത്തുവന്നിരിക്കുന്നുവെന്ന് പറഞ്ഞാൽ, എല്ലാ സീറ്റിന്റെയും അകലം ഒന്നുപോലെയല്ലേ. മെമ്പർമാർ അടുത്തടുത്തല്ലേ ഇരിക്കുന്നത്? ശ്രീ. പി. സി. ജോർജ് എന്റെ പാർട്ടിയുടെ നേതാവാണ്. അദ്ദേഹം എന്റെ അടുത്തിരിക്കുന്നത് എനിക്കൊരു ബലമാണ്.

ശ്രീ. കെ. രാജു: സർ, ഹെഡ്ഫോൺ ചെവിയിൽ വച്ചാൽ അങ്ങേയ്ക്ക് കേൾക്കാം, അല്ലെങ്കിൽ കേൾക്കുകയില്ലല്ലോ. മാണി സാർ കേരളാ കോൺഗ്രസ്സിന്റെ നേതാവാണ്. കോൺഗ്രസ്സിന്റെ സാമ്പത്തിക നയങ്ങളുമായി പല വ്യത്യാസങ്ങളുമുണ്ട് എന്നുള്ളതുകൊണ്ടാണല്ലോ മാണി സാർ കേരളാ കോൺഗ്രസ്സായി ഇരിക്കുന്നത്. അദ്ദേഹം യഥാർത്ഥത്തിൽ കൃഷിക്കാരുടെ താൽപ്പര്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഒരു നേതാവാണ്. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയങ്ങൾ, പ്രത്യേകിച്ച് കർഷകരെ ബാധിക്കുന്ന നയങ്ങൾക്കെതിരായി പ്രവർത്തിക്കുകയും വർത്തമാനം പറയുകയും ചെയ്തുകൊണ്ടിരിക്കുന്ന ഒരാളാണ് അദ്ദേഹം. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചതിനെതിരായി, അടിക്കടി ഡീസലിനും പെട്രോളിനും വില വർദ്ധിപ്പിക്കുന്ന നയങ്ങൾക്കെതിരയി എല്ലാംതന്നെ കേരളാ കോൺഗ്രസ്സിന്റെ നേതാവുകൂടിയായ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി അഭിപ്രായ പ്രകടനം നടത്തുന്നുണ്ട്, അതിനെ എതിർക്കുന്നുണ്ട്. അദ്ദേഹം കൊണ്ടുവന്ന ഈ ബഡ്ജറ്റിൽ പല ഭരണകക്ഷി അംഗങ്ങളുടെയും മണ്ഡലത്തിൽ ഒന്നുമില്ല എന്നുള്ള ആരോപണം ഉന്നയിപ്പിച്ചുകൊണ്ട്, അവരിൽ നിന്നെല്ലാം പിന്നീട് കത്തുകൾ എഴുതിവാങ്ങി മുഖ്യമന്ത്രി അത് അനുവദിപ്പിച്ചുകൊടുത്തുകൊണ്ട് ഇവിടെ ഒരു രാഷ്ട്രീയ നാടകം അരങ്ങേറുകയാണ്. അതാണ് യഥാർത്ഥത്തിലുണ്ടായത്. പ്രതിഷേധം ഉയർത്തിക്കൊണ്ട്, ഞങ്ങൾ ബഡ്ജറ്റിന്റെ ചർച്ചയിൽ പങ്കെടുക്കുന്നതുപോലുമില്ല എന്നുപറഞ്ഞ ശ്രീ. ഹൈബി ഈഡൻ അട

ക്കമുള്ള എം.എൽ.എ.-മാർ ഇപ്പോൾ വലിയ സംതൃപ്തരാണ്. മാണി സാറിന് ഷെയ്ക്ക് ഹാന്റ് കൊടുക്കുകയാണ്. ഞാൻ പറയുന്നത് ഇതൊരു രാഷ്ട്രീയ നാടകമായിരുന്നു എന്നാണ്. ഈ നിയമസഭാ സാമാജികരെയും നമ്മുടെ കേരളത്തേയും ഒട്ടാകെ കാണാൻ ബാധ്യതയുള്ള കേരളത്തിന്റെ ധന കാര്യ വകുപ്പുമന്ത്രി തന്റെ ആളുകൾക്കുവേണ്ടി, തന്റെ മുന്നണിക്കാർക്കു വേണ്ടി സ്വജനപക്ഷപാതപരമായി കേരള സർക്കാരിന്റെ ഖജനാവിലെ ഫണ്ട് പങ്കുവെച്ചതാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്. അദ്ദേഹം മുമ്പ് കേരള ത്തിൽ അവതരിപ്പിച്ച ബഡ്ജറ്റുകളിൽ ഇങ്ങനെയുണ്ടായിട്ടില്ല. മാണി സാർ ഒന്ന് തിരിഞ്ഞുനോക്കണം. ഇടതുപക്ഷ മുന്നണിയിൽ അങ്ങ് അംഗമായിരു ന്നപ്പോൾ അവതരിപ്പിച്ച ബഡ്ജറ്റിൽ മാത്രമല്ല, ഇടതുപക്ഷ മുന്നണിക്കെതി രായ മുന്നണിയിലിരുന്നുകൊണ്ട് അവതരിപ്പിച്ച ബഡ്ജറ്റുകളിലും ഇത്തരമൊരു സമീപനം സ്വീകരിച്ചിട്ടുണ്ട് എന്നൊരു ആരോപണം മുമ്പ് ഉയർന്നുവന്നിട്ടില്ല. ഇപ്പോൾ ആദ്യമായാണ് അങ്ങനെ ഉയർന്നുവന്നത്. കേര ളത്തിന്റെ ഒരു മുഖ്യമന്ത്രി തന്റെ പാർട്ടിയുടെ ആളുകളിൽ നിന്ന് കത്തു വാങ്ങി സംഭരിച്ച് ധനകാര്യ മന്ത്രിയുടെ കയ്യിൽ കൊടുത്തിട്ട് അതെല്ലാംകൂടി കണക്കപ്പിള്ളപോലെ പ്രഖ്യാപിക്കുകയാണ്. അതെങ്ങനെ ശരിയാകും? 22 കോളേജുകൾ അനുവദിച്ചു. ഈ 22 കോളേജുകൾ ഗവൺമെന്റ് മേഖലയി ലാണോ, സ്വാശ്രയ മേഖലയിലാണോ, എയ്ഡഡ് മേഖലയിലാണോ എന്നാണ് ശ്രീ. എം. ചന്ദ്രൻ ചോദിച്ചത്. ഇത് സ്വാഭാവികമായും ജനങ്ങളുടെ മനസ്സിലെല്ലാം ഉയർന്നുവരുന്ന സംശയമാണ്. അങ്ങ് അതിനല്ല മറുപടി പറ ഞ്ഞത്. അനുവദിച്ച കോളേജുകൾ ഗവൺമെന്റ് മേഖലയിലാണോ, എയ്ഡഡ് മേഖലയിലാണോ; ഇതിനുള്ള പണമെവിടെ; വിഭവ സമാഹരണവു മായി ബന്ധപ്പെട്ട പദ്ധതികൾ പ്രഖ്യാപിക്കുന്നതിനിടയിൽ അധിക വിഭവസമാ

ഹരണമൊന്നും ഇന്നലെ പ്രഖ്യാപിച്ചില്ലല്ലോ; ഇങ്ങനെ ഏതെങ്കിലും രീതിയിൽ അപ്പപ്പോൾ തോന്നുന്നത് പറയുന്നതാണോ യഥാർത്ഥത്തിൽ ബഡ്ജറ്റ് എന്നു പറയുന്നത്? ഞാൻ ചോദിക്കട്ടെ, അങ്ങനെയാണെങ്കിൽ അങ്ങ് ഇത് പറഞ്ഞ തിനുശേഷവും അതിന് മുമ്പുമായി പല നിർദ്ദേശങ്ങളും ഞങ്ങൾ അങ്ങേയ്ക്ക് നൽകിയല്ലോ? എന്റെ നിയോജക മണ്ഡലത്തിലെ അഞ്ചൽ ബൈപ്പാസിനുവേണ്ടി.........,

ശ്രീ. എം. ചന്ദ്രൻ: സർ, കോളേജിന്റെ കാര്യത്തിലാണല്ലോ ശ്രീ. വി. റ്റി. ബൽറാം തർക്കം പറഞ്ഞത്. ബഡ്ജറ്റിന്റെ 272-ാമത്തെ പാരഗ്രാഫിൽ പറയു ന്നത്, സർക്കാർ/എയ്ഡഡ്/അൺ-എയ്ഡഡ് മേഖലകളിൽ ഉന്നത വിദ്യ്യാസ സ്ഥാപനങ്ങൾ ഇല്ലാത്ത താനൂർ നിയോജക മണ്ഡലത്തിൽ യു.ജി. സി.-യുടെയും എം.എൽ.എ.-യ്ക്ക് പ്രാദേശിക വികസനത്തിനായി അനുവദി ച്ചിട്ടുള്ള ഫണ്ടും സർക്കാർ സഹായവും സമന്വയിപ്പിച്ച് ഒരു കോളേജ് സ്ഥാപിക്കും എന്നാണ്. അങ്ങനെയെങ്കിൽ, തൃത്താല നിയോജക മണ്ഡല ത്തിൽ കോളേജ് വരില്ല എന്ന കാര്യം ഉറപ്പാണ്. അവിടെ അൺ-എയ്ഡഡ് മേഖലയിൽ രണ്ട് കോളേജുകളുണ്ട്. പിന്നെന്തിനാണ് ആളുകളെ തെറ്റിദ്ധരി പ്പിക്കുന്നത്?

ശ്രീ. കെ. രാജു: സർ, മാണി സാർ താലൂക്കുകൾ പ്രഖ്യാപിച്ചു. താലൂക്കുകൾ പ്രഖ്യാപിച്ച കൂട്ടത്തിൽ പത്താനാപുരം താലൂക്ക് പ്രഖ്യാപിച്ചു. പത്തനാപുരം എന്നപേരിൽ ഒരു താലൂക്ക് നിലവിലുണ്ട്. ഞാൻ പത്തനാ പുരം താലൂക്കിനെ പ്രതിനിധാനം ചെയ്യുന്ന എം.എൽ.എ.-യാണ്. പത്തനാ പുരം താലൂക്കിൽ ഞാനും ശ്രീ. കെ. ബി. ഗണേഷ് കുമാറുമുണ്ട്. രണ്ട് എം. എൽ.എ.-മാരുള്ള ഒരു താലൂക്കാണ് പത്തനാപുരം. കഴിഞ്ഞ നൂറ് കൊല്ലത്തി

ലേറെയായി, സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പേയുള്ള ആ താലൂക്ക് വിഭജിക്കുകയാണെങ്കിൽ പത്തനാപുരം താലൂക്ക് നിലനിറുത്തിക്കൊണ്ട് പുതിയതായി ഒരു താലൂക്ക് രൂപീകരിക്കുകയല്ലേ വേണ്ടത്; പത്തനാപുരം താലൂക്ക് വിഭജിച്ച് വീണ്ടും പത്തനാപുരം താലൂക്കാണോ രൂപീകരിക്കുന്നത്? ആരോ ചെവിയിൽ വന്നുപറഞ്ഞു, അങ്ങ് പ്രഖ്യാപിച്ചു. യഥാർത്ഥത്തിൽ പത്തനാപുരം താലൂക്കിനകത്ത് വരുന്ന വില്ലേജുകൾ ഏതെല്ലാമാണ്? അങ്ങേയ്ക്ക് ഇപ്പോൾ പറയാൻ കഴിയുമോ; കഴിയില്ലല്ലോ? പത്തനാപുരം നിയോജക മണ്ഡലവും പുനലൂർ നിയോജക മണ്ഡലവും ചേരുന്നതാണ് പത്തനാപുരം താലൂക്ക്. ഇതിന്റെ ആസ്ഥാനം പുനലൂരാണ്. അങ്ങേയ്ക്ക് അത് നല്ലതുപോലെ അറിയാവുന്നതാണ്. പക്ഷെ അങ്ങ് അപ്പോൾ ഇതൊന്നും ചിന്തിക്കാതെ, ആരോ പറഞ്ഞു, ഭരണ കക്ഷിയല്ലേ ഇരിക്കട്ടെ, രാജുവിന്റെ പേര് പറയുകയും വേണ്ട. യഥാർത്ഥത്തിൽ പ്രഖ്യാപിക്കുകയാണെങ്കിൽ പുനലൂർ താലൂക്കെന്ന പുതിയ താലൂക്കല്ലേ ഉണ്ടാകേണ്ടത്? പത്തനാപുരം എന്ന പേരിലോ മറ്റേതെങ്കിലും പേരിലോ ഒരു താലൂക്കുണ്ടാകുന്നതിന് ഞാൻ എതിരല്ല. ജനങ്ങൾക്ക് ആഗ്രഹമുണ്ടെങ്കിൽ പുതിയ താലൂക്ക് രൂപീകരിക്കാം. പക്ഷെ അതിൽ ഏതെല്ലാം വില്ലേജുകളാണ് വരുന്നത്; ഏതെല്ലാം ഭാഗങ്ങളാണ് വരുന്നത്; അതിനെ സംബന്ധിച്ച് ഒരു സ്റ്റഡിയുണ്ടോ; ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മുമ്പാകെ ഒരു റിപ്പോർട്ടുണ്ടോ? ഇതൊന്നുമില്ലാതെ പ്രഖ്യാപിച്ചതുകൊണ്ട് പറ്റിയ ഒരു അബദ്ധമാണ് പത്തനാപുരം താലൂക്ക്.

<u>ശ്രീ. കെ. എം. മാണി</u>: ശ്രീ. കെ. രാജൂ, എനിക്ക് അബദ്ധം പറ്റിയെന്ന് അങ്ങ് പറഞ്ഞു, എനിക്ക് അബദ്ധമൊന്നും പറ്റിയിട്ടില്ല. അങ്ങേയ്ക്ക് ഒരു അബദ്ധം പറ്റി, ഞാൻ അത് പ്രഖ്യാപിക്കുന്ന സമയത്ത് അങ്ങ് ഇവിടെയുണ്ടാ

യിരുന്നുവെങ്കിൽ, അത് അങ്ങനെയല്ല വേണ്ടിയിരുന്നത് എന്ന് പറഞ്ഞിരുന്നുവെങ്കിൽ എനിക്കതിന് പ്രതിവിധി നോക്കാമായിരുന്നു. അല്ലാതെ പ്രഖ്യാപിച്ചു കഴിഞ്ഞശേഷം പറഞ്ഞതുകൊണ്ട് എന്തെങ്കിലും കാര്യമുണ്ടോ?

<u>ശ്രീ. കെ. രാജു</u>: ഒരു തെറ്റാണ് സാറിന് സംഭവിച്ചതെന്ന് അദ്ദേഹത്തിന് മനസ്സിലായാൽ അദ്ദേഹത്തിന് തിരുത്താമായിരുന്നു. അല്ലെങ്കിൽ ജനങ്ങളാണ് അനുഭവിക്കാൻ പോകുന്നത്. പത്തനാപുരം താലൂക്ക് നിലവിലില്ലേ? പത്തനാപുരം താലൂക്ക് നിലവിലുണ്ട്. നിലവിലുള്ള പത്തനാപ്പുരം താലൂക്കിന് പകരം വീണ്ടുമൊരു പത്തനാപുരം താലൂക്ക്. അതെന്താണ്? പത്തനാപുരം താലൂക്കും അതുപോലെ തൊട്ടടുത്ത് കോന്നി താലൂക്കും. അങ്ങയുടെ മന്ത്രിസഭയിലെ രണ്ട് മന്ത്രിമാർക്കും ഓരോ താലൂക്ക് കൊടുത്തു. കോന്നി ഒരു താലൂക്ക്. പത്തനാപുരം ഒരു താലൂക്ക്. പത്തനാപുരം മണ്ഡലം മാത്രമായി ഒരു താലൂക്കുണ്ടാക്കി അദ്ദേഹത്തിന് കൊടുക്കുന്നതുകൊണ്ട് എനിക്ക് യാതൊരു വിരോധവുമില്ല. പക്ഷേ, നിലവിലുള്ള താലൂക്ക്, അതിന്റെ ആസ്ഥാനം അതിലുള്ള ബാക്കിയുള്ള ഏതാണ്ട് പതിനഞ്ച്-പതിനാറോളം വരുന്ന വില്ലേജുകളും ഈ താലൂക്കിൽ ഉൾപ്പെടുന്നു. അതുകൊണ്ട് അതിൽ ഒരു ക്ലാരിറ്റിയുടെ ആവശ്യമുണ്ട്. ബന്ധപ്പെട്ട ഭരണവകുപ്പായാലും അല്ലെങ്കിൽ അങ്ങായാലും അതിൽ ഏർപ്പെട്ട് നടപ്പിലാക്കണമെന്നാണ് അതുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ഇവിടെ വിശ്വകർമ്മ സമുദായത്തിൽപ്പെട്ടവർക്ക് പെൻഷൻ പ്രഖ്യാപിച്ചത് നല്ല കാര്യമാണ്. പക്ഷേ, അങ്ങ് പറഞ്ഞത് 60 വയസ്സു കഴിഞ്ഞ ബി.പി.എൽ. കുടുംബങ്ങളിൽപ്പെട്ട ആളുകൾക്ക് കൊടുക്കുമെന്നാണ്. പരമ്പരാഗതമായി ഇതൊരു പരമ്പരാഗതത്തൊഴിലാണെന്ന് അംഗീകരിച്ചുകൊണ്ട് ആ ജോലി ചെയ്തുവരുന്ന എല്ലാവർക്കും

പെൻഷൻ ലഭിക്കണം എന്നുള്ളതാണ് അവരുടെ ലക്ഷ്യം. ഒരു വിശ്വകർമ്മ ജന് ജോലിക്കുപോയാൽ ഇപ്പോൾ ദിവസം 500, 600 രൂപ ശമ്പളം കിട്ടുന്നു ണ്ട്. ഏത് വിശ്വകർമ്മജനാണ് ബി.പി.എൽ.-ന് അകത്തുവരുന്നത്. സ്വാഭാവി കമായിട്ടും അനുവദിച്ചു എന്നു പറയുകയും യഥാർത്ഥത്തിൽ നിഷേധി ക്കപ്പെടുകയും ചെയ്യാൻ ഇടവരും. അതുകൊണ്ട് ബി.പി.എൽ. എന്നുള്ളത് മാറ്റി......... ...... അദ്ദേഹം വിചാരിച്ചാൽ ഇനിയും മാറ്റാൻ വകുപ്പുണ്ട്. നിയമ മെല്ലാം ഞങ്ങളെക്കാൾ അറിയാവുന്നത് മാണിസാറിന് തന്നെയാണ്. ബി.പി. എൽ. എന്നുള്ള മാനദണ്ഡം മാറ്റി 60 വയസ്സ് കഴിഞ്ഞ എല്ലാ വിശ്വകർമ്മ ജർക്കും മറ്റു പെൻഷനൊന്നുമില്ലാത്തവർക്ക് പെൻഷൻ കൊടുക്കുന്ന നിലയി ലുള്ള മാറ്റമുണ്ടാകണം. അങ്ങ് ഇവിടെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങ ളിലെ അംഗമായിട്ടുള്ള മെമ്പർമാരെയെല്ലാം ഒഴിവാക്കിയത് എന്തുകൊണ്ടാ ണ്? പഞ്ചായത്ത് മെമ്പർമാരിൽ 60 വയസ്സ് പൂർത്തീകരിച്ച പഴയ പഞ്ചാ യത്ത് എക്സ് മെമ്പർമാരുണ്ട്. അവരിൽ എത്രയോ മുൻപഞ്ചായത്ത് മെമ്പർമാർ ഒരു കട്ടൻകാപ്പിക്ക് നിവൃത്തിയില്ലാതെ അലഞ്ഞുതിരിയുന്നുണ്ട്. ഇപ്രാവശ്യം ഏതാണ്ട് 50 ശതമാനത്തോളം രണ്ടു കൂട്ടർക്കുമുണ്ട്, പഞ്ചായ ത്തുതലത്തിലെ മെമ്പർമാരെല്ലാം. മുൻവർഷങ്ങളിൽ എൽ.ഡി.എഫ്. മെമ്പർമാരായിരുന്നു കൂടുതൽ എന്നുള്ളതുകൊണ്ടാണോ, നിരവധി വർഷ ക്കാലമായി അവർ ഉന്നയിച്ചുവരുന്ന ഈ ആവശ്യത്തിനുമുന്നിൽ അങ്ങ് കണ്ണ ടച്ചത് എന്നു ഞാൻ ചോദിക്കുകയാണ്. നീതിന്യായ നിർവ്വഹണവുമായി ബന്ധപ്പെട്ട് അങ്ങയുടെ ബഡ്ജറ്റിലും അതുപോലെ അങ്ങ് മറുപടി പറഞ്ഞ പ്പോഴും പ്രത്യേകിച്ചൊന്നും പറഞ്ഞില്ല. കേരളത്തിലെ കേസുകളുടെ കാലതാ മസത്തെ സംബന്ധിച്ചും കേസുകൾ കെട്ടിക്കിടക്കുന്നതിനെ സംബന്ധിച്ചും

ഹൈക്കോടതി പറയുകയുണ്ടായി. ഈ കാലതാമസം ഒഴിവാക്കി യഥാസമയത്ത് നീതി ജനങ്ങൾക്ക് ലഭ്യമാക്കണമെങ്കിൽ കൂടുതൽ കോടതികളുണ്ടാകണം എന്നുള്ളതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട കോടതിതന്നെ സൂചിപ്പിക്കുകയുണ്ടായി. നീതിനിർവ്വഹണ വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് പുതിയ കോടതി ആരംഭിക്കുന്നതിനെക്കുറിച്ച് ഒരു നിർദ്ദേശവും വന്നിട്ടില്ല. പുനലൂരിൽ സബ്കോടതികൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് അങ്ങയുടെ കഴിഞ്ഞ ബഡ്ജറ്റിൽ പരാമർശിച്ചിരുന്നു. പക്ഷേ, അത് അനുവദിച്ചിട്ടില്ല. അനുവദിക്കാത്തതിന്റെ കാരണം ഞാൻ മനസ്സിലാക്കുന്നത് തികച്ചും രാഷ്ട്രീയമായിട്ടുള്ള കാഴ്ചപ്പാടുകളാണ്. ഹൈക്കോടതിയും സർക്കാരുംകൂടി അംഗീകരിച്ച ലിസ്റ്റിലെ ഒന്നാമത്തേത് ദേവികുളമാണ്. ദേവികുളത്തെ എം.എൽ.എ, എൽ.ഡി.എഫ്.-ന്റെ എം.എൽ.എ. ആയിട്ടുള്ള ശ്രീ. എസ്. രാജേന്ദ്രനാണ്. രണ്ടാമത്തേത് ചാലക്കുടി എം.എൽ.എ., ശ്രീ. ബി. ഡി. ദേവസ്സി, എൽ.ഡി.എഫ്.-ന്റെ എം.എൽ.എ. ആണ്. മൂന്നാമത്തേത് ഹൈക്കോടതി അംഗീകരിച്ചിട്ടുള്ള ഗവണമെന്റുംകൂടി അംഗീകരിച്ചിട്ടുളള......... (അങ്ങേയ്ക്കും കൂടി വേണ്ടതാണ് ഈ പറയുന്നത്).

<u>മി. ചെയർമാൻ</u> : അത് മനസ്സിലായി. നാലേകാൽ മിനിറ്റായി.

<u>ശ്രീ. കെ. രാജു</u> : ഹൈക്കോടതി അംഗീകരിച്ച ലിസ്റ്റിലെ മൂന്നാമത്തേത് എന്റെ പുനലൂർ സബ്കോടതിയാണ്. അതും എൽ.ഡി.എഫ്. ഇതെല്ലാം എൽ.ഡി.എഫ്. നിയോജകമണ്ഡലത്തിലെ നിർദ്ദേശങ്ങളാണ്. ഈ ഗവൺമെന്റും ഹൈക്കോടതിയുംകൂടി അംഗീകരിച്ച ലിസ്റ്റ് എന്നുള്ളത് കൊണ്ടുമാത്രമാണ് പുതിയ സബ്കോടതികൾ കേരളത്തിൽ അനുവദിക്കാതെ താളം ചവിട്ടുന്നത് എന്നുള്ള ഗുരുതരമായിട്ടുള്ള ആരോപണം ഞാൻ ഈ അവസരത്തിൽ ഉന്നയിക്കുകയാണ്.

<u>മി. ചെയർമാൻ</u> : അങ്ങത് പറഞ്ഞ് അവസാനിപ്പിക്കണം.

<u>ശ്രീ. കെ. രാജു</u> : ഈ നിലയിൽ വളരെ പക്ഷപാതപരമായ സ്വജനപക്ഷ പാതം കാണിക്കുന്ന ഒരു പച്ചയായ നിയമലംഘനത്തിന്റേതായിട്ടുള്ള ഒരു സമീപനമാണ് ഈ ബഡ്ജറ്റിലുണ്ടായത്. അതുകൊണ്ട് തുടർന്ന് പണം അനുവദിച്ചുകൊടുത്താൽ ചെലവാക്കുന്നതും ആ രീതിയിലായിരിക്കും എന്നു ള്ളതുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിന്റെ ചർച്ചയിൽ പങ്കെടുത്ത് ഞാൻ ഇതിനെ എതിർക്കുന്നു.

<u>ശ്രീ. സി. മോയിൻകുട്ടി</u> : സർ, ഈ ഉപധനാഭ്യർത്ഥനകളെ വളരെ ശക്തമായി ഞാൻ പിന്താങ്ങുകയാണ്. നിരായുധരായി നിലനിൽപ്പിനുവേണ്ടി പൊരുതുന്ന ആളുകളുടെ പിടച്ചിലുകൾ മാത്രമായിട്ടാണ് ശ്രീ. കുഞ്ഞുമോൻ അടക്കമുള്ളവരുടെ ഈ ജല്പനങ്ങൾ ഞാനിവിടെ കാണുന്നത്. പാളയ ത്തിൽ പടകൊണ്ട് പൊറുതിമുട്ടിയിട്ടുള്ള ആളുകൾ സ്വന്തം പടനായക നിൽപോലും വിശ്വാസമില്ലാത്ത കൂട്ടർ ഇവിടെ കാട്ടിക്കൂട്ടുന്നത് ഒരുപക്ഷേ, പരമാവധി മുതലെടുക്കാൻ എന്തെങ്കിലും സാധ്യതയുണ്ടോ എന്നു പരിശോ ധിച്ചുകൊണ്ടാണ്. അത് നടക്കില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ അറയ്ക്കൽ ബീവിയെ കെട്ടാൻ അരസ്സമ്മതം എന്നു കേട്ടിട്ടുണ്ട്. ഇവിടെ ആദരണീയ നായ മാണിസാറിനെ ചാക്കിൽ കയറ്റാൻ, ബാലരമയിലെ മായാവി നടക്കു ന്നതുപോലെ ആളുകളുടെ തമാശ കാണുമ്പോൾ ഊറിച്ചിരിക്കാൻ മാത്രമാണ് തോന്നുന്നത്. ഞാൻ ആ കാര്യത്തിലേയ്ക്ക് അധികമായി കടക്കുന്നില്ല. ഇതു പോലൊരു ബഡ്ജറ്റ് കേരളത്തിന്റെ ചരിത്രത്തിൽ ഇന്നുവരെ അവതരിപ്പി ക്കാൻ മാണിസാർ അടക്കമുള്ള മുൻ ധനകാര്യമന്ത്രിമാർക്ക് സാധിച്ചിട്ടില്ല. അത്രയും മിന്നുന്ന ബഡ്ജറ്റാണ്. അതുകൊണ്ടുതന്നെയാണ് അന്തംവിട്ട്

അസ്ഥാളിച്ച് അപ്പുറത്തുള്ള ആളുകൾക്ക് ഒരക്ഷരംപോലും ശക്തമായ ഭാഷ യിൽ പറയാൻ സാധിക്കാതെ, അവരുടെ പദങ്ങൾ പലപ്പോഴും 'മുന്തിരിങ്ങ പുളിക്കും' എന്നു പറഞ്ഞതുപോലെ പാളിപ്പോകുന്നത്. ഒരു ബഡ്ജറ്റ് പ്രസംഗം കേൾക്കാനുള്ള സാമാന്യ മര്യാദപോലും ഇല്ലാതെയാണ് ഇവിടെ വന്ന് ഇപ്പോൾ വിമർശിക്കുന്നത്. എന്താണ് മാണിസാറിന്റെ പ്രസംഗമെന്ന് കേട്ടെങ്കിൽമാത്രമേ വിശദീകരിക്കാനും വിമർശിക്കാനും സാധിക്കുകയുള്ളു. അതുപോലും അനുവദിക്കാതെ അവർ ഓടി രക്ഷപ്പെടുകയാണ്. അവരുടെ തലയിലേറ്റ ഏറ്റവും ശക്തമായ അടിയായിരുന്നു ഈ ബഡ്ജറ്റ്. അതുകൊണ്ടാണ് എനിക്ക് പറയാനുള്ളത് കേരളം കാണുന്ന മിന്നുന്ന പ്രകടനമാണ് ഈ ബഡ്ജറ്റിലുള്ളത്. 80 പിന്നിട്ട ബഹുമാന്യനായ മാണിസാർ, 40 കാരന്റെ ഊർജ്ജസ്വലതയുള്ള മാണിസാർ, 20 കാരന്റെ പ്രതീക്ഷകൾക്ക് ഉണർവ്വേകിയിട്ടുള്ള മാണിസാർ, 50 വർഷത്തെ നിയമസഭാ സാമാജികന്റെ പരിണതപ്രജ്ഞതയുള്ള മാണിസാർ അവതരിപ്പിച്ച ഈ ബഡ്ജറ്റ് 11-ാമത്തെ ബഡ്ജറ്റാണ്. ഇടതുപക്ഷത്തെ സംബന്ധിച്ചിടത്തോളം ഇതുപോലൊരു ആഘാതം സമീപകാലത്ത് അവർക്കുണ്ടായിട്ടില്ല. സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും മൃതസഞ്ജീവനിയാകുക യാണ് ഈ ബഡ്ജറ്റ്. നിഷേധിക്കാൻ കഴിയില്ല. അവരുടെ പദങ്ങളിലൊക്കെ ഈ ബഡ്ജറ്റിന്റെ നല്ല വശങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്. ഈ ബഡ്ജറ്റിനെ എതിർക്കാൻ അപാര തൊലിക്കട്ടി വേണം. ആ തൊലിക്കട്ടി എത്രയായിട്ടും ഇല്ലാതെ പോയതുകൊണ്ടാണ് ശബ്ദം പലപ്പോഴും ഇടറി പാളി പോകുന്നത്. കാർഷിക മേഖലയിൽ വൻ പ്രതിസന്ധിയുടെയും രൂക്ഷ മായ വരൾച്ചയുടെയും സാമ്പത്തിക മാന്ദ്യത്തിന്റെയും നടുവിലാണ് ഈ

ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. ഇൻഡ്യയുടെ പാർലമെന്റിന്റെ ചരിത്രത്തിൽ സർവ്വകാല റിക്കാർഡ് മറിക്കടക്കുന്ന മാണിസാറിന്റെ പരിണതപ്രജ്ഞത യാണ് ഈ ബഡ്ജറ്റിലൂടെ വിളംബരം ചെയ്തത്. നിലവിലുള്ള ഒറ്റ ജീവന ക്കാരനും ബുദ്ധിമുട്ടില്ലാതെ, ഏപ്രിൽ ഒന്നിന് ജോലിയിൽ ചേർന്ന പുതിയ തലമുറയിൽപ്പെട്ട ചെറുപ്പക്കാർക്ക് 60 വയസ്സുവരെ പെൻഷൻ പ്രായം ഉയർത്തിയത്, ബഹുമാന്യനായ ഒരു ഭരണാധികാരിയുടെ വിഷനും മിഷനും ബോദ്ധ്യപ്പെടുത്തുന്ന വളരെ വ്യക്തമായിട്ടുള്ള നിശാബോധം തെളിയി ക്കുന്നതാണ്. ഒരു ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഒരു പുതിയ തല മുറയിൽ എന്താണ് ഈ ഗവൺമെന്റിന്റെ ആത്മവിശ്വാസമെന്ന് പകരുന്നതാ ണിത്. സാമ്പത്തികവളർച്ചയെ ഈ ബഡ്ജറ്റ് ത്വരിതപ്പെടുത്തുകയാണ്. സർവ്വോപരി സാമൂഹ്യജീവിതത്തിന്റെ തിന്മയ്ക്കെതിരെ, മൂല്യച്യുതിക്കെ തിരെ, പൊള്ളയായ പൊങ്ങച്ചം കാണിക്കുന്ന വിവാഹമാമാങ്കത്തിനെതിരെ സാമൂഹ്യ ഗുണനിലവാരം ഉയർത്തിപ്പിടിക്കാൻ നിരവധിയായ ഇടപെടലുകൾ ഈ ബഡ്ജറ്റിലുണ്ട്. ഒരുപക്ഷേ, സമീപകാലത്ത് ഒരു ബഡ്ജറ്റിനും ഇല്ലാത്ത തരത്തിലുള്ള ഗുണനിലവാരം ഈ ബഡ്ജറ്റിലുണ്ടെന്ന് ഞങ്ങൾ അവകാശപ്പെ ടുകയാണ്. കർമ്മശേഷിയും സാങ്കേതിക മികവും മെച്ചപ്പെടുത്തുന്ന നിര വധി പരിപാടികൾ ഈ മാണി മാജിക്കിൽ നമുക്ക് കാണാൻവേണ്ടി സാധി ക്കും. അഞ്ചുവർഷംകൊണ്ട് തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് പ്ലേസ്മെന്റ്സെല്ലുകൾ ഇവിടെ സ്ഥാപിക്കുന്നത് പുതിയ തലമുറയെ സംബ ന്ധിച്ചിടത്തോളം ഏറ്റവും അഭിമാനകരമാണ്. ഒരു ഗവൺമെന്റ് ദുർബലവിഭാ ഗത്തോടൊപ്പം നിൽക്കണമെന്നതാണ് സങ്കല്പം. അതുകൊണ്ടാണ് എല്ലാ വിഭാഗത്തിലുമുള്ള സാമൂഹ്യ പെൻഷനുകൾ വമ്പിച്ച തോതിൽ വർദ്ധിപ്പിച്ചത്.

ഇവിടെ നിസ്സാര കാശുകൊടുത്തു എന്നാണ് ശ്രീ. കെ. രാജു ഇവിടെ സൂചിപ്പിച്ചത്. അഞ്ചു വർഷം എന്തായിരുന്നു നിങ്ങൾക്ക് പരിപാടി? രണ്ടുവർഷം കൊണ്ട് ഈ സർക്കാർ സാമൂഹ്യ രംഗത്ത് എല്ലാ വിഭാഗത്തിലുമുള്ളവർക്ക് പെൻഷൻ തുകകൾ വർദ്ധിപ്പിച്ചിരിക്കുന്നു. പുതിയ പല വിഭാഗങ്ങളേയും ഈ രംഗത്തേയ്ക്ക് കൊണ്ടുവന്നിരിക്കുന്നു. അതോടൊപ്പംതന്നെ ഏറെ അഭിമാനകരമായ രണ്ട് കാര്യങ്ങൾ, ആ രണ്ട് കാര്യങ്ങളെങ്കിലും മന:സാക്ഷിയിൽ കൈവച്ചുകൊണ്ട് ഒന്നഭിനന്ദിക്കാൻ എന്തുകൊണ്ടാണ് അക്കൂട്ടർക്ക് സാധിക്കാതെപോയത്? മംഗല്യനിധി, ഈ മംഗല്യനിധിയുടെ ഫണ്ട് എവിടെനിന്നാണ്? വിവാഹ മാമാങ്കങ്ങളായിട്ടാണ് വിവാഹങ്ങൾ ഈ സംസ്ഥാനത്ത് നടത്തുന്നത്. അഞ്ഞൂറിലേറെ സീറ്റുകളുള്ള ആഡിറ്റോറിയത്തിൽ വമ്പിച്ച തോതിലുള്ള ജാടകൾ കാണിക്കുന്ന കല്യാണങ്ങൾ, ആ ആഡിറ്റോറിയത്തിന് മൂന്നു ശതമാനം നികുതി ഈടാക്കി, ഇരുപതിനായിരം രൂപ പെൺകുട്ടികൾക്ക് വിവാഹസഹായമായി നൽകുന്ന പദ്ധതിയാണ് മംഗല്യനിധി. ഈ പദ്ധതിയെ മന:സാക്ഷിയിൽ കൈവച്ചുകൊണ്ട് ഒന്ന് അഭിനന്ദിച്ചുകൂടെ നിങ്ങൾക്ക്? ഇതൊരു ചെറിയ കാര്യമാണോ?

ആതുര ശുശ്രൂഷാരംഗത്ത് ഈ ഗവൺമെന്റ് കാണിക്കുന്ന താത്പര്യം നമുക്കറിയാവുന്നതാണ്. കാരുണ്യ ലോട്ടറിയിലൂടെ 52 കോടി രൂപയുടെ സഹായമാണ് നല്കിയത്. ജീവിതശൈലി രോഗങ്ങൾ ഈ രാജ്യത്തെത്തന്നെ വിഴുങ്ങുന്ന ഒരു സാഹചര്യത്തിൽ വമ്പിച്ച തോതിലുള്ള സാമ്പത്തിക സഹായങ്ങൾ ഈ ലോട്ടറിയിലൂടെ നല്കാൻ ഇന്നുവരെ ഇന്ത്യയിലെ ഏതെങ്കിലുമൊരു ഭരണാധികാരിക്ക് സാധിച്ചിട്ടുണ്ടോ; ചെറിയ കാര്യമാണോ ഇത്? ട്രെയിനിൽ യാത്ര ചെയ്യുന്ന ആളുകൾക്കറിയാം ഓരോ കമ്പാർട്ടുമെന്റിലും

നാലും അഞ്ചും ക്യാൻസർ രോഗികളും അവരുടെ സഹായികളുമാണുള്ളത്. അത്തരം ആളുകൾക്ക് ഒരു ചെറിയ ആശ്വാസമെങ്കിലും നല്കുന്നതിനായി ഈ ബഡ്ജറ്റ് മുന്നോട്ടുവരുമ്പോൾ മനഃസാക്ഷിയിൽ കൈവച്ചുകൊണ്ട് അഭി നന്ദിക്കണമെന്നാണ് ഞാൻ പറയുന്നത്. 3 ലക്ഷംരൂപയിൽതാഴെ വരുമാന മുള്ള വിധവകളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ഫീസ് ഇളവ് ചെയ്തുകൊടുക്കുകയാണ്. ഇത് അഭിനന്ദനാർഹമല്ലേ? ഗവൺമെന്റിന്റെ കണക്കനുസരിച്ച് 25 ലക്ഷം അന്യസംസ്ഥാന തൊഴിലാളികളാണ് കേരളത്തി ലുള്ളത്. ഇവരിൽ ഏറ്റവും കൂടുതൽ ബംഗാളിൽ നിന്നുള്ളവരാണ്. 30−35 കൊല്ലക്കാലത്തെ നിങ്ങളുടെ പാർട്ടിയുടെ ഭരണം വരുത്തിവച്ച ദുര്യോഗമാ ണത്. കയറിക്കിടക്കാൻ ഒരു കൊച്ചുകൂര പോലുമില്ലാതെ മഴയും വെയിലും കൊള്ളുന്ന ഈ പട്ടിണിപ്പാവങ്ങൾക്ക് ഒരാശ്വാസം നല്കുന്നത് ഉള്ളു കൊണ്ടെങ്കിലും നിങ്ങൾക്ക് അഭിമാനിക്കാവുന്ന കാര്യമാണ്. നിങ്ങളുടെ ഭര ണത്തിന്റെ ബാക്കിപത്രമായ പട്ടിണിപ്പാവങ്ങളാണ് കേരളത്തിൽ ഒരിറക്ക് കഞ്ഞിവെള്ളത്തിനുവേണ്ടി കടന്നുവരുന്നത്. അവർക്കാവശ്യമായ നൈറ്റ് ഷെൽറ്റർ സ്ഥാപിക്കാനുള്ള തീരുമാനം എന്തുകൊണ്ട് നിങ്ങൾക്ക് അംഗീകരി ച്ചുകൂടാ? നികുതി വർദ്ധനവിനെക്കുറിച്ച് നിങ്ങൾക്ക് പരാതിയുണ്ടാകാം. ആർക്കാണ് നികുതി വർദ്ധനവ് ഏർപ്പെടുത്തിയത്? ഈ രാജ്യത്തെ എല്ലാ സാമൂഹ്യ തിന്മകളുടേയും ശക്തമായ ഉറവിടം മദ്യവും മയക്കുമരുന്നു മാണെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്? മദ്യത്തിന് കൂട്ടിയിരിക്കുന്ന തീരുവ ഇനിയും ഇരട്ടിയാക്കണം എന്നതാണ് എന്റെ നിർദ്ദേശം. ഇടതു പക്ഷം ജനപക്ഷത്താണോ എന്ന് തെളിയിക്കേണ്ട ബാദ്ധ്യത നിങ്ങൾക്കുണ്ട്. ആഡംബര കാറുകൾ, സിഗററ്റ്, മദ്യം, ലഹരിപദാർത്ഥങ്ങൾ തുടങ്ങിയവയ്ക്ക്

വമ്പിച്ച തോതിൽ തീരുവ വർദ്ധിപ്പിച്ചിരിക്കുന്നു എന്ന പരാതിയുണ്ടെങ്കിൽ അത് ഈ സഭയിൽ പറയണം. ഇവയുടെ തീരുവ കുറച്ചുകൂടി വർദ്ധിപ്പി ക്കണം എന്നാണ് എനിക്ക് ഇക്കാര്യത്തിൽ പറയാനുള്ളത്. രാജ്യത്തെ വിഴു ങ്ങുന്ന റിയൽ എസ്റ്റേറ്റ് മാഫിയ ഈ രാജ്യത്തെ മഹാവിപത്തായി മാറിക്കൊ ണ്ടിരിക്കുകയാണ്. മൂന്നുമാസത്തിനകം ഭൂമി മറിച്ചുവിറ്റാൽ ഇരട്ടി സ്റ്റാമ്പ് ഡ്യൂട്ടി വസൂലാക്കുമെന്നുള്ള സർക്കാർ തീരുമാനത്തെ തീർച്ചയായും ഈ രാജ്യം രണ്ടുകയ്യുംനീട്ടി സ്വീകരിക്കുകയാണ്. ആറുമാസത്തിനകം ആണെ ങ്കിൽ സ്റ്റാമ്പ് ഡ്യൂട്ടി ഒന്നര ശതമാനം വർദ്ധിപ്പിക്കുമെന്നത് അങ്ങേയറ്റം സന്തോഷകരമാണ്. ഞാനൊരു കർഷകനാണ്. കർഷകർക്ക് ഇതുപോലെ ആത്മവിശ്വാസം പകർന്ന ഒരു ധനകാര്യ വകുപ്പുമന്ത്രി കേരളത്തിൽ ഉണ്ടായി ട്ടില്ല. അദ്ദേഹം കേരളാ കോൺഗ്രസ്സിന്റെ നേതാവല്ല, മറിച്ച് കേരളത്തിലെ കർഷകരുടെ താത്പര്യങ്ങളെ ഉയർത്തിപ്പിടിക്കുന്ന അഭിവന്ദ്യനായ ഒരു കർഷകനേതാവായിട്ടാണ് കർഷകനായ എനിക്ക് കാണാൻ സാധിക്കുന്നത്. സഹകരണ ബാങ്കിൽ നിന്നെടുത്ത വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തതിന്റെ ഫലമായി എത്രയോ ആളുകൾ ആത്മഹത്യ ചെയ്തിട്ടുണ്ട്. വായ്പാ പലിശ പൂർണ്ണമായും ഇളവ് ചെയ്യാനുള്ള തീരുമാനം ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ള പതിനായിരക്കണക്കിന് ചെറുകിട കർഷകർക്ക് ആശ്വാസം പക രുന്നതാണ്. ഈ തീരുമാനത്തെ സഹർഷം സർവ്വാത്മനാ ഞാൻ സ്വാഗതം ചെയ്യുന്നു. തുടർന്നും ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ള കർഷകർക്ക് പലിശരഹിത വായ്പകൾ നല്കാൻ ബഹുമാനപ്പെട്ട കെ.എം.മാണി ബഡ്ജ റ്റിൽ തുക വകകൊള്ളിച്ചിരിക്കുകയാണ്. ആത്മഹത്യാ മുനമ്പിൽനിന്ന് കർഷകരെ രക്ഷിക്കുന്ന ഈ ബഡ്ജറ്റ് തീർച്ചയായും സന്തോഷകരമാണ്. കർഷകരുടെ താത്പര്യത്തെക്കുറിച്ച് പറയുമ്പോൾ തീർച്ചയായും ഒരു

കാര്യം നിങ്ങളോർക്കണം. നിങ്ങളാണ് കാർഷിക കടാശ്വാസ കമ്മീഷൻ ജസ്റ്റിസ് ഗഫൂറിനെ നിയമിച്ചത്. 3 ലക്ഷം പരാതികൾക്ക് മറുപടി നല്കാൻ സ്റ്റാമ്പ്പോലും വാങ്ങാൻ കാശില്ലാതെ 3 സ്റ്റാഫിനെമാത്രം നിലനിർത്തി അദ്ദേഹം ഓടിരക്ഷപ്പെടുകയാണ് ചെയ്തത്. ജസ്റ്റിസ് ഗഫൂറിനായിരുന്നില്ല മാനക്കേട്, ലക്ഷക്കണക്കിന് കേരളീയ കർഷകർക്ക് മാനക്കേടായിരുന്നു. നിങ്ങളുടെ കാലത്ത് നെല്ല് സംഭരണം നടത്തിയിട്ട് കാശ് കൊടുത്തോ? ഇപ്പോഴിതാ നെല്ല് സംഭരണത്തിന് കൂടിയ വില നല്കുന്നു. അതോടൊപ്പം തന്നെ നെല്ല് സംഭരണത്തിന് സ്പോട്ടിൽത്തന്നെ കാശ് കൊടുക്കാൻ തയ്യാറാ കുകയാണ്. നാളികേര കർഷകരുടെ പ്രശ്നങ്ങൾ ഒരുപാട് ചർച്ച ചെയ്തി ട്ടുള്ളതാണ്. നിങ്ങളുടെ ഭരണകാലത്ത് 4 രൂപയും 3 രൂപയുമായിരുന്ന നാളി കേരത്തിന് ഇന്ന് കിലോയ്ക്ക് 16 രൂപയാക്കാൻ ഞങ്ങളുടെ കൃഷി വകുപ്പു മന്ത്രിക്കും മാണി സാറിനും ഉമ്മൻചാണ്ടി ഗവൺമെന്റിനും സാധിച്ചിട്ടുണ്ട്. ഇപ്പോൾ രണ്ട് ദിവസം മാത്രമുള്ള നാളികേര സംഭരണം എല്ലാ ദിവ സവുമാക്കണം എന്ന ഒരു നിർദ്ദേശം ഇതുമായി ബന്ധപ്പെട്ട് മുന്നോട്ട് വയ്ക്കുകയാണ്. അതോടൊപ്പം എല്ലാ കൃഷിഭവനുകളിലും സംഭരണ സൗകര്യമേർപ്പെടുത്തണം. നീര ഉത്പാദനം 10 ജില്ലകളിൽ മാത്രം ഒതുക്ക രുത്. ആവശ്യമുള്ളവർക്ക് അതിനുള്ള സൗകര്യം ചെയ്തുകൊടുക്കണം. താത്പര്യമുള്ളവർക്ക് അതിൽ നിന്നും പരമാവധി പ്രയോജനം ലഭ്യമാക്കാ നുള്ള സംവിധാനം ഏർപ്പെടുത്തണം. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് മാർക്കറ്റിലിടപെടുന്ന നടപടി തീർച്ചയായും അഭിനന്ദനാർഹമാണ്. ഒരുപാട് ഭൂവിസ്തൃതിയുള്ള മലയോര കുടിയേറ്റ മേഖലകളിൽ മാവേലി സ്റ്റോറുകൾ, സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ കൂടുതലായി അനുവദിക്കണം. ചെറിയ

വരുമാനക്കാർക്ക് 20 രൂപയ്ക്ക് ഭക്ഷണം ലഭിക്കുന്ന 'തൃപ്തി' ഹോട്ടൽ എന്ന വാർത്ത അങ്ങേയറ്റം സന്തോഷത്തോടുകൂടിയാണ് സ്വാഗതം ചെയ്തിട്ടുള്ളത്. താഴ്ന്ന വരുമാനക്കാരുടെ പ്രതീക്ഷയായ 'തൃപ്തി' ഹോട്ടൽ എല്ലാ പഞ്ചായത്തിലും സ്ഥാപിക്കണമെന്ന് ഈ സന്ദർഭത്തിൽ അപേക്ഷിക്കുകയാണ്. പത്ര പ്രവർത്തകരെ പരിഗണിച്ച് അവരുടെ പെൻഷൻ 7000 രൂപയാക്കിയത് വളരെ നല്ല കാര്യമാണ്. ജീവിതത്തിന്റെ പുറമ്പോക്കിലേയ്ക്ക് വലിച്ചെറിയപ്പെടുന്ന അനാഥാലയങ്ങളിലെ പാവങ്ങളായ ആളുകൾക്ക് ഒരു പരിധി വരെ ഗ്രാന്റ് വർദ്ധിപ്പിക്കാൻ തീരുമാനിച്ചത് തീർച്ചയായും സന്തോഷപ്രദമാണ്. അതോടൊപ്പം ..........

<u>മി. ചെയർമാൻ</u>: അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കണം. 3 മിനിട്ട് സമയമെടുത്തു.

<u>ശ്രീ. സി. മോയിൻകുട്ടി</u>: സർ, ഇപ്പോൾ അവസാനിപ്പിക്കാം. മദ്യത്തെയും മയക്കുമരുന്നിനേയുംകുറിച്ച് ബോധവത്ക്കരണം നടത്തുന്നതിന് ഡീ-അഡിക്ഷൻ സെന്റർ സ്ഥാപിച്ചത് അങ്ങേയറ്റം സന്തോഷകരമാണ്. വരവിന്റെ 70 ശതമാനവും ശമ്പളത്തിനും പെൻഷനും വേണ്ടി ചെലവഴിക്കുന്ന ഒരു സംസ്ഥാനത്ത് ഉള്ളതുകൊണ്ട് ഓണം പോലെയാകുന്ന ഇതുപോലൊരു മെച്ചപ്പെട്ട ബഡ്ജറ്റ് അവതരിപ്പിക്കാൻ ആർക്ക് സാധിക്കും? അതുപോലെ വന്ദ്യവയോധികർ, വിധവകൾ, രോഗികൾ, വികലാംഗർ- ഇവരെയൊക്കെ പരിഗണിക്കാൻ സാധിച്ചിട്ടുണ്ട്. ഒന്നുരണ്ട് കാര്യങ്ങൾ കൂടി ഞാൻ ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. വയനാട് മുതൽ മഞ്ചേരിയും നിലമ്പൂരുംവരെയെത്തുന്ന എന്റെ മണ്ഡലത്തിലെ ഒരൊറ്റ റോഡിന്റെ കാര്യം

ഞാനീ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. ബഹുമാനപ്പെട്ട വി.കെ. ഇബ്രാഹിംകുഞ്ഞ് നേടിയിട്ടുള്ള മിന്നുന്ന തിളക്കത്തിനുപിന്നിലുള്ള ശക്തിയും സ്രോതസ്സും അങ്ങയും മുഖ്യമന്ത്രിയുമാണെന്ന് അഭിമാനത്തോടു കൂടി നന്ദിപൂർവ്വം ഓർക്കുന്നതോടൊപ്പം അടിവാരം-ചെമ്പുകടവ്-നെല്ലി പ്പൊയ്ക-പുല്ലാരാംപാറ റോഡ് യാഥാർത്ഥ്യമാവുകയാണെങ്കിൽ തീർച്ച യായും തെക്കൻ ജില്ലയിൽ നിന്നുള്ള ആളുകൾക്ക് അമ്പതോ അറുപതോ കിലോ മീറ്റർ ദൂരം കുറച്ച് സഞ്ചരിച്ച് വയനാട്ടിലും കർണ്ണാടകത്തിലും എത്താൻ സാധിക്കും. ആ ഒരു റോഡ് യാഥാർത്ഥ്യമാക്കിത്തരണമെന്ന് അങ്ങയോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഒരു കാര്യം കൂടി പറഞ്ഞു കൊണ്ട് അവസാനിപ്പിക്കാം. കേരളം കണ്ട ഏറ്റവും വലിയ ദുരന്തം എന്റെ മണ്ഡലത്തിലാണുണ്ടായത്. 06-08-2012-ൽ ഉണ്ടായ ഉരുൾപൊട്ടൾ ഇവിടെയിരിക്കുന്ന അപ്പുറത്തും ഇപ്പുറത്തുമുള്ള മിക്കവാറും എം.എൽ.എ-മാരും മന്ത്രിമാരും വന്ന് കണ്ടതാണ്. 750 ഏക്കർ ഭൂമിയാണ് ഒലിച്ചുപോയിട്ടു ള്ളത്. അതോടൊപ്പം 8 മനുഷ്യജീവനുകളാണ് നഷ്ടപ്പെട്ടത്. അന്ന് ഗവൺമെന്റ് നല്കിയ ഒരു പാക്കേജുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അതോടൊപ്പം വയലാർജിയും, കുഞ്ഞാലിക്കുട്ടി സാഹിബും, മാണി സാറും, അടൂർ പ്രകാശുമൊക്കെ നല്കിയിട്ടുള്ള പാക്കേജനുസരിച്ച്, അന്ന് പരിപൂർണ്ണ മായി വീടും കുടിയും നഷ്ടപ്പെട്ട 24 പേർക്ക് താത്ക്കാലിക ഷെൽറ്റർ സൗക ര്യങ്ങൾ ഏർപ്പെടുത്തിയിരുന്നു. താത്ക്കാലികമായി ആറ് മാസത്തേയ്ക്ക് ഭൂമി കടം വാങ്ങിയാണ് ഷെൽറ്റർ ഏർപ്പെടുത്തിയിരുന്നത്. ഇപ്പോൾ ആറ് മാസം കഴിഞ്ഞു, ആ ഭൂമി വിട്ടുകൊടുത്തിട്ടില്ല. അവർക്ക് സ്ഥായിയായി ഭൂമി വിലയ്ക്കെടുത്ത് നല്കാമെന്നുള്ള സർക്കാർ തീരുമാനം പ്രായോഗികമാ

ക്കിയിട്ടില്ല. അതോടൊപ്പംതന്നെ ഉരുൾപൊട്ടലിന്റെ ഭാഗമായി ഒലിച്ചുപോയ മുഴുവൻ റോഡുകളും പുനർനിർമ്മിക്കുന്നതിന് വരൾച്ചാ ദുരിതാശ്വാസ ഫണ്ടിൽനിന്നും തുക നല്കുമെന്ന് ഉറപ്പ് നല്കിയിരുന്നു. ആ പാക്കേജ് പൂർണ്ണമായും നടപ്പാക്കണം എന്നുകൂടി ചൂണ്ടിക്കാണിക്കുകയാണ്. ഒരൊറ്റ വരികൂടി, മലബാറിൽ ഏറ്റവും കൂടുതൽ എസ്.സി/എസ്.റ്റി തുടങ്ങിയ ദുർബല വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്ത് 1996-ൽ യു.ഡി.എഫ് ഗവൺമെന്റ് കിടത്തി ചികിത്സ ആരംഭിച്ച ആശുപത്രിയിൽ നിന്ന് കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റ് പോസ്റ്റ് ക്രിയേഷൻ എടുത്തുകളയുകയും ആനുകൂല്യങ്ങൾ നിഷേധിക്കുകയും ചെയ്തിരിക്കുകയാണ്. പ്രസ്തുത ആശുപത്രിയിൽ പോസ്റ്റ് ക്രിയേഷൻ നല്കി കിടത്തി ചികിത്സ ഉറപ്പുവരുത്തണം എന്നുകൂടി ചൂണ്ടിക്കാണിക്കുകയാണ്. എന്റെ പ്രദേശം വനമേഖലയാണ്. വനാതിർത്തിയിൽ വന്യമൃഗങ്ങളുടെ ശല്യം വർദ്ധിച്ചിരിക്കുകയാണ്. അവിടെ സോളാർ ഫെൻസിംഗ് ഏർപ്പെടുത്തണം. അതോടൊപ്പംതന്നെ വന്യമൃഗങ്ങളുടെ ആക്രമണത്തിന് വിധേയരായവർക്ക് നഷ്ടപരിഹാരം കൊടുക്കണം. പുനരധിവസിപ്പിക്കേണ്ടവരെ പുനരധിവസിപ്പിക്കണം. ഈ ബഡ്ജറ്റിനെ ശക്തമായി പിന്തുണയ്ക്കുന്നതോടൊപ്പം മലയോര കുടിയേറ്റ മേഖലയോട് കുറെക്കൂടി കരുണ കാണിക്കാൻ അങ്ങ് തയ്യാറാകുമെന്ന് വിശ്വസിക്കുന്നു. ഈ മണ്ഡലത്തിന്റെ വിചാരങ്ങളും വികാരങ്ങളും ഹൃദയസ്പന്ദനങ്ങളും ഉൾക്കൊള്ളാൻ കഴിയുന്ന പ്രിയങ്കരനായ നേതാവിനെ ഒരിക്കൽകൂടി അഭിനന്ദിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ സഹർഷം സർവ്വാത്മനാ പിന്താങ്ങുന്നു.

ശ്രീ. ജോസ് തെറ്റയിൽ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ വി.റ്റി. ബൽറാം പറഞ്ഞ കാര്യങ്ങളെക്കുറിച്ചാണ് ഞാൻ ഇവിടെ പറയാൻ ഉദ്ദേശിക്കുന്നത്. അതിന്റെ ഒന്നാമത്തെ കാരണം, ഒരു ബഡ്ജറ്റ് കഴിഞ്ഞാൽ അടുത്ത ബഡ്ജറ്റ് വരുമ്പോൾ ഉണ്ടാകേണ്ട Performance. Outlay - Difference between the outlay and the outcome. അതാണ് ആധുനിക സാമ്പത്തിക രംഗത്ത് ചർച്ച ചെയ്യപ്പെടേണ്ട കാര്യം. ചർച്ച ചെയ്യപ്പെടുന്നതും അതുതന്നെയാണ്. കഴിഞ്ഞ 2012-13 ബഡ്ജറ്റിൽ പേജ് 20-ൽ 54-ാമതായി ക്യാൻസർ, കുഷ്ഠം, ക്ഷയം എന്നിവ ബാധിച്ച രോഗികൾക്ക് നിലവിൽ നൽകിവരുന്ന പെൻഷൻ തുക യഥാക്രമം 200, 200, 50 രൂപയിൽ നിന്ന് എല്ലാവർക്കും പ്രതിമാസം 525 രൂപയായി ഉയർത്തുന്നതാണ്. കിഡ്നി തകരാറുമൂലം സ്ഥിരമായി ഡയാലിസിസ് വേണ്ടിവരുന്ന, ബി.പി.എൽ. വിഭാഗത്തിലെ വൃക്കരോഗികൾക്കും പ്രതിമാസം 525 രൂപ നിരക്കിലുള്ള പെൻഷൻ പുതുതായി അനുവദിക്കുന്നതാണ്. അനാഥശാലകൾ, വൃദ്ധസദനങ്ങൾ, യാചകമന്ദിരങ്ങൾ എന്നിവയിലെ അന്തേവാസികളുടെ പ്രതിമാസ ഗ്രാന്റ് 250 രൂപയിൽ നിന്ന് 525 രൂപയായി ഉയർത്തുന്നു എന്ന് പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ ബഡ്ജറ്റിൽ പാസ്സാക്കിയ, അല്ലെങ്കിൽ അംഗീകരിച്ചതുപ്രകാരം എത്ര ആളുകൾക്ക് 200 രൂപ എന്നുള്ളത് 525 രൂപ കൊടുത്തുയെന്നുള്ളത് പറയേണ്ട ബാധ്യത ഈ ഗവൺമെന്റിനും ധനകാര്യവകുപ്പിനും ധനകാര്യ വകുപ്പുമന്ത്രിക്കുമുണ്ട്. ഒരു വർഷം കഴിഞ്ഞിട്ടും അതിന്റെ ഓർഡർ റവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്ന് ഇറങ്ങിയിട്ടില്ല. എന്തിനാണ് ഇങ്ങനെ ഒരു ബഡ്ജറ്റ് പാസ്സാക്കുന്നത്? കഴിഞ്ഞ

2012-13 ബഡ്ജറ്റിൽ പേജ് 89-ൽ 339-ാം നമ്പറിൽ നീതിന്യായ സംവിധാനം ജനങ്ങളുടെ പടിവാതിക്കൽ എത്തിക്കുന്നതിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ഗ്രാമ ന്യായാലയങ്ങൾ ആരംഭിക്കും. അതുവഴി ഗൗരവം കുറഞ്ഞ കേസുകൾ വളരെപ്പെട്ടെന്ന് തീർപ്പാക്കാൻ കഴിയുന്നതാണ്. 153 ബ്ലോക്ക് പഞ്ചായത്തുകളുണ്ട്. കഴിഞ്ഞ ഒരു വർഷക്കാലത്തിനുള്ളിൽ കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ട് ലഭിക്കുമെന്ന് ഉറപ്പായ കാര്യങ്ങൾക്ക് അതിന്റെ അലോക്കേഷൻ വന്നതിനുശേഷം ഏത് ബ്ലോക്കിലാണ് ഗ്രാമന്യായാലയങ്ങൾ തുടങ്ങിയിരിക്കുന്നതെന്ന് പറയാൻ ഈ ഗവൺമെന്റിന് ബാധ്യസ്ഥതയുണ്ട്. ഞാൻ വളരെ അഭിമാനപൂർവ്വം തന്നെ പറയുകയാണ്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് കൊച്ചി നഗരത്തിൽ ആരംഭിച്ച്, അഭിമാനപൂർവ്വം നടത്തികൊണ്ടുവരുന്ന തിരു-കൊച്ചി ബസ് സർവ്വീസിന്റെ ചുവടുപിടിച്ചുകൊണ്ട് കഴിഞ്ഞ ബഡ്ജറ്റിൽ പേജ് 59-ൽ 210-ൽ എറണാകുളം ജില്ലയിൽ തിരുകൊച്ചി സർവ്വീസ് ആരംഭിച്ചതുപോലെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ടൗൺ/സിറ്റി സർവ്വീസുകളാരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. തൃശ്ശൂർ, കോഴിക്കോട്, കോട്ടയം നഗരങ്ങളിൽ ഈ വർഷം 100 ടൗൺ/സിറ്റി സർവ്വീസുകൾ ആരംഭിക്കുന്നതാണ് എന്ന് പറയുന്നുണ്ട്. ഏത് ടൗണിലാണ് അത് തുടങ്ങിയത്? ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച തിരു-കൊച്ചി ബസ് സർവ്വീസ് ഒന്നൊന്നായി പിൻവലിച്ചുകൊണ്ടിരിക്കുകയാണ്. ഇതാണോ പെർഫോമൻസ്? ഞാൻ ശ്രീ. വി.റ്റി. ബൽറാമിനോട് ചോദിക്കുകയാണ്. ഈ പെർഫോമൻസിന്റെ അടിസ്ഥാനത്തിൽ നമുക്ക് ഈ ഗവൺമെന്റിനെ വിലയിരുത്താൻ കഴിയുമോ? ഒരു ഗവൺമെന്റിന്റെ ബഡ്ജറ്റ് വരുമ്പോൾ കഴിഞ്ഞ

വർഷം എന്താണ് ചെയ്തതെന്നതിനെക്കുറിച്ച് പറയാൻ കഴിയണ്ടേ? ഇത് രാഷ്ട്രീയമല്ല. ഒരു Outlay അല്ലെങ്കിൽ Outcome എന്തായിരിക്കണമെന്നതിനെക്കുറിച്ചുള്ള ഒരു സമീപനത്തിന്റെ കാര്യമാണ്. 43-ാം പേജിൽ ഖണ്ഡിക 148-ൽ ഓരോ പഞ്ചായത്തിലും ഓരോ കുളം വീതം പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതിക്കായി 47 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എവിടെയാണ് കുളം വന്നത്? നാട് മുഴുവൻ കുളമായി എന്നുള്ളതല്ലാതെ ഏത് പഞ്ചായത്തിൽ എവിടെയാണ് കുളം വന്നത്? പക്ഷേ ഒരു കുളവും ഉണ്ടാക്കിയിട്ടില്ല. എന്തിനാണ് ഇങ്ങനെ ബഡ്ജറ്റ് പാസ്സാക്കുന്നത്; എന്തിനാണ് ഈ ധനാഭ്യർത്ഥന; എന്തിനാണ് ഇങ്ങനെയുള്ള വോട്ട് ഓൺ അക്കൗണ്ട്? അതുകൊണ്ടാണ് ഞാൻ ഇതിനെ പ്രധാനമായും എതിർക്കാനുള്ള കാരണം. എക്സ്പെൻഡീച്ചർ സംബന്ധിച്ച് ഓരോ വകുപ്പും തിരിച്ച് പറയട്ടെ. ഈ ഗവൺമെന്റിന്റെ കാലത്ത് തന്നിട്ടുള്ള കണക്ക് പ്രകാരം ശ്രീ. കെ. സുരേഷ് കുറുപ്പിന് കൊടുത്ത കണക്കുകളുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തന്ന കണക്കാണ്. 06-02-2013-ൽ തന്ന മറുപടിയിൽ പറയുന്നത്, കൃഷി വകുപ്പിന് 855 കോടി രൂപ നീക്കിവച്ചിട്ടുള്ളതിൽ ഇതുവരെ ചെലവായിട്ടുള്ളത് 11.24 ശതമാനമാണ്. പൊതുവിദ്യാഭ്യാസത്തിന് 647 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളതെങ്കിൽ ചെലവാക്കിയത് 7.58 ശതമാനമാണ്. ജലവിഭവ വകുപ്പിന് 1523 കോടി രൂപയാണ് മാറ്റിവച്ചിട്ടുള്ളതെങ്കിൽ ചെലവായത് 27.6 ശതമാനമാണ്. തുറമുഖ വകുപ്പിനുവേണ്ടി നീക്കി വച്ചിട്ടുള്ള 277 കോടി രൂപയിൽ നിന്ന് ചെലവായത് 1.93 ശതമാനമാണ്. റവന്യൂ വകുപ്പിനുവേണ്ടി നീക്കി വച്ച

35 കോടി രൂപയിൽ 58 ലക്ഷം രൂപയാണ് ചെലവായത്. 1.64 ശതമാനമാണ്. ശരാശരി ചെലവായിട്ടുള്ളത് 28.21 ശതമാനം. ബഡ്ജറ്റ് വിഹിതത്തിന്റെ 57.82 ശതമാനം മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളത്. എന്തിനാണ് ഇതുപോലെ ഒരു ബഡ്ജറ്റ് വീണ്ടും പാസ്സാക്കുന്നത്? വോട്ട് ഓൺ അക്കൗണ്ട് എന്തിനാണ്? ഇതിനായി സഭയുടെ സമയം കളയുന്നതിന്റെ ഒരാവശ്യവുമില്ല. Performance Report-നേക്കാൾ Non Performance Report ആദ്യം കൊടുക്കട്ടെ. എസ്.സി./എസ്.ടി. മേഖലയുടെ പുനരുദ്ധാരണത്തെക്കുറിച്ചും മറ്റു കാര്യങ്ങളെക്കുറിച്ചും രാജ്യം മുഴുവൻ പറയുന്നുണ്ടല്ലോ. 2012–13–ൽ ഈ മേഖലയ്ക്ക് 911.38 കോടി രൂപയും പ്രത്യേക ഫണ്ടായ 9.88 കോടി രൂപയും ചേർത്ത് **921.26** കോടി രൂപ വകയിരുത്തിയതിൽ വിനിയോഗം നടന്നത് 50.91 ശതമാനം മാത്രമാണ്. എന്തിനാണ് ഇതുപോലുള്ള പെർഫോർമൻസ്? ഈ സർക്കാർ അധികാരമേറ്റതിനുശേഷം 31-01-2013 വരെ വാങ്ങിയിട്ടുള്ള കടം 17,00,00,756.86 രൂപയാണ്. ഒരു കുട്ടി കേരളത്തിൽ ജനിക്കുന്നതിന് കണക്കുപ്രകാരം **26067** രൂപയുടെ കടഭാരവും ചുമലിൽ വച്ചുകൊണ്ടാണ് ഒരു കുട്ടി ജനിക്കുന്നത്. റവന്യൂ വരുമാനത്തിന്റെ 70 ശതമാനവും ശമ്പളത്തിനായി ഉപയോഗിക്കുന്ന ഒരു സംസ്ഥാനമാണിത്. കേരളത്തിന്റെ സാമ്പത്തിക സ്ഥിതി അസ്ഥിരതയാണ് എന്നാണ് സി & എ.ജി–യുടെ റിപ്പോർട്ട്. ഇതുപോലുള്ള ഒരു അവസ്ഥയിൽ നാം എന്തിനാണ് ഇതുപോലെ ബഡ്ജറ്റ് പാസ്സാക്കുന്നത്? ശ്രീ. കെ. എം. മാണിയെക്കുറിച്ച് പ്രത്യേകം പറയേണ്ട കാര്യമില്ല. നമുക്കെല്ലാപേർക്കും അറിയാം. ഇത്രയും സിദ്ധിയും വൈഭവവുമുള്ള ആളുകൾ

കുറവാണ്. അപൂർവ്വമായ ചില സിദ്ധികളുള്ള ശ്രീ. കെ.എം. മാണി ഈ ബഡ്ജറ്റിൽ ഒരു കാര്യം വളരെ ബുദ്ധിപൂർവ്വം പറഞ്ഞു. ബഡ്ജറ്റിന്റെ അവസാന പേജിൽ നമ്മൾ നമ്മളെത്തന്നെ ഉദ്ധരിക്കണം. നമ്മൾ നമ്മളെത്തന്നെ ക്ഷീണിപ്പിക്കരുത് നമ്മുടെ ബന്ധു നമ്മൾതന്നെയാണ്. നമ്മുടെ ശത്രു നമ്മൾ തന്നെയാണ്. തികച്ചും വിവേകപൂർവ്വമായി പറഞ്ഞിട്ടുള്ളതാണ്. അദ്ദേഹത്തിനറിയാം അദ്ദേഹത്തിന്റെ ശത്രു എവിടെയാണ് ഇരിക്കുന്നതെന്ന് അദ്ദേഹത്തിന്റെ മിത്രം എവിടെയാണ് ഇരിക്കുന്നതെന്ന് അദ്ദേഹത്തിന് വളരെ കൃത്യമായി അറിയാം. എന്ത് ദീർഘദൃഷ്ടിയോടുകൂടി പറഞ്ഞതാണ്. ഞാൻ ആ കാര്യത്തിൽ ശ്രീ. കെ.എം. മാണിയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. കാരണം ഇത്രയും ദീർഘദൃഷ്ടിയോടുകൂടി രാഷ്ട്രീയത്തെക്കുറിച്ചും ധനകാര്യത്തെക്കുറിച്ചും പറയാൻ കഴിയുന്നത് ശ്രീ. കെ.എം. മാണിക്ക് മാത്രമാണ്. അദ്ദേഹം മറന്നുപോയ ഒരു കാര്യമുണ്ട്. അത് പറയുമ്പോൾ ഭഗവത്ഗീതയെ ക്വാട്ട് ചെയ്തിട്ടാണ് പറഞ്ഞത്. ഭഗവത്ഗീതയുടെ ഏറ്റവും പ്രസിദ്ധമായ ഏറ്റവും പ്രസക്തമായ ഭാഗം അതുമാത്രമല്ല, അതൊക്കെ ഉണ്ടെങ്കിൽത്തന്നെയും നമുക്കെല്ലാപേർക്കും അറിയാവുന്നതുപോലെ 'കർമ്മണ്യേവാധികാരസ്തേ മാ ഫലേഷു കദാചന'. നിനക്ക് കർമ്മം ചെയ്യുന്നതിനുള്ള അർഹതയേയുള്ളു. കർമ്മ ഫലങ്ങൾ സ്വന്തമാക്കാനുള്ള അർഹത ഒരിക്കലുമില്ല എന്ന് അർജുനനോട് ശ്രീകൃഷ്ണൻ പറയുമ്പോൾ വളരെ വ്യാപകമായ അർത്ഥത്തിലാണ് പറയുന്നത്. 'നീ കർമ്മം ചെയ്യൂ, നീ ഫലത്തെക്കുറിച്ച് ആഗ്രഹിക്കരുത്' എന്ന് പറഞ്ഞിട്ട് അതേ ഭഗവത്ഗീതയിലെ ക്വട്ടേഷൻ എടുത്ത് കഴിഞ്ഞപ്പോൾ ശ്രീ. കെ.എം. മാണി ചെയ്ത ഒരു സംഗതി എന്താണെന്നു വച്ചാൽ രണ്ട് തരം ആളുകളെ കണ്ടു. രണ്ടുതരം ആളുകളുടെ രീതിയിലാണ്

ഇപ്പോൾ അവിടെ ഭരണം നടക്കുന്നത്. അത് സാധാരണ പറയുന്ന ഒന്നുകിൽ നക്കുക അല്ലെങ്കിൽ ഞെക്കുക. ഈ രണ്ട് കാറ്റഗറിയിൽപ്പെട്ട ആളുകൾക്കാണ് ഇപ്പോൾ കാര്യങ്ങളൊക്കെ അനുവദിച്ചുകൊടുത്തിട്ടുള്ളത്. കാരണം നക്കുന്നത് കളിയാക്കി പറയുന്നതല്ല അത് പ്രയോഗത്തിന്റെ ഭാഗമായിട്ടാണ്. അദ്ദേഹത്തിന് ഇഷ്ടമുള്ള ആളുകൾ അല്ലെങ്കിൽ അദ്ദേഹത്തെ സുഖിപ്പിക്കുന്ന ആളുകൾ അല്ലെങ്കിൽ ഭരണത്തിന്റെ കൂട്ടത്തിൽ അല്ലെങ്കിൽ സ്വജനപക്ഷം. അതല്ലെങ്കിൽ ഞെക്കുന്ന ആളുകൾ. ഞെക്കുന്ന ആളുകളുടെ കാറ്റഗറി ഞാൻ പ്രത്യേകം പറയേണ്ട കാര്യമില്ല. ആരാണ് ഞെക്കുന്ന എന്നതൊക്കെ നമുക്കറിയാം. പേടിപ്പിക്കുന്ന ആളുകൾ. ശ്രീ. കെ.എം. മാണിക്ക് ധൈര്യമുണ്ടെങ്കിലും മുന്നണിയിലെ പല പ്രശ്നങ്ങളിൽ അത്തരത്തിൽ വരുന്നുണ്ട്. ഇവിടെ താലൂക്ക് കൊടുത്തത് ആർക്കൊക്കെയാണ്. എന്ത് അടിസ്ഥാനത്തിലാണ്? ഇവിടെ ബാബുപോൾ കമ്മിറ്റിയുണ്ടായിരുന്നു. കണ്ണന്താനം കമ്മിറ്റിയുണ്ടായിരുന്നു. ഈ വക കമ്മിറ്റികളുടെ അടിസ്ഥാനത്തിലാണോ അതോ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണോ; അങ്ങനെയാണെങ്കിൽ ഏതെല്ലാമാണ് പരിഗണിക്കേണ്ടത്? എന്റെ മണ്ഡലത്തിലെ ഒരു കാര്യം പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. 2001-ൽ താലൂക്ക് രൂപീകരണത്തെക്കുറിച്ച് അന്നത്തെ ഗവൺമെന്റ് പ്രഖ്യാപിച്ചപ്പോൾ അങ്കമാലിയിൽ താലൂക്ക് ഉൾപ്പെട്ടില്ലായെന്ന് പറഞ്ഞ് എന്റെ മുൻഗാമിയായ അന്നത്തെ എം.എൽ.എ. ഇവിടെ നിരാഹാരം കിടന്നു. അത് കഴിഞ്ഞ് കേരളത്തിലെങ്ങും താലൂക്ക് പ്രഖ്യാപിച്ചിട്ടില്ല. ഇപ്പോൾ 12 കൊല്ലത്തിനുശേഷം പുതുതായി 12 താലൂക്കുകൾ ആദ്യമായി പ്രഖ്യാപിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലുള്ള 10 വില്ലേജുകളും 16 വില്ലേജുകളുള്ള ആലുവ താലൂക്കിലാണ്. അതുകൊണ്ട് അങ്കമാലി

താലൂക്ക് വേണമെന്നുള്ള ആവശ്യമുണ്ടാകുകയും മുൻ കമ്മിറ്റികളിൽ പരാമർശിക്കുകയും ചെയ്തിട്ടും ഇതുവരെ കൊടുത്തിട്ടില്ല. അങ്കമാലിയിലെ ബൈപ്പാസ് കേരളത്തിന്റെ ബൈപ്പാസാണ്, അങ്കമാലിയിലെ ബൈപ്പാസല്ല. നാഷണൽ ഹൈവേയിൽ കൂടി കടന്നുപോകുന്ന ആളുകൾക്കുണ്ടാകുന്ന പ്രശ്നങ്ങൾക്ക് വേണ്ടിയാണിത്. ഡോ. ടി.എം. തോമസ് ഐസക് അദ്ദേഹത്തിന്റെ ബഡ്ജറ്റിൽ ആയിരം കോടി രൂപയുടെ ബൈപ്പാസിന്റെ പ്രത്യേക പ്രോജക്ടിൽ പറഞ്ഞതനുസരിച്ച് വരികയും അതിനുശേഷം കെ.എം. മാണി സാറിന്റെ സമയത്ത് അത് എടുത്തുകളയുകയും ചെയ്ത ഒരു ബൈപ്പാസാണ്. അതിനെത്തുടർന്ന് പൊതുമരാമത്ത് വകുപ്പുമന്ത്രി ഞങ്ങളുടെ ഒരു യോഗം വിളിച്ച് പറഞ്ഞു, ഉടനെ തന്നെ നിങ്ങളുടെ ബൈപ്പാസിന്റെ കാര്യം പരിഗണിക്കാമെന്ന്. ഒരു രൂപ പോലും ഇതിന് വേണ്ടി വച്ചിട്ടില്ലായെന്ന് മാത്രമല്ല ഒരു പ്രഖ്യാപനവും ആ കാര്യത്തിൽ വന്നിട്ടില്ല. റോഡ് വികസനത്തെക്കുറിച്ച് പറയുമ്പോൾ ശ്രീ. എ.എം. ആരിഫിന് 08-02-2013-ൽ മറുപടി കൊടുത്തിട്ടുണ്ട്. ഇത് നോക്കുമ്പോൾ അറിയാം ഏതെല്ലാം നിയോജകമണ്ഡലങ്ങളിൽ ആരുടെയെല്ലാം നിയോജകമണ്ഡലങ്ങളിൽ എത്ര കോടിരൂപയാണ് കൊടുത്തിട്ടുള്ളതെന്ന്. കണക്കുകളുള്ളതുകൊണ്ട് ഞാൻ വായിച്ച് സമയം കളയുന്നില്ല. ഇതിനകത്ത് അനീതിയുണ്ട്. ഇതിൽ ഒരു സമഭാവനയില്ല എന്ന് തന്നെയല്ല പക്ഷപാതമുണ്ട്. ഇത് സാധ്യമല്ല. കേരളത്തിന്റെ വസ്തുവകകൾ കേരളത്തിന്റെ ധനം വിനിയോഗിക്കേണ്ടത് ഒറ്റയ്ക്ക് ഒരു വിഭാഗത്തിന് മാത്രമല്ല. ഏറ്റക്കുറച്ചിൽ ഉണ്ടായേക്കാം. പക്ഷേ ഇത്ര ഗ്ലെയറിംങ്ങായിട്ടുള്ള ഒരു വ്യത്യാസം ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. ഡോ. ടി.എം. തോമസ് ഐസക്കിന്റെ കാലത്ത് 15 കോടി രൂപ at a time, running ആയിട്ട് വേണ്ടി

വരും. അതുപോലെ 15 കോടി രൂപ ഒരു കാലഘട്ടത്തിൽ നിൽക്കുന്നുവെന്ന് പറയുന്ന രീതി വിട്ടിട്ട് 5 കോടി രൂപയായി ചുരുങ്ങുന്നു. ഒരു കാര്യത്തെക്കുറിച്ച് എം.എൽ.എ.-മാർ കൃത്യമായി അിറഞ്ഞിട്ടില്ല. 25 കോടി രൂപ അദ്ദേഹം പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ എസ്റ്റിമേറ്റിൽ വരുന്ന ടെണ്ടർ എക്സ്സസ് അടുത്ത കൊല്ലത്തെ കാശിൽ നിന്നും പിടിക്കുകയാണ്. ഇത്തവണ എം.എൽ.എ. ഫണ്ട് വർദ്ധിപ്പിച്ചിട്ടില്ല. അതുമാത്രമല്ല, സി.പി.ഡബ്ല്യു. റേറ്റ് പ്രകാരം ഇപ്പോൾ കൊടുക്കുന്നത് നിലവിലുള്ള സ്റ്റേറ്റ് പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ടുമെന്റ് റേറ്റിൽ നിന്ന് 30 ശതമാനം വർദ്ധിച്ചിരിക്കുന്നു. കഴിഞ്ഞ ഏപ്രിൽ മാസം മുതൽ ഈ ഏപ്രിൽ മാസം വരെ വരുന്നതിന് 30 ശതമാനം എക്സസ്സാണ്. ആ കണക്ക് വച്ച് നോക്കുമ്പോൾ സ്വാഭാവികമായും ഈ തുക പോര അത് വർദ്ധിപ്പിക്കണം.

ഞങ്ങളുടെ നാട്ടിൽ ഒരു കഥ പറയാറുണ്ട്. സ്ഥിരമായി മദ്യപിക്കുന്ന ഒരാൾ സുഹൃത്തുക്കളുമായി സംസാരിക്കുമ്പോൾ അദ്ദേഹത്തിന്റെ ഒരാഗ്രഹം പറഞ്ഞു; അദ്ദേഹത്തിന്റെ നാട്ടിൽകൂടി ഒഴുകുന്ന തോട്ടിൽ വെള്ളത്തിനു പകരം കള്ള് ഒഴുകണമെന്നും തറയിൽ വീണുകിടക്കുന്ന കരിയിലകൾ കരിമീൻ വറുത്തതായിരിക്കണം എന്നും. ഇതുകേട്ട സൃഹൃത്തുക്കൾക്കും സന്തോഷമായി. എന്നാൽ അദ്ദേഹവും ഭാര്യയും മാത്രമേ അത് ഉപയോഗിക്കാൻ പാടുള്ളൂവെന്നും സുഹൃത്തുക്കളാരുമുണ്ടാകാൻ പാടില്ലെന്നുമുള്ള ഒരു കണ്ടീഷൻകൂടി അദ്ദേഹം പറഞ്ഞു. ഈ കഥയിൽ പറഞ്ഞതുപോലെ എല്ലാ വിഭവങ്ങളും ശേഖരിക്കുകയും അത് തനിക്കും തന്റെ പാർട്ടിക്കും

മാത്രമായി ചുരുങ്ങുകയും ചെയ്യരുത്. സ്വാമി വിവേകാനന്ദന്റെ 150-ാം ജന്മവാർഷികം ആഘോഷിക്കുന്ന കാലമാണിത്. ജീവിതത്തിൽ ഏറ്റവും പ്രസക്തമായത് വിശ്വാസവും ആത്മവിശ്വാസവുമാണെന്നാണ് സ്വാമി വിവേകാനന്ദൻ പറഞ്ഞത്. വിവേകാനന്ദന്റെ 150-ാം ജന്മവാർഷികത്തിൽ നാം ആത്മവിശ്വാസം എന്നത് മാറ്റി ആത്മവഞ്ചനയാകരുത്. അതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ള എല്ലാ മന്ത്രിമാരോടും എനിക്ക് അഭ്യർത്ഥിക്കാനുള്ളത് പരിഗണിക്കുമ്പോൾ ന്യായമായ രീതിയിൽ എല്ലാവരെയും പരിഗണിക്കണമെന്നാണ്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു.

ഡോ. എൻ. ജയരാജ്: സർ, ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുകയാണ്. ഞാൻ ഈ ചർച്ചയിൽ പങ്കെടുക്കുമ്പോൾ സംസാരിച്ചുതുടങ്ങാൻ ഉദ്ദേശിച്ചിരുന്ന വിഷയത്തിൽ അൽപ്പം മാറ്റം വരുത്തേണ്ടി വന്നു. അതിനു കാരണം നേരത്തെ നടന്ന ഒന്നുരണ്ടു പ്രസംഗങ്ങളാണ്. എനിക്ക് വളരെ ദു:ഖം തോന്നുകയാണ്, കാരണം ടാഗോറിന്റെ വളരെ പ്രശസ്തമായ ഒരു verse ഉണ്ട്. ഭംഗിയായി വസ്ത്രധാരണം ചെയ്ത ഒരാൾ തേരിൽ കടന്നു വരുമ്പോൾ വഴിയിൽനിന്ന ആളിനോട് എന്തെങ്കിലും നൽകണമെന്നാവശ്യപ്പെടുകയും അയാൾ സഞ്ചിയിൽനിന്ന് ഒരു അരിമണി മാത്രം നൽകുകയും ചെയ്തു. വൈകുന്നേരം വീട്ടിലെത്തിയപ്പോൾ അയാളുടെ സഞ്ചിയിൽ ഒരു അരിമണി മാത്രം സ്വർണ്ണമായി മാറിയതായി കണ്ടു. ടാഗോറിന്റെ പ്രശസ്തമായ ആ verse അവസാനിക്കുന്നത് വളരെ ദു:ഖത്തോടെയാണ്. കാരണം

സഞ്ചിയിലുണ്ടായിരുന്ന അരിമണികൾ മുഴുവൻ കൊടുത്തിരുന്നുവെങ്കിൽ ആ അരിമണികൾ മുഴുവനും സ്വർണ്ണമായി മാറുമായിരുന്നു എന്ന വിഷമത്തോടെ ടാഗോർ അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്. 'I poorly beg I have had the heart to give them my all' ഞാൻ ഇത് പറയാൻ കാരണം ഇന്നലെ ബഡ്ജറ്റ് ചർച്ചയുടെ സമാപനത്തിൽ വലതുപക്ഷത്തിരിക്കുന്ന ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളിൽ പല ആളുകളും അവരുടെ പല ആവശ്യങ്ങളും, പുനലൂരിലെ താലൂക്കുൾപ്പെടെ, നടക്കാതെപോയി എന്ന ദു:ഖത്തിലാണ്. ടാഗോറിന്റെ കഥാപാത്രത്തെപ്പോലെ ഇപ്പോൾ ഇവരും ദു:ഖിക്കുന്നുണ്ടാകും. ശ്രീ. കെ. എം. മാണി വളരെയേറെ സൗമ്യനാണ്, ദയാലുവാണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പ്രതിപക്ഷാംഗ ങ്ങൾ സഭയിലുണ്ടായിരുന്നുവെങ്കിൽ അദ്ദേഹം കയ്യയച്ച് സഹായിക്കാൻ തയ്യാറാകുമായിരുന്നു. അതുകൊണ്ടാണ് ഈ സന്ദർഭത്തിൽ ടാഗോറിന്റെ കഥാപാത്രത്തെ ഞാൻ അനുസ്മരിച്ചത്. ജ്യോതിഷത്തെക്കുറിച്ച് കൈക്കുളങ്ങര രാമവാര്യരുടെ പ്രസിദ്ധമായ പുസ്തകത്തിൽ പതിനൊന്നാം ഭാവത്തെക്കുറിച്ച് പറയുന്നുണ്ട്. പതിനൊന്നാം ഭാവം സത്യത്തിന്റെയും ദയയുടെയും തപസ്സിന്റെയും ഐശ്വര്യത്തിന്റെയുമൊക്കെ പ്രതീകമാണ്. കേരള സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അതിന്റെ ഏറ്റവും വലിയ ഐശ്വര്യത്തോടുകൂടി നിൽക്കുന്ന കാലഘട്ടത്തിലാണ് അദ്ദേഹത്തിന്റെ പതിനൊന്നാമത്തെ ബഡ്ജറ്റ് അവതരിപ്പിക്കാൻ കഴിഞ്ഞത്. ഈ ബഡ്ജറ്റുമായി ബന്ധപ്പെട്ട ചർച്ചയിൽ ഇവിടെ ഉയർന്നുവന്ന ഒരു കാര്യമുണ്ട്. ബഡ്ജറ്റ് പലപ്പോഴും വ്യക്തിപരമായി കുറെ കണക്കുകളെയും വികസന പ്രവർത്തനങ്ങളെയും സൂചിപ്പിക്കുന്നതിനപ്പുറത്ത് ബഡ്ജറ്റിന് അതിന്റേതായ

ഫിലോസഫിയുണ്ട്. ഇതിനുപിന്നിൽ നീതിശാസ്ത്രവും തത്വശാസ്ത്രവും ഉണ്ട്. മാണി സാറിന്റെ പതിനൊന്ന് ബഡ്ജറ്റുകളും പരിശോധിച്ചാൽ അതിൽ ബേസിക്കായി ഫിലോസഫിയുണ്ടെന്ന് മനസ്സിലാക്കാം. മാണിസാർ വളരെ ബോധപൂർവമാണ് ഭഗവദ്ഗീതയിലെ ആ ലൈൻ ക്വാട്ട് ചെയ്തത്. അദ്ദേഹത്തിന് മറ്റ് വരികൾ അറിയാത്തതുകൊണ്ടല്ല. ഞാൻ സൂചിപ്പിച്ചത് ബേസിക്കായ ഫിലോസഫിയെ തന്റെ ബഡ്ജറ്റിൽ എക്കാലത്തും ഘടിപ്പിക്കുവാനും ആസൂത്രണം ചെയ്യാനുമുള്ള വളരെയേറെ വൈവിധ്യം അദ്ദേഹത്തിന്റെ ഭാഗത്തുനിന്ന് എപ്പോഴുമുണ്ടായിട്ടുണ്ട്. ഈ ബഡ്ജറ്റിൽ എവിടെയാണൊരു കുറവുള്ളത്, തെറ്റുള്ളത് എന്നുകണ്ടുപിടിക്കാൻ ബഡ്ജറ്റിനെ വിമർശിക്കുന്ന ആളുകൾ കഴിഞ്ഞ ദിവസങ്ങളിൽ വളരെയേറെ ബുദ്ധിമുട്ടിയിട്ടുണ്ടാവും. ജീവിതത്തിന്റെ സമസ്തമേഖലകളെയും വളരെ ഇൻക്ലൂസീവായി സർവ്വാശ്ലേഷിയായി സ്പർശിച്ചുകൊണ്ട് കടന്നുപോകാൻ കഴിഞ്ഞു എന്നതാണ് ഈ ബഡ്ജറ്റിന്റെ പ്രത്യേകത. ഞാൻ ഓരോ കാര്യങ്ങളും എടുത്ത് പറയുന്നില്ല. കാരണം ഇവിടെ പല തവണ ഇതെല്ലാം ആവർത്തിച്ചതാണ്. വളരെ സൂക്ഷ്മമായി ചർച്ച ചെയ്യപ്പെടേണ്ട, ആരും സൂചിപ്പിക്കാത്ത ഒന്നുരണ്ടു ചെറിയ കാര്യങ്ങൾ പറയാം. അതിൽ ഒരു പ്രധാനപ്പെട്ട കാര്യം ലോട്ടറിയുമായി ബന്ധപ്പെട്ടതാണ്. ഞാൻ അതിന്റെ ഫിലോസഫി മാത്രമാണ് പറയാൻ ആഗ്രഹിക്കുന്നത്. നോൺ ടാക്സ് റവന്യൂവിലെ സർക്കാരിന്റെ കണക്കുകൾ അനുസരിച്ച് ഏറ്റവും കൂടുതൽ വരുമാനം വർദ്ധിപ്പിക്കാൻ ഇടയായ മേഖലയാണ് കേരളത്തിലെ ലോട്ടറി മേഖല. ധാരാളം ആക്ഷേപങ്ങൾക്ക് കാരണമായ ലോട്ടറി മേഖലയെ സാമാന്യജനത്തിന് എത്രമാത്രം തൃപ്തികരമാക്കാൻ കഴിയുമെന്നും ഏറ്റവും ദുർബലരായ ആളുകൾക്ക് എങ്ങനെ സഹായകരമാക്കാൻ കഴിയുമെന്നുമുള്ള

തരത്തിൽ ലോട്ടറി മേഖലയെ പുന:സംഘടിപ്പിച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റിന് റവന്യൂ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കാണിച്ച വളരെ ആസൂത്രണമായ വൈദഗ്ദ്ധ്യം ഇതിന്റെ പിന്നിൽ ഒളിഞ്ഞുനിൽപ്പുണ്ട്. എന്നാൽ ലോട്ടറി ലഭിക്കുന്ന ആളുകളിൽ നല്ലൊരു ശതമാനവും ഈ പണം ധാരാളിത്തത്തിലൂടെ നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്. ഒരിക്കൽ, ലോട്ടറി അടിച്ച ആൾ കോട്ടയത്തെ തീയേറ്ററിൽ ഒറ്റയ്ക്കിരുന്ന് സെക്കന്റ് ഷോ കാണണമെന്നാവശ്യ പ്പെട്ട് മുഴുവൻ തുകയും അടച്ച് സിനിമ കണ്ട കഥ മലയാള മനോരമ പത്രത്തിൽ വായിച്ചതായി ഞാൻ ഓർക്കുന്നു.

പലപ്പോഴും ലോട്ടറിയടിച്ച ആളിനല്ലാതെ പിന്നീട് അനന്തര തലമുറയ്ക്ക് അതിന്റെ പ്രയോജനം കിട്ടുന്നില്ല. പക്ഷെ ഇവിടെ വളരെ ബോധപൂർവ്വമായി ശ്രീ. കെ. എം. മാണി വളരെ പ്രധാനപ്പെട്ട ഒരു കാര്യം സൂചിപ്പിച്ചിട്ടുണ്ട്. അതായത് ലോട്ടറികളിൽ നിന്ന് കിട്ടുന്ന വരുമാനത്തിന്റെ ഒരു ഭാഗം നിക്ഷേപ മാക്കി അതിൽനിന്ന് ലഭിക്കുന്ന പലിശ സ്ഥിരവരുമാനമാക്കിമാറ്റാൻ ‘സമ്പാദ്യ’ എന്ന പേരിൽ ഒരു പദ്ധതി ആവിഷ്ക്കരിക്കുന്നു. നിക്ഷേപകന് മൂന്ന് വർഷത്തിനുശേഷം പ്രതിമാസം നിശ്ചിത തുകയും 10 വർഷത്തിനു ശേഷം തുക മുഴുവനും തിരിച്ചുകൊടുക്കുകയും ചെയ്യുന്നു. കാരുണ്യ പോലുള്ള ഒരു പദ്ധതി ഈ രംഗത്ത് കൊണ്ടുവന്നതിനുശേഷം ആവിഷ്ക്കരി ക്കുന്ന ആകർഷകമായ ‘സമ്പാദ്യ’ എന്ന പദ്ധതി തീർച്ചയായിട്ടും ഒരു സാമൂഹികമായ കാഴ്ചപ്പാടിന്റെ ഏറ്റവും വലിയ നിദർശനമാണ് എന്നുള്ള

കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ ബഹുമാനപ്പെട്ട കെ. രാജു, അദ്ദേഹം ഇപ്പോൾ ഇവിടെയില്ല, അദ്ദേഹം കുറെ കണക്കുകൾ ഈ സംസ്ഥാന ഗവൺമെന്റിന്റെ ഫിസ്കൽ മാനേജ്മെന്റുമായി ബന്ധപ്പെട്ട് ഇവിടെ അവതരിപ്പിച്ചു. അദ്ദേഹം കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട് പൂർണ്ണമായും വായിച്ചിട്ടില്ല എന്നെനിക്ക് തോന്നുന്നു. കാരണം പ്രത്യേകിച്ച് വളരെയേറെ വികസനകുതിപ്പുണ്ടായ ഒരു കാലഘട്ടമാണ്. നമ്മുടെ പ്രധാനപ്പെട്ട ഫിസ്ക്കൽ ഇൻഡിക്കേറ്റേഴ്സ് എല്ലാംതന്നെ വളരെ യേറെ നല്ല നിലയിലേക്ക് മാറിക്കൊണ്ടിരിക്കുന്ന ഒരു കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. Overall growth rate പോലും ദേശീയതലത്തെക്കാൾ ഏതാണ്ട് 9.5% വർദ്ധിച്ച ഒരു സാഹചര്യമാണ് ഉണ്ടായത്. 3.1 ശതമാനത്തോളം ദേശീയ വളർച്ചയെക്കാൾ മുമ്പോട്ടുപോയ ഒരു കാലഘട്ടത്തിൽ നമ്മുടെ ഫിസ്ക്കൽ മാനേജ്മെന്റ് മോശമാണ് എന്നുപറയണമെങ്കിൽ അതിന്റെ പിന്നിലെന്തെങ്കിലുമൊരു ആധികാരികത വേണം. ഞാൻ ഒന്നുരണ്ടു കാര്യം മാത്രമാണ് സൂചിപ്പിക്കാനാഗ്രഹിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം ഏതാണ്ട് 8 മാസംകൊണ്ടുതന്നെ 51 ശതമാനത്തോളം പണം ചെലവഴിക്കാൻ നമുക്ക് കഴിഞ്ഞു. അതോടൊപ്പംതന്നെയാണ് റവന്യൂ വളർച്ച. 2013 ജനുവരി യിലുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റിൽ കഴിഞ്ഞ ബഡ്ജറ്റ് എസ്റ്റിമേറ്റിനെക്കാൾ 70 ശതമാനത്തോളം തുക ഈ ഗവൺമെന്റിന് പിരിച്ചെടുക്കാൻ കഴിഞ്ഞുവെന്നു ള്ളതാണ് ഏറ്റവും വലിയ യാഥാർത്ഥ്യം. ഈ കണക്കുകൾ ഈ രേഖയിൽതന്നെയുള്ളതാണ്. അതോടൊപ്പംതന്നെയാണ് കഴിഞ്ഞ വർഷത്തെ റവന്യൂ റസീപ്റ്റിന്റെ ഗ്രോത്ത് റേറ്റ് ഏതാണ്ട് 20.53 ശതമാനം വരും. ഒരു കോൺസ്റ്റന്റായ ഗ്രോത്ത് റേറ്റ് റവന്യൂ റസീപ്റ്റിന്റെ കാര്യത്തിലുണ്ടാകുമെന്നു

ള്ളത് തീർച്ചയായും ഒരു നല്ല മാനേജ്മെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷണ മാണ് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ഫിസ്ക്കൽ മാനേജ്മെന്റിന്റെ കാര്യത്തിൽ വളരെയേറെ കാഴ്ചപ്പാടുള്ള ഒരു തരത്തിലാണ് ഗവൺമെന്റ് പോകുന്നത്. മാത്രമല്ല കഴിഞ്ഞ പ്രാവശ്യത്തെ നമ്മുടെ ഓൺ ടാക്സ് റവന്യൂ എക്സ്പെൻഡിച്ചറിന്റെ 75 ശതമാനത്തോളം കളക്ട് ചെയ്യാൻ കഴിഞ്ഞുവെന്നുള്ള ഒരു വലിയ സന്തോഷം തീർച്ചയായും നമുക്കുണ്ട്. അതോടൊപ്പംതന്നെയാണ് 2012–13–നെ അപേക്ഷിച്ച് ഏതാണ്ട് 19 ശതമാനത്തോളം ഓൺ ടാക്സ്, ടാക്സ് റവന്യൂവിന്റെ കാര്യത്തിൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ലോട്ടറി ഉൾപ്പെടെയുള്ള മേഖലയിൽനിന്ന് സംസ്ഥാന ഗവൺമെന്റിന് കളക്ട് ചെയ്യാൻ കഴിഞ്ഞുവെന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. പ്രത്യേകിച്ച് നോൺ ടാക്സ് റവന്യൂവിന്റെ കാര്യത്തിൽ ഏതാണ്ട് 68 ശതമാനത്തോളം ഗ്രോത്ത് റേറ്റ് മുൻകാലങ്ങളിൽ കാണിച്ച ഒരു കാലഘട്ടത്തിലാണ് കഴിഞ്ഞ ഒരു വർഷക്കാലമായി നമ്മൾ കടന്നുപോകുന്നത്. മാത്രമല്ല, ഇവിടെ വോട്ട് ഓൺ അക്കൗണ്ടിന്റെ ഉപക്ഷേപം വന്നപ്പോൾ ഗവൺമെന്റ് ഇനി വരാൻപോകുന്ന കാലഘട്ടത്തിൽ 'Budget at a glance' എന്നുപറയുന്ന ബഡ്ജറ്റ് രേഖയുമായി ബന്ധപ്പെട്ട് 2013–14–ലെ ഗവൺമെന്റ് ടോട്ടൽ എക്സ്പെൻഡിച്ചറിലെ ക്യാപിറ്റൽ എക്സ്പെൻഡിച്ചറിന്റെ കണക്കുകൾ മാത്രം നോക്കിയാൽ ഈ ഗവൺമെന്റിന്റെ കാഴ്ചപ്പാട് എന്താണെന്നുള്ളത് വളരെ വ്യക്തമായി മനസ്സിലാകും. 'Budget at a glance' 2012–13–ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് 6554.90 കോടി രൂപയായിരുന്നുവെങ്കിൽ അതിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ്

ഏതാണ്ട് 6903 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ പിരീഡിൽതന്നെ ബഡ്ജറ്റ് റിവൈസ്ഡ് എസ്റ്റിമേറ്റിനകത്ത് ഏതാണ്ട് 500 കോടി രൂപയുടെ തുക വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2013-ൽ കേരളം വലിയ ഒരു കുതിച്ചു ചാട്ടം കാണിക്കുന്നതായാണ് ബഡ്ജറ്റ് രേഖകൾ സൂചിപ്പിക്കുന്നത്. 8635.03 കോടി രൂപയാണ് നമ്മുടെ 2013-14-ലെ ബഡ്ജറ്റിൽ ക്യാപിറ്റൽ എക്സ്പെൻഡിച്ചറിനുവേണ്ടി മാറ്റിവച്ചത്. കേരളത്തിൽ ഒരുപക്ഷെ അടുത്ത കാലത്ത് കണ്ടതിൽവച്ച് ക്യാപിറ്റൽ എക്സ്പെൻഡിച്ചറിന്റെ കാര്യത്തിൽ ഏറ്റവും വലിയ ഒരു കുതിപ്പ് ഉണ്ടാകാൻ പോകുന്നുവെന്നുള്ളത് ഏറെ സന്തോഷകരമായൊരു കാര്യമാണ്. വളരെ സബ്സ്റ്റാൻഷ്യലായ ഒരു ഗ്രോത്ത് റേറ്റാണ് തീർച്ചയായും ഈ കാര്യത്തിൽ ഉണ്ടാകാൻ പോകുന്നത് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതോടൊപ്പംതന്നെയാണ് ഞാൻ നേരത്തെ സൂചിപ്പിച്ച വളർച്ചാനിരക്കിന്റെ കാര്യത്തിൽ ഏതാണ്ട് 9.5 ശതമാനത്തിന്റെ വളർച്ചാനിരക്ക് നമുക്ക് ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. തീർച്ചയായും ഇവിടെ വോട്ട് ഓൺ അക്കൗണ്ട്സിന്റെ ഉപക്ഷേപം അംഗീകരിച്ച് നൽകുമ്പോൾ അത് വളരെ സംതൃപ്തമായി കഴിഞ്ഞ കാലഘട്ടത്തിലെ ഫിനാൻഷ്യൽ മാനേജ്മെന്റിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ഒരു ഗവൺമെന്റിന്റെ കൈകളിലേക്കാണ് വീണ്ടും ഈ നിയമസഭ അത് പാസ്സാക്കി അനുവദിക്കുന്നതെന്നുള്ള കാര്യത്തിൽ നമുക്ക് ഏറെ അഭിമാനമുണ്ട്. അതോടൊപ്പംതന്നെ ഇവിടെ ശ്രീ. വി. റ്റി. ബൽറാം സൂചിപ്പിച്ചൊരുകാര്യം ഈ ബഡ്ജറ്റുമായി ബന്ധപ്പെട്ട് തീർച്ചയായും പറയേണ്ടതാണ്. കാലാകാലങ്ങളായിട്ടുള്ള ബഡ്ജറ്റ് ഡോക്യുമെന്റ്സ് പരിശോധിക്കുമ്പോൾ കാണുന്ന ഒരു കാര്യം വർഷങ്ങളായി ഉദ്യോഗസ്ഥർ ഡിപ്പാർട്ട്മെന്റിന് എഴുതി

ക്കൊടുക്കുന്ന വർക്കുകൾ, പല വർക്കുകളും തീർന്ന് അതിന്റെ പണവും വാങ്ങിച്ച് കാലാവധി കഴിഞ്ഞാൽത്തന്നെ പല സ്ഥലങ്ങളിലായിട്ട് റിപ്പീറ്റ് ചെയ്യുന്ന ഒരു പ്രക്രിയ യഥാർത്ഥത്തിൽ നമ്മുടെ ബഡ്ജറ്റ് പെർഫോമെൻസിന്റെ പ്രധാനപ്പെട്ട പ്രശ്നമാണ്. അതുകൊണ്ട് കാലങ്ങളായി ട്ടുള്ള മാറ്റം ഈ ബഡ്ജറ്റിന്റെ കാര്യത്തിൽ തീർച്ചയായും ഉണ്ടാകേണ്ടതാ ണെന്ന് എനിക്കുതോന്നുന്നു. ഇവിടെ ഔട്ട്കം ബഡ്ജറ്റിനെക്കുറിച്ചും പെർഫോമെൻസ് ബഡ്ജറ്റിനെക്കുറിച്ചുമൊക്കെ സൂചിപ്പിച്ചു. അതിനകത്ത് എടുത്തുപറയേണ്ട കാര്യം ഒരു വർഷം ഗവൺമെന്റ് കൊണ്ടുവന്ന ന്യൂ പ്രോജക്ട്സ് പ്രത്യേക ബുക്കായി പ്രിന്റ്ചെയ്തുകൊണ്ട് അതിന്റെ പെർഫോ മെൻസിൽ ഒരു റിവ്യൂ നടത്തിയെങ്കിൽ മാത്രമെ എത്രമാത്രം ഔട്ട്കം ഈ കാര്യത്തിലുണ്ടായിട്ടുണ്ടെന്ന് അറിയാൻ സാധിക്കുകയുള്ളൂ. വർഷങ്ങളായി നിരന്തരമായ ഒരേ പ്രക്രിയയുടെ ഭാഗമായി മുന്നോട്ടുപോകുമ്പോൾ ബഡ്ജറ്റ് രേഖകൾ പലപ്പോഴും സാധാരണ ജനങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല, ജനപ്രതിനിധികൾപ്പോലും വളരെയേറെ ബുദ്ധിമുട്ടിയാണ് ഇതിനകത്ത് ഏതൊക്കെ പ്രോജക്ടുകളാണ് നിലവിലുള്ളത്, പുതിയ പ്രോജക്ടുകൾ ഏതാണ്, എന്താണ് ഇതിന്റെ അവസ്ഥ എന്ന് മനസ്സിലാക്കുന്നത്. അതു കൊണ്ട് ബഡ്ജറ്റ് പ്രൊസീഡ്യൂവർ കുറെക്കൂടി ലഘൂകരിച്ചുകൊണ്ട് ~~നമ്മുടെ സംസ്ഥാനത്ത്~~ ആവിഷ്ക്കരിക്കേണ്ടതാണ്. വളരെ പ്രധാനപ്പെട്ട ഒരു കാര്യം നമ്മുടെ പെർഫോമെൻസ് ബഡ്ജറ്റുകളെ സംബന്ധിച്ച് വളരെ ഗൗരവമായി, ശ്രീ. കെ. എം. മാണി വളരെ ബോധപൂർവ്വമായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു റിവ്യൂ കമ്മിറ്റി ഇത് പരിശോധിക്കുമെന്ന് സൂചിപ്പിച്ചി ട്ടുണ്ട്. അത് വളരെ നല്ലൊരു കാര്യമാണ്. പെർഫോമെൻസ് ബഡ്ജറ്റ് ഇനി തീർച്ചയായിട്ടും വരേണ്ടതാണ്. കാരണം നമ്മുടെ ഔട്ട്പുട്ട്, ഔട്ട്കം എന്നിവ

എത്രയുണ്ട് എന്നുള്ളത് തിരിച്ചറിയേണ്ടത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ആ വളരെ പ്രധാനപ്പെട്ട ഒരു നിർദ്ദേശത്തിൽ തീർച്ചയായും ഞാനും യോജിക്കുകയാണ്. അതോടൊപ്പംതന്നെ രണ്ട് പ്രധാനപ്പെട്ട കാര്യങ്ങളുണ്ട്. നമുക്കറിയാം കേരളത്തിൽ ഏതാണ്ട് ഇൻഡ്യയുടെ ജന സംഖ്യയുടെ 2.75% ശതമാനം മാത്രമാണുള്ളത്. പക്ഷെ, ഏറ്റവും കൂടുതൽ കൺസ്യൂമർ സ്റ്റേറ്റ് എന്നുള്ള നിലയിൽ മൊത്തമുള്ള നമ്മുടെ ട്രാൻസാക്ഷന്റെ 25 ശതമാനത്തോളം കേരളത്തിലാണ് നടക്കുന്നത്. പക്ഷെ ജി.ഡി.പി. ഗ്രോത്ത് റേറ്റ് അനുസരിച്ച് യഥാർത്ഥത്തിൽ നമ്മുടെ ടാക്സ് റവന്യൂ വർദ്ധിക്കുന്നില്ല എന്നുള്ള പരാതി കാലങ്ങളായിട്ട് നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന ഒരു കാര്യമാണ്. അതിന്റെ പ്രധാനപ്പെട്ട കാര്യങ്ങളിലൊന്ന് തീർച്ചയായും ടാക്സ് ഈവിയേഷനാണ്. പക്ഷെ കേരളത്തെപ്പോലുള്ള ഒരു സംസ്ഥാനത്തിന്റെ ഏറ്റവും വലിയ പരിമിതി സർവ്വീസ് മേഖലകൾ ഉൾപ്പെടെയുള്ള ഒരു വലിയ മേഖല കേന്ദ്ര ഗവൺമെന്റ് കൈവശം വച്ചിരിക്കുന്നുവെന്നുള്ളതാണ്. അതുകൊണ്ട് തീർച്ചയായും നമ്മുടെ കേന്ദ്ര സംസ്ഥാന ബന്ധങ്ങളിൽ പ്രത്യേകിച്ച് ഫിനാൻഷ്യൽ റിലേഷൻഷിപ്പിന്റെ കാര്യത്തിൽ പൊളിച്ചെഴുത്തുണ്ടാക്കിക്കൊണ്ട് സർവ്വീസ് മേഖലയുമായി ബന്ധപ്പെട്ട് റവന്യൂ ലഭിക്കും എന്നതാണ് എന്റെ അഭിപ്രായം. ഗുഡ്സ് ആന്റ് സർവ്വീസ് ആക്ട് നടപ്പാക്കുമെന്ന് പറയുന്നുണ്ടെങ്കിലും അതിപ്പോഴും പ്രായോഗികമായ തലത്തിലേക്ക് വന്നിട്ടില്ല. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് മൊബൈൽ ഫോൺ, മൊബൈൽ ടവറുകൾ, തുടങ്ങിയവ നമ്മുടെ പെർവ്യൂവിന് പുറത്ത് നിൽക്കുന്നവയാണ്. ടാക്സബിൾ നെറ്റിന് പുറത്തുനിൽക്കുന്ന ഒട്ടേറെ സാധ്യതകൾ കേരളം

പോലുള്ള ഒരു സംസ്ഥാനത്തുണ്ട്. ഇവിടത്തെ ഒരു വലിയ പ്രശ്നം ഒരു കാര്യത്തിലും നികുതി ഏർപ്പെടുത്താൻ സമ്മതിക്കില്ല എന്നതാണ്. നികുതി ഈടാക്കുന്ന കാര്യത്തിൽ പലപ്പോഴും നമ്മുടെ നിലപാട് അതാണ്. അതേ സമയം ഒട്ടേറെ വികസനപ്രവർത്തനങ്ങൾ വേണമെന്നുപറയുമ്പോൾ സ്വാഭാവികമായി വികസന പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തേണ്ടതുണ്ട്. അതുകൊണ്ട് നിലവിലുള്ള ടാക്സ് വർദ്ധിപ്പിക്കു~~കയെന്നുള്ളതാണ്~~ തന്നെ വേണം. സത്യത്തിൽ നമ്മുടെ സമൂഹത്തിൽ ഒട്ടേറെ ക്ഷേമപ്രവർത്തനങ്ങൾ നൽകുമ്പോഴും യഥാർത്ഥത്തിൽ അർഹതപ്പെട്ട ആളുകളുടെ കൈകളിൽ എത്തിച്ചേരുന്നില്ലെന്ന് ഞാൻ വിശ്വസിക്കുന്നു. പലപ്പോഴും യഥാർത്ഥ ആളുകൾക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നില്ലെന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്.

<u>മി. ചെയർമാൻ:</u> പ്ലീസ് കൺക്ലൂഡ്

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ പെട്ടെന്ന് പറഞ്ഞ് അവസാനിപ്പി ച്ചോളാം. തീർച്ചയായും ഇക്കാര്യങ്ങൾക്കൂടി ഇതുമായി ബന്ധപ്പെട്ട് കാണേ ണ്ടതുണ്ട് എന്നാണ് ഞാൻ സൂചിപ്പിച്ചത്. ശ്രീ. കെ. എം. മാണി ബഡ്ജറ്റിന കത്ത് ഭഗവദ്ഗീതയിലെ ഒരു വാചകം, ഒരു ശ്ലോകം അദ്ദേഹം സൂചിപ്പിക്കുക യുണ്ടായി. ‘നമ്മൾ നമ്മളെത്തന്നെ ക്ഷീണിപ്പിക്കരുത്’ എന്നുള്ള ഗീതാകാരന്റെ വാക്കുകൾ ഉച്ചരിച്ചത് ഞാൻ മനസ്സിലാക്കുന്നിടത്തോളം അതിനകത്ത് ഇവിടെ പല ആളുകളും കണ്ടതിനപ്പുറമുള്ള ഒരു വലിയ അർത്ഥമുണ്ട്. കാരണം, ഇവിടെ വർത്തമാനകാലത്തിന്റെ അല്ലെങ്കിൽ ആദ്ധ്യാത്മികതയുടെ ചുവടുപിടിച്ചുകൊണ്ടാണ് ഭഗവദ്ഗീതയിൽ അത് പറഞ്ഞതെങ്കിൽ വർത്തമാനകാലത്തിന്റെ ഭൗതീകമായ സാഹചര്യങ്ങളെകൂടി

വിലയിരുത്തിക്കൊണ്ടാണ് തീർച്ചയായിട്ടും ഈ ബഡ്ജറ്റിനകത്ത് പറഞ്ഞിട്ടുള്ളത്. നമ്മുടെ ബഡ്ജറ്റിനകത്ത് പറയുന്ന കാര്യങ്ങൾ നമ്മുടേതായ സാമ്പത്തിക സ്ഥിതിവച്ചുകൊണ്ട് പ്രവർത്തിക്കുമ്പോൾ അത് ക്ഷീണിപ്പിക്കാതിരിക്കുകയെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ആ ഒരു വ്യംഗ്യാർത്ഥവും ഈ ശ്ലോകത്തിനുണ്ട്. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. ചെയർമാൻ: നോ... നാലരമിനിട്ട് കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്... ഡോ. എൻ. ജയരാജ് പ്ലീസ് കൺക്ലൂഡ്

ഡോ. എൻ. ജയരാജ്: സർ, സത്യത്തിൽ ഈ ബഡ്ജറ്റിന്റെ പ്രധാനപ്പെട്ട ഒരു കാര്യം ഞാൻ പറഞ്ഞ് അവസാനിപ്പിക്കുകയാണ്. നമ്മുടെ ഭഗവദ്ഗീത അവസാനിക്കുന്നിടത്ത് പതിനെട്ടാം അധ്യായത്തിൽ വളരെ പ്രശസ്തമായ ഒരു ശ്ലോകമുണ്ട്. ഞാൻ ഈ ബഡ്ജറ്റിന്റെയൊരു അന്തരാർത്ഥം ഇതിനകത്തുണ്ട് എന്നുസൂചിപ്പിക്കാനാണ് പറയുന്നത്

മി. ചെയർമാൻ: പ്ലീസ്... അഞ്ച് മിനിട്ട് അധികമായി.

ഡോ. എൻ. ജയരാജ്: സർ, 'ഇതി തേ ജ്ഞാനമാഖ്യാതം ഗുഹ്യാത് ഗുഹ്യതരം മയാ, വിമൃശ്യൈതദശേഷണ യഥേച്ഛസി തഥാ കുരു' എന്നാണ്. ഇതിന്റെ അർത്ഥം വേറൊന്നുമല്ല...

മി. ചെർമാൻ: പ്ലീസ് കൺക്ലൂഡ്... പറഞ്ഞു നിർത്തുക...

ഡോ എൻ. ജയരാജ്: സർ, 'യഥാർത്ഥ യുക്തിബോധവും അത് കണ്ടെത്താനുള്ള ഉപായങ്ങളും ഇവിടെ നിബന്ധിക്കപ്പെട്ടിരിക്കുന്നു. ഇവയെ പൂർണ്ണമായും വിചാരം ചെയ്ത് അതിനെ കർമ്മമാർഗ്ഗത്തിൽ കൊണ്ടുവരികയാണ് ചെയ്യേണ്ടത്' എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ ഈ

ഉപായങ്ങളെ കണ്ടെത്തിക്കൊണ്ട് ഉത്കൃഷ്ടമായ മാർഗ്ഗത്തിലേക്ക് കൊണ്ടു വരുമ്പോഴാണ് നമ്മുടെ സംസ്ഥാനത്ത് കൂടുതൽ നേട്ടങ്ങളുണ്ടാക്കാൻ കഴിയുന്നത് എന്നുള്ള ഒരു വളരെ വ്യക്തമായ സന്ദേശംകൂടി ഇതിനക ത്തുണ്ടെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ ഒരിക്കൽകൂടി പിന്താങ്ങി ക്കൊണ്ട് നിർത്തുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇപ്പോൾ സഭയിലില്ല. ആത്മവിശ്വാസം നഷ്ടപ്പെട്ട, കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ട ഒരു ഗവൺമെന്റും അതിനോടനുബന്ധിച്ചുള്ള ബഡ്ജറ്റും അതിനു ശേഷമുള്ള വോട്ട് ഓൺ അക്കൗണ്ടുമാണിവിടെ ചർച്ച ചെയ്യപ്പെടുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ വലിയ പ്രതീക്ഷയാണ് ജനങ്ങൾക്ക് നൽകിയത്. നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രി സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലും ഓടിനടന്നു പറഞ്ഞു 'അതിവേഗം ബഹുദൂരം', 'വികസനം കരുതൽ' എന്നൊക്കെ. ആളുകളെല്ലാം വലിയ പ്രതീക്ഷയോടുകൂടിയാണ് അദ്ദേഹത്തിന്റെ ആ പ്രഖ്യാപനത്തെ കേട്ടത്. എന്നാൽ ഇപ്പോൾ 22 മാസം കഴിഞ്ഞപ്പോൾ അദ്ദേഹം തളർന്ന മട്ടാണ്. തെളിച്ച വഴിയേ പോയില്ലെങ്കിൽ പോയ വഴിയേ തെളിക്കണമെന്ന ഒരു ചൊല്ല് നമ്മുടെ നാട്ടിലുണ്ട്. ശരിയായ വഴിക്കല്ല ഇത് പോകുന്നതെന്ന് അദ്ദേഹത്തിന് മനസ്സിലായി. അദ്ദേഹം അതുകൊണ്ടുതന്നെയാണ് ക്ഷീണിച്ചിരിക്കുന്ന അവസ്ഥയിലേക്കെത്തിയത്. ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് 22 മാസം പിന്നിടുമ്പോൾ ഏതെങ്കിലും മേഖലയിൽ ഒരു നന്മയുണ്ടാക്കിയെന്ന് പറയാൻ കഴിയാത്ത

അവസ്ഥയിലാണ്. സാധാരണ ബഡ്ജറ്റ് അവതരിപ്പിക്കുന്ന സന്ദർഭങ്ങളിൽ നമ്മുടെ സഭ ഏറ്റവും കൂടുതൽ സജീവമാകുന്ന സമയമാണ്. എന്നാൽ ഈ കഴിഞ്ഞ ബഡ്ജറ്റവതരിപ്പിച്ച മൂന്നുദിവസവും നമ്മുടെ സഭ സജീവമായിരുന്നുവെന്ന് പറയാൻ കഴിയില്ല. മന്ത്രിമാരുൾപ്പെടെയുള്ള ഭരണകക്ഷി അംഗങ്ങൾ മഹാഭൂരിപക്ഷവും സഭയിലുണ്ടായിരുന്നില്ല. എന്നാൽ പ്രതിപക്ഷ ബഞ്ചുകളിൽ മിക്കവാറും ആളുകൾ ഉണ്ടായിരുന്നു. ഭരണകക്ഷി അംഗങ്ങൾക്കുപോലും തൃപ്തിയല്ലാത്ത ഒരു ബഡ്ജറ്റാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കെ.എം. മാണി ഇവിടെ അവതരിപ്പിച്ചത്. അങ്ങനെ അവതരിപ്പിച്ചതിന് അദ്ദേഹം പ്രതിയല്ല. അദ്ദേഹത്തിനും മനസ്സിലായി ഇവിടെ ഒന്നും നടക്കാൻ പോകുന്നില്ലായെന്ന്. അദ്ദേഹം പലകാര്യങ്ങളിലും റിക്കാർഡ് നിലനിറുത്തുന്ന ആളാണ്. ബഡ്ജറ്റ് അവതരിപ്പിക്കുന്ന കാര്യത്തിലും അവതരിപ്പിച്ച വർഷങ്ങളുടെ കാര്യത്തിലും അതുപോലെ അദ്ധ്വാനസിദ്ധാന്തമൊക്കെ തയ്യാറാക്കുന്ന കാര്യത്തിലുമൊക്കെതന്നെ അദ്ദേഹം റിക്കാർഡിട്ട ആളാണ്. എനിക്കുതോന്നുന്നത് നമ്മുടെ എക്കണോമിസ്റ്റിനേയും അദ്ദേഹം കൺഫ്യൂസ്ഡാക്കിയിരിക്കുകയാണ്. മാണി സാറിന്റെ എക്കണോമിക്സ് എന്നുപറയുന്നത് ഒരു കൺഫ്യൂസ്ഡ് എക്കണോമിക്സ് ആയിട്ടാണ് വിലയിരുത്താൻ സാധിക്കുന്നത്. ആ രീതിയിലാണ് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ കാണാൻ കഴിയുന്നത്.

ശ്രീ. ജി. സുധാകരൻ: സർ, അദ്ദേഹത്തിന്റെ എക്കണോമിക്സിൽ മാത്രമല്ല രാഷ്ട്രീയത്തിലും കൺഫ്യൂഷനുണ്ടെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അദ്ദേഹത്തിന്റെ അദ്ധ്വാനവർഗ്ഗ സിദ്ധാന്തത്തിൽ മാർക്സിസം മനോഹരമായൊരു സ്വപ്നമാണെന്നും തൊഴിലാളിവർഗ്ഗത്തിന്റെ മോചനമാണ് മാർക്സിസ്റ്റുകാരുടെ ലക്ഷ്യമെന്നും എഴുതിവച്ചിട്ട് നിരന്തരം

കമ്മ്യൂണിസ്റ്റ് പാർട്ടിക്കെതിരായി കമ്മ്യൂണിസ്റ്റ് വിരുദ്ധ പ്രസ്താവന നടത്തുന്നത് രാഷ്ട്രീയമായുള്ള ആശയക്കുഴപ്പം കൂടിയല്ലേ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> സർ, അതാണ് ഞാൻ പറഞ്ഞത് അദ്ദേഹത്തിന്റെ എക്കണോമിക്സും കൺഫ്യൂസ്ഡ് ആണെന്ന്. അതിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽകൂടിയാണ് ഞാൻ പറഞ്ഞത്. ഈ 22 മാസക്കാലം കൊണ്ട് നമ്മുടെ കേരളം എങ്ങോട്ടാണ് പോകുന്നതെന്ന് ചിന്തിക്കേണ്ട സമയമായി. യു.ഡി.എഫ്.നെ നയിക്കുന്ന പ്രധാനപ്പെട്ട പാർട്ടിയായ കോൺഗ്രസ് (ഐ)=യുടെ സംസ്ഥാന നേതാവായ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. രമേശ് ചെന്നിത്തല ബഡ്ജറ്റിനെക്കുറിച്ച് ഇവിടെ സംസാരിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞത് നമ്മുടെ കേരളം മങ്ങുന്നുവെന്നാണ്. എല്ലാ മേഖലകളിലും കേരളം മങ്ങിക്കൊണ്ടിരിക്കുന്നുവെന്നാണ് കെ.പി.സി. സി. പ്രസിഡന്റ് ശ്രീ. രമേശ് ചെന്നിത്തല ബഡ്ജറ്റ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞത്. ഒരു മേഖലയിലെങ്കിലും ഈ ഗവൺമെന്റിന് നേട്ടമുണ്ടാക്കാൻ കഴിഞ്ഞുവെന്ന് തന്റെ പ്രസംഗത്തിൽ അദ്ദേഹത്തിന് പറയാൻ കഴിഞ്ഞില്ലായെന്നത് നമ്മളെല്ലാം കേട്ട കാര്യമാണ്. എന്തുകൊണ്ടാണ് അദ്ദേഹം അങ്ങനെ പറയാൻ കാരണം; കേരളം ഇന്ത്യയ്ക്കും ലോകത്തിനുമെല്ലാം മാതൃകയാണെന്ന് നമ്മൾ അഭിമാനത്തോടുകൂടി പറയാറുണ്ട്. അങ്ങനെ അഭിമാനത്തോടുകൂടി പറയാൻ കഴിയുന്ന ഒട്ടേറെ നേട്ടങ്ങൾ കേരളമുണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ടാണ് നമുക്ക് മാതൃകയാകാൻ കഴിഞ്ഞത്. വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തും സാമൂഹ്യ സുരക്ഷാ മേഖലയിലും തൊഴിൽ രംഗത്തും എല്ലാം കേരളം മാതൃകയാണ്. ആ മാതൃകയെല്ലാം തകർന്നടിയുന്നതുകണ്ടുകൊണ്ടുതന്നെയാണ് കെ.പി.സി.സി.

പ്രസിഡന്റ് കേരളം മങ്ങികൊണ്ടിരിക്കുന്നുവെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായത്. അതുതന്നെയാണ് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലും പറഞ്ഞിരിക്കുന്നത്. സി. ആന്റ് എ.ജി. റിപ്പോർട്ടിൽ പറയുന്നത് കഴിഞ്ഞ വർഷം നാല് ജില്ലകളിൽ 1180 കുട്ടികളാണ് മരിച്ചത്. അതിൽ 110 കുട്ടികൾ മരിച്ചത് പോഷകാഹാരക്കുറവുകൊണ്ടാണെന്നാണ്. അത് ആരെങ്കിലും ശ്രദ്ധിച്ചോ എന്നറിയില്ല. ശ്രീ. വി. റ്റി. ബൽറാമിനെപോലെയുള്ള ആളുകൾ വളരെ ആവേശത്തോടുകൂടി പുതിയ സാമ്പത്തിക നയത്തെ ഇവിടെ ഉയർത്തിപ്പറയുന്നത് ഞാൻ കേൾക്കുകയുണ്ടായി. പുതിയ സാമ്പത്തിക നയം നടപ്പിലാക്കിയതിന്റെ ദുരന്തമെന്താണെന്നുള്ളത് കോൺഗ്രസ്സിലെ ട്രേഡ് യൂണിയൻ സംഘടനകളടക്കം നല്ലപോലെ മനസ്സിലാക്കിയിട്ടുണ്ട്. കഴിഞ്ഞ പത്തിരുപത് വർഷമായി നമ്മുടെ രാജ്യത്ത് നടപ്പിലാക്കുന്ന സാമ്പത്തിക നയങ്ങൾ തൊഴിലാളികളെയും പാവപ്പെട്ട ആളുകളെയും എങ്ങനെയാണ് ബാധിക്കുന്നതെന്ന് നല്ലതുപോലെ മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് കൊടിയുടെ നിറം നോക്കാതെ ഐ.എൻ.ടി.യു.സി. ഉൾപ്പെടെയുള്ള ട്രേഡ് യൂണിയൻ സംഘടനകൾ കഴിഞ്ഞ മാസം 20, 21 തീയതികളിൽ ദേശവ്യാപകമായി വലിയ പ്രക്ഷോഭത്തിന് തയ്യാറായത്. കൊടിയുടെ നിറം നോക്കാതെയാണ് സമരത്തിൽ പങ്കെടുത്തത്. തങ്ങളുടെ ഭരണമാണ് കേന്ദ്രത്തിലുള്ളതെങ്കിൽപ്പോലും ആ ഭരണം തങ്ങൾക്ക് നൽകുന്നത് ദുരിതമാണ് എന്ന് തിരിച്ചറിഞ്ഞുകൊണ്ടുതന്നെയാണ് ആ ഗവൺമെന്റിനെതിരായിട്ടുള്ള ഉജ്ജ്വല പോരാട്ടത്തിന് ഐ.എൻ.ടി.യു.സി. ഉൾപ്പെടെയുള്ള ട്രേഡ് യൂണിയൻ സംഘടനകൾ മുന്നോട്ടുവന്നത്. ഇവിടെ ശ്രീ. വി. റ്റി. ബൽറാം പുതിയ എക്കണോമിക് പോളിസിയിൽ ആവേശം കൊള്ളുന്നതു

കണ്ടു. അദ്ദേഹം ഇന്ത്യയുടെ ഇപ്പോഴത്തെ ചരിത്രമൊന്ന് മനസ്സിലാക്കുന്നത് നന്നായിരിക്കും. ലോകത്ത് ദാരിദ്ര്യം അനുഭവിക്കുന്നതിൽ മൂന്നിലൊരാൾ നമ്മുടെ ഭാരതീയനാണെന്നുള്ളത് അങ്ങ് മറന്നുപോകരുത്. ലോകത്താകെ ദാരിദ്ര്യം അനുഭവിക്കുന്നവരിൽ മൂന്നിലൊന്ന് ഇന്ത്യക്കാരാണ്. ഏകദേശം 83.86 കോടി ജനങ്ങൾ ഒരു ദിവസം 20 രൂപ പോലും വരുമാനമില്ലാത്തവരായി കഴിയുന്നുവെന്ന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ച കമ്മീഷന്റെ റിപ്പോർട്ട് തന്നെ ചൂണ്ടിക്കാണിക്കുകയാണ്. 53 കോടി വീടുകളിൽ കക്കൂസില്ല. അതാണ് നമ്മുടെ സ്ഥിതി. ലോകത്ത് പോഷകാഹാരക്കുറവുകൊണ്ട് മരിക്കുന്ന കുട്ടികളിൽ മൂന്നിലൊന്ന് ഇന്ത്യയിലാണ്. സ്വാതന്ത്ര്യം കിട്ടി 65 വർഷം കഴിഞ്ഞിട്ടും ഇപ്പോഴും ഇരുപത്തിയാറ് ശതമാനത്തോളം വരുന്ന ആളുകൾ സ്വന്തം പേരെഴുതാൻ അറിയാത്തവരാണ്. അവിടെയാണ് നിങ്ങൾ പുതിയ എക്കണോമിക് പോളിസികൊണ്ട് വലിയ നേട്ടമുണ്ടായി എന്നു പറയുന്നത്. നേട്ടമുണ്ടായി, ആർക്കാണ് നേട്ടമുണ്ടായത്? ഇവിടുത്തെ സമ്പന്നർക്കാണ് നേട്ടമുണ്ടായത്. ഉദ്ദേശം 6,25,000 കോടി രൂപയുടെ അഴിമതിയാണ് കഴിഞ്ഞ അഞ്ചുവർഷക്കാലംകൊണ്ട് നമ്മുടെ രാജ്യത്തുണ്ടായത്. അതിന്റെയൊരു ചെറിയ ശതമാനം പാവപ്പെട്ടവന്റെ ദാരിദ്ര്യം മാറ്റാൻ, പട്ടിണി മാറ്റാൻ, അവരുടെ പാർപ്പിട സൗകര്യത്തിനുവേണ്ടി, അവരുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻവേണ്ടി ചെലവഴിക്കാൻ ഗവൺമെന്റ് തയ്യാറാകുമായിരുന്നെങ്കിൽ ഇന്ത്യയ്ക്ക് ഇന്ന് ഈ ഗതി കേടുണ്ടാകുമായിരുന്നില്ല. ലോകത്തിനുമുമ്പിൽ അപമാനം കൊണ്ട് തലചായ്ക്കേണ്ട അവസ്ഥ ഉണ്ടാകുമായിരുന്നില്ല. അങ്ങനെ നമ്മുടെ നാടിനെ പുറകോട്ടടുപ്പിക്കുന്ന നയസമീപനവുമായി മുന്നോട്ടു പോകുന്ന ഒരു

സ്ഥിതിയാണ് നമ്മുടെ രാജ്യത്ത് കാണാൻ കഴിയുന്നത്. ഞാൻ അതിന്റെ വിശദാംശത്തിലേക്ക് കടക്കുകയാണ്. നമ്മുടെ സംസ്ഥാനം അഭിമാനകരമായി നേടിയ നേട്ടങ്ങൾ ഇല്ലാതാകുകയാണ്. പോഷകാഹാരക്കുറവുകൊണ്ട് നമ്മുടെ കുട്ടികൾ മരിക്കുകയാണ്. നമ്മുടെ പാവപ്പെട്ട ആളുകളുടെ ജീവിതം കൂടുതൽ ദുരിതപൂർണ്ണമാവുകയാണ്. ഈ നയത്തിനെതിരായി ക്രിയാത്മക മായ എന്തെങ്കിലും നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാൻ കഴിയുന്നുണ്ടോ? ഇവിടെ മൂന്നുദിവസത്തെ ബഡ്ജറ്റ് ചർച്ചയുടെ സമാപനം നമ്മൾ കണ്ടു. ആദ്യത്തെ ദിവസം എല്ലാ ആളുകളും ചിതറി നടന്നു. ആരും ഉണ്ടായിരുന്നില്ല. അപ്പോൾ മാണിസാറിന്തന്നെ മനസ്സിലായി അവസാന ദിവസം ആരുമുണ്ടാ കില്ലായെന്ന്. അപ്പോൾ അദ്ദേഹം നല്ലൊരടവെടുത്തു. നല്ലൊരു സൂത്രമാണ് അദ്ദേഹമെടുത്തത്. സൂത്രമെന്താണെന്നുവച്ചാൽ, ഉത്സവപ്പറമ്പുകളിൽ മൂച്ചീട്ട് കളിക്കാർ ഒരു പരിപാടി ചെയ്യും. ആളെക്കൂട്ടാൻവേണ്ടി അവർ ഉച്ചത്തിൽ വിളിച്ചുപറയും ഒന്നുവച്ചാൽ രണ്ട് കിട്ടും, രണ്ട്വച്ചാൽ നാല് കിട്ടുമെന്നൊക്കെ. ഇതുകേൾക്കുമ്പോൾ ആളുകൾ ഓടിവന്ന് അവരുടെ ചുറ്റും കൂടും. അതുപോലെയാണ് ഇന്നലെ ബഡ്ജറ്റിന്റെ സമാപനത്തിൽ നമ്മൾ ഈ സഭയിൽ കണ്ടത്. അതുവരെ മാറിനിന്നിരുന്ന ആളുകളെയെല്ലാം മാണിസാർ വിളിച്ച് ചുറ്റും കൂട്ടി. എന്നിട്ട് ഇവിടെ പ്രഖ്യാപനങ്ങളുടെ ഒരു പെരുമഴയായിരുന്നു. ഇതൊന്നുപോലും നടപ്പിലാക്കാൻ കഴിയുന്നതല്ലാ യെന്ന് നല്ലതുപോലെ മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് മാണിസാർ യു.ഡി.എഫ്.-ലെ ഘടകകക്ഷികളെ പറ്റിക്കാൻവേണ്ടി ആ പ്രഖ്യാപനങ്ങ ളെല്ലാം ഇന്നലെ ഈ സഭയിൽ നടത്തിയത്. ഇതിലൊന്നുപോലും നടത്താനല്ല. കാരണം കഴിഞ്ഞ ബഡ്ജറ്റിലെ 25 ശതമാനം പദ്ധതി

കൾപോലും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. വെറും പ്രഖ്യാപനത്തിൽ ഒതുങ്ങിനിൽക്കുകയല്ലാതെ യാതൊന്നുംതന്നെ നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥയാണ്. അതുകൊണ്ടാണ് നമ്മുടെ എല്ലാ മേഖലയിലും നാം തകർച്ചയെ നേരിടുന്നത്. 9.6 ശതമാനം വളർച്ചയുണ്ടാകുമെന്നൊക്കെ വലിയ വാചകമടിക്കുന്നുണ്ട്. വൈദ്യുതിയുടെ ആകെ ഉത്പാദനം എത്ര യെന്നുള്ളത് കഴിഞ്ഞ വർഷത്തെ സി. ആന്റ്.എ.ജി. റിപ്പോർട്ടിൽ പറയു ന്നുണ്ട്. കേവലം 15 മെഗാവാട്ട് വൈദ്യുതി മാത്രമാണ് ഒരു വർഷക്കാലം കൊണ്ട് നമ്മുടെ കേരളത്തിൽ ഉത്പാദിപ്പിച്ചത്. എവിടെയാണ് വികസനം വരുന്നത്? എമർജിംഗ് കേരള നടത്തിക്കഴിഞ്ഞാൽ വികസനം വരുമോ? വികസനം വേണമെങ്കിൽ അടിസ്ഥാനപരമായി വേണ്ടത് വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുകയല്ലേ? വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കാൻ കഴിയുന്നില്ല എന്നുമാത്രമല്ല ഇടതുപക്ഷമുന്നണി ഗവൺമെന്റിന്റെ കാലത്തു ണ്ടാക്കിയ വൈദ്യുതി രംഗം തകർക്കുന്ന സമീപനവും സ്വീകരിച്ചു. ഞാൻ മന്ത്രിയെ കുറ്റംപറയാൻ വേണ്ടിയല്ല ഇതിവിടെ സൂചിപ്പിച്ചത്. ഈ വർഷം വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കണമെന്നാണ് പറയുന്നത്. 60 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാൻ വേണ്ടി കേവലം 8 കോടി രൂപയാണ് മാറ്റി വച്ചിരിക്കുന്നത്.

എട്ടു കോടി രൂപകൊണ്ട് 60 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമോ? മുൻമന്ത്രി ശ്രീ. എ. കെ. ബാലൻ ഇവിടെയുണ്ട്, അതിന്റെ കൃത്യ മായ കണക്ക് എനിക്കറിയില്ല. ആ തുകകൊണ്ട് ഒരു മെഗാവാട്ട് വൈദ്യുതി മാത്രമേ ഉല്പാദിപ്പിക്കാനേ കഴിയൂ എന്നാണ് അദ്ദേഹം പറയുന്നത്. വികസന മെന്നു പറയുന്നത് വെറും തട്ടിപ്പായി മാറുകയാണ്. ബഹുമാനപ്പെട്ട തൊഴിൽ

വകുപ്പുമന്ത്രി അവിടെയിരുന്ന് ശ്രദ്ധിക്കുന്നുണ്ട്. കേരളത്തിൽ കാർഷിക-വ്യവസായരംഗം വികസനമില്ലാതെ മുരടിക്കുകയാണ്, തകർച്ചയിലേയ്ക്ക് പോകുകയാണ്. തൊഴിൽരംഗത്തെ അത് ബാധിക്കാൻ പോകുകയാണ്. തൊഴിലാളികളുടെ പണിമുടക്കം കൊണ്ടോ തൊഴിൽ സമരങ്ങൾകൊണ്ടോ ഒരു വ്യവസായശാലകളും അടഞ്ഞുകിടക്കുന്ന അവസ്ഥ ഇന്ന് കേരളത്തിലിലില്ല എന്ന് ഇവിടെ പറഞ്ഞല്ലോ. അങ്ങനെയുണ്ടോ എന്ന് ചെയർ പറയണം. തൊഴിലാളികളുടെ പണിമുടക്കുകൊണ്ട് ഏതെങ്കിലും വ്യവസായശാലകൾ തുറക്കാതിരിക്കുന്നുണ്ടോ? ഈ ഗവൺമെന്റിന്റെ നയം കൊണ്ടാണ് വ്യവസായശാലകൾ പൂട്ടിക്കൊണ്ടിരിക്കുന്നത്. പരമ്പരാഗത വ്യവസായങ്ങളെല്ലാം തകർന്ന് മണ്ണടിയുകയാണ്. ലക്ഷക്കണക്കിനാളുകൾക്ക് ഉള്ള തൊഴിലും ഇല്ലാത്ത അവസ്ഥയിലേയ്ക്ക് പോവുകയാണ്. അവിടെയാണ് എമർജിംഗ് കേരള നടത്തുന്നു എന്നുള്ള വലിയ പ്രഖ്യാപനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് യാതൊരു പ്രയോജനവും ഇല്ല എന്നുള്ളതാണ് നമ്മുടെ അനുഭവം തെളിയിക്കുന്നത്. കേരളത്തിന്റെ അഭിമാനകരമായിട്ടുള്ള എല്ലാ രംഗവും തകർന്നടിയുകയാണ്. ആരോഗ്യരംഗവും വിദ്യാഭ്യാസരംഗവും അതുപോലെ കാർഷിക രംഗവും വ്യവസായരംഗവുമെല്ലാം തകർച്ചയെ നേരിടുകയാണ്. നമുക്കറിയാം, ത്രിതല പഞ്ചായത്തുകളിലൂടെ നാടിന്റെ ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള ക്രിയാത്മകമായ നിലപാടുകളാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് സ്വീകരിച്ചത്. ഇന്നലെ ഞങ്ങൾ സമരം നടത്തി. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ നമ്മുടെ സമൂഹത്തിലെ പാവപ്പെട്ട ആളുകളല്ലേ. പാവപ്പെട്ട ആ ജനവിഭാഗത്തിന്റെ ക്ഷേമത്തിനുവേണ്ടി മാറ്റിവച്ച തുകയിൽ പട്ടികജാതി വിഭാഗത്തിന്റെ

കാര്യത്തിൽ 26 ശതമാനം മാത്രമാണ് ചെലവഴിച്ചത്. ഈ സാമ്പത്തികവർഷം അവസാനിക്കാൻ ഏതാനും ദിവസങ്ങൾ മാത്രമാണ് അവശേഷിക്കുന്നത്. പാവപ്പെട്ട പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമത്തിനുവേണ്ടി മാറ്റിവച്ച തുക യിൽ 36 ശതമാനമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. ഇതിനെ സംബന്ധിച്ച് എന്താണ് ഗവൺമെന്റിന് പറയാനുള്ളത്.

ശ്രീ. പാലോട് രവി: സർ, അങ്ങ് സംസാരിച്ചപ്പോൾ തൊഴിൽസ്ഥാപന ങ്ങളെല്ലാം അടച്ചുപൂട്ടുന്നു തൊഴിലില്ലാതാകുന്നു എന്നു പറഞ്ഞു. പക്ഷേ കേരളത്തിന്റെ പ്രത്യേക സ്ഥിതി അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ? ഏതാണ്ട് പത്തുപ ന്ത്രണ്ട് ലക്ഷത്തോളം തൊഴിലാളികൾ ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് കേരളത്തിൽ വന്ന് പണിയെടുക്കുകയാണ്. ആ ഒരു സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്തുണ്ട്. 9 ലക്ഷം, 10 ലക്ഷമെന്ന് അതുസംബന്ധിച്ച കണക്ക് തൊഴിൽവകുപ്പുമന്ത്രിതന്നെ പറഞ്ഞു. മലയാളികൾ ഗൾഫിലേയ്ക്ക് പോകുന്നതുപോലെ, ഇവിടത്തെ എല്ലാ മേഖലകളിലും പണിയെടുക്കാൻ മറ്റു സംസ്ഥാനങ്ങളിൽനിന്ന് തൊഴിലാളികൾ ഇങ്ങോട്ടുവരുന്ന സ്ഥിതിവിശേഷ മാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അങ്ങ് ഒരു ട്രേഡ് യൂണിയൻ നേതാ വാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നമ്മുടെ വ്യവസായശാലകളുടെ കാര്യമാണ് ഞാൻ പറഞ്ഞത്. മാന്വൽ ലേബർ ചെയ്യാനുള്ള ആളുകൾ വരു ന്നുണ്ടെന്നുള്ള യാഥാർത്ഥ്യം ഞാൻ മറച്ചുവയ്ക്കുന്നില്ല. നമ്മുടെ പരമ്പരാഗത വ്യവസായ മേഖലകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വ്യവസായശാലകൾ അവിടത്തെ അവസ്ഥയെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. മാന്വൽ ലേബർ

ചെയ്യാൻ ആളുകൾ വരുന്നില്ല എന്ന് ഞാൻ പറയുന്നില്ല. അത് നമ്മുടെ ഒരു തൊഴിൽ കൾച്ചറിന്റെ ഭാഗമായി വളർത്തിയെടുക്കേണ്ടതാണ്. അത് സംശയമില്ലാത്ത കാര്യമാണ്. ഞാൻ പറഞ്ഞുവരുന്നത്, പാവപ്പെട്ടവരുടെ താല്പര്യം സംരക്ഷിക്കാൻവേണ്ടി മാറ്റിവയ്ക്കുന്ന സംഖ്യയിൽ മഹാഭൂരിപക്ഷവും ലാപ്സാക്കുകയാണ്. അത് ചെലവഴിക്കാൻപോലും ഈ ഗവൺമെന്റിന് സമയം കണ്ടെത്താൻ കഴിയുന്നില്ല. ഈ ഗവൺമെന്റ് കൂട്ടുത്തരവാദിത്തം നഷ്ടപ്പെട്ട ഒരു ഗവൺമെന്റായി മാറിക്കഴിഞ്ഞിരിക്കുന്നു. ആരോടും പ്രതിബദ്ധതയില്ലാത്ത, ഉത്തരവാദിത്തമില്ലാത്ത, കൂട്ടുത്തരവാദിത്തവും ആത്മവിശ്വാസവും നഷ്ടപ്പെട്ട ഒരു ഗവൺമെന്റാണിത്. ആത്മവിശ്വാസമില്ലാത്ത ഒരു ധനകാര്യ മന്ത്രിക്കുമാത്രമേ ഇങ്ങനെ ഇഷ്ടംപോലെ പദ്ധതികൾ പ്രഖ്യാപിക്കാൻ കഴിയൂ എന്നാണ് ഞാൻ വിശ്വസിക്കുന്നത്. ആത്മവിശ്വാസമുള്ള ഒരു ധനകാര്യ വകുപ്പുമന്ത്രിയും പറയുന്ന കാര്യങ്ങളല്ല ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്. ചോദിക്കുന്നവർക്കെല്ലാം വാരിക്കോരി കൊടുക്കുകയാണ്. എന്താണ് നമ്മുടെ സ്ഥിതി? നികുതി വെട്ടിപ്പിനെ സംബന്ധിച്ചുള്ള വിവരമാണ് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ പുറത്തുവിട്ടിരിക്കുന്നത്. കഴിഞ്ഞ വർഷം കേരളത്തിന്റെ ഖജനാവിലേയ്ക്ക് വരേണ്ട ഏകദേശം 810 കോടി രൂപയാണ് നികുതി വെട്ടിപ്പിലൂടെ നമുക്ക് നഷ്ടപ്പെട്ടത്. റവന്യൂ കണ്ടെത്താൻ വേണ്ടിയുള്ള യാതൊരു നിലപാടും സ്വീകരിക്കുന്നില്ല. അഡീഷണൽ റിസോഴ്സ് മൊബിലൈസേഷനുവേണ്ടിയുള്ള യാതൊരു നിലപാടും സ്വീകരിക്കുന്നില്ല. ഇങ്ങനെ വാരിക്കോരി കൊടുക്കാമെന്ന് പറഞ്ഞ് പ്രലോഭിപ്പിക്കുകയല്ലാതെ നാടിനുവേണ്ടിയോ ജനങ്ങൾക്കുവേണ്ടിയോ യാതൊന്നും ചെയ്യാൻ കഴിയാത്ത ഒരു ഗവൺമെന്റായി വളരെ ചുരു

ങ്ങിയ സമയം കൊണ്ടുതന്നെ ഈ ഗവൺമെന്റ് മാറിക്കഴിഞ്ഞിരിക്കുകയാണ്. ഗീതാവചനങ്ങൾ കൊണ്ടൊന്നും ഈ ഗവൺമെന്റ് രക്ഷപ്പെടാൻ പോകുന്നില്ല. പൊള്ളയായ വാഗ്ദാനങ്ങൾ കൊണ്ടും ഈ ഗവൺമെന്റ് രക്ഷപ്പെടില്ല. ബഹുമാനപ്പെട്ട മാണിസാർ തന്റെ ബഡ്ജറ്റിൽ ഒരു കാര്യം പറഞ്ഞു. പൊടിയരിക്കും മലരിനും നികുതി കുറയ്ക്കും, പിന്നെ അദ്ദേഹം ഐസ് വാട്ടർ ബെഡ്ഡിനും വില കുറയ്ക്കാമെന്ന് പറഞ്ഞു. കേരളത്തെ ഐസ് വാട്ടർ ബെഡ്ഡിലേയ്ക്ക് തകർത്തുകൊണ്ടിരിക്കുകയാണ് യു.ഡി.എഫ്. ഗവൺമെന്റ് എന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ വോട്ട്-ഓൺ-അക്കൗണ്ടിനെ എതിർക്കുകയാണ്.

ശ്രീ. പി. എ. മാധവൻ: സർ, കേരളത്തിന്റെ വികസനത്തിൽ അതിവേഗ മുന്നേറ്റം മുന്നിൽ കണ്ടുകൊണ്ട് പ്രഗല്ഭനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ തുടർന്നുള്ള ഈ ധനാഭ്യർത്ഥനയെ ഞാൻ അഭിമാനപൂർവ്വം പിന്താങ്ങുന്നു. ബഡ്ജറ്റ് അവതരണത്തിന് തൊട്ടുമുമ്പുള്ള ഏതാനും ദിവസങ്ങൾ ജനങ്ങൾക്കിടയിൽ സാധാരണ ഗതിയിൽ ഒരു സംഭ്രാന്തി നിലവിലുണ്ടാകും. ഏതൊക്കെ സാധനങ്ങൾക്ക് വില കൂടും, എന്തെല്ലാം ദുരിതങ്ങളാണ് തങ്ങളുടെമേൽ ഈ സർക്കാർ അടിച്ചേൽപ്പിക്കാൻ പോകുന്നത്, എന്തെല്ലാം പ്രതീക്ഷകളെയാണ് ഈ സർക്കാർ തകർത്തെറിയുന്നത്, അങ്ങനെ ബഡ്ജറ്റ് മാസമെന്നു പറഞ്ഞാൽ ആളുകൾ അമ്പരപ്പോടുകൂടി ആലോചിക്കുന്ന ഒരു മാസമാണ്. അങ്ങനെ ഈ മാസം 15-ാം തീയതിവരെ ആലോചിച്ച കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഏറ്റവുമേറെ ആശ്വാസം പകരുന്ന, കൃഷിക്കാരനെ സംബന്ധിച്ചിടത്തോളം ഇന്നലെകളി

ലൊരിക്കലും കിട്ടാത്ത ആനുകൂല്യങ്ങൾ നൽകുന്ന എല്ലാ അർത്ഥത്തിലും കർഷകർക്ക് ആശ്വാസം പകരുന്ന ഒരു ബഡ്ജറ്റാണ് പ്രഗല്ഭനായ ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ അവതരിപ്പിച്ചത്. ദോഷൈകദൃക്കുകൾക്കുമാത്രമേ ഈ ബഡ്ജറ്റിനെ തള്ളിപ്പറയാൻ കഴിയൂ. ഈ ബഡ്ജറ്റ് ഭരണകക്ഷിയുടെ ബഡ്ജറ്റാണ്, ഇത് നിയോജകമണ്ഡലം തിരിച്ച ബഡ്ജറ്റാണ്, താലൂക്കുകൾ അനുവദിച്ചത് നിയോജകമണ്ഡലം തിരിച്ചാണ്, ഭരണകക്ഷി താലൂക്കുകൾ വന്നിരിക്കുന്നു എന്നൊക്കെ പറഞ്ഞ് ആക്ഷേപിക്കുന്നവർക്ക് തങ്ങൾ ജയിച്ച നിയോജകമണ്ഡലങ്ങളിൽ തങ്ങളും തങ്ങളുടെ പാർട്ടിക്കാരും മാത്രമാണ് ജീവിച്ചിരിക്കുന്നത് എന്ന വളരെ തെറ്റായ ഒരു കണക്കുകൂട്ടലാണുള്ളത് എന്നതാണ് വസ്തുത. ഞാൻ ഒരു ചെറിയ കാര്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്. തൃശ്ശൂർ ജില്ലയുടെ ഒരറ്റമായ കയ്പമംഗലം നിയോജകമണ്ഡലത്തിൽനിന്ന് തൊട്ടപ്പുറത്തെ വൈപ്പിൻ നിയോജകമണ്ഡലത്തിലേയ്ക്ക് ഒരു പാലം വരുന്നു. ഈ രണ്ട് നിയോജകമണ്ഡലങ്ങളും ഞാൻ മനസ്സിലാക്കിയിടത്തോളം യു.ഡി.എഫ്-നും എൽ.ഡി.എഫ്-നും ശക്തിയുള്ള സ്ഥലങ്ങളാണ്. യു.ഡി.എഫ്.കാർ അതിനെ ഇടതുപക്ഷ പാലമെന്നു പറഞ്ഞാൽ....... എന്റെ അറിവിൽ രണ്ട് നിയോജകമണ്ഡലങ്ങളും ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ, സി.പി.ഐ.യുടെയും മാർക്സിസ്റ്റ് പാർട്ടിയുടെയും നിയോജകമണ്ഡലങ്ങളാണ്. ഒരു പാലം വന്നാൽ യു.ഡി.എഫ്. പാലം, ഭരണകക്ഷിപ്പാലം എന്നും ഒരു വലിയ പ്രോജക്ട് വന്നാൽ അത് സ്വാഭാവികമായി ഭരണകക്ഷിയുടെ പ്രോജക്ട് എന്നുമുള്ള രീതിയിൽ ഈ ബഡ്ജറ്റിനെ ആക്ഷേപിക്കാൻ ദോഷൈകദൃക്കുകളുടെ കണ്ണിലൂടെ കാണുന്ന ആളുകൾക്കേ കഴിയൂ. ഇൻഡ്യാരാജ്യത്തെ മൊത്തം ദാരിദ്ര്യാവസ്ഥ വച്ച് ശതമാനക്കണക്ക് വച്ച് 126

കോടി ജനങ്ങളിൽനിന്ന് അംഗസംഖ്യ തിരിച്ച് വക തിരിച്ച്, വേർതിരിച്ചൊക്കെ നമുക്ക് കണക്കുകൾ പറയാം. പക്ഷേ കഴിഞ്ഞ ഏഴ് പതിറ്റാണ്ടായി പാവപ്പെട്ട വനുവേണ്ടി അതിശക്തമായി വാദിക്കുകയും നിയമനിർമ്മാണങ്ങൾ നടത്തു കയും അതിനുവേണ്ടി കൂട്ടുകെട്ടുകളുണ്ടാക്കുകയും ആ കൂട്ടുകെട്ടുകളുടെ കുത്തകകൾ അവകാശപ്പെടുകയും ചെയ്തിട്ടും ഈ ആറര പതിറ്റാണ്ടുകാലം പിന്നിട്ടിട്ടും നമുക്ക് മുദ്രാവാകൃങ്ങൾ മാത്രം ബാക്കിയാണെന്നുള്ള യാഥാർത്ഥ്യം അവശേഷിക്കുന്ന കാലഘട്ടത്തിലെങ്കിലും ചിലർ മനസ്സിലാക്കു ന്നത് നല്ലത് എന്നാണ് എനിക്ക് പറയാനുള്ളത്. സംഭ്രാന്തിയിൽനിന്ന് രക്ഷ പ്പെട്ട കൃഷിക്കാരൻ ഈ ബഡ്ജറ്റിനെ കാണുന്നത് തങ്ങളുടെ ബഡ്ജറ്റായിട്ടാ ണ്. ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി പ്രത്യേകമായ അവകാശവാദങ്ങളൊന്നുമല്ല നിരത്തിയത്. അദ്ദേഹം ആഗോള സമ്പദ് വ്യവ സ്ഥയെക്കുറിച്ച് വസ്തുനിഷ്ഠമായ ചുരുങ്ങിയ വാചകങ്ങളിലൊതുങ്ങുന്ന ഒരു വിശകലനം നടത്തി. ലോകരാഷ്ട്രങ്ങളുടെ സാമ്പത്തിക അവസ്ഥ ഇന്ന് എന്താണ്, ആ അവസ്ഥ വച്ച് നമ്മുടെ ദേശീയതലത്തിലുള്ള സാമ്പത്തിക വളർച്ച എവിടെയെത്തി നിൽക്കുന്നു, ദേശീയ ശരാശരിയും കേരളത്തിന്റെ സാമ്പത്തികവളർച്ചയും തമ്മിലുള്ള ബന്ധമെന്താണ്. നാളെകളിൽ രണ്ടക്ക ത്തിലേയ്ക്കുള്ള നമ്മുടെ സാമ്പത്തിക വളർച്ചയെക്കുറിച്ച് തനതായ കാഴ്ചപ്പാ ടെന്താണ്? രണ്ടുമൂന്ന് പാരഗ്രാഫുകളിൽ ആർക്കും വ്യക്തമാകുന്ന രീതി യിലാണ് അദ്ദേഹം വിശദീകരിച്ചിരിക്കുന്നത്. ഞാൻ ഓർക്കുന്നു, ഇവിടെ ഭര ണകക്ഷി ബെഞ്ചുകളിൽ ആളുകളുണ്ടായിരുന്നില്ല, ഇറങ്ങിപ്പോയി, പിണങ്ങി പ്പോയി, കൈ പൊക്കിക്കാണിച്ചു എന്നൊക്കെ പറയുന്നതാണ്. ഒരക്ഷരം മിണ്ടാതെ മാണിസാറിന്റെ ബഡ്ജറ്റ് അവതരണ സമയത്തിന്റെ മൂന്ന് മണി ക്കൂർ നേരവും പൂർണ്ണമനസ്സോടുകൂടി, ചിരിച്ച മുഖത്തോടുകൂടി ഈ സഭയി

ലിരുന്നവരാണ്. ഒരാൾക്കും ഒരു ആക്ഷേപവുമുണ്ടായിരുന്നില്ല. സന്തോഷത്തോടുകൂടിയാണ് ഇരുന്നത്. ഭരണകക്ഷിക്ക് പരാതിയുണ്ട് എന്ന് വാദത്തിനുവേണ്ടി സമ്മതിച്ചാൽ ഇത് പ്രതിപക്ഷത്തിന്റെ ബഡ്ജറ്റാണല്ലോ, ഭരണകക്ഷിയുടെ ബഡ്ജറ്റല്ലല്ലോ. അതെങ്കിലും തുറന്നുസമ്മതിക്കണം. അതുസമ്മതിക്കുമ്പോഴും സ്വർണ്ണം കിട്ടിയാലും വെള്ളി കിട്ടിയാലും മൂപ്പ് എനിക്ക് എന്ന വടക്കൻപാട്ടിലെ ന്യായം പറയുന്നത് ശരിയാണോ?

ഇത് ഞങ്ങളുടെ ബഡ്ജറ്റാണ് എന്നാണ് അവകാശവാദമെങ്കിൽ ഞങ്ങളുടെ പരാതി ഞങ്ങൾ സഹിച്ചു എന്നുപറയാൻ യാതൊരു പ്രയാസവും ഞങ്ങൾക്കില്ല. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ വസ്തുനിഷ്ഠമായ ഒരു സമീപനം, യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടുന്ന ഒരു സീപനം കൈക്കൊളളാതിരിക്കുന്നത് സങ്കടകരമാണ്. ആ സങ്കടത്തിൽനിന്ന് ഇനിയെങ്കിലും മോചനം നേടാൻ ഇത്തരം കാര്യങ്ങളെക്കുറിച്ച് പഠിക്കുന്നു എന്ന് അവകാശപ്പെടുന്നവരെങ്കിലും തയ്യാറാകണം എന്നാണ് എനിക്ക് പറയാനുളളത്. ഈ ബഡ്ജറ്റ് കേരളത്തിലെ കൃഷിക്കാർക്ക് ആശ്വാസം പകരുന്ന ബഡ്ജറ്റ് മാത്രമല്ല. കേരളത്തിലെ കൃഷിക്കാർക്ക് ആത്മവിശ്വാസം പകരുന്ന ബഡ്ജറ്റുകൂടിയാണ്. കൃഷിക്കാരനെ സംബന്ധിച്ചിടത്തോളം രണ്ടു-മൂന്ന് കാര്യങ്ങളാണ് പരമപ്രധാനം. അവരുടെ ഉത്പാദനത്തിന് അനുഗുണമായ രീതിയിലുളള സഹായങ്ങൾ ഉണ്ടാകണം. കേരളത്തിൽ അതിനുളള പദ്ധതികൾ ഉണ്ടാകണം. വെളളം, ജലസേചനത്തിനുളള സൗകര്യങ്ങൾ, വിത്ത്, വളം, ഉത്പന്നങ്ങൾ ഏറ്റെടുക്കാനുളള സംവിധാനം, ഉത്പന്നങ്ങൾക്ക് വിലകിട്ടുന്നൊരു സാഹചര്യം ഇവയുണ്ടാകണം. കൃഷിക്കാരന്റെ ആഗ്രഹങ്ങൾ അതാണ്. കഴിഞ്ഞ കാലങ്ങളിൽ നമുക്ക് പൂർത്തിയാക്കി കൊടുക്കാൻ കഴിയാതിരുന്നതും അതാണ്. ആ കാലഘട്ടത്തിൽ നിന്ന് വിഭിന്നമായി ഇത്തരം കാര്യങ്ങ

ളെക്കുറിച്ച് വളരെ കൃത്യമായ പദ്ധതികൾ ഈ ബഡ്ജറ്റിൽ മുന്നോട്ട് വച്ചിരിക്കുന്നു. അത് ചെറുതായി കാണാൻ കഴിയുമോ. മുൻകാലങ്ങളിൽ കൃഷിക്കാർക്ക് ഇത്രയേറെ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ച ഒരു ബഡ്ജറ്റ് ചൂണ്ടിക്കാണിക്കാൻ കഴിയുമോ? പച്ചക്കറി കൃഷി വികസനത്തെക്കുറിച്ച്, നെൽകൃഷി വികസനത്തെക്കുറിച്ച്, കാർഷിക രംഗത്ത് ഹൈടെക് സംവിധാനം കൊണ്ടുവരുന്നതിനെക്കുറിച്ച്, എല്ലാ പദ്ധതികളെക്കുറിച്ചും........... എല്ലാം പുച്ഛിച്ചു കാണുകയാണെങ്കിൽ അങ്ങനെ കാണാം. ചർച്ച തുടങ്ങിവച്ച ശ്രീ. എം. ചന്ദ്രൻ സൂചിപ്പിച്ചപോലെ രണ്ട് ബഡ്ജറ്റാണ് നല്ല ബഡ്ജറ്റ് ഒൻപത് ബഡ്ജറ്റ് മോശമാണ്. നല്ല രണ്ട് ബഡ്ജറ്റ് നമ്മുടെതും മോശം ബഡ്ജറ്റ് നിങ്ങളുടെതും അങ്ങനെ ആ രീതിയിൽ ബഡ്ജറ്റുകളെ കാണുകയാണെങ്കിൽ ആ സമീപനങ്ങളെ എല്ലാവരും അതേ രീതിയിൽ കാണും. അങ്ങനെയല്ല കാണേണ്ടത്. കൃഷിക്കാരൻ, എല്ലാ നിയോജകമണ്ഡലത്തിലുമുണ്ട്. കൃഷിക്കാരന് കൊടുക്കുന്ന ആനുകൂല്യങ്ങൾ കക്ഷി തിരിച്ചോ, പാർട്ടി തിരിച്ചോ, മുന്നണി തിരിച്ചോ ആണോ കൊടുക്കുന്നത്. നമുക്ക് നിരവധി പ്രയാസങ്ങളുണ്ടായിരുന്ന കാർഷിക മേഖലയിൽ നിരവധി ആനുകൂല്യങ്ങളെന്ന് ഞാൻ പറയുന്നത് .... കുട്ടനാടൻ പാക്കേജ് പോലെ ഒരു വലിയ പാക്കേജ് വന്ന സ്ഥലമാണ് തൃശ്ശൂരിലെ കോൾനിലങ്ങൾ. അവിടെ ഇന്നലെകളിൽ ഇല്ലാത്തരീതിയിൽ കാർഷിക വികസനത്തിന് അനുകൂലമായ ഒരു സാഹചര്യം വന്നിരിക്കുന്നു ആ സാഹചര്യം പ്രയോജനപ്പെടുത്തണം. നമുക്കറിയാം നെല്ലു വാങ്ങാൻ ആളില്ല.

<u>ശ്രീ. എം. ചന്ദ്രൻ</u>: അങ്ങയുടെ നിയോജക മണ്ഡലം കോൾ കൃഷിയുടെ മണ്ഡലമാണ്. നെല്ലിന്റെ താങ്ങുവില ഇപ്പോഴും 17 രൂപയാണ്. പരസ്യ

മാർക്കറ്റിൽ 21 രൂപയ്ക്ക് നെല്ല് എടുക്കുന്നുണ്ട്. നെല്ലിന്റെ 17 രൂപ താങ്ങ് വില വർദ്ധിപ്പിച്ച് നൽകണമെന്ന അഭിപ്രായം അങ്ങേയ്ക്കില്ലേ.

ശ്രീ. പി. എ. മാധവൻ: നെല്ലിന്റെ താങ്ങ് വില വർദ്ധിപ്പിക്കണമെന്ന കാര്യത്തിൽ ശ്രീ. ചന്ദ്രന്റെയും എന്റെയും അഭിപ്രായം ഈക്വലാണ്. ഒരു തർക്കവും വേണ്ട. നെല്ലിന്റെ താങ്ങുവില കൊടുക്കുന്നതിനെക്കുറിച്ചല്ല ഇവിടെ തർക്കം. നെല്ല് വാങ്ങാൻ ആളില്ല എന്ന അവസ്ഥ മാറ്റി സ്വകാര്യ വ്യക്തികൾ കൂടുതൽ വിലയ്ക്ക് നെല്ല് വാങ്ങുന്നു എന്ന് പറയുമ്പോൾത്തന്നെ മുൻകാലങ്ങളിൽ കൊടുത്ത നെല്ലിന്റെ പണത്തിനുവേണ്ടി കർഷകൻ നെട്ടോട്ടമോടുന്ന സമ്പ്രദായം നിർത്തലാക്കിയിരിക്കുന്നു. ഈ വർഷംമുതൽ ഏറ്റെടുക്കുന്ന നെല്ലിന് രൊക്കം പണം എന്ന് പ്രഖ്യാപിച്ച ബഡ്ജറ്റാണ് ഇത്. രൊക്കം പണം എന്ന് പ്രഖ്യാപിച്ച ബഡ്ജറ്റിനെ ഞങ്ങൾ എതിർക്കുന്നു എന്ന് പറയാൻ ബഹുമാനപ്പെട്ട ചന്ദ്രന് കഴിയുമോ? കഴിയില്ല. ഈ ബഡ്ജറ്റിനെ നെൽകൃഷിക്കാരന്റെ പേരിൽ അഭിനന്ദിക്കുന്നു. പച്ചത്തേങ്ങാ സംഭരണത്തെക്കുറിച്ച് പറയുമ്പോൾ,. തേങ്ങയ്ക്ക് വിലയില്ല, കൊപ്രയ്ക്ക് വിലയില്ല എന്നു പറയുന്ന സ്ഥലത്ത് പച്ചത്തേങ്ങ വെള്ളം കളയാതെ കൊണ്ടുവന്നാൽ കൃഷിഭവനിൽ ഏറ്റെടുക്കാം, രൊക്കം കാശ് തരാം. 16 രൂപ വിലയ്ക്ക് പച്ചത്തേങ്ങ ഏറ്റെടുക്കുന്നു. അത് വ്യാപകമാക്കും എന്ന് പറഞ്ഞാൽ പച്ചത്തേങ്ങാ സംഭരണം വ്യാപകമാക്കുന്ന യു.ഡി.എഫ്. സർക്കാരിനെ ഞങ്ങൾ എതിർക്കുന്നു എന്ന് പറയാൻ കഴിയുമോ? യു.ഡി.എഫ്. സർക്കാരിനെ പച്ചത്തേങ്ങാ സംഭരണത്തിന്റെ പേരിൽ ഞങ്ങൾ എതിർക്കുന്നു, നെൽ കൃഷി വികസനത്തിന്റെ പേരിൽ ഞങ്ങൾ എതിർക്കുന്നു, ആനുകൂല്യങ്ങൾ കൊടുക്കുന്നതിന്റെ പേരിൽ ഞങ്ങൾ എതിർക്കുന്നു. അങ്ങനെ പറയാനല്ലാതെ ഈ

ബഡ്ജറ്റിനെ എതിർക്കാൻ എന്താണ് കാരണം? ഈ ബഡ്ജറ്റിനെ എതിർക്കാൻ മറ്റൊരു കാരണവും കണ്ടെത്താൻ കഴിയില്ല. ഈ ബഡ്ജറ്റ് കൃഷിക്കാരന്റെ ബഡ്ജറ്റാണ്. കർഷക തൊഴിലാളിയുടെ ബഡ്ജറ്റാണ്. പെൻഷൻ ആനുകൂല്യങ്ങൾ ഇന്നലത്തേതിലും കൂടുതൽ വർദ്ധിപ്പിച്ചുകിട്ടുന്ന ക്ഷേമ പദ്ധതികളുടെ ബഡ്ജറ്റാണ്. ക്ഷേമപദ്ധതികളുടെ ആനുകൂല്യം കൂട്ടി യത് പോര, ഇന്നയിന്ന വിഭാഗത്തിന് കൊടുത്തിട്ടുണ്ടോ എന്നായിരുന്നു ചോദ്യം. ബഹുമാനപ്പെട്ട ശ്രീ. എസ്. ശർമ്മ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിരവധി ആനുകൂല്യങ്ങൾ കൊടുക്കാത്തതിനെക്കുറിച്ചാണ് ചോദിച്ചത് ബഹു മാനപ്പെട്ട മാണി സാർ ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുമ്പോൾ മുദ്രാവാക്യ ങ്ങൾ മാത്രമേ ഞങ്ങൾക്ക് കേൾക്കാമായിരുന്നുള്ളൂ. ഈ ആക്ഷേപങ്ങൾ ഉന്നയിച്ചവരുടെ മുഖത്തുനോക്കി നിങ്ങൾ ഉന്നയിച്ച ആവശ്യങ്ങൾ അംഗീക രിക്കുന്നു എന്നുപറയുന്നത് കേൾക്കാനുള്ള സൻമനസ്സുപോലും അവരുടെ ഭാഗത്തുനിന്നും ഉണ്ടായില്ല. ഇത് കർഷകരുടെ മാത്രമല്ല, തൊഴിലാളികളുടെ മാത്രമല്ല 25 ലക്ഷത്തോളം വരുന്ന പ്രവാസികൾക്ക് പ്രതീക്ഷ നൽകുന്ന ബഡ്ജറ്റാണ്. തെങ്ങ് കൃഷിക്കാർക്ക് പച്ചത്തേങ്ങാ സംഭരണം മാത്രമല്ല കഴിഞ്ഞ കുറേക്കാലമായി നാളികേര കൃഷിക്കാരുടെ ഭാഗത്തു നിന്നുള്ള ഒരാ വശ്യമാണ് നീര ഉത്പാദിപ്പിക്കണമെന്നുള്ളത്. നീര ഉത്പ്പാദിപ്പിക്കണമെന്ന് പറഞ്ഞാൽ കള്ള് ഉത്പാദിപ്പിക്കലല്ല. മദ്യം ഉത്പാദിപ്പിക്കലല്ല. തെങ്ങ് കൃഷി ക്കാരന് കൂടുതൽ വരുമാനം ഉണ്ടാക്കാൻ സ്വാദിഷ്ഠമായ ഒരു പാനീയം. അതുണ്ടാക്കണമെന്ന ആവശ്യം കഴിഞ്ഞ നിരവധികാലമായി ഉണ്ടായിരുന്നു. ആ ആവശ്യം അംഗീകരിച്ച് നാളികേര കൃഷിക്കാർക്ക് ആ ആനുകൂല്യ കൂടി അംഗീകരിച്ചു കൊടുക്കാൻ കഴിഞ്ഞ ഒരു ബഡ്ജറ്റാണ് മൊത്തം ഈ

ബഡ്ജറ്റ് പിശകാണ് എന്ന് പറഞ്ഞ് പുകമറ ഉണ്ടാക്കുകയാണ്. ആ പുകമറ യിൽ നമ്മൾ വിജയിച്ചു എന്ന് വരുത്തിതീർക്കുക. ആ രീതി കേവലം എതിർക്കാൻ വേണ്ടി എതിർക്കലാണ്. നേരത്തെ മുൻ സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണൻ പറഞ്ഞതുപോലെ പൂരപ്പറമ്പിലെ കട്ടകളിക്കാരൻ പറയുന്ന തുപോലെ ക്ലാവറിൽ വയ്ക്ക് രണ്ട് വച്ചാൽ നാല് കിട്ടും നാല് വച്ചാൽ എട്ട് കിട്ടും എന്ന് പറയുകയും കളം കാലി കമ്പനിക്കടിച്ചു എന്ന് പറഞ്ഞ് അവ സാനം കൊണ്ടുപോവുകയും ചെയ്യുന്ന തന്ത്രം എക്കാലത്തും പരീക്ഷിക്കു ന്നത് നിങ്ങൾ മാത്രമാണ്. അങ്ങനെ പാവപ്പെട്ടവൻ വയ്ക്കുന്ന ചില്ലിക്കാശ് കമ്പനിക്കടിച്ചു എന്ന് പറഞ്ഞ് പടം മടക്കി പോകുന്ന രാഷ്ട്രീയ പ്രവർത്തന ത്തിന്റെ പ്രകടമായ രൂപമാണ്, തെറ്റ്, തെറ്റ് എന്ന് മാത്രം പറയുന്ന, ദോഷൈ കദൃക്കുകളുടെ കണ്ണിലൂടെ മാത്രം എല്ലാത്തിനെയും കാണുന്ന, ആ ഒരു സമീപനം മാറ്റണമെന്നാണ് വിനയത്തിന്റെ ഭാഷയിൽ എനിക്ക് പറയാനുള്ള ത്. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് പദ്ധതികൾ പ്രഖ്യാപിച്ച ഒരു ബഡ്ജറ്റാണ് ഇത്. കാലാവസ്ഥാ വ്യതിയാനത്തിലൂടെ വളരെയേറെ പ്രയാസ ങ്ങളിലൂടെ കടന്നുപോകുന്ന കാലഘട്ടമാണിത്. കുടിവെള്ളത്തിനായി നമ്മുടെ വീട്ടമ്മമാർ വഴിനീളെ കാവൽനിൽക്കുന്ന കാഴ്ച കാണാതെ നടന്നുപോ കാൻപോലും കഴിയില്ല. ആ സാഹചര്യത്തിന് മാറ്റം ഉണ്ടാകണം. വളരെ കൃത്യമായി പദ്ധതികൾ ഉണ്ടാക്കി കുടിവെള്ളം എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കുകയും അതോടൊപ്പംതന്നെ മഴക്കുഴികളുണ്ടാക്കി നമ്മുടെ ജല സ്രോതസ്സുകൾ റീചാർജ് ചെയ്യാനുള്ള അവസരം ഉണ്ടാക്കുകയും ചെയ്യണം. 1,000 കോടി രൂപ മാറ്റിവച്ച് അതിനുള്ള പദ്ധതികൾ ഉണ്ടാക്കിയ ഒരു ബഡ്ജ റ്റാണ് ഒരു സർക്കാരാണ് ഇത്. ആ സർക്കാരിനെ അഭിനന്ദിക്കുന്നതിന് പകരം

ഏറ്റവുമേറെ വേദനിക്കുന്ന രീതിയിൽ ആ സർക്കാരിനെ ആക്ഷേപിക്കുന്നത് ശരിയല്ല. ആ ആക്ഷേപം പിൻവലിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. 750 കോടി രൂപയോളം ഹഡ്കോയ്ക്ക് കടം ഉണ്ടായിരുന്നതിൽ 534 കോടി രൂപ വരെ കടം വീട്ടി. മൂന്ന് ലക്ഷം പേർക്ക് വീട് കൊടുക്കാനുള്ള പദ്ധതി, വീടില്ലാത്തവന് വീട് കൊടുക്കുന്ന ഭൂമിയില്ലാത്തവന് ഭൂമി കൊടുക്കുന്ന ഒരു നിശ്ചിത കാലയളവിനുള്ളിൽ പദ്ധതികൾ പൂർത്തീകരിക്കാൻ മോണിട്ടറിംഗ് സംവിധാനം വച്ച് വളരെ വ്യക്തമായ ബഡ്ജറ്റ് അവതരിപ്പിച്ച ഈ സർക്കാരി നെയും ബഡ്ജറ്റിനെയും ഭൂസമരം നടത്തിയവർ വിമർശിക്കുന്നത് ഏതർത്ഥ ത്തിലാണെന്ന് ചിന്തിക്കണമെന്ന് അപ്പുറത്തുള്ള സുഹൃത്തുക്കളോട് അറിയി ക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു ഈ ബഡ്ജറ്റിനെ, ധനാ ഭ്യർത്ഥനയെ ഒരിക്കൽകൂടി ഹൃദയപൂർവം പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സാജു പോൾ:</u> സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. കേരളത്തിന്റെ ഏറ്റവും സുപ്രധാന വിഷയങ്ങളെ അഭിമു ഖീകരിക്കാത്ത ഒരു ബഡ്ജറ്റാണ്. മൂന്ന് കാര്യങ്ങൾ – ഒന്ന് വിലക്കയറ്റം, രണ്ട് വരൾച്ച, മൂന്ന് ഊർജ്ജ പ്രതിസന്ധി. ഇതിലേത് കാര്യത്തിനാണ് ഈ സർക്കാർ ഈ ബഡ്ജറ്റിലൂടെ ഒരു പ്രതിവിധി കണ്ടെത്തിയിട്ടുള്ളത്? ബഹു മാന്യനായ മാണിസാർ 45 എന്നോ 48 എന്നോ പറയുന്ന അദ്ദേഹത്തിന്റെ ഈ സഭയിലെ ഏറ്റവും മഹത്തരമായ സാന്നിദ്ധ്യംകൊണ്ട് അദ്ദേഹം ഈ സഭയെ മഹത്തരമാക്കിയെങ്കിൽ, അതിൽ പതിനൊന്ന് ബഡ്ജറ്റുകൾ അവതരി പ്പിച്ചുവെങ്കിൽ യാതൊരു മുന്നൊരുക്കവുമില്ലാത്ത ബഡ്ജറ്റും പ്രഖ്യാപനവു മാണ് അദ്ദേഹം ഈ സഭയിൽ നടത്തിയത്. താലൂക്കിന്റെ കാര്യം തന്നെയെ

ടുക്കുക, എത്രയോ പ്രധാനപ്പെട്ട വിഷയമാണ് കേരളത്തിന്റെ റവന്യൂ സംവിധാനത്തെ അടിമുടി ഉടച്ചുവാർക്കാൻ വേണ്ടി ശ്രീ. ഡി. ബാബു പോൾ കമ്മിറ്റി ഉൾപ്പെടെ എത്രയോ കമ്മീഷനുകളെ വച്ചു. മാത്രവുമല്ല ബഹുമാന്യനായ ഗവർണ്ണർ ഈ സഭയിൽ നയപ്രഖ്യാപന പ്രസംഗം നടത്തി. അത് ഒന്നും പരിഗണിക്കാതെ, ആ നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്താത്ത ഒരു കാര്യം ബഡ്ജറ്റിൽ കൊണ്ടുവന്നപ്പോൾ യഥാർത്ഥത്തിൽ ബഹുമാന്യനായ പരിണിതപ്രജ്ഞനായ മാണിസാർ ഈ ഗവർണ്ണറെ അപമാനിക്കുകയും ഭരണഘടനാ സംവിധാനത്തെ ആക്ഷേപിക്കുകയും സുപ്രധാനമായ അദ്ദേഹത്തിന്റെ ഭരണഘടന തൊട്ടുള്ള സത്യപ്രതിജ്ഞയെ അവഹേളിക്കുകയുമാണ് ചെയ്തത് എന്ന് എനിക്ക് സൂചിപ്പിക്കുവാനുണ്ട്. ഈ ഗവൺമെന്റിന്റെ ഏറ്റവും പ്രബലനായ ഒരു മന്ത്രി കൈകാര്യം ചെയ്യുന്ന കെ.എസ്.ഇ.ബി.-യുടെയും കെ.എസ്.ആർ.ടി.സി.-യുടെയും പ്രശ്നങ്ങളിൽ എന്ത് പഠനമാണ്, എന്ത് തയ്യാറെടുപ്പാണ്, എന്ത് ഹോംവർക്കാണ് മാണിസാർ നടത്തിയത്. ഞാൻ അങ്ങേയറ്റം വേദനയോടുകൂടിയാണ് ബഹുമാന്യനായ മാണിസാറിന്റെ ഈ ബഡ്ജറ്റ് പ്രസംഗവും ഇന്നലത്തെ മറുപടി പ്രസംഗവും ശ്രവിച്ചത്. അഞ്ച് പതിറ്റാണ്ടിനോടടുത്ത മാണിസാറിന്റെ ഈ സഭയിലെ സാന്നിദ്ധ്യത്തോടുള്ള ഏറ്റവും വലിയ കളങ്കമാണ് ഇന്നലെ ഇവിടെ കണ്ടത്. ഇവിടെ ഭരണകക്ഷിയിലെ ചില എം.എൽ.എ. മാരും തന്റെ സഹപ്രവർത്തകരായ മന്ത്രിമാരും വന്ന് പറയുമ്പോൾ ആട് രാമാ, ചാട് രാമാ എന്ന് പറയുമ്പോൾ ചാടുകയും ഓടുകയും ചെയ്യുന്ന രീതിയിലുള്ള ഒരു പ്രവർത്തനമാണ്. 10,000 കോടി രൂപ ഖജനാവിലേയ്ക്ക് സംഭാവന ചെയ്ത എറണാകുളം ജില്ലയെ അവഗണിച്ചില്ലേ? ഉള്ള പത്തനാപുരം താലൂക്ക് തന്നെ വീണ്ടും പ്രഖ്യാപിക്കുമെന്ന്

ബഹുമാന്യനായ കെ. രാജു ഇവിടെ പറഞ്ഞില്ലേ? മൂവാറ്റുപുഴ, ബഹുമാന്യനായ ജോസഫ് വാഴക്കൻ, കെ.പി.സി.സി. ജനറൽ സെക്രട്ടറി ദൃശ്യമാധ്യമങ്ങളിലൂടെ ഈ സർക്കാരിനും യു.ഡി.എഫ്–നും കോൺഗ്രസിനുംവേണ്ടി എത്ര കാലമായി അദ്ദേഹം വാദിക്കുന്നു. ആ മൂവാറ്റുപുഴയെ പരിഗണിച്ചോ? അതുപോലെ ഡി. ബാബു പോൾ കമ്മിറ്റി ശുപാർശ ചെയ്ത കായംകുളം. ഇതിലും വിചിത്രമായ ഒരു കാര്യം ബഹുമാന്യനായ പി.ടി.എ. റഹീമിന്റെ മണ്ഡലത്തിൽ ഈ കേരളത്തിലെ ഏക സബ് താലൂക്ക് നിലനിൽക്കുകയാണ്. ആ താലൂക്ക് പോലും....., ഇവിടെ മുമ്പ് ബഹുമാന്യനായ സി. കെ. സദാശിവൻ കായംകുളം ഉൾപ്പെടെയുള്ളവയെ സംബന്ധിച്ച് പറഞ്ഞ സബ്മിഷനിലെ വിശദവിവരങ്ങളൊന്നും ഞാൻ സൂചിപ്പിക്കുന്നില്ല. അങ്കമാലിയും പിറവവും ഉൾപ്പെടെ എറണാകുളം ജില്ലയിൽ രണ്ട് പുതിയ താലൂക്കകളടക്കം 24 താലൂക്കുകൾ പുതുതായി ആരംഭിക്കണമെന്നാണ്. കുന്നത്തുനാട് വിഭജിക്കണം. ഇത് വല്ലതും ഇതിൽ വന്നോ? കുറേ ഫ്ളക്സ് ബോർഡുകൾ. ഈ ഒരാഴ്ചക്കാലം ഇനി ഫ്ളക്സ് ബോർഡുകൾ അടിക്കുന്നവർക്ക് കുശാലാണ്. കാരണമെന്താണ്? ഈ താലൂക്ക് അനുവദിപ്പിച്ച, പട്ടാമ്പി കൊണ്ടുവന്ന ശ്രീ. സി. പി. മുഹമ്മദിനും അതിന് പ്രേരിപ്പിച്ച..... എന്നൊക്കെ പറഞ്ഞ് നാടുമുഴുവൻ ഫ്ളക്സ് വയ്ക്കാൻ പോകുകയാണ്. ബഹുമാന്യനായ മാണിസാർ പള്ളിയിൽ പോയി പ്രാർത്ഥിച്ചു വന്നിട്ടാണ് ബഡ്ജറ്റ് അവതരിപ്പിച്ചത്. അതൊക്കെ ടി.വി. യിൽ കാണിച്ചു. മാണിസാറിന് ബൈബിളിൽതൊട്ട് സത്യം ചെയ്യാമോ? അങ്ങ് പ്രഖ്യാപിച്ച ഈ കാര്യങ്ങളെല്ലാം നടപ്പാകുമെന്ന്. ബഹുമാന്യനായ മാണിസാറിന് തന്റേടമുണ്ടെങ്കിൽ സത്യം ചെയ്യാൻ പറ്റുമോ? സഹിക്കാൻ പറ്റാത്ത സമ്മർദ്ദത്തിനും മാനസിക പിരിമുറുക്കത്തിനും എല്ലാം

വിധേയനായിക്കൊണ്ടാണ് മാണിസാർ ബഡ്ജറ്റ് പ്രസംഗം നടത്തിയത്. മാണിസാർ ഭൂവില എന്നതിന് പൂവില എന്നാണ് പറഞ്ഞത്. കുറ്റ്യാടി എന്നതിന് കാറ്റാടി എന്നാണ് പറഞ്ഞത്...,

ശ്രീ. സി. പി. മുഹമ്മദ്: സർ, എന്റെ സുഖക്കേട് മാറിയതിനുശേഷം ശ്രീ. സാജു പോളിന്റെ മണ്ഡലമായ പെരുമ്പാവൂരിലൂടെ കാറിലാണ് നാട്ടിൽ നിന്നും ഇവിടെ വരാറുള്ളത്. അവിടെ ചെറിയ ടോയ്‌ലറ്റ് ഉണ്ടാക്കിയതിനു പോലും ഫ്ളക്സ് ബോർഡ് വയ്ക്കുന്ന ശ്രീ. സാജുപോൾ ഈ നിയമസഭയിൽ ഒരു താലൂക്ക് നേടിയ എന്നെ അപമാനിച്ചു സംസാരിക്കുന്നത് ഓർഡറിലാണോ?

ശ്രീ. സാജു പോൾ: സർ, പെരുമ്പാവൂരിനെ നിങ്ങളറിയണം. കഴിഞ്ഞ ദിവസം ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പുമന്ത്രി വന്ന് രണ്ട് കനാൽപ്പാലങ്ങളുടെ വിപുലീകരണം അവിടെ ഉദ്ഘാടനം ചെയ്തു. സാജുപോൾ ഒരു ഫ്ളക്സും വച്ചില്ല. അവിടത്തെ യൂത്ത് കോൺഗ്രസുകാർ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെയും ശ്രീ. പി. പി. തങ്കച്ചന്റെയും ശ്രീ. കെ. പി. ധനപാലന്റെയും സാജുപോളിന്റെയും പടം വച്ച് യൂത്ത് കോൺഗ്രസുകാർ പെരുമ്പാവൂർ മണ്ഡലത്തിൽ ഫ്ളക്സ് ബോർഡ് അടിച്ചുവച്ചു. സാജു പോൾ വച്ചതല്ല. ശ്രീ. സി. പി. മുഹമ്മദ് പോയി അന്വേഷിച്ച് നോക്ക്..., കുറ്റ്യാടി എന്നതിന് കാറ്റാടി എന്നു പറഞ്ഞു, വാട്ടർ ബെഡിന് വാട്ടർ ഷെഡ് എന്നു പറഞ്ഞു, ഭൂരഹിത എന്നതിന് ഭൂരഹിതരില്ലാത്ത എന്നു പറഞ്ഞു, മലബാറിന് മലാബാർ എന്നു പറഞ്ഞു, വിതുരയ്ക്ക് ത്രിപുര എന്നു പറഞ്ഞു. മാണിസാറിന് ഇങ്ങനെ പറ്റാൻ പാടുണ്ടോ? 5 മെഡിക്കൽ കോളേജ്, എയർ കേരള, സീപ്ലെയിൻ, മോണോ, മെട്രോ, മെമു, സബർബൻ, 3000 ഗ്രീൻ ഹൗസ്, കെ.എസ്.

ആർ.ടി.സി-ക്ക് 100 കോടി എന്ന് പറയുന്നതുപോലെ 3000 ഗ്രീൻ ഹൗസ് എന്നു പറഞ്ഞു. ഒരു ഗ്രീൻ ഹൗസും കേരളത്തിലുണ്ടായിട്ടില്ല. ഈ ബഡ്ജറ്റിലാകെ മുതലാളിത്ത വർഗ്ഗപക്ഷപാദിത്വത്തിന്റെ നയമാണ്. എ.പി.എൽ., ബി.പി.എൽ. ആക്കിയത് ......

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, അങ്ങയുടെ മണ്ഡലത്തിൽ തന്നെ രണ്ടു ഗ്രീൻ ഹൗസുകൾ ഉണ്ടാക്കിയത് കണ്ടിട്ടില്ലേ. അങ്ങ് അത് പരിശോധിക്കണം.

ശ്രീ. സാജു പോൾ: സർ, 3000 എണ്ണം. 3000-ന്റെ സ്ഥാനത്ത് 70 എണ്ണമുണ്ടാക്കിയത് ബഹുമാനപ്പെട്ട മന്ത്രി പറയുന്നുണ്ട്. 3000-ത്തിന്റെ സ്ഥാനത്താണ് ഈ 70. അതുപോട്ടെ. എ.പി.എൽ., ബി.പി.എൽ. ആയത് പ്രൊവൈഡർ....., സ്റ്റാറ്റ്യൂട്ടറി കോൺട്രിബ്യൂട്ടറി ആയത്, പർച്ചേസർ ബൾക് പർച്ചേസറായത്, ഗാന്ധിജി തിവാരിയായത് ഇങ്ങനെ കിടക്കുകയാണ്. ഓരോ കമ്മിറ്റിയിൽ, പ്രകാശ് ബക്ഷി കമ്മിറ്റി മുതൽ ഓരോന്നും നിൽക്കുകയാണ്. എക്സ്പെൻഡീച്ചർ കമ്മിറ്റി ഇവിടെ 10 വർഷത്തിലൊരിക്കൽ ശമ്പളപരിഷ്ക്കരണം നടപ്പിലാക്കണമെന്ന് പറഞ്ഞത് അംഗീകരിക്കുന്നില്ല എന്ന് ബഹുമാന്യനായ മാണിസാർ പറഞ്ഞു. ആ കമ്മിറ്റിയുടെ റിപ്പോർട്ട് ബാധകമല്ല എന്ന് പറഞ്ഞിട്ട് അദ്ധ്യാപകരുടെ ലീവ് സറണ്ടർ, പെൻഷൻ പ്രായം വർദ്ധിപ്പിക്കൽ 01-04-2013 ആക്കിയത്, ഈ 12.5% എന്നുള്ളത് 13.5% വും 13.5% എന്നുള്ളത് 14.5%-ഉം ആക്കിയത് എക്സ്പെൻഡീച്ചർ കമ്മിറ്റി ശുപാർശ പ്രകാരമാണെന്ന് മാണിസാർ പറഞ്ഞു. പ്ലൈവുഡിന്റെയും കോഴിയുടേയും

ഒക്കെ കാര്യത്തിൽ വ്യവസായികൾ കോടിക്കണക്കിന് രൂപ നികുതി നൽകുന്നതല്ലേ? റയോൺസിന്റെ പ്രശ്നത്തിൽ എന്തെങ്കിലും നീതിയുണ്ടായോ? ആകെപ്പാടെ പ്രഖ്യാപിച്ചത് പുതിയ സ്ഥാപനങ്ങൾക്കും കണ്ടുപിടിത്തങ്ങൾക്കും എല്ലാ പേറ്റന്റ് കൊടുക്കുമെന്ന് പറഞ്ഞു. എനിക്ക് മാണിസാറിനോട് പറയാനുള്ളത് ശ്രീ. പി. സി. ജോർജിന്റെ പുതിയ തെറികൾക്കും അങ്ങ് പേറ്റന്റ് നൽകി സഹായിക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇവിടെ വിഷ്ണുനാഥ് എസ്.എഫ്.ഐ.–എ.ഐ.എസ്.എഫ്.....

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ശ്രീ. സാജു പോളിന്റെ പ്രസംഗങ്ങൾക്കും ഒരു പേറ്റന്റ് തന്നാൽ കൊള്ളാമെന്നുണ്ട്.

ശ്രീ. സാജു പോൾ: സർ, മാണിസാറിന്റെ ആ വിശാലഹൃദയത്തിന് ഞാൻ നന്ദിപറയുകയാണ്. എസ്.എഫ്.ഐ.–എ.ഐ.എസ്.എഫ്. സംഘട്ടനം എന്നുപറഞ്ഞ് ശ്രീ. പി. സി. വിഷ്ണുനാഥ് ഈ സഭയിൽ നിന്ന് അലറി വിളിച്ചുപറയുന്നതുകേട്ടു. ഒരു ഐ.എ.എസുകാരന്റെ തലയിൽ കെ.എസ്.യു.ക്കാർ പോയി കരി ഓയിൽ ഒഴിച്ചിട്ട് ഒരക്ഷരം ഈ സഭയിൽ മിണ്ടാൻ ഈ ആദർശധീരന് വല്ലതും കഴിഞ്ഞോ? അദ്ദേഹം ശ്രീ. ഉമ്മൻ ചാണ്ടിക്ക് പഠിക്കുകയാണ്. അതുപോലെ തൊടുപുഴയിൽ യൂത്ത് കോൺഗ്രസുകാർ തമ്മിലടിച്ച്.....

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, റൂൾ 287 –Irrelevance or repetition - The Speaker, after having called the attention of the Assembly to the conduct of a member who persist in irrelevance or in tedious repetition either of his own arguments or of the arguments used

by other members in debate, may direct him to discontinue his speech. ഇവിടെ ശ്രീ. സാജു പോൾ ഒരു ബന്ധമില്ലാത്തതും റിപ്പിറ്റിഷനുള്ളതും....., അങ്ങ് പ്രസംഗം നിർത്താൻ അദ്ദേഹത്തോട് ആവശ്യപ്പെടണം.

ശ്രീ. സാജു പോൾ: സർ, റൂൾ 287, അസംഗതമോ ആവർത്തനമോ.... ഈ 11 കൊല്ലത്തിനിടയ്ക്ക് അദ്ദേഹം കുറച്ചുനാൾ ഈ സഭയിലില്ലായിരുന്നു. 2001–ൽ പറഞ്ഞ കാര്യങ്ങളാണ് ഈ കഴിഞ്ഞദിവസം നിയമസഭയിൽ എന്റെ ജ്യേഷ്ഠസഹോദരൻ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പറഞ്ഞത്. അങ്ങനെ യാണെങ്കിൽ അത് മുഴുവൻ നീക്കം ചെയ്യണം. രേഖയിൽനിന്ന് ശ്രീ. ഡൊമി നിക് പ്രസന്റേഷൻ ഇതുവരെ പറഞ്ഞത് എല്ലാം നീക്കംചെയ്യണം. ഞാൻ എന്റെ വിഷയത്തിലേയ്ക്ക് വരട്ടെ. കോൺഗ്രസും ലീഗും കേരള കോൺഗ്രസും ഒക്കെ ചേർന്ന് മാണിസാറിനെ പുകഴ്ത്തിയപ്പോൾ ...... അടുത്ത കാലത്ത് കോതമംഗലത്ത് ശ്രീ. ടി. യു. കുരുവിള ചേട്ടന്റെ മണ്ഡല ത്തിൽ ഉശിരാസവം എന്നുപറയുന്ന ഒരു അരിഷ്ടം പിടിച്ചു. ആ അരിഷ്ടം കഴിച്ചതുപോലെയാണ് മാണിസാർ ഇവിടെനിന്ന് തുള്ളിഅലറി പറഞ്ഞത്. മാണിസാറിനെ വിമർശിച്ച് ശ്രീ. കെ. ശിവദാസൻ നായർ പറഞ്ഞത് കേട്ടോ? ഇതിന് കാരണമുണ്ട്, മാണിസാറിന്റെ പാർട്ടിയുടെ മുഖപത്രമായ പ്രതിഛായ യിൽ ശ്രീ. എ. കെ. ആന്റണിക്കെതിരെ, ശ്രീ. എ. കെ. ആന്റണി വിചാരിച്ചിട്ട് പോലും ഈ പ്രതിരോധ വകുപ്പിൽ അഴിമതി ഇല്ലാതാക്കാൻ.......(ബഹളം)....... എനിക്ക് സംരക്ഷണമില്ലേ.

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ, ശ്രീ. ടി. യു. കുരുവിള ചേട്ടന്റെ മണ്ഡലത്തിൽ നിന്ന് XXXXXXXXXX •എന്നു പറഞ്ഞാൽ നിയമസഭാ രേഖ ചരിത്രരേഖയാണ്. പത്തോ ഇരുപതോ കൊല്ലം കഴിഞ്ഞ് വായിൽ തോന്നിയതെന്തും വയറ്റിൽ സൂക്ഷിക്കുന്ന സാധനം തലയിൽ സൂക്ഷിക്കുന്ന ശ്രീ. സാജു പോൾ ഇത്തരത്തിൽ മറുപടി പറഞ്ഞാൽ അത് കേട്ടിരിക്കാൻ ഞങ്ങൾക്ക് കഴിയില്ല. അത് രേഖയിൽനിന്ന് നീക്കം ചെയ്യണം.

മി. ചെയർമാൻ (<u>ശ്രീ. എം. ഉമ്മർ</u>): അത് പരിശോധിക്കാം. പരിശോധിച്ചിട്ട് അൺപാർലമെന്ററി ആയതൊന്നും രേഖയിലുണ്ടാവില്ല.

<u>ശ്രീ. സാജു പോൾ</u>: സർ, ആയുർവ്വേദത്തിലെ വളരെ മഹത്തായ ഒരു മരുന്നാണ് ആസവം എന്നു പറയുന്നത്. ഞാൻ ആസനം എന്നുപറഞ്ഞു എന്നായിരിക്കും അദ്ദേഹം കേട്ടത്. ഞാൻ ആസവം എന്നാണ് പറഞ്ഞത്. അരിഷ്ടമെന്നാണ് പറഞ്ഞത്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ശ്രീ. സാജു പോൾ, ശ്രീ. കെ. എം. മാണിയെക്കുറിച്ച് ശ്രീ. കെ. ശിവദാസൻ നായർ പറഞ്ഞുവെന്നു പറഞ്ഞ കാര്യം, അങ്ങനെ പറഞ്ഞിട്ടില്ല എന്ന് ശ്രീ. കെ. ശിവദാസൻ നായർ ഇന്നലെ ഇവിടെ നിഷേധിച്ചതിനുശേഷവും അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ അസത്യം പ്രസംഗിക്കുക എന്നുള്ളത് എക്സ്പഞ്ച് ചെയ്യണം. എക്സ്പഞ്ച് ചെയ്യാൻ റൂളുണ്ട്. ശരിയല്ല ഇത്. എന്ത് അനാവശ്യവും പറയാൻ......,

<u>ശ്രീ. സാജു പോൾ</u>: സർ, ശ്രീ. എ. കെ. ആന്റണിക്കെതിരെ മാണിസാറിന്റെ പ്രതിഛായയിൽ വന്ന ലേഖനം വായിക്കണം. ഞാൻ അവസാനിപ്പിക്കാൻ പോകുകയാണ്. സി.പി.ഐ.(എം)-ന്റെ അഖിലേന്ത്യാജാഥാ ഇന്ത്യ

---

XXXXXXXXXഎക്സ്പഞ്ച്

യാകെ ഇളക്കിമറിച്ചുകൊണ്ട് ഈ കേരളം ഉൾപ്പെടെ ഉഴുതുമറിച്ചുകൊണ്ട് ഇ.എം.എസ്.–എ.കെ.ജി. ദിനാചരണങ്ങൾ മാർച്ച് 19–നും, 22–നുമൊക്കെ നടക്കുമ്പോൾ......, ഞാൻ ഒറ്റമിനിറ്റ് കൊണ്ട് അവസാനിപ്പിക്കാം. പക്ഷേ കോൺഗ്രസ് എന്താണ് ചെയ്തത്? ആൾ ഇന്ത്യാ കറപ്ഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ അടുത്ത ദിവസം എ.ഐ.സി.സി. യുടെ മൂന്ന് പ്രതിനിധികൾ ശ്രീ. എ. കെ. ആന്റണി, ശ്രീ. പി. ചിദംബരം, ശ്രീ. ഗുലാം നബി ആസാദ് മൂന്നുപേരും ശ്രീ. എം. കരുണാനിധിയെ പോയി കണ്ടു. ശ്രീ. എം. കരുണാനിധിയെ പോയിക്കണ്ട് എന്താണ് പറഞ്ഞത്. അദ്ദേഹത്തിന് പൂക്കൾ നൽകി, ഷാൾ അണിയിച്ചു. എന്നിട്ട് അദ്ദേഹത്തെ തലൈവരേ..., പെരിയവരേ...., തടൈതലൈവരേ...., അണ്ണാ...., കലൈജ്ഞരേ...., ഇളൈത്തേനേ..., തമിളന്നായകരേ.....

<u>ശ്രീ. പാലോട് രവി</u>: സർ, ജനാധിപത്യക്രമത്തിൽ ഒരു ദേശീയ പ്രസ്ഥാനത്തേയും ഈ സഭയിൽ ആക്ഷേപിക്കാൻ പാടില്ല. XXXXXXXXXXXX [•]എന്നുള്ളത് സഭയുടെ രേഖയിലുണ്ടാവാൻ പാടില്ല. പരിശോധിക്കണം.

മി. ചെയർമാൻ (<u>ശ്രീ. എം. ഉമ്മർ</u>): അത് പരിശോധിക്കാം.

<u>ശ്രീ. പാലോട് രവി</u>: സർ, സി.പി.ഐ.(എം)–നെക്കുറിച്ച് പറയാൻ.....ഏതെങ്കിലും ഒരു ദേശീയ പാർട്ടിയെ ഈ സഭയിൽ വന്ന് ആക്ഷേപിക്കുന്നത് ശരിയാണോ? സി–ക്ക് കറപ്ഷൻ ആണെങ്കിൽ സി.പി.ഐ.(എം)–നും സി–ചേർക്കട്ടോ. ശരിയാണോ ഈ കാണിക്കുന്നത്? ഇതൊന്നും സഭയുടെ രേഖയിലുണ്ടാകാൻ പാടില്ല. പറയാൻ പാടില്ല. അങ്ങ് താക്കീത് ചെയ്യണം.

---

XXXXXXXXXXX എക്സ്പഞ്ച്

മി. ചെയർമാൻ (<u>ശ്രീ. എം. ഉമ്മർ</u>): അത് പരിശോധിക്കാം. പരിശോധിച്ചിട്ട് അൺപാർലമെന്ററി ആയി ഉപയോഗിച്ച പദങ്ങളൊന്നും രേഖയിലുണ്ടാവില്ല.

<u>ശ്രീ. സാജു പോൾ</u>: സർ, ഒരു ലക്ഷം കോടി രൂപയൊക്കെ അടിച്ചു മാറ്റിയ ആളുകളെ കറപ്ഷൻ കമ്മിറ്റിയെന്നല്ലേ പറയാൻ സാധിക്കുകയുള്ളൂ. ഇവിടെ എസ്.എഫ്.ഐ–ക്കാരെ ഓൾ ഇന്ത്യാ കറപ്ഷൻ കമ്മിറ്റി, ഡിസ്ട്രിക്ട് കറപ്ഷൻ കമ്മിറ്റി അങ്ങനെ കമ്മിറ്റിയുണ്ടോ? ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ എസ്.എഫ്.ഐ.–ക്കാരെ ഫാസിസ്റ്റ് എന്നുവിളിച്ചപ്പോൾ ബഹുമാന്യനായ സാഹിത്യനായകനായ അങ്ങയുടെ പ്രതികരണമൊന്നും ഇവിടെ കണ്ടില്ലല്ലോ? ശ്രീ. എ. കെ. ആന്റണി, ശ്രീ. പി. ചിദംബരം, ശ്രീ. ഗുലാംനബി ആസാദ് എന്നിവർ ചേർന്ന് തലൈവരേ....., പെരിയവരേ....., തടൈതലൈവരേ...., അണ്ണാ...., കലൈഞ്ജരേ...., ഇളൈഞ്ജനേ....., തമളിന്നായകരേ...., തങ്കത്തലൈവരേ...., ലോകം കണ്ട തലൈവരേ...., ഉലകനായകനെ അണ്ണാ, തങ്കമേ സൊക്കത്തങ്കമേ ഇങ്ങനെ വിളിച്ചിട്ട് ഇന്ന് ശ്രീ. എ. കെ. സ്റ്റാലിന്റെ വീട്ടിൽ സി.ബി.ഐ. റെയ്ഡ് നടക്കുകയാണ്. ഇന്ന് വിളിക്കുന്നത് ദ്രോഹീ...., ദേശദ്രോഹീ...., ഏമാത്തുക്കാരാ...., വേഷക്കാരാ...., നൻട്രി കെട്ടവനേ...., കൊള്ളൈക്കാരാ...., കടൽക്കാരാ....., പിത്തലാട്ടക്കാരാ...., പച്ചോന്തീ...., സതിക്കാരാ....., കൊടുംപാപീ, സണ്ഡാലാ....., പേയേ....., പിസാസേ...... ഇങ്ങനെ വിളിക്കുകയാണ്. ഇത് കോൺഗ്രസിലല്ലാതെ വേറേ ആർക്കെങ്കിലും സാധിക്കുമോ? ഒരു ദിവസം പൂച്ചെണ്ടും ഷാളുമായി പോയി, പിറ്റേ ദിവസം തോക്കും വിലങ്ങുമായി......, ഇതിനെയെല്ലാം അട്ടിമറിച്ച് കോൺഗ്രസും ബി.ജെ.പി.–യുമില്ലാത്ത ഒരു ഭരണസംവിധാനം നിങ്ങൾ ഏറ്റവുമടുത്ത് നടക്കാൻ പോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ കൊണ്ടുവരുമെന്നും ഈ വോട്ട്

ഓൺ അക്കൗണ്ടിനെ ശക്തിയായി ഞങ്ങൾ നിഷേധിക്കുന്നു എന്ന് പറഞ്ഞു കൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഇവിടെ ശ്രീ. സാജു പോളിന്റെ പ്രസംഗത്തിൽ നീക്കം ചെയ്യപ്പെടേണ്ട ഒത്തിരിയേറെ അൺ പാർലമെന്ററി വേർഡ്സുണ്ട്. അങ്ങ് അത് പരിശോധിക്കണം.

മി. ചെയർമാൻ (ശ്രീ. എം. ഉമ്മർ): എല്ലാം പരിശോധിക്കുന്നതാണ്. അൺപാർലമെന്ററിയായ പദങ്ങളൊന്നും ഉണ്ടാവുകയില്ല എന്ന് ഞാൻ നേരത്തെ റൂളിംഗ് നൽകിയിട്ടുണ്ട്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ ബഡ്ജറ്റുകളുടെ ചരിത്രത്തിൽ കർഷക സ്നേഹം പ്രകടിപ്പിക്കുന്ന ഇവിടത്തെ സാധാരണക്കാർക്ക് ഗുണകരമായ രീതിയിൽ സാമൂഹ്യ ക്ഷേമപെൻഷനുകൾ സർവ്വകാല റെക്കോർഡിടുന്ന തരത്തിൽ വർദ്ധിപ്പിച്ച ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കാതിരിക്കാൻ മാനുഷിക മുഖമുള്ള ആർക്കും കഴിയില്ല എന്നുള്ളതാണ് എന്റെ വിശ്വാസം. ഇവിടെ ഈ ബഡ്ജറ്റിനെതിരായി പലതരത്തിലുള്ള പ്രകടനങ്ങളും നടത്തുന്ന, പ്രതിപക്ഷത്തെ അവഗണിച്ചു എന്നതുൾപ്പെടെയുള്ള പ്രധാനപ്പെട്ട മുദ്രാവാക്യങ്ങൾ വിളിക്കുന്ന ആളുകൾക്ക് ഈ ബഡ്ജറ്റ് പ്രസംഗം ഒന്നു വായിച്ചപ്പോൾ ചെറുതായിട്ട് ഒരു മറുപടി നൽകാൻ എന്റെ കയ്യിലുണ്ട്. ഞാൻ അതിലേയ്ക്ക് വരാം. ലോകരാജ്യങ്ങളിൽ വളർച്ചാനിരക്ക് കൈവരിക്കുന്ന രാജ്യങ്ങളിൽ നാലിലൊന്നായ ഇന്ത്യാ രാജ്യത്ത് ഈ സംസ്ഥാനം നേടിയ വളർച്ചയേക്കാൾ ഏകദേശം 3.3 ശതമാനം വളർച്ച നേടി. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 9.5

ൽനിന്ന് 9.51 ലേയ്ക്ക് വളർച്ച കൈവരിക്കാൻ ഈ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടെങ്കിൽ പ്രിയപ്പെട്ട മാണിസാറിന്റെ ധനകാര്യ മാനേജുമെന്റിനുള്ള ഒരു അപ്രിസിയേഷനായി അതിനെ കാണാതിരിക്കാൻ കഴിയില്ല. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹം തന്നെ നമ്മളെയെല്ലാം ആവേശഭരിതനാക്കി പറഞ്ഞതുപോലെ രണ്ടക്ക വളർച്ചയെന്ന ചരിത്ര നേട്ടത്തിന് അരികിലാണ് ഈ സംസ്ഥാനമെന്ന് പറയുമ്പോൾ എൽ.ഡി.എഫ്. ഭരിച്ച 2007–മുതൽ 2011–വരെയുള്ള കാലഘട്ടങ്ങളിൽ 7.58 ശതമാനമായിരുന്നു സംസ്ഥാനത്തിന്റെ വളർച്ചയെങ്കിൽ ഇന്നത് 9.51 ശതമാനമായി വളർന്നിരിക്കുകയാണ്. യുവാക്കളുടെ പ്രതിനിധിയായി അസംബ്ലിയിൽ വന്ന എന്നെ സംബന്ധിച്ചിടത്തോളം സുസ്ഥിര തൊഴിൽ വികസന പദ്ധതിയെന്ന വളരെ നിർണ്ണായകമായ പ്രഖ്യാപനത്തെ സംബന്ധിച്ച് ഞാനൊരു വാക്ക് പറയാതെപോകുന്നത് ശരിയായിരിക്കില്ല. ഇവിടെ പ്ലെയ്സ്മെന്റ് സെല്ലുകളിലൂടെ, കരിയർ ഡെവലപ്മെന്റ് മിഷനിലൂടെ, സ്റ്റാർട്ട് അപ്പ് സബ്സിഡിയിലൂടെ, ഡി.പി.ആർ. ടു പ്രൊഡക്ഷൻ സപ്പോർട്ടിലൂടെ, തീസീസ്, പേറ്റന്റുകൾ, ഇന്നവേഷൻ ഉൾപ്പെടെ നൽകുന്ന പ്രോത്സാഹനത്തിലൂടെ, ഇന്നവേഷൻ ഗ്രൂപ്പുകൾക്ക് നൽകുന്ന പ്രോത്സാഹനത്തിലൂടെ, കേരളത്തിലെ ചെറുപ്പക്കാരെ സർക്കാർ ജോലിക്കുവേണ്ടി കാത്തിരിക്കുന്ന ഒരുപറ്റം ഭിക്ഷാംദേഹികളായിട്ടല്ല മറിച്ച് അവരിലെ സംരംഭകരെ വളർത്തിയെടുക്കാൻ ചരിത്രത്തിലെ ഏറ്റവും നിർണ്ണായകമായ സംഭാവന നൽകിയ ഒരു ബഡ്ജറ്റായി ഈ ബഡ്ജറ്റ് വിലയിരുത്തപ്പെടുന്നു. പെൻഷൻ പ്രായവർദ്ധനവിനെ സംബന്ധിച്ചെല്ലാം വലിയ വിവാദങ്ങൾക്കും, കേരളം കത്തുമെന്നും സ്തംഭിക്കുമെന്നും

പ്രസംഗിച്ചിരുന്ന ആളുകൾ ഇവിടത്തെ ചെറുപ്പക്കാരെ സഹായിച്ചുകൊണ്ട് അവരുടെ പ്രായം 60 വയസ്സിൽ റിട്ടയർ ചെയ്താൽ മതിയെന്ന് പറഞ്ഞപ്പോൾ ഒരു പ്രതിഷേധ പ്രകടനംപോലും നടത്താൻ കഴിയാതെ മാളത്തിൽ ഒളിച്ചുപോയ ആളുകൾ ഇന്നിവിടെ വന്ന് ചെറുപ്പക്കാരുടെ താൽപ്പര്യം പ്രസംഗിക്കുന്നതിൽ ഒരാത്മാർത്ഥതയുമില്ല. സംരംഭക മിഷനിലൂടെ അതിന്റെ രണ്ടാം സ്റ്റെപ്പിലേയ്ക്ക് കടക്കുമ്പോൾ, ജോലിയന്വേഷിക്കുന്നവരെ ജോബ് സീക്കേഴ്സായിട്ടല്ല മറിച്ച് ജോലി കയ്യിലുള്ള ജോബ് ഹോൾഡേഴ്സായി നമ്മുടെ ചെറുപ്പക്കാരെ കാണണമെന്നുള്ള ആഗ്രഹമാണ് ഈ ബഡ്ജറ്റ് മുന്നോട്ടുവയ്ക്കുന്നത്. ഇവിടെ പ്രതിപക്ഷത്തെ അവഗണിച്ചുവെന്ന് പറഞ്ഞ് വലിയ പ്രസംഗം നടത്തുന്ന ആളുകളുണ്ട്. ഞാൻ ഈ പ്രസംഗത്തിനുവേണ്ടി ബഡ്ജറ്റ് പ്രസംഗം നോക്കിയപ്പോൾ പ്രിയപ്പെട്ട മാണിസാർ ഭരണ പക്ഷത്തെയാണോ അവഗണിച്ചിട്ടുള്ളത് എന്നൊരു സംശയം എനിക്കില്ലാതില്ല. ഈ ബഡ്ജറ്റ് പ്രസംഗം എടുത്തൊന്ന് പരിശോധിക്കുക. കാലിക്കട്ടിലെ മോണോ റെയിലായാലും ശരി, ക്യാൻസർ ചികിത്സാ ഹോസ്പിറ്റലായി ആലപ്പുഴയും കോഴിക്കോടും തെരെഞ്ഞെടുത്തപ്പോൾ, മറൈൻ ആംബുലൻസിനുവേണ്ടി വിഴിഞ്ഞവും വൈപ്പിനും ബേപ്പൂരും തെരെഞ്ഞെടുത്തപ്പോൾ, ഫിഷ് മാൾ കാലിക്കട്ടിന് കൊടുക്കുമെന്ന് പറഞ്ഞപ്പോൾ, തീരദേശ വികസനത്തിന്റെ ഭാഗമായി വിഴിഞ്ഞത്തും കൊല്ലത്തും ബേപ്പൂരിലും പദ്ധതികൾ പ്രഖ്യാപിച്ചപ്പോൾ, കയർ കയറ്റുമതിക്കുവേണ്ടി ആലപ്പുഴയ്ക്ക് 5 കോടി രൂപ കൊടുത്തപ്പോൾ, മണ്ണുജല സംരക്ഷണത്തിന്റെ പേരിൽ കുട്ടനാടും അപ്പർ കുട്ടനാടും പണം അനുവദിച്ചപ്പോൾ, കുട്ടനാട് പൈതൃക പദ്ധതിക്കുവേണ്ടി 5 കോടി രൂപ

നീക്കി വച്ചപ്പോൾ, പടന്നക്കാട് റൈസ് ബ്രീഡിംഗ് കം സീഡ് സെന്റർ തുടങ്ങാൻ തീരുമാനിച്ചപ്പോൾ, ആർത്തുങ്കലും വെള്ളയിലും ഹാർബറിന്റെ പ്രവർത്തനങ്ങൾക്ക് പണം അനുവദിച്ചപ്പോൾ, ചേർത്തല മുനിസിപ്പൽ ടൗൺ ജംഗ്ഷനിലെ വികസനത്തിനുവേണ്ടി പണം അനുവദിച്ചപ്പോൾ, കായംകുളത്ത് ഹൈടെക് ലാബ് അനുവദിച്ചപ്പോൾ തൃക്കരിപ്പൂരിലും വടകരയിലും തലശ്ശേരിയിലും കേപ്പ്-ന്റെ കോളേജുകളിൽ പി.ജി കോഴ്സ് കൊടുത്തപ്പോൾ, വിഴിഞ്ഞത്തും കോവളത്തും 2 കോടി രൂപ കുടിവെള്ളപദ്ധതികൾക്കുവേണ്ടി മാറ്റി വച്ചപ്പോൾ, കഞ്ചിക്കോട് കാറ്റാടിപ്പാടം കൊടുത്തപ്പോൾ, കിൻഫ്രയുടെ കഞ്ചിക്കോട് പാർക്കിൽ ലോകോത്തര നിലവാരമുള്ള തുണിമിൽ കൊടുത്തപ്പോൾ, ഒറ്റപ്പാലത്ത് വ്യവസായ പാർക്ക് കൊടുത്തപ്പോൾ, കൊല്ലം കിൻഫ്രയിൽ ബിസിനസ് പാർക്ക് അനുവദിച്ചപ്പോൾ, കാസർഗോഡ് ഉദുമയിൽ വ്യവസായ പാർക്ക് കൊടുത്തപ്പോൾ, തലശ്ശേരി-മാഹി ബൈപ്പാസിന് പണം കൊടുത്തപ്പോൾ, പൊന്നാനിയിലും കാലിക്കട്ടിലും കോസ്റ്റൽ കോറിഡോറിന്റെ പ്രവർത്തനങ്ങൾ നടക്കുമ്പോൾ, ആലപ്പുഴയിലെ ജലടാക്സി, കായംകുളം കാർട്ടൂണിസ്റ്റ് ശങ്കറിന്റെ സ്മാരകത്തിന് 10 ലക്ഷം രൂപ അനുവദിച്ചപ്പോൾ, മൊയ്തുമൗലവിയുടെ സ്ഥാപനത്തിനുപോലും പണം അനുവദിച്ചപ്പോൾ, ഒ.വി.വിജയന്റെ സ്മാരകത്തിന് പണം അനുവദിച്ചപ്പോൾ, മാവേലിക്കരയിൽ എ.ആർ. രാജരാജവർമ്മയുടെ സ്മാരകത്തിന് പണം അനുവദിച്ചപ്പോൾ, മൂന്നാറിൽ പിക്ച്ചർ ഗ്യാലറിയും മ്യൂസിയവും ഉൾപ്പെടെ അനുവദിച്ചപ്പോൾ, വാഴമുട്ടത്തും ചാലക്കുടിയിലും മലമ്പുഴയിലും വനിതാ ഐ.ടി.ഐ.യ്ക്ക് പണം കൊടുത്തപ്പോൾ, കായിക വിദ്യാഭ്യാസ കോളേജുൾപ്പെടെ കോഴിക്കോടിന്റെ കാര്യത്തിൽ അപ്ഗ്രഡേഷന് പണം കൊടുത്തപ്പോൾ.....

ഞാൻ ഈ പറഞ്ഞ കാര്യങ്ങളിൽ ഒരൊറ്റയെണ്ണം ഭരണപക്ഷത്തെ ഒരു എം.എൽ.എ.യുടെയും കോൺസ്റ്റിറ്റ്യൂവൻസിയിലുമല്ല. അപ്പോൾ "ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോര തന്നെ കൊതുകിന് കൗതുകം" എന്നുപറഞ്ഞതുപോലെ കിട്ടിയതെല്ലാം വാങ്ങിവച്ചിട്ട് പിന്നെയും ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ വേണ്ടി ഇവിടെ നിന്ന് ഇറങ്ങിപ്പോയതുകൊണ്ടൊന്നും ഈ ബഡ്ജറ്റിന്റെ നിഷ്പക്ഷ സ്വഭാവത്തെ ചോദ്യം ചെയ്യാൻ വിവരമുള്ള ആർക്കും സാധിക്കില്ലായെന്നുതന്നെയാണ് എന്റെ വിശ്വാസം.

ശ്രീ. പി.സി. വിഷ്ണുനാഥ് എം.എൽ.എ. ഒരു സബ്മിഷൻ അവതരിപ്പിച്ചു എന്താണ് പറയുന്നത്– 'രാജാജി നിരാഹാരമനുഷ്ഠിച്ചു' 'തൃശ്ശൂരിൽ വീണ്ടും എസ്.എഫ്.ഐ. അക്രമം' വീക്ഷണത്തിന്റെയോ മലയാള മനോരമയുടെയോ മാതൃഭൂമിയുടെയോ പകർപ്പല്ല, ഇത് ജനയുഗമാണ് (പത്രം ഉയർത്തിക്കാട്ടി) സി.പി.ഐ. യുടെ മുഖപത്രമായ ജനയുഗത്തിലെ വാർത്തയാണ്. പടമുൾപ്പെടെയുണ്ട്. ശ്രീ. പന്ന്യൻ രവീന്ദ്രൻ ഉൾപ്പെടെയുള്ള നേതാക്കൾ പരിക്കേറ്റ സഹോദരനെ ആശുപത്രിയിൽ ചെന്ന് സന്ദർശിക്കുന്ന പടം. ഇവിടെ ശ്രീ. പി.സി. വിഷ്ണുനാഥ് എസ്.എഫ്.ഐ.–ക്കാരെ XXXXXXX[1] എന്ന് വിളിച്ചെന്നാണ്, ഫാസിസ്റ്റ് എന്നു വിളിച്ചെന്നാണ് ആക്ഷേപം. സാമൂഹ്യദ്രോഹികളായ അവർ നിരന്തരം അക്രമം അഴിച്ചുവിടുകയാണ്. എസ്.എഫ്.ഐ. എന്ന പേരിന് സ്റ്റുഡന്റ്സ് ഫെഡറേഷൻ ഓഫ് ഇൻഡ്യ എന്നതിന് പകരം സ്റ്റുഡന്റ്സ് ഫാസിസ്റ്റ് ഓഫ് ഇൻഡ്യ എന്നുവിളിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആരാണ്? രമേശ് ചെന്നിത്തലയല്ല സി.പി.ഐ.

[1] സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം നീക്കം ചെയ്തു.

യുടെ രാജാജി മാത്യു തോമസ് എന്ന പഴയ എം.എൽ.എ.യാണ് അവരുടെ പ്രവർത്തകരെ ക്രൂരമായി മർദ്ദിച്ചതുകൊണ്ട് ജനയുഗം പത്രത്തിൽ പറയുന്നത്. എനിക്ക് ഫേസ്ബുക്കിൽ സി.പി.ഐ(എം)–ലെ സുഹൃത്തുക്കൾ മെസേജ് അയയ്ക്കാറുണ്ട്. പഴയ ക്ലാസ്റൂമിലെ ബോർഡുകളിലും ചുവരുകളിലും എഴുതിവച്ചിട്ടുള്ളത് ഞാൻ കണ്ടിട്ടുണ്ട്. ആസ്റ്റർ റിമോളറുടെ പ്രസിദ്ധമായ വാചകം. "First they came for the communist and I didn't speak out because I was in the communist. Then they came for the socialist and I didn't speak out because I was in the socialist. Then they came for the trade unionist and I did not speak out because I was in the trade unionist. Then they came for me, and there was no one left to speak for me". കമ്മ്യൂണിസം ആളുകളുടെ മോചനത്തിനുവേണ്ടിയാണെന്ന് പറയാൻ ക്ലാസ് മുറികളിലും ബോർഡുകളിലും ചുമരുകളിലും ഇവർ എഴുതി വച്ചിട്ടുള്ളതാണ്. അതുപോലെ ആദ്യം എസ്.എഫ്.ഐ. ക്കാർ കെ.എസ്.യു.ക്കാരെ അക്രമിച്ചു. ഇവരാരും പ്രതികരിച്ചില്ല. കാരണം അത് കെ.എസ്.യു.ക്കാരനല്ലേ അടികൊണ്ടോട്ടെ. കോൺഗ്രസ്സുകാരനല്ലേ അടികൊണ്ടോട്ടെ. പിന്നെ ക്ലാസ്മുറികളിൽ പഠിപ്പിക്കുന്ന പാവപ്പെട്ട അദ്ധ്യാപകനെ നാല്പത്തിരണ്ടോളം കുട്ടികളുടെ മുമ്പിലിട്ട് വെട്ടിക്കൊന്നു. അപ്പോഴും പറഞ്ഞു തുണ്ടം തുണ്ടമായി കൊല്ലട്ടെ. അദ്ധ്യാപകൻ ഞങ്ങളുടെ പാർട്ടിയല്ല. പിന്നെ ഓർമ്മ വച്ച കാലം തൊട്ട് ബൈബിളും ഗീതയും ഖുറാനും എന്റെ പാർട്ടിയാണെന്ന് വിശ്വസിച്ചിരുന്ന ടി.പി. ചന്ദ്രശേഖരനെന്ന പഴയ സഖാവിന്റെ മുഖത്ത് 51 വെട്ടുകൾ വെട്ടി. അപ്പോഴും പറഞ്ഞു, പാർട്ടി നേതാവ് അവരെ കുലംകുത്തി എന്ന് വിളി

ച്ചിട്ടുണ്ട് വെട്ടട്ടെയെന്ന്. ഈയിടെ എ.ഐ.എസ്.എഫ്.–കാരെ അക്രമിക്കാൻ തുടങ്ങി, അപ്പോഴും പറഞ്ഞു വല്ലവന്റെയും മക്കളായ എ.ഐ.എസ്.എഫ്.കാരെയല്ലേയെന്ന്. അവസാനം സംസ്ഥാന സമിതി അംഗത്തിന്റെ, പഴയ എം.എൽ.എ.യുടെ മകനെ ആക്രമിച്ചപ്പോൾ, അദ്ദേഹം ആശുപത്രിയിൽ നിരാഹാരമിരുന്നു. അതിനെതിരെ പ്രിയപ്പെട്ട പി.സി. വിഷ്ണുനാഥ് എം.എൽ.എ. ഈ അസംബ്ലിയിൽ പ്രതിഷേധം ഉയർത്തിയപ്പോൾ അതിനെ എതിർക്കുന്നവരുടെ കൂട്ടത്തിൽ പ്രിയപ്പെട്ട സി. ദിവാകരേട്ടനെ ഞാൻ കണ്ടു. പ്രിയപ്പെട്ട തിലോത്തമനുൾപ്പെടെയുള്ള ബഹുമാനപ്പെട്ട അംഗങ്ങൾ സിപി.ഐ(എം)നുവേണ്ടി സംസാരിക്കുന്നത് ഞാൻ കണ്ടു. അവരോട് ഞാൻ പറയുന്നു. ഇന്ന് നിങ്ങളുടെ നേതാവിന്റെ മകനെ ആക്രമിച്ചു. ഇനിയും നിങ്ങൾ മൗനം പാലിച്ചാൽ നാളെ ആക്രമിക്കപ്പെടാൻ പോകുന്നത് നിങ്ങളോരുരുത്തരുമാണ് എന്നുള്ള കാര്യം മറന്നുപോകരുത്. അപ്പോഴും അവർക്കുവേണ്ടി ശബ്ദിക്കാൻ ആരുമില്ലാതിരിക്കില്ല. അവർക്കുവേണ്ടി ശബ്ദിക്കാൻ അക്രമരാഷ്ട്രീയത്തെ എന്നും എതിർക്കുന്ന കോൺഗ്രസ്സും യു.ഡി.എഫും കെ.എസ്.യു.വും ഇവിടെ ഉണ്ടാകുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവർക്ക് സ്റ്റോക്ക്ഹോം സിൻഡ്രോം ബാധിച്ചിട്ടുണ്ടോ എന്നുള്ളതാണ് എന്റെ സംശയം. വിമാനമുൾപ്പെടെയുള്ള തട്ടിക്കൊണ്ടുപോകലുകളൊക്കെ നടക്കുമ്പോൾ ബന്ദികളായ ആളുകൾ ബന്ദികളാക്കുന്ന ആളുകളുമായി പത്ത് ദിവസം കഴിയുമ്പോൾ ഒരു ബന്ധം വരും അതുപോലെ നിരന്തരം ആക്രമണം ഏൽക്കേണ്ടിവരുമ്പോൾ, നിരന്തരം പീഡനം ഏൽക്കേണ്ടി വരുമ്പോൾ ....

ശ്രീ. ജി. സുധാകരൻ : Sir, I am on a valid point of order.

മി.ചെയർമാൻ: ഏതാണ് ചട്ടം?

ശ്രീ. ജി. സുധാകരൻ : വസ്തുതാ വിരുദ്ധമായി, സത്യവിരുദ്ധമായി സംസാരിച്ചുവെന്നതാണ് ചട്ടം. കേരളത്തിലെ കലാലയങ്ങളിൽ ഒരൊറ്റ കെ.എസ്.യു.–കാരൻ പോലും കൊല്ലപ്പെട്ടിട്ടില്ല. എന്നാൽ ഏഴ് എസ്.എഫ്.ഐ.–ക്കാരെ കെ.എസ്.യു.–ക്കാർ കൊല ചെയ്തശേഷം ഇവർ കുഞ്ഞാടിനെപ്പോലെ പരിശുദ്ധരാകുന്നുവെന്ന് പറയുന്നത് ഓർഡറിലാണോ; സത്യമാണോ സർ?

ശ്രീ. ഷാഫി പറമ്പിൽ : കേരളത്തിലെ രാഷ്ട്രീയ കൊലപാതകങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത് ആരാണെന്നുള്ളത് പുതിയ അംഗമായ ഞാൻ പറയാതെതന്നെ എല്ലാവർക്കും അറിയാം. അങ്ങനെയൊക്കെ അവകാശപ്പെടുന്നത് ഓർഡറിലാണോയെന്ന് അദ്ദേഹം സ്വയം ചിന്തിക്കട്ടെ എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ പറഞ്ഞുവന്നത്, ഇവർക്ക് സ്റ്റോക്ക്ഹോം സിൻഡ്രോം ബാധിച്ചിട്ടുണ്ടോ എന്നുള്ളതാണ്. ഇത്തരം കൊടിയ ആക്രമണങ്ങൾക്ക് വിധേയമായി നേതാവിന്റെ മക്കളെ ആശുപത്രിയിൽ വച്ചും കോളേജിൽവച്ചും മർദ്ദിച്ചു. കേസ് എടുത്തതിന്റെ പേരിൽ ആശുപത്രിയിൽ കാണാൻ പോയ നേതാവിനെതിരെ പോലും ഇത്തരത്തിൽ പ്രകടനവും ആക്രമണവും നടത്തുമ്പോൾ അതെല്ലാം സഹിച്ച് സ്റ്റോക്ക്ഹോം സിൻഡ്രോം ബാധിച്ചതുപോലെ ഈ വല്യേട്ടന് കീഴ്പെട്ട് നിൽക്കേണ്ട ഗതികേടിലേയ്ക്ക് ഇവരുടെ പാർട്ടി അധ:പതിച്ചുപോയോ എന്ന സങ്കടമാണ് എനിക്കിവിടെ രേഖപ്പെടുത്തി വയ്ക്കാനുള്ളത്. ബഹുമാന്യരായ നേതാക്കളുടെ ചരിത്രം ഇവിടെ സൂചിപ്പിച്ചു, സി.പി.ഐ. എന്ന പ്രസ്ഥാനത്തിന് ഏറ്റവും കൂടുതൽ ആത്മാഭിമാനത്തോടെ ഉയർത്തിപ്പറയാൻ കഴിയുന്ന കാലഘട്ടമേതാണ്? അഭിമാനത്തോടുകൂടി ഞങ്ങൾ കേരളത്തിലെ മുഖ്യധാരാ പാർട്ടി എന്ന നിലയ്ക്ക് ഞങ്ങൾ

കേരളത്തിലെ ജനങ്ങൾക്ക് ഏറ്റവും ഗുണം ചെയ്ത കാലഘട്ടമേതെന്ന് ചോദിച്ചാൽ ഒരു സംശയവും വേണ്ട കോൺഗ്രസ്സിനോടൊപ്പം ചേർന്ന സി. അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്ന ആ ഭരണ കാലത്തല്ലാതെ ആത്മാഭി മാനം ഉയർത്തിപ്പിടിച്ച് തങ്ങളൊരു മുന്നണിയിലെ ഘടക കക്ഷിയാണെന്ന് പറയാനുള്ള അവസരം ഇവർക്കുണ്ടായിട്ടുണ്ടോ? അടുത്ത കാലത്തായി മുന്ന ണിയുടെ വാതിലുകൾ തുറന്നുവച്ചിരിക്കുന്നുവെന്നൊക്കെയാണ് പറഞ്ഞു കേൾക്കുന്നത്. ഞാൻ ഒരു കാര്യം പറയുന്നു, ആളുകളുടെ നേരെ ഓങ്ങുന്ന ധാർമ്മിക ചെരുപ്പ്, ആ ധാർമ്മിക ചെരുപ്പ് അഴിച്ചുവച്ച് തുറന്നിട്ട വാതിലിലൂടെ ആരെയും അകത്തേയ്ക്ക് പ്രതീക്ഷിക്കേണ്ട മറിച്ച് ആത്മാഭിമാനം സംരക്ഷി ക്കണമെങ്കിൽ ആ വാതിലിലൂടെ സി.പി.ഐ., യു.ഡി.എഫ്-ലേയ്ക്ക് വരണമെ ന്നുള്ളതാണ് എനിക്കിവിടെ മുന്നോട്ടുവയ്ക്കാനുള്ളത്. ആ ഒരു കാലഘട്ടം ഇവർ പാടുന്നുണ്ടാകാം നമ്മളോട് പറയുന്നില്ല,

'മധുരിക്കും ഓർമ്മകളെ മലർ മഞ്ചൽ കൊണ്ടുവരൂ

കൊണ്ടുപോകൂ എന്നെയാ മാഞ്ചുവട്ടിൽ' എന്ന് പറഞ്ഞതുപോലെ ആത്മാഭിമാനം സംരക്ഷിക്കപ്പെടേണ്ട കാലഘട്ടത്തിലേയ്ക്ക് പോകണമെ ങ്കിൽ ആട്ടും തുപ്പും ചവിട്ടും തൊഴുത്തിൽക്കുത്തും അനുഭവിക്കാതെ പുറ ത്തേയ്ക്ക് വരണമെങ്കിൽ ന്യായമായും ഞാൻ പ്രതീക്ഷിക്കുന്നു അവർക്ക് ഞങ്ങളോടൊപ്പം വരികയായിരിക്കും നല്ലത്. എന്തായാലും ബഹുമാന്യനായ മുൻസ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ പ്രസംഗം കേട്ടപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. അദ്ദേഹത്തെപ്പോലെ വിവരമുള്ള, പൊതുപ്രവർത്തന രംഗത്ത് വിശ്വാസ്യതയുള്ള ഒരാൾ ഈ അസംബ്ലിക്കകത്ത് വന്ന് പ്രസംഗം നടത്തുമ്പോൾ ഇൻഡ്യാ രാജ്യത്തെ 83 കോടി ജനങ്ങളും 20 രൂപ

യിൽത്താഴെ വരുമാനമുള്ളവരാണെന്നൊക്കെ പ്രസംഗിച്ചാൽ അതാരാണ് വിശ്വസിക്കാൻ പോകുന്നത്. ഏതോ ഒരു കണക്ക്, രേഖകളിലെ ചരിത്രം, ചരിത്രത്തിൽ നിന്ന് പഠിക്കണം. നമ്മോടൊക്കെ ചരിത്രം പഠിക്കണമെന്ന് പറയുന്ന ആളുകളാണ്. ഈ ചരിത്രത്തിൽ നിന്ന് പറയുന്നു. ഇൻഡ്യാ രാജ്യം സ്വതന്ത്ര കാലഘട്ടത്തിനുശേഷം ഇന്നുവരെയുള്ള വളർച്ചയുടെ കണക്കുകളും രേഖകളും കൂടി എടുത്ത് പരിശോധിക്കാൻ നിങ്ങൾ തയ്യാറാകണം. ഈ രാജ്യത്തിന്റെ ഗോൾഡ് റിസർവ്വ് വരെ പണയം വയ്ക്കേണ്ട കാലഘട്ടത്തിൽനിന്ന് ഈ പറയുന്ന പരിഷ്കരണങ്ങളിലൂടെ ഈ സംസ്ഥാനത്തിന്റെ, ഈ രാജ്യത്തിന്റെ ....

<u>ശ്രീ. സി.കെ. നാണു</u>: സർ, പോയിന്റ് ഓഫ് ഓർഡർ. സ്വതന്ത്ര ഇൻഡ്യയിലും കേരളത്തിലും കോൺഗ്രസ്സും സി.പി.ഐ.യും ഒരുമിച്ച് ഭരിച്ചിട്ടില്ല. അത് രേഖയിൽനിന്ന് തിരുത്തണം.

<u>മി. ചെയർമാൻ</u> : അത് പരിശോധിക്കാം.

<u>ശ്രീ. രാജു എബ്രഹാം</u> : സർ, പോയിന്റ് ഓഫ് ഓർഡർ. ഇൻഡ്യയിലെ അസംഘടിത തൊഴിലാളികളിൽ 80 ശതമാനം ഇരുപത് രൂപയിൽ താഴെ വരുമാനക്കാരാണ് എന്ന് മുൻ സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണൻ പറഞ്ഞത് വാസ്തവ വിരുദ്ധമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്. ഇൻഡ്യയുടെ തൊഴിൽ വകുപ്പ് മന്ത്രാലയം ഏർപ്പെടുത്തിയ അർജ്ജുൻ സെൻ ഗുപ്ത കമ്മീഷൻ രേഖാമൂലം എഴുതി പാർലമെന്റിൽ നൽകിയ റിപ്പോർട്ടിലെ കണക്കാണ് അദ്ദേഹം ഇവിടെ ഉദ്ധരിച്ചത്. ഒരു ഉത്തരവാദിത്തവുമില്ലാതെ ഇത്തരത്തിലുള്ള പ്രസ്താവനകൾ നടത്തുന്നത് ഓർഡറിലാണോ

അത് രേഖയിൽനിന്ന് നീക്കം ചെയ്യണമെന്നാണ് ബഹുമാനപ്പെട്ട ചെയറിനോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. ഷാഫി പറമ്പിൽ : രേഖ പരിശോധിക്കട്ടെ സർ, ഈ രാജ്യത്തെ എൺപത് ശതമാനത്തിലധികം ആളുകളും ഇരുപത് രൂപയിൽ താഴെയുള്ള വരുമാനം കൊണ്ടാണോ അല്ലയോ കഴിയുന്നത് എന്ന് അദ്ദേഹം പ്രസംഗിച്ചതിന്റെ രേഖകൾ പരിശോധിക്കണമെന്ന് ഞാനും ആവശ്യപ്പെടുന്നു. ഇവിടെ മൊറാർജി ദേശായിയുടെ കാലഘട്ടത്തിൽ സ്വർണ്ണം പണയം വച്ചതുകൊണ്ടായിരിക്കാം ചിലപ്പോൾ ഇത്തരത്തിൽ പെട്ടെന്നുള്ള പ്രതികരണങ്ങൾ ഉണ്ടായത്. ഭാരതമെന്ന നാടിനെ സംബന്ധിച്ച് ഇവിടെ പറയുന്നു. ഇവിടത്തെ പാവങ്ങൾക്ക് വേണ്ടി, ഇവിടത്തെ പാവങ്ങൾ പട്ടിണി കിടക്കാതിരിക്കാൻ വേണ്ടി അവർക്ക് തൊഴിലുറപ്പ് പദ്ധതിയിലൂടെ മൂപ്പത്തിമൂവായിരം കോടി രൂപ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽക്കൂടി.......(ബഹളം)...... ഞാൻ തിരുത്തുന്നു സർ, ചന്ദ്രശേഖർ ...അവർ പറയാതെ തന്നെ ഞാൻ തിരുത്തുന്നു.....

മി. ചെയർമാൻ : അദ്ദേഹം തിരുത്തി.

ശ്രീ. ഷാഫി പറമ്പിൽ : പക്ഷേ തിരുത്താൻ കഴിയാത്ത കുറച്ച് കാര്യങ്ങൾ കൂടി ചേർത്ത് വായിക്കാനാഗ്രഹിക്കുന്നു. ലോകത്തെ മുഴുവൻ രാജ്യങ്ങളിലും തങ്ങളുടെ തൊഴിലാളികളെ അതാത് പ്രസ്ഥാനങ്ങളിൽനിന്ന് പിരിച്ചുവിട്ടതിന്റെ കണക്കുകൾ ലോകത്തോട് പറഞ്ഞുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ സാമ്പത്തിക മാന്ദ്യം ലോകത്തെയാകെ ഗ്രസിച്ചിരിക്കുന്നുവെന്ന് പറഞ്ഞുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ജോലിയെടുക്കാൻ തയ്യാറുള്ള മുഴുവൻ ആളുകൾക്കും ഏറ്റവും ചുരുങ്ങിയത് നൂറ് ദിവസമെങ്കിലും തൊഴിൽ കൊടുക്കാൻ വേണ്ടി മുപ്പത്തിമൂവായിരം കോടി രൂപ നീക്കിവയ്ക്കാൻ ഭാരതമെന്ന രാജ്യത്തിന് വർഷാവർഷങ്ങളിൽ കഴിയുന്നുണ്ടെങ്കിൽ

അതിനെ ചെറുതായി കാണാൻ പറ്റുമോ? അതുപോലെ ഭാരത് നിർമ്മാൺ – അറുപതിനായിരം കോടി രൂപ, ഭക്ഷ്യസുരക്ഷാ നിയമം – ഇവിടെ പറയുന്നല്ലോ പട്ടിണി കിടന്ന് മരിക്കുന്നെന്ന്, ആ പട്ടിണിക്കാർ ഏറ്റവും കൂടുതലുള്ള സംസ്ഥാനം മൂന്ന് പതിറ്റാണ്ടുകാലം ഇവരുടെ കോട്ടകൊത്തളമാണെന്ന് അവകാശപ്പെട്ട ബംഗാളാണെന്ന് ഇവർക്കാർക്കെങ്കിലും നിഷേധിക്കാൻ കഴിയുമോ? അവർക്കുകൂടി ഭക്ഷണം കൊടുക്കാൻ വേണ്ടി തൊണ്ണൂറായിരം കോടി രൂപ. ഇവിടെ സൂചിപ്പിച്ചു, റൈറ്റ് ടു എഡ്യൂക്കേഷൻ – നാല്പതിനായിരം കോടി രൂപയിലൂടെ ഇവിടത്തെ സാധാരണക്കാരുടെ മക്കൾ കലാലയങ്ങളിലേയ്ക്ക് പോകുന്നുവെന്ന് ഉറപ്പുവരുത്താൻ ശ്രമം നടത്തിയപ്പോൾ, റിലയൻസിനും ടാറ്റയ്ക്കും ബിർളയ്ക്കുംവേണ്ടിയല്ല ഇവിടത്തെ സാധാരണക്കാരനുവേണ്ടി പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണ് എന്നുള്ളതിന് എത്ര ഉദാഹരണങ്ങൾ ഈ വേദിയിൽ വച്ച് നമുക്ക് പറയാൻ കഴിയും. അതുകൊണ്ട് ഈ ഗവൺമെന്റിനെ ഈ ജനക്ഷേമ ബജറ്റിനെ തള്ളിക്കളഞ്ഞുകൊണ്ട് അതിനെതിരെ ഇല്ലാത്ത പ്രതിഷേധങ്ങൾ ഉണ്ടാക്കിക്കൊണ്ട് മറ്റു പ്രശ്നങ്ങളിലേയ്ക്ക് ശ്രദ്ധ തിരിച്ചുകൊണ്ടുപോകുന്നത് ശരിയല്ല. ഒരു കാര്യം ഞാൻ പറയാം എന്റെ കയ്യിലിരിക്കുന്ന പുസ്തകം എസ്.കെ. പൊറ്റക്കാടിന്റെ ഒരു ദേശത്തിന്റെ കഥയാണ്. ഞാൻ ഇതിലെ പ്രധാനപ്പെട്ട ഭാഗങ്ങൾ വായിക്കാൻ ഉദ്ദേശിക്കുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പ്രസംഗത്തിൽ ഇന്നലെ പറഞ്ഞു, എസ്.കെ പൊറ്റക്കാടിന്റെ കഥാപാത്രമായ ഓമഞ്ചിയുടെ ഡയറിയിൽ കാണുന്നതുപോലെ ചായകുടി–അരയണ, മുറുക്കാൻ–കാലണ, പിന്നെ മറ്റൊന്ന് പൂജ്യം എന്ന് പറയുന്നുണ്ട്. പ്രതിപക്ഷനേതാവിന്റെ ഉദാഹരണ സഹിതമായുള്ള വ്യക്തമാക്കൽ അത് സദുദ്ദേശപരമാണോയെന്ന് സംശയം ജനിപ്പിക്കുന്ന തരത്തിലാണ് ഈ പുസ്തകത്തിൽ

ആ കഥാപാത്രത്തിന്റെ കിടപ്പ്. ശ്രീമതി ലതികാ സുഭാഷിനെതിരെ, ശ്രീമതി സിന്ധു ജോയിക്കെതിരെ, ശ്രീമതി സോണിയാ ഗാന്ധിക്കെതിരെ അതു പോലെ ശ്രീ. അബ്ദുൾ കലാമിനെതിരെ നിരവധിയായ ആളുകൾക്കെതിരെ സഭ്യേതരമായ പദപ്രയോഗങ്ങൾ നടത്തിയിട്ടുള്ള ആളുകൾ ഇവിടെ വന്ന് ഇതൊക്കെ പ്രസംഗിച്ചതുകൊണ്ട് കാര്യമുണ്ടോ? ഈ ഗവൺമെന്റിനെ ഇട ക്കാലത്തുവച്ച് താഴെ വീഴ്ത്താമെന്നും കസേരകൾ മാറാമെന്നുമൊക്കെ പ്രതീ ക്ഷിച്ച് ആരെങ്കിലുമിരിക്കുന്നുണ്ടെങ്കിൽ ആ കാത്തിരിപ്പ് അനന്തമായി നീളാൻ പോകുകയാണ്. ഈ ഗവൺമെന്റും പ്രിയപ്പെട്ട മാണിസാറിന്റെ ഈ ബഡ്ജറ്റും കേരള ചരിത്രത്തിലെ വികസന നാഴികക്കല്ലിൽ സുപ്രധാനമായ ഏടുകളിൽ സുവർണ്ണ ലിപികളാൽ എഴുതപ്പെടും. രണ്ടക്ക വളർച്ചയെന്ന കേര ളത്തിന്റെ സ്വപ്ന പദ്ധതിയിലേയ്ക്ക് പ്രിയപ്പെട്ട മാണിസാറിന്റെ നേതൃത്വ ത്തിൽ, ബഹുമാന്യനായ ഉമ്മൻ ചാണ്ടി സാറിന്റെ നേതൃത്വത്തിൽ ഈ ഗവൺമെന്റ് നടന്നടുക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല എന്ന് സൂചി പ്പിച്ചുകൊണ്ട് ഞാൻ നിറുത്തുന്നു.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനയെ എതിർക്കുകയാണ്. ഇവിടെ ഭരണപക്ഷവും പ്രതിപക്ഷവും എന്നുള്ള നില യിൽ വളരെ വേർതിരിവോടുകൂടിയാണ് പ്രശ്നങ്ങളെ കാണുന്നതെന്നുള്ള ഗൗരവതരമായ ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. അതിന് ഇന്ന് രാവിലത്തെ അടിയന്തരപ്രമേയം എടുത്ത് പരിശോധിച്ചാൽ മാത്രം മതി. അടിയന്തരപ്രമേ യത്തിന് ആഭ്യന്തര വകുപ്പുമന്ത്രി മറുപടി പറഞ്ഞത് വെറും രണ്ട് മിനിട്ടുകൊ ണ്ടാണ്. കൂടാതെ മറ്റൊരു സബ്മിഷനും ഇവിടെ അവതരിപ്പിക്കുകയുണ്ടായി. ഭരണകക്ഷിയുടെ ഭാഗത്തുനിന്നുള്ള സബ്മിഷനായതിനാൽ അതിന് മുക്കാൽ

മണിക്കൂർ മറുപടി നൽകി. ഇതാണ് ഭരണപക്ഷത്തുള്ളവർ കാണിക്കുന്ന ഒരു രീതി. ബഡ്ജറ്റിന്റെ കാര്യത്തിൽ മാത്രമല്ല, എല്ലാ കാര്യങ്ങളിലും ഇത് തുടരുകയാണ്. ജനങ്ങളുടെമേൽ നികുതിഭാരം അടിച്ചേൽപ്പിച്ചുകൊണ്ടും കുറച്ച് നികുതി വെട്ടിക്കുറച്ചുകൊണ്ടുമുള്ള ഒരു ബഡ്ജറ്റാണ് മാണിസാർ ഇവിടെ അവതരിപ്പിച്ചത്. 1138 കോടി രൂപയുടെ അധികനികുതിയിൽ 600–കോടി രൂപയും വാറ്റ് ഇനത്തിലുള്ളതാണ്. സ്വാഭാവികമായും നിത്യോപയോഗ വസ്തുക്കളുടെ വിലക്കയറ്റംകൊണ്ട് പൊറുതിമുട്ടുന്ന കേരളത്തിലെ ജനങ്ങളുടെ മേൽ പുതിയ ഭാരം അടിച്ചേൽപ്പിക്കുവാൻ മാത്രമേ ഇത് സഹായകമാകൂ. അതേസമയം 67.78 കോടി രൂപയുടെ നികുതിയിളവ് അനുവദിച്ചിട്ടുണ്ട്. ആ ഇളവ് അനുവദിച്ചതിലൂടെ സംസ്ഥാനത്തിന് യാതൊരു വിധത്തിലുള്ള പ്രയോജനവും ലഭിക്കുകയില്ല, മറിച്ച് പരമാവധി നഷ്ടം വരുത്തിവയ്ക്കുന്ന രൂപത്തിലുള്ളതാണ്. അതേസമയം ടൂറിസം പോലുള്ള മേഖലകളിയായിരുന്നു ഇത് അനുവദിച്ചിരുന്നതെങ്കിൽ തീർച്ചയായും കേരളത്തിന്റെ ടൂറിസം വികസനത്തിനും പൊതു പുരോഗതിക്കും സഹായകരമാകുമായിരുന്നു. ഇവിടെ റേഷൻ സാധനങ്ങൾ ഒരു കാലത്തുമില്ലാത്തതുപോലെ കരിഞ്ചന്തയിൽ വിറ്റഴിച്ചുകൊണ്ടിരിക്കുകയാണ്. വളരെ ഗൗരവമായ ആക്ഷേപം ഈ സഭയിൽ ചർച്ചയ്ക്ക് വന്നതാണ്. ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടിട്ടും ബി.പി.എൽ. കാർഡ് ലഭിക്കാതെ പന്ത്രണ്ട് ലക്ഷത്തോളം കുടുംബങ്ങൾ എ.പി.എൽ. കാർഡിൽ കിടക്കുകയാണ്. അതിന്റെ ഫലമായി ഇവർക്ക് നൽകുന്നതിനുള്ള വിലകുറഞ്ഞ അരിയാണ് പൊതുമാർക്കറ്റിലെ കരിഞ്ചന്തയിലേയ്ക്ക് ഒഴുകിക്കൊണ്ടിരിക്കുന്നത്. ഇത് തടയണമെന്നാവശ്യപ്പെട്ടപ്പോൾ വളരെ വിചിത്രമായ ഒരു മറുപടിയാണ് ഇന്നലെ മുഖ്യമന്ത്രി ഇവിടെ നൽകി

യത്. സബ്സിഡി ബാങ്ക് വഴി നൽകുക എന്നുള്ളത് മാത്രമാണ് കരിഞ്ച ന്തയും കൊള്ളയും അവസാനിപ്പിക്കുവാൻ ഏകമാർഗ്ഗമെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. എ.പി.എൽ, ബി.പി.എൽ, അർദ്ധ ബി.പി.എൽ, ആശ്രയ എന്നി ങ്ങനെ പല രൂപത്തിലാണ് ഇപ്പോൾ റേഷൻ കാർഡുകൾ നൽകിക്കൊണ്ടിരി ക്കുന്നത്. എല്ലാ റേഷൻകാർഡ് ഉടമകൾക്കും ന്യായമായ വിലയ്ക്ക് അരിയും മണ്ണെണ്ണയും ഗോതമ്പും പഞ്ചസാരയും ലഭിക്കുമെന്നുള്ള ഉറപ്പ് വരുത്തി യാൽ കരിഞ്ചന്ത തടയാൻ എളുപ്പമാണ്. അത്തരമൊരു നടപടി സ്വീകരിക്കു ന്നതിനുപകരം റേഷൻ സമ്പ്രദായം തന്നെ അവസാനിപ്പിക്കുക എന്നുള്ള ഒരു നിർദ്ദേശമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ സഭയിൽ അവതരിപ്പിച്ചത്. മാത്രമല്ല, ഇവിടെ 9.5 ശതമാനത്തിന്റെ വളർച്ചയുണ്ടായി എന്നാണ് പറയുന്ന ത്. സേവനമേഖലയെ അടിസ്ഥാനപ്പെടുത്തിയാണ് ഈ വളർച്ച ഉണ്ടായിരി ക്കുന്നതെന്ന് കാണാൻ സാധിക്കും. അതേസമയം ഇവിടത്തെ വ്യാവസായിക രംഗവും കാർഷിക രംഗവുമടക്കമുള്ള ഉൽപ്പാദനമേഖലയുമായി ബന്ധപ്പെട്ട് യാതൊരു വളർച്ചയും ഉണ്ടായിട്ടില്ല എന്നുമാത്രമല്ല പിന്നോട്ടുപോക്കാണ് സംഭവിച്ചിരിക്കുന്നതെന്ന് കാണാൻ സാധിക്കും. ഇവിടെ ബഡ്ജറ്റ് അവതരി പ്പിക്കുമ്പോൾ നിലവിലുള്ള സമ്പത്ത് കേരളത്തെയാകെ കണ്ടുകൊണ്ട് അവത രിപ്പിക്കുന്ന ഒരു നടപടിയല്ല മാണി സാർ സ്വീകരിച്ചത്. 67 എം.എൽ.എ. മാർക്ക് കാര്യമായി ഒന്നുംനൽകാതെ ഏകപക്ഷീയമായി ഒരു ഭാഗത്തെമാത്രം, അതുപറയുമ്പോൾ ഭരണകക്ഷി അംഗങ്ങളേയും ബഡ്ജറ്റിൽ ആദ്യം വേണ്ടത്ര രീതിയിൽ അംഗീകരിക്കാതെയാണ് ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ച ത്. അതിനുശേഷം വലിയ എതിർപ്പ് വന്നപ്പോൾ മറുപടി പറയുന്ന സമയത്ത് എടുത്ത ഒരു സമീപനം, കോൺഗ്രസ്സിലും അപ്പുറത്തും പിണങ്ങി

നിൽക്കുന്നവരെ ഓരോരുത്തരെ വിളിക്കുകയും അവർ നൽകുന്ന കുറിപ്പിന്റെ അടിസ്ഥാനത്തിൽ ഒരോന്നോരോന്ന് കൊടുക്കുകയുമാണ് ചെയ്തത്. ഇതുകൊണ്ട് ഒരു നേട്ടവും ഉണ്ടാകുകയില്ലെന്ന് മാത്രമല്ല മാണി സാറിന് ഇത് പ്രഖ്യാപിക്കുന്നതിൽ ഒരു വിഷമവുമില്ല. കാരണം കഴിഞ്ഞ ബഡ്ജറ്റിൽ 250 പ്രോജക്ടുകളാണ് പ്രഖ്യാപിച്ചത്. അതിൽ 158 പ്രോജക്ടുകളും നടപ്പിലാക്കാത്ത ഒരു ഗവൺമെന്റും അതിന്റെ മന്ത്രിക്കും എത്ര വാഗ്ദാനങ്ങൾ നൽകുന്നതിനും കുഴപ്പമില്ല. അതിവേഗ റെയിൽവേ കോറിഡോർ, മോണോ റെയിൽ പദ്ധതി, വിഴിഞ്ഞം പദ്ധതി, ഹൈടെക് കൃഷി രീതി, റൈസ് ബയോ പാർക്ക്, നാളികേര ബയോപാർക്ക്, ഗ്രീൻ ഹൗസ് പദ്ധതി, സീപ്ലെയിൻ, സ്വയം സംരംഭക വികസന മിഷൻ ഈ പദ്ധതികളെല്ലാം കഴിഞ്ഞ പ്രാവശ്യം നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിച്ചില്ല എന്നുമാത്രമല്ല, ഈ ബഡ്ജറ്റിൽ ഒന്നുകിൽ വേഷം മാറ്റി അല്ലെങ്കിൽ പുതിയ രൂപത്തിൽ അവതരിപ്പിച്ചിരിക്കുകയാണ്. അതുകൊണ്ട് ശ്രീ. മാധവൻ ചേട്ടനെപ്പോലുള്ള എം.എൽ.എ.മാർ പറയുന്ന സമയത്ത് ഇതെല്ലാം ഇങ്ങനെ ചുണ്ടത്ത് പുരട്ടിപ്പുരട്ടി തന്നുവിടുകയാണ്. വർഷങ്ങൾ കഴിയുമ്പോൾ ഇതിൽ ദുഃഖിക്കേണ്ടിവരും. ഇവിടെ ഒരു കാര്യവും നടക്കാൻ പോകുന്നില്ല. ഇതാണ് മാണിസാറിന്റെ ബഡ്ജറ്റുമായി ബന്ധപ്പെട്ട് ഇവിടെ നടന്നുകൊണ്ടിരിക്കുന്നതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ സഭയ്ക്ക് പുറത്ത് യു.ഡി.എഫ്. ഇന്നൊരു അപഹാസ്യ കഥാപാത്രമായി മാറിയിരിക്കുകയാണ്. എന്താണ് ഇവിടെ നടക്കുന്നതെന്ന് ജനങ്ങൾ അത്ഭുതപ്പെടുകയാണ്. ഒരു മന്ത്രിയെ സംബന്ധിച്ച് ഏറ്റവും അപഹാസ്യമായ രൂപത്തിൽ ചീഫ് വിപ്പ് പരസ്യപ്രഖ്യാപനം നടത്തുകയാണ്. ഇക്കാര്യം സംബന്ധിച്ച് സഭയിൽ ഗൗരവമായ ചർച്ച നടത്തുമ്പോൾ

എഴുന്നേറ്റ് നിന്ന് ഒരു വാക്ക് പറയാൻപോലും ചീഫ് വിപ്പിനെ അനുവദിച്ചില്ല. അദ്ദേഹം പതുക്കെ പൊങ്ങാൻ തുടങ്ങിയെങ്കിലും ആഭ്യന്തര വകുപ്പുമന്ത്രി കയ്യിൽപിടിച്ച് അവിടെ ഇരുത്തുകയാണ് ചെയ്തതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അദ്ദേഹത്തിന് മറുപടി പറയാൻ സാധിക്കാത്തതുകൊണ്ടാണോ? കാരണം ശ്രീ. പി.സി. ജോർജ് വാ തുറന്നാൽ ഈ ഗവൺമെന്റിന് താഴെ പോകേണ്ടിവരും. അതാണ് സത്യം. അതുകൊണ്ട് ശ്രീ. പി.സി. ജോർജിനെ നിങ്ങൾ മിണ്ടാതിരുത്തുകയാണ് ചെയ്തത്. ആരും അടുത്തേയ്ക്ക് വരാതിരിക്കാൻവേണ്ടി ഒരു മോശമായ സത്വത്തെ മുമ്പിൽ നിറുത്തി ശ്രീ. ഉമ്മൻ ചാണ്ടി ഇങ്ങനെ കളിച്ചുകൊണ്ടിരിക്കുകയാണ്. അതല്ലേ ഇവിടത്തെ സത്യം? വീടിന്റെ മുമ്പിൽ കോലംകെട്ടി നിറുത്തുന്നതുപോലെ എന്തുവന്നാലും തടഞ്ഞുനിറുത്താൻ സാധിക്കുന്ന രൂപത്തിൽ ശ്രീ. പി.സി. ജോർജിനെ മുന്നിൽ നിറുത്തി അദ്ദേഹത്തിന്റെ മറവിൽ നിന്നുകൊണ്ടാണ് ശ്രീ. ഉമ്മൻചാണ്ടി ഇവിടെ രാഷ്ട്രീയം കളിച്ചുകൊണ്ടിരിക്കുന്നത്. ഇതല്ലാതെ കേരളത്തിലെ ജനങ്ങൾക്ക് പ്രയോജനമുള്ള ഒരു കാര്യവും ശ്രീ. ഉമ്മൻ ചാണ്ടി ഇവിടെ ചെയ്യുന്നില്ല. ഭരണ നടപടികളുമായി ബന്ധപ്പെടുത്തി പരിശോധിക്കുമ്പോൾ കോൺഗ്രസ്സുകാർക്ക് ഈ ബഡ്ജറ്റിൽ വലുതായി ആഹ്ളാദിക്കാനൊന്നുമില്ല. ഭൂരഹിതർ ഇല്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുമെന്ന് നിങ്ങൾ പറഞ്ഞു. നിങ്ങൾക്കാവശ്യം 700 കോടി രൂപയാണ്. എത്ര കോടി രൂപയാണ് നിങ്ങൾ മാറ്റിവച്ചത്? മൂന്ന് കോടി രൂപയാണ് നിങ്ങൾ മാറ്റി വെച്ചിരിക്കുന്നത്. അതേസമയം ഹൗസിംഗ് ബോർഡിന് 600 കോടി രൂപ മാറ്റി വച്ചിട്ടുണ്ട്. കോൺഗ്രസ്സിന് നല്ലവേലയാണ് മാണിസർ വച്ച് തന്നിരിക്കുന്നതെന്നുള്ള കാര്യവും കൂടി ഞാൻ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പര

സ്പരമുള്ള ചക്കളത്തിപ്പോരാട്ടമാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. ഒരു തരത്തിലുള്ള ഭരണ നടപടികളും ഇവിടെ നടക്കുന്നില്ല എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. എം.എൽ.എ. മാരെ അപമാനിക്കുക, ആരെങ്കിലും എന്തെങ്കിലും കാര്യം പറഞ്ഞിട്ടുണ്ടെങ്കിൽ പറയുന്നവരെ കളിയാക്കുക, അപമാനിക്കുക തുടങ്ങിയ കാര്യങ്ങളാണ് നടത്തുന്നത്. അതിനപ്പുറം കടക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ.

ഐ.എ.വൈ പദ്ധതിക്ക് രണ്ടു ലക്ഷം രൂപ വീതം അനുവദിക്കാൻ തീരുമാനിച്ചുകൊണ്ടുള്ള ഓർഡർ ഇറക്കിയത് മാർച്ച് മാസം 14-ാം തീയതിയാണ്. എന്നാൽ മാർച്ച് 31-നുമുമ്പ് പ്രോജക്ട് പൂർത്തിയാക്കിയില്ലെങ്കിൽ പണം നൽകുന്നതല്ല. എങ്ങനെയാണ് ഈ പദ്ധതി ഇവിടെ നടപ്പിലാക്കാൻ പോകുന്നത്; യഥാർത്ഥത്തിൽ ഇവിടെ നടപ്പിലാക്കാൻ വേണ്ടിയുള്ള പദ്ധതിയാണോ ഇത്; ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുവദിച്ച കുറേയധികം പണം തിരിച്ചു പിടിച്ചതായി വന്നിട്ടുള്ള വാർത്തയിൽ വസ്തുതയുണ്ടോ; ഇക്കാര്യങ്ങളിൽ നിങ്ങൾ എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. അപ്പോൾ, തീർച്ചയായും കേരളത്തിന്റെ പുരോഗതിയെ തകർക്കുന്ന, കേരളത്തിന്റെ രാഷ്ട്രീയ മണ്ഡലങ്ങളെ അങ്ങേയറ്റം മലീമസമാക്കുകയും ദുർഗന്ധപൂർണ്ണമാക്കുകയും ചെയ്യുന്ന ഒരു സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റും ഇവിടത്തെ മന്ത്രിമാരും ചീഫ് വിപ്പും മറ്റുള്ളവരും ഇവിടെ നടത്തിക്കൊണ്ടിരിക്കുന്ന വിഴുപ്പലക്കൽ കേരളത്തിന് അപമാനകരമാണ്. കേരളത്തിലേയ്ക്ക് സഞ്ചാരികളായി വരുന്നവരും അല്ലാത്തവരും ഇതെല്ലാം കണ്ടുംകേട്ടും പോവുകയാണല്ലോ. കേരളത്തെ പൊതുവിൽ അഭിമാനത്തോ

ടുകൂടിയാണ് എല്ലാവരും കണ്ടുകൊണ്ടിരുന്നതെങ്കിൽ ഇന്ന് ആ അവസ്ഥയ്ക്ക് മാറ്റമുണ്ടായിരിക്കുന്നു. പരസ്പരമുള്ള വിഴുപ്പലക്കലിന്റെ ഫലമായി കേരളത്തിന്റെ അവസ്ഥ തന്നെ മാറിയിരിക്കുന്നു. കേരളം ഒരിഞ്ച് മുന്നോട്ടല്ല പിന്നോട്ടാണ് പോയിക്കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ എല്ലാ രംഗവും തകർച്ചയിലേയ്ക്കാണ് പോയിക്കൊണ്ടിരിക്കുന്നത്. ഈ അവസ്ഥയ്ക്ക് മാറ്റം വരണം. കേരളത്തെ മൊത്തത്തിൽ കണ്ടുകൊണ്ടുള്ള, കേരളത്തിന്റെ പുരോഗതിയെ ലാക്കാക്കിയുള്ള പദ്ധതികളായിരുന്നു എൽ.ഡി.എഫ് ഗവൺമെന്റിന്റേത്. എൽ.ഡി.എഫ്–ന്റെ ഭരണകാലത്ത്, നിങ്ങൾ ഇവിടെ അഞ്ച് വർഷം പ്രതിപക്ഷത്തിരുന്ന സന്ദർഭത്തിൽ സഖാവ് തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിന്റെ ഭാഗമായി ഏതെങ്കിലും പ്രതിപക്ഷ എം.എൽ.എ. മാരുടെ മണ്ഡലങ്ങളിൽ ഒന്നും കിട്ടിയില്ലെന്ന ആക്ഷേപം പറയാൻ കഴിയുമായിരുന്നോ? ഇന്ന് ശ്രീ. കെ. എം. മാണി പറഞ്ഞത്, പ്രതിപക്ഷാംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപ്പോയതുകൊണ്ടാണ് പ്രതിപക്ഷാംഗങ്ങൾക്കുവേണ്ടി പദ്ധതികളൊന്നും പ്രഖ്യാപിക്കാതിരുന്നതെന്നാണ്. പ്രതിപക്ഷാംഗങ്ങൾ സഭയിൽനിന്ന് ഇറങ്ങിപ്പോയതുകൊണ്ടാണോ ശ്രീ. കെ. എം. മാണി പദ്ധതികളൊന്നും പ്രഖ്യാപിക്കാതിരുന്നത്? അങ്ങനെയാണെങ്കിൽ പ്രതിപക്ഷാംഗങ്ങൾ ഇറങ്ങിപ്പോയതുകൊണ്ട് കേരളത്തെ കേരളമായി കാണാതിരിക്കാൻ മാണിസാറിന് കഴിയുന്നതെങ്ങനെയാണ്; അതിനെ അനുകൂലിക്കാൻ ഭരണകക്ഷി ബഞ്ചുകൾക്ക് കഴിയുന്നതെങ്ങനെയാണ്? ഭരണം മാറി വരുന്ന സന്ദർഭത്തിൽ ഓരോരുത്തരോടും വ്യക്തിപരമായ പക തീർക്കാനാണ് ഇത്തരം സമീപനങ്ങളും അധികാരവും ഉപയോഗിക്കുന്നതെങ്കിൽ അത് കേരളത്തെ എങ്ങോട്ടേയ്ക്കായിരിക്കും നയിക്കുന്നത്? ഞങ്ങളുടെ ജില്ലയോട് ഈ ബഡ്ജറ്റിൽ എടുത്തിരിക്കുന്ന സമീപനമെന്താണ്? ഏറ്റവും കൂടുതൽ കൃഷിക്കാരുള്ള, കൃഷിക്കാരുടെ ജില്ല

യായ ഇടുക്കിയിലെ ഏറ്റവും ഗൗരവമുള്ള പ്രശ്നം ഏലത്തിന്റെ വിലത്തകർച്ചയാണ്. അവിടത്തെ ഏലം കർഷകരെ വിലത്തകർച്ചയിൽ നിന്നും സംരക്ഷിക്കാൻ ചെറിയൊരു പദ്ധതിയെങ്കിലും പ്രഖ്യാപിക്കാമായിരുന്നില്ലേ? വ്യക്തിപരമായി വേണ്ട, വ്യക്തിപരമായി തരാത്തതുകൊണ്ട്, രാഷ്ട്രീയ പ്രവർത്തനം നടത്തുന്നവർ പൊതുപ്രവർത്തകരല്ലെന്ന് അവിടത്തെ നാട്ടുകാർ പറയുമെന്നൊന്നും ഞാൻ കരുതുന്നില്ല. നിങ്ങൾ ഒരു പ്രദേശത്തേയും മണ്ഡലത്തേയും അവിടത്തെ ജനങ്ങളേയും അവഹേളിക്കുന്നതും, രാഷ്ട്രീയ വൈരാഗ്യത്തോടുകൂടി വികസനത്തിനെതിരെ പുറംതിരിഞ്ഞ സമീപനം സ്വീകരിക്കുന്നതിനും ജനങ്ങൾ നിങ്ങളോട് മറുപടി പറയും. അത് വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ വളരെ ഭംഗിയായി കാണാൻ പോവുകയാണ്. ഈ അഹങ്കാരത്തിനും ധിക്കാരത്തിനും കേരളത്തിലെ ജനങ്ങൾ ചുട്ട മറുപടി തരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഒരിക്കൽ കൂടി എതിർക്കുകയാണ്.

<u>ശ്രീ. പി. ബി. അബ്ദുൾ റസാഖ്</u>: സർ, ബഹുമാനപ്പെട്ട മാണിസാർ അവതരിപ്പിച്ച ചരിത്രപരമായ പതിനൊന്നാമത്തെ ബഡ്ജറ്റിനെ തികഞ്ഞ അഭിമാനത്തോടെയും സന്തോഷത്തോടെയും സ്വാഗതം ചെയ്തുകൊണ്ട് ഇവിടെ അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുകയാണ്. സംസ്ഥാനത്തിന്റെ ഏറ്റവും വടക്കേയറ്റത്ത് സപ്തഭാഷാ സംഗമഭൂമിയിൽ നിന്നും ജനപ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ തിരുവനന്തപുരത്തു വന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ആദ്യമായി നൽകിയ നിവേദനം, നാലുപതിറ്റാണ്ടിലേറെയായി മഞ്ചേശ്വരത്തുകാർ ആവശ്യപ്പെടുന്ന മഞ്ചേശ്വരം താലൂക്ക് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കണമെന്നതായിരുന്നു. ആ വലിയ സ്വപ്നമാണ് ഇന്നലെ ഈ സഭയിൽ ബഹുമാന

പ്പെട്ട മാണിസാർ പ്രഖ്യാപിച്ചത്. മഞ്ചേശ്വരത്തെ മുഴുവൻ ജനങ്ങളുടെയും നന്ദിയും കടപ്പാടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും മാണിസാറിനേയും യു.ഡി.എഫ്. സർക്കാരിനേയും അറിയിക്കുന്നതിന് ഈ അവസരം വിനിയോഗിക്കുകയാണ്. ഭാഷാ ന്യൂനപക്ഷങ്ങൾക്കുവേണ്ടി ...................

“സൊൾമേലു......സൊൾമേലു........സൊൾമേലു.

തുളുനാടെ ജനമാനിലേന സൊൾമേലു.

താലൂക്കു സാങ്കേര മാൽതി കൊറിന

യു.ഡി.എഫ് സറക്കാറൊടു സൊൾമേലു..............

സപ്തഭാഷാ സംഗമ ഭൂമിയാദ മഞ്ചേശ്വരക്കെ–

താലൂക്ക് കൊടുഹെ നീതടി

യു.ഡി.എഫ്. സർക്കാറക്കെ നമ്മെ വരുതെ അഭിനന്ദനെ.......” മഞ്ചേശ്വരത്തെ ജാതിമത രാഷ്ട്രീയ ഭേദമന്യേ മുഴുവൻ ആളുകളും മാണിസാറിന്റെ പ്രഖ്യാപനം വന്നതുമുതൽ വലിയ ആഹ്ലാദത്തിലാണ്. മധുരപലഹാരങ്ങൾ വിതരണം ചെയ്തും യു.ഡി.എഫ് സർക്കാരിന് അഭിവാദ്യമർപ്പിച്ചും നാടുമുഴുവൻ ആഘോഷിക്കുകയാണ്. പല മേഖലകളിലും കാസർഗോഡിന്റെ അവസ്ഥ വളരെ ദയനീയമാണ്. പ്രഭാകരൻ കമ്മീഷൻ നൽകിയ റിപ്പോർട്ടിൽ ഈ പിന്നോക്കാവസ്ഥയുടെ ദയനീയമായ ചിത്രം വരച്ചുകാണിച്ചിട്ടുണ്ട്. ഇന്നലെ എന്റെ സഹപ്രവർത്തകൻ ജില്ലയുടെ പിന്നോക്കാവസ്ഥയെപ്പറ്റി പ്രസംഗിച്ചപ്പോൾ കയ്യടിച്ച് പ്രോത്സാഹിപ്പിക്കുന്നത് കണ്ടു. പക്ഷേ, കാസർഗോഡ് ജില്ലയുടെ വികസനത്തിനായി റവന്യൂ വരുമാനത്തിന്റെ 8.32 ശതമാനത്തിന് അർഹതയുണ്ടായിട്ടും, ജില്ല നിലവിൽ വന്നതിനുശേഷം ആവറേജ് 3.9 ശതമാനം മാത്രമേ ലഭ്യമായിട്ടുള്ളൂവെന്നാണ് കമ്മീഷൻ

റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. എന്നാൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയ്ക്ക് അർഹമായ വിഹിതം ലഭിച്ചിട്ടുണ്ടെന്ന വിവരം വളരെ അഭിമാനപൂർവ്വം പറയാൻ ആഗ്രഹിക്കുകയാണ്. പ്രഭാകർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു സമഗ്ര വികസന റിപ്പോർട്ട് തയ്യാറാക്കിയതും അതിനായി ബഡ്ജറ്റ് പ്രസംഗത്തിൽ 15 കോടി രൂപയും അതിനുപുറമേ ഇന്നലെ അനുവദിച്ച 15 കോടി രൂപയും ചേർത്ത് സംസ്ഥാന വിഹിതമായി 30 കോടി രൂപ നീക്കിവച്ചിരിക്കുകയാണ്. ഇതിൽ കാസർഗോഡ് ജനത വലിയ ആഹ്ലാദത്തിലും പ്രതീക്ഷയിലുമാണ്. കേരളത്തിലെ സാമ്പത്തിക വിദഗ്ദ്ധരും കേരളീയ സമൂഹവും ഈ ബഡ്ജറ്റിനെ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കി മാണിസാറിന് നൂറിൽനൂറ് മാർക്ക് നൽകിയിരിക്കുകയാണ്. ആരെയും വേദനിപ്പിക്കാതെ, എന്നാൽ സമൂഹത്തിലെ കുറേവിഭാഗങ്ങൾക്ക് വലിയ ആശ്വാസം നൽകുന്ന ബഡ്ജറ്റിനെ എല്ലാവരും അംഗീകരിച്ചിരിക്കുകയാണ്. കർഷകത്തൊഴിലാളികൾ, വിധവകൾ, വികലാംഗർ, വൃദ്ധർ, അനാഥർ, അഗതികൾ തുടങ്ങി സമൂഹത്തിലെ ഇതുപതോളം വിഭാഗക്കാർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചതിലൂടെ ഈ വിഭാഗക്കാർ മുഴുവൻ യു.ഡി.എഫ്. സർക്കാരിനെ അനുമോദിക്കുകയും മാണിസാറിന്റെ ആയുരാരോഗ്യത്തിനായി മനസ്സുനിറഞ്ഞ് പ്രാർത്ഥിക്കുകയും ചെയ്യുകയാണ്.

അതുപോലെതന്നെ ഇവിടെയൊരു ഗവൺമെന്റുണ്ടോയെന്ന് കഴിഞ്ഞ ദിവസം പ്രസംഗമദ്ധ്യേ ഒരംഗം ഇവിടെ ഉന്നയിക്കുകയുണ്ടായി. കഴിഞ്ഞ ബഡ്ജറ്റിൽ പാസ്സാക്കിയ കാരുണ്യ ചികിത്സാ പദ്ധതിയിലൂടെ മരണത്തോട് മല്ലടിക്കുന്ന പാവപ്പെട്ട ധാരാളം കുടുംബങ്ങളെ ജീവിതത്തിലേയ്ക്ക് തിരിച്ചു

കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടെന്നുള്ള കാര്യംകൂടി അദ്ദേഹത്തോട് പറയാൻ ആഗ്രഹിക്കുകയാണ്. ഇത്തരക്കാർക്കാണ് ഗവൺമെന്റ് വേണ്ടത്. വേദനസംഹാരിപോലും വാങ്ങാൻ കഴിവില്ലാത്ത ലക്ഷക്കണക്കിന് ആളുകൾക്ക് മുഖ്യമന്ത്രിയടക്കമുള്ളവർ നേരിട്ടുപോയി ചികിത്സാ സഹായം നൽകുകയാണ് ചെയ്യുന്നത്. ഇവിടെ ഒരു സർക്കാരുണ്ടെന്നും ആ സർക്കാർ പ്രവർത്തിക്കുന്നുണ്ടെന്നും അത്തരക്കാർക്ക് വളരെ നന്നായി അറിയാമെന്നുള്ള കാര്യം അദ്ദേഹത്തെ ഓർമ്മിപ്പിക്കാൻ ഈ അവസരം ഉപയോഗിക്കുകയാണ്. മാണിസാറിന്റെ കെ.എം. എന്നത് കരുണയുള്ള മനസ്സ് എന്നുതന്നെയെന്ന് ഈ ബഡ്ജറ്റിൽ തെളിയിച്ചിരിക്കുകയാണ്. കാസർഗോഡിന്റെ വികസന പാക്കേജ് സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നതോടൊപ്പം മാണിസാറിന്റെ കാരുണ്യത്തിനായി ഒരു കാര്യം കൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുകയാണ്. കാസർഗോഡ് ജില്ലയിൽ, പ്രത്യേകിച്ച് മഞ്ചേശ്വരം പ്രദേശത്തെ അർഹതപ്പെട്ട രോഗികൾക്ക് കാരുണ്യ സഹായ ഫണ്ടിന്റെ ആനുകൂല്യം ലഭിക്കാത്ത സാഹചര്യം നിലനിൽക്കുകയാണ്. കാരണം കാസർഗോഡ് ജില്ലയിലെ കാൻസർ, ഹാർട്ട്, കിഡ്നി സംബന്ധമായ മാരകമായ രോഗങ്ങൾക്കുള്ള വിദഗ്ദ്ധചികിത്സയ്ക്ക് സർക്കാർ-സ്വകാര്യമേഖലകളിൽ നിലവിൽ ആശുപത്രികളില്ല. 99 ശതമാനം രോഗികളും മംഗലാപുരത്തെ ആശുപത്രിയെയാണ് ആശ്രയിക്കുന്നത്. അതിനാൽ അർഹതപ്പെട്ട രോഗികൾക്ക് ഈ ആനുകൂല്യം ലഭിക്കുന്നതിന് അതിർത്തിയോട് ചേർന്നുകിടക്കുന്ന ചികിത്സാ സൗകര്യമുള്ള മംഗലാപുരത്തെ സ്വകാര്യ ആശുപത്രിയെക്കൂടി ഈ സഹായം ലഭ്യമാക്കുന്നതിനുൾപ്പെടുത്തി കരുണ കാണിക്കണമെന്ന് അഭ്യർത്ഥിച്ചു

കൊണ്ടും ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഒന്നുകൂടി പിന്തുണച്ചുകൊണ്ടും എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അതിശക്തിയായി എതിർക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ മഹാഭൂരിപക്ഷവും നടപ്പിലാക്കിയില്ലെന്ന് മാത്രമല്ല, ആ പ്രഖ്യാപനങ്ങൾ ആവർത്തിക്കുക മാത്രം ചെയ്യുന്ന പൊള്ളയായ ഒരു ബഡ്ജറ്റായി ഈ ബഡ്ജറ്റ് മാറുകയാണ്. ഈ ബഡ്ജറ്റിൽ ആലപ്പുഴ ജില്ലയെ പൂർണ്ണമായും അവഗണിച്ചിരിക്കുകയാണ്. ആലപ്പുഴ ജില്ലയെന്നാൽ 90 ശതമാനം ഹരിപ്പാടും ബാക്കി ചെങ്ങന്നൂരുമായി ഈ ബഡ്ജറ്റിനകത്ത് മാറുകയാണ്. ഞങ്ങൾ പ്രതിപക്ഷ എം.എൽ.എ. മാർ നിയമസഭയ്ക്കകത്തേയ്ക്ക് ഓടിക്കയറി അവിചാരിതമായി വന്നവരല്ല, ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട് വന്നവരാണ്. ഈ ബഡ്ജറ്റിൽ പ്രതിപക്ഷ എം.എൽ.എ. മാരുടെ മണ്ഡലങ്ങളെ പൂർണ്ണമായി അവഗണിച്ചിരിക്കുകയാണ്. രാഷ്ട്രീയപരമായ വിവേചനമാകാം, പക്ഷേ നാടിന്റെ വികസന കാര്യങ്ങളിൽ കാണിക്കുന്ന വിവേചനം അംഗീകരിക്കാനാവില്ല. കെ.പി.സി.സി. പ്രസിഡന്റിന്റെ പ്രസംഗം ഞങ്ങൾ വളരെ ശ്രദ്ധാപൂർവ്വം കേട്ടു. എത്ര നിർവ്വികാരമായ, നിസ്സഹായമായ ഒരു പ്രസംഗമായിരുന്നു അത്. ഒന്നും ചെയ്യാൻ കഴിയാത്തൊരു സർക്കാരിനെ നയിക്കുന്ന പാർട്ടിയുടെ നേതാവിന്റെ നിർവ്വികാരമായ മുഖമായിരുന്നു കെ.പി.സി.സി. പ്രസിഡന്റിന്റെ മുഖത്തുണ്ടായിരുന്നത്. ശ്രീ. ഷാഫി പറമ്പിൽ ഈ സമയത്ത് ഇവിടെ ഉണ്ടാകുമെന്നാണ് ഞാൻ കരുതിയത്. ചെകുത്താന്റെ സുവിശേഷ പ്രസംഗം പോലെയായിപ്പോയി ശ്രീ. ഷാഫി പറമ്പിലിന്റെ പ്രസംഗം. എസ്.എഫ്.ഐ.-യെ വല്ലാതെ ആക്ഷേപിച്ചുകൊണ്ടാണ് അദ്ദേഹം

സംസാരിച്ചത്. ഞങ്ങൾ ചോദിക്കുന്നു, പ്രിയപ്പെട്ട ഷാഫി പറമ്പിൽ, 1974–ൽ തലശ്ശേരിയിലെ ബ്രണ്ണൻ കോളേജിൽ സഖാവ് അഷറഫിനെ കൊലപ്പെടുത്തിയത് നിങ്ങളുടെ പാർട്ടിയായ കെ.എസ്.യു. ആയിരുന്നില്ലേ; 1981–ൽ പത്തനംതിട്ട കാത്തലിക് കോളേജിലെ ചെയർമാനായിരുന്ന സഖാവ് സി.വി. ജോസിനെ കൊലപ്പെടുത്തിയത് നിങ്ങളുടെ പാർട്ടിയായിരുന്നില്ലേ; അതിന്റെ ഏക സാക്ഷിയായിരുന്ന സഖാവ് എം.എസ്. പ്രസാദിനെ ഒരു തിരുവോണ ദിവസം ചിറ്റാറിൽ വച്ച് ക്രൂരമായി കൊലപ്പെടുത്തിയത് അങ്ങയുടെ പാർട്ടിയായ കെ.എസ്.യു. ആയിരുന്നില്ലേ; ഇവിടെ ഇരിക്കുന്ന മുൻ സഹകരണ വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരന്റെ അനുജൻ ജി. ഭുവനേശ്വരനെ പന്തളം എൻ.എസ്.എസ്. കോളേജിൽ വച്ച് മൃഗീയമായി കൊലപ്പെടുത്തിയത് അങ്ങയുടെ പാർട്ടിയായ കെ.എസ്.യു. ആണ്. ഇങ്ങനെ ധാരാളം പേരുകളുണ്ട് പറയാൻ. ഞാൻ അതിന്റെ ചരിത്രത്തിലേയ്ക്കൊന്നും പോകുന്നില്ല. 1970 മുതലുളള 43 വർഷക്കാലം പിന്നിടുമ്പോൾ എസ്.എഫ്.ഐ. പ്രസ്ഥാനത്തിന് നഷ്ടപ്പെട്ടത് 40 സഖാക്കളെയാണ്. അതിൽ ഏറിയ പങ്കും ആളുകളെ കൊലപ്പെടുത്തിയത് നിങ്ങളുടെ വിദ്യാർത്ഥി സംഘടനയായ കെ. എസ്.യു. ക്കാരാണ്. ഞങ്ങളെ മാത്രമല്ല നിങ്ങൾ കൊലപ്പെടുത്തിയത്. മട്ടന്നൂർ കോളേജിൽ കെ.എസ്.യു.–വിന്റെ യൂണിറ്റ് സെക്രട്ടറിയും അവിടത്തെ എഡിറ്ററുമായിരുന്ന പുതിയവീട്ടിൽ ബഷീറിനെ കോളേജ് ക്യാന്റീന് മുന്നിലിട്ട് കൊലപ്പെടുത്തിയത് കെ.എസ്.യു.ക്കാരാണ്. പരിപാവനമായ സർവ്വകലാശാലയുടെ തിരുമുറ്റത്തിട്ട് 1986–ൽ ഒരു പാർട്ടിയുടെ സംസ്ഥാന പ്രസിഡന്റ് ആ പാർട്ടിയുടെ സംസ്ഥാന ജനറൽ സെക്രട്ടറിയെ കഠാരയ്ക്ക് കുത്തി പരിക്കേൽപ്പിക്കുന്നു. കഠാരയ്ക്ക് കുത്തി പരിക്കേൽപ്പിച്ച നേതാവ് ഇന്ന് കൊല്ലം ജില്ലയിലെ ഡി.സി.സി. പ്രസിഡന്റും കെ.പി.സി.സി. യുടെ ജനറൽ

സെക്രട്ടറിയുമായിരിക്കുന്നു. കഠാര സ്റ്റുഡന്റ്സ് യൂണിയനായി മാറിയിരിക്കുന്ന കെ.എസ്.യു., ഒരു അരണ്ട മണ്ണെണ്ണ വിളക്കിന്റെ വെട്ടത്തിൽ പഠിച്ചുവളർന്ന, കേരളത്തിൽ ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനായി ജോലി ചെയ്യുന്ന ഒരു നല്ല ഉദ്യോഗസ്ഥനെ കരി ഓയിൽ ഒഴിക്കുന്ന കരി ഓയിൽ സ്റ്റുഡന്റ്സ് യൂണിയനായി മാറിയതുകൊണ്ടാണ് പ്രിയപ്പെട്ട ഷാഫി പറമ്പിൽ, നിങ്ങളുടെ പ്രസ്ഥാനം, ഈ കെ.എസ്.യു. കേരളത്തിലെ കലാലയങ്ങളിൽ നിന്നും ഇല്ലാതെ പോയത്. ഞാൻ മറ്റൊന്നിലേയ്ക്കും പോകുന്നില്ല. എല്ലാം തകർത്ത് തരിപ്പണമാക്കിയ ഒരു ഗവൺമെന്റായി ഈ സർക്കാർ മാറിയിരിക്കുന്നു. ഊർജ്ജ മേഖലയേയും, കെ.എസ്.ആർ.ടി.സി.യേയും തകർത്ത് തരിപ്പണമാക്കി ഊർജ്ജ മേഖലയ്ക്കുവേണ്ടി, കെ.എസ്.ആർ.ടി.സി.ക്കുവേണ്ടി ഇങ്ങനെ ഒരു മന്ത്രി വേണമോ? കെ.എസ്.ആർ.ടി.സി. തനിയെ നിന്നുപോകുമെന്ന് പറയാൻ ഈ നാട്ടിൽ ഒരു മന്ത്രി വേണമോ എന്ന് ആലോചിക്കേണ്ട അവസ്ഥയിലേയ്ക്ക് സ്ഥിതിഗതികൾ മാറിയിരിക്കുന്നു. ശ്രീ. ആര്യാടൻ മുഹമ്മദിനെ വൈദ്യുതി വകുപ്പിന്റേയും കെ.എസ്.ആർ.ടി.സി.യുടെയും ചുമതലയിൽ നിന്നും മാറ്റി അദ്ദേഹത്തെ കെ.പി.സി.സി. പ്രസിഡന്റാക്കണം. വളരെ ആർജ്ജവത്തോടുകൂടി സമുദായ നേതാക്കന്മാർക്കെതിരെ പ്രതികരിക്കുന്ന ഒരു കെ.പി.സി.സി. പ്രസിഡന്റ് ഈ നാടിന് ഉണ്ടാകട്ടെ. വൈദ്യുതി മേഖലയ്ക്കുവേണ്ടിയും കെ.എസ്.ആർ.ടി.സി. ക്കുവേണ്ടിയും അദ്ദേഹം ഒന്നും ചെയ്യുന്നില്ല. അദ്ദേഹത്തെ അതിൽ നിന്നും മാറ്റണം. ഈ ഗവൺമെന്റ് ശരിയായ രൂപത്തിലല്ല പോകുന്നത്. കാർഷിക മേഖലയ്ക്കുവേണ്ടി എന്താണ് ചെയ്യുന്നത്? ഞങ്ങളുടെ നാട്ടിലെ, ആലപ്പുഴ ജില്ലയിലെ റൈസ് ബയോ പാർക്കിന് നിങ്ങളുടെ സംഭാവന എന്താണ്? കഴിഞ്ഞ രണ്ട് വർഷക്കാലംകൊണ്ട് കേരളത്തിലെ കാർഷിക മേഖലയിലുള്ള 80 കർഷകരെ

ആത്മഹത്യയിലേയ്ക്ക് നയിച്ച ഒരു സർക്കാരായി ഈ സർക്കാർ മാറിയിരിക്കുന്നു. പൊതുവിദ്യാഭ്യാസ മേഖലയെ തകർത്തുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. വിദ്യാഭ്യാസ മേഖലയിൽ ചരിത്രത്തിലില്ലാത്ത കൊള്ളയിലേയ്ക്ക് ഈ ഗവൺമെന്റ് പോകുകയാണ്. തങ്ങൾക്ക് ഇഷ്ടപ്പെട്ട ആളുകൾക്ക് വിദ്യാഭ്യാസ മേഖലയുടെ ചുമതല നൽകി ഈ നാടിന്റെ ഭൂമിയും സമ്പത്തുമെല്ലാം കൊള്ളയടിക്കുന്ന രൂപത്തിലേയ്ക്ക് വിദ്യാഭ്യാസ മേഖലയെ മാറ്റിയിരിക്കുന്നു. മതിയായ യോഗ്യതയില്ലാത്ത ഒരാളെ കാലിക്കട്ട് സർവ്വകലാശാലയുടെ വൈസ് ചാൻസലർ പദവിയിലേയ്ക്ക് കൊണ്ടുവന്ന് സർവ്വകലാശാലയുടെ ഭൂമി കൊള്ളയടിക്കാൻ ഈ ഗവൺമെന്റ് ശ്രമിക്കുന്നത് നമ്മൾ കണ്ടതാണ്. എസ്.എസ്.എ. ഫണ്ടിനകത്ത് വലിയ അഴിമതിയാണ് നടക്കുന്നത്. ഞാൻ ഈ വിഷയം സഭയുടെ മുമ്പാകെ കൊണ്ടുവരാൻ ശ്രമിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് നൽകുന്ന എസ്.എസ്.എ. ഫണ്ട് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മൗനാനുവാദത്തോടുകൂടി വക മാറ്റി ചെലവഴിക്കുന്ന രൂപത്തിലേയ്ക്കും കുറെ പണം ചെലവഴിക്കാത്ത രൂപത്തിലേയ്ക്കും മാറുകയാണ്. സംസ്ഥാന ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതി ഉൾപ്പെടെ വിദ്യാഭ്യാസ മേഖലയുടെ നവീകരണത്തിനും ആധുനികവൽക്കരണത്തിനുമായി സർവ്വശിക്ഷ അഭിയാൻ പദ്ധതി പ്രകാരം കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ച 450 കോടി രൂപയുടെ പദ്ധതിനിർവ്വഹണം പാടെ കെടുകാര്യസ്ഥതയിലും അഴിമതിയിലും കലാശിച്ചിരിക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി അടക്കമുള്ള ആളുകൾ തങ്ങളുടെ ചില താൽപ്പര്യക്കാരെ എസ്.എസ്.എ.യിൽ നിയമിച്ചുകൊണ്ട്, ബഹുമാന്യനായ മുഖ്യമന്ത്രി പോലും മാറ്റരുതെന്ന് ആവശ്യപ്പെട്ട ഒരു ഉദ്യോഗസ്ഥനെ മാറ്റിക്കൊണ്ട് 5 കോടി രൂപയുടെ അഴിമതിയാണ് എസ്.എസ്.എ.-യ്ക്ക്കത്ത് നടത്തിയിരിക്കു

ന്നത്. കേന്ദ്ര സർക്കാർ അനുവദിച്ച 300 കോടിയോളം രൂപയാണ് ഈ ഗവൺമെന്റ് പാഴാക്കിയത്. തുക പാഴാക്കിയ സാഹചര്യത്തിൽ കഴിഞ്ഞ ദിവസം ഡൽഹിയിൽ ചേർന്ന പദ്ധതി അംഗീകാര സമിതി കേരളത്തിന് ലഭിക്കേണ്ട 200 കോടിയോളം രൂപ വെട്ടിച്ചുരുക്കുകയുണ്ടായി. അദ്ധ്യാപക ഗ്രാന്റ്, പട്ടികജാതി/മതന്യൂനപക്ഷ പെൺകുട്ടികൾക്കുള്ള തുക എന്നിവയിലാണ് വൻ വെട്ടിക്കുറവ് വരുത്തിയത്. പദ്ധതി നടത്തിപ്പിൽ സർവ്വ നടപടിക്രമങ്ങളും ലംഘിക്കപ്പെടുകയാണ്. സംയോജിത വിദ്യാഭ്യാസ പദ്ധതി പ്രകാരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിലുള്ള ജില്ലാതല പർച്ചേസ് കമ്മിറ്റികളെ നോക്കുകുത്തിയാക്കി മാറ്റി. ജില്ലാതല പർച്ചേസ് കമ്മിറ്റികൾ വേണ്ട എന്നുപറഞ്ഞുകൊണ്ട്, തങ്ങൾക്ക് ഇഷ്ടപ്പെട്ട ആളുകളെയും ചില സ്വകാര്യ ആളുകളെയും തിരുകിക്കയറ്റി വലിയ അഴിമതിയാണ് എസ്.എസ്.എ. ഫണ്ടിൽ നടക്കുന്നത്. ലേണിംഗ് എംപവർമെന്റ് പദ്ധതിക്ക് അനുവദിച്ചിരുന്ന 3 കോടി രൂപ ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടി വകമാറ്റുകയും ഒരു നടപടിക്രമങ്ങളും പാലിക്കാതെ അത് സ്വകാര്യ സ്ഥാപനത്തിന് കൊടുത്ത് വഴിവിട്ട രൂപത്തിലുള്ള അഴിമതിക്കാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി കൂട്ടുനിൽക്കുന്നത്. അംഗവൈകല്യമുള്ള ആളുകളുടെ ഉപകരണങ്ങൾ, ആളുകൾ ഉപയോഗിക്കുന്ന കണ്ണട, പൊതുമാർക്കറ്റിൽ 150 രൂപ മാത്രമുണ്ടായിരുന്ന ആ കണ്ണടയ്ക്ക് 480 രൂപ വകയിരുത്തിക്കൊണ്ട് ഈ ഗവൺമെന്റ് വലിയ അഴിമതി ഈ എസ്.എസ്.എ. ഫണ്ടിനകത്ത് നടത്തുകയാണ്. ഇതിനെ ചോദ്യം ചെയ്യുന്ന ഉദ്യോഗസ്ഥരെ ഈ ഗവൺമെന്റ് മാറ്റുകയാണ്. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ നിർദ്ദേശം പോലും വകവയ്ക്കാതെ, കോടികളുടെ കേന്ദ്ര ഫണ്ട് പാഴാക്കുന്നതിലും ഈ പണം ചെലവിടുന്നതിലുള്ള അഴിമതിയും ചോദ്യം ചെയ്ത സലാഹുദ്ദീൻ എന്നുപറയുന്ന ഒരു ഉദ്യോഗസ്ഥനെ

ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന ഭരണസമിതി യോഗത്തിൽ ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് ഇടപെട്ട് മാറ്റിയിരിക്കുകയാണ്. എസ്.എസ്.എ. സംസ്ഥാന ജില്ലാ പ്രോജക്ട് ഓഫീസർമാരെ കൂട്ടത്തോടെ സ്ഥലം മാറ്റുന്നു. മന്ത്രിക്ക് ഇഷ്ടപ്പെട്ട ആളുകളെ ഇവിടേയ്ക്ക് വച്ചുകൊണ്ട് ഈ ഫണ്ട് തിരി മറി നടത്തുന്നതിനുള്ള നടപടികൾ ഈ ഗവൺമെന്റ് സ്വീകരിക്കുകയാണ്. തങ്ങൾക്ക് ഇഷ്ടപ്പെട്ട ആളുകളെ എസ്.എസ്.എ. യിലേയ്ക്ക് തിരുകിക്ക യറ്റിക്കൊണ്ട് ഈ രംഗത്ത് വലിയ ക്രമക്കേട് നടത്തിയതിന്റെ ഭാഗമായി, 143 കോടി രൂപയുടെ എസ്.എസ്.എ. ഫണ്ട് കേരളത്തിൽ ചെലവഴിച്ചതിൽ 5 കോടി രൂപ കൈപ്പറ്റിക്കൊണ്ട് വകുപ്പുമന്ത്രിയടക്കം ഇക്കാര്യത്തിൽ അഴിമ തിക്ക് കൂട്ടുനിൽക്കുകയാണെന്ന ഗൗരവതരമായ കാര്യം ഈ സഭയിൽ ഞാൻ ഉന്നയിക്കുകയാണ്. അഴിമതിയിൽ മുങ്ങിക്കുളിച്ച ഒരു ഗവൺമെന്റായി ഈ ഗവൺമെന്റ് മാറുകയാണ്. എല്ലാ മേഖലകളേയും തകർത്ത് തരിപ്പണമാ ക്കുന്ന ഒരു ഗവൺമെന്റായി ഈ ഗവൺമെന്റ് മാറുകയാണ്. എസ്.എസ്.എ. ഫണ്ടിനകത്ത് പണം ചെലവഴിക്കാതിരിക്കുകയാണ്. കേരളത്തിന് അനുവ ദിച്ച 453 കോടി രൂപയിൽ 300 കോടി രൂപ ചെലവഴിക്കുന്നില്ല. ഏത് രംഗ ത്താണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്? കലാകായിക വിദ്യാഭ്യാസ ത്തിന്റെ ഗുണനിലവാരമുയർത്താൻ മികച്ച ഇൻസ്ട്രക്ടർമാരെ നിയമി ക്കാനായി അനുവദിച്ച 100 കോടി രൂപയിൽ ഒരു രൂപ പോലും ചെലവഴിക്കു ന്നില്ല. ആ ഫണ്ട് അങ്ങേയ്ക്ക് ഇഷ്ടമുള്ള രൂപത്തിൽ വകമാറ്റുകയാണ്.

രണ്ടു മുതൽ എട്ടുവരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് സൗജന്യ മായി പാഠപുസ്തകങ്ങൾ നൽകാൻ 55 കോടി രൂപ അനുവദിച്ചതിൽ 20 കോടി രൂപമാത്രാണ് ഇതിനുവേണ്ടി ചെലവഴിച്ചത്. ബാക്കി 35 കോടി രൂപ

വകമാറ്റുകയാണ്. ഇതിനെ സംബന്ധിച്ച് ഗൗരവമായ ഒരു അന്വേഷണം ഉണ്ടാകണം. 483 കോടി രൂപ അനുവദിച്ചതിൽ 300 കോടി രൂപയും ചെലവഴിക്കാത്ത സാഹചര്യമുണ്ടായി. 143 കോടി രൂപ ചെലവഴിച്ചതു സംബന്ധിച്ച് "അതിനകത്ത് അഴിമതിയുണ്ട്, ക്രമക്കേടുണ്ട്" എന്നു പറഞ്ഞ ഉദ്യോഗസ്ഥനെ സ്ഥലം മാറ്റി, തങ്ങൾക്കിഷ്ടപ്പെട്ട ഉദ്യോഗസ്ഥനെ വച്ചുകൊണ്ട് 5 കോടി രൂപയുടെ അഴിമതി കേരളത്തിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രി നടത്തുകയാണ്. ഇക്കാര്യം ഗൗരവമായി ഈ സഭ അന്വേഷിക്കണം. കേരളത്തിന്റെ എല്ലാ കാരൃങ്ങളും സുതാര്യമായി, സമാധാനപരമായിട്ടാണ് പോകുന്നതെന്ന് ഇന്നുരാവിലെ ഇവിടെ ആഭ്യന്തരവകുപ്പുമന്ത്രി പറയുകയുണ്ടായി. ഞാനൊരു കാര്യം ചോദിക്കട്ടെ, ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രി, അങ്ങയുടെ മണ്ഡലമായ കോട്ടയം ജില്ലയിൽ കഴിഞ്ഞ ആറുമാസക്കാലത്തിനിടയിൽ മൂന്നു കൊലപാതകങ്ങൾ നടന്നിട്ട് ആരെയാണ് പിടിച്ചത്? ഗോപിനാഥക്കുറുപ്പ് എന്നു പറയുന്ന ഒരു ഓട്ടോ ഡ്രൈവർ കൊല്ലപ്പെട്ടു. ഓട്ടോ ഓടിക്കുന്ന ഗോപിനാഥക്കുറുപ്പ് എന്നു പറയുന്നയാൾ അങ്ങയുടെ മണ്ഡലത്തിലുള്ള ആളല്ലേ. അദ്ദേഹത്തിന്റെ കൊലപാതകികളെ പിടിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ? തിരുനക്കര മൈതാനത്ത്, ഏറ്റവും ദാരുണമായി ഹൃദയത്തിൽ സൂചി കയറി അരുംകൊല ചെയ്യപ്പെട്ട പൂക്കച്ചവടക്കാരനായ ശ്രീരാമൻ ആഭ്യന്തര വകുപ്പുമന്ത്രിയുടെ മണ്ഡലത്തിലാണ്. ഉത്തരവാദികളെ പിടിക്കാൻ തയ്യാറായോ? ചിങ്ങവനത്ത്, ഡി.വൈ.എഫ്.ഐ.യുടെ നേതാവ് അനീഷ് മാരകമായി കൊല ചെയ്യപ്പെട്ടു. കൊലയാളികളെ പിടിക്കാൻ തിരുവഞ്ചൂരിന്റെ പോലീസ് തയ്യാറായോ? ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രി, അങ്ങ് അങ്ങയുടെ സംവിധാനമുപയോഗിച്ച് ഇടതുപക്ഷ പ്രവർത്തകരെ തകർക്കാൻ ശ്രമിക്കു

മ്പോൾ അങ്ങയുടെ മണ്ഡലത്തിൽ ആറു മാസത്തിനുള്ളിൽ നടന്ന മൂന്ന് കൊലപാതകങ്ങളിൽ ഒരാളെപോലും പിടിക്കാൻ കഴിയാത്ത ഒരു ആഭ്യന്തരമ ന്ത്രിയായി അങ്ങ് മാറുകയാണ്. അവാർഡ് കിട്ടിയാൽ നല്ല ആഭ്യന്തര മന്ത്രി യാകില്ല. അങ്ങനെയാണെങ്കിൽ, ഇന്നു രാവിലെ സൂചിപ്പിച്ച അവിടെത്തെ സി. ഐ.യ്ക്ക് ഏറ്റവും നല്ല സി.ഐ.യ്ക്കുള്ള അവാർഡ് കൊടുക്കണം. ഈ ഗവൺമെന്റ് ഈ നാടിനെ നശിപ്പിക്കുകയാണ്. നാടിനെ നശിപ്പിക്കുന്ന ഈ ഗവൺമെന്റിന്റെ നയങ്ങൾക്കെതിരെ, ഈ ധനാഭ്യർത്ഥകളെ എതിർത്തു കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. എം. ഷാജി: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ വളരെ സന്തോഷത്തോടുകൂടി പിന്തുണയ്ക്കുകയാണ്. സ്വഭാവികമായി യു. ഡി.എഫിന്റെ ഭാഗത്ത് ഇരിക്കുന്നവർ ഞാൻ ഈ പറഞ്ഞ രൂപത്തിലും പ്രതിപ ക്ഷത്തിരിക്കുന്നവർ എതിർക്കുന്നു എന്ന രൂപത്തിലുമാണ് പ്രസംഗങ്ങൾ ആരംഭിക്കുന്നത്. അത് സഭയുടെ ഒരു രീതിയാണ്. ഭരണപക്ഷവും പ്രതിപ ക്ഷവും എന്നുള്ള നിലയിൽ അങ്ങനെ പഠിച്ചുപോയി. പക്ഷേ, ഒരു ബഡ്ജ റ്റിനെ വിലയിരുത്തേണ്ടത് ഇതിനും അപ്പുറത്തുള്ള മീഡിയകളും പൊതുസമൂ ഹവുമാണ്. ബഡ്ജറ്റിനുശേഷമുള്ള ഓരോ ദിവസത്തേയും മീഡിയകൾ നിരീ ക്ഷിക്കുന്നവർക്ക് നിഷ്പക്ഷമതികളായിട്ടുള്ള ആളുകളുടെയും സാമ്പത്തിക വിദഗ്ദ്ധരുടെയും നിരീക്ഷണങ്ങൾ വിലയിരുത്തുമ്പോൾ ഈ ബഡ്ജറ്റിനെ ഇതിൽ നിന്നൊക്കെ വ്യത്യസ്തമായ തലത്തിൽ കാണാൻ കഴിയുന്നു എന്നത് സന്തോഷകരമായിട്ടുള്ള കാര്യമാണ്. ഈ ബഡ്ജറ്റിന്റെ ഒരു പ്രത്യേകത എന്നു പറയുന്നത് പരമ്പരാഗത ബഡ്ജറ്റ് രീതിയിൽ നിന്നും എല്ലാ അർത്ഥ ത്തിലും ഭിന്നമായ ഒന്നായിരുന്നു ഇതെന്നുള്ളതാണ്. കാരണം ബഡ്ജറ്റ് വരുന്നു എന്നു കേൾക്കുമ്പോൾത്തന്നെ നമ്മുടെ നാട്ടിൽ വല്ലാത്ത ആശ

ങ്കയും ഭയവുമൊക്കെ എല്ലാവർക്കുമുണ്ടാകും. പ്രത്യേകിച്ച് വലിയ പൂഴ്ത്തിവയ്പ്പിന്റെ സാധ്യതകളുണ്ടാകും. എതിനൊക്കെയാണ് വില കൂടുന്നത്, ഏതൊക്കെ തരത്തിലുള്ള ബാധ്യതകളാണ് വരുന്നത് എന്നറിയാത്ത വലിയൊരു പ്രശ്നമുണ്ടാകുമായിരുന്നു. പക്ഷേ ഈ ബഡ്ജറ്റ് അത്തരം ഭയാശങ്കയില്ലാതെ, ജനങ്ങൾക്ക് അമിതമായ നികുതിഭാരമേൽപ്പിക്കാതെ ഭയപ്പാടുകളില്ലാതെ ജനങ്ങളിൽ വളരെ സൗമ്യമായ അനുഭവമാണുണ്ടാക്കിയത്. വായിച്ചു പഠിക്കുന്നതിനേക്കാൾ വലുതാണ് ജീവിതത്തിലെ അനുഭവങ്ങൾ. ഒരുപക്ഷേ ഈ നിയമസഭയിൽ ഏറ്റവും പ്രാഗല്ഭ്യമുള്ള മാണിസാറിന്റെ ഒരുപാടു കാലത്തെ അനുഭവത്തിന്റെ വെളിച്ചത്തിലുണ്ടാക്കിയിട്ടുള്ള ഒരു മികവുറ്റ ബഡ്ജറ്റാണ് ഇത്. അതുകൊണ്ടുതന്നെ അതിന് അതിന്റേതായ ഒരു സൗന്ദര്യമുണ്ടായിരുന്നു. ആരെയും വേദനിപ്പിക്കാത്ത, എല്ലാവർക്കും ഒരുപാട് ക്ഷേമ പദ്ധതികളും ആനുകൂല്യങ്ങളും നൽകിയ ഒരു ബഡ്ജറ്റ്. നമ്മുടെ സാമൂഹ്യ ക്ഷേമ മേഖലയിൽ വളരെ ഗൗരവതരത്തിലുള്ള ഒരു പ്രശ്നം വരികയാണ്. അമേരിക്കയിലടക്കം ലോകത്ത് മുഴുവൻ വലിയ സാമ്പത്തിക പ്രതിസന്ധി നേരിട്ടപ്പോൾ ചൈനയെക്കുറിച്ചും ഇൻഡ്യയെക്കുറിച്ചുംപറഞ്ഞത് അവിടെത്തെ മാൻപവറിനെക്കുറിച്ചാണ്. നമുക്കറിയാം സംസ്ഥാനത്തെ പുതിയ കണക്കനുസരിച്ച് വാർദ്ധക്യം ബാധിച്ചവരുടെ ഒരു സ്റ്റേറ്റായി നമ്മൾ വരികയാണ്. ഒരുപാട് പ്രശ്നങ്ങൾ ഈ മേഖലയിലുണ്ട്. അത്തരത്തിൽ അവശതയനുഭവിക്കുന്നവർക്കായി ഒരുപാട് പദ്ധതികളാണ് അദ്ദേഹം പ്രഖ്യാപിച്ചത്. നിയമസഭയിൽ ഇന്നലെ അദ്ദേഹത്തിന്റെ ഒരു എക്സ്ട്രാ ഓർഡിനറി പെർഫോർമൻസുണ്ടായിരുന്നു. അതിലുള്ള അസഹിഷ്ണുതകൊണ്ടോ പെട്ടെന്നുള്ള തിരിച്ചറിവിയില്ലായ്മകൊണ്ടോ പ്രതിപക്ഷം അത് ബഹിഷ്കരിച്ചുപോകുകയായിരുന്നു. ഓരോരുത്തർ പറയുന്നത് അദ്ദേഹം ആഡ് ചെയ്തു

കൊണ്ടിരിക്കുകയായിരുന്നു. തൊഴിലാളിമേഖലയിൽ പ്രവർത്തിക്കുന്ന, തൊഴിലാളികളുടെ സ്പിരിറ്ററിയുന്ന ശ്രീ. നാണുവേട്ടൻ അതിനിടയിൽ എഴു ന്നേൽക്കുന്നതു കണ്ടു. മാണി സാർ വിട്ടുപോയ കാര്യമായിട്ടുള്ള എന്തെ ങ്കിലും കൂട്ടിച്ചേർക്കാനായിരിക്കും അദ്ദേഹം എഴുന്നേൽക്കുന്നതെന്ന് ഞാൻ കരുതി. എന്നാൽ ചുരുട്ടുതൊഴിലാളികളെയും കൂടി ക്ഷേമപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് പറയാനാണ് അദ്ദേഹം എഴുന്നേറ്റത്. അപ്പോൾ ചുരുട്ടു തൊഴിലാളികളുടെ കാര്യം മാത്രമേ വിട്ടുപോയിട്ടുള്ളൂ, വേറൊന്നും വിട്ടുപോ യില്ല എന്നർത്ഥം. ചുരുട്ടുതൊഴിലാളികൾ എവിടെയാണെന്നുള്ളതെന്ന് എനിക്ക് കൃത്യമായി അറിയില്ല. പക്ഷേ അദ്ദേഹം അത് പറഞ്ഞപ്പോൾ ചുരുട്ടു തൊഴിലാളികൾ ഒഴിച്ച് ബാക്കിയെല്ലാവരുടേയും ക്ഷേമപദ്ധതികൾക്കായി കൊടുക്കാവുന്നതിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് മാണിസാർ വാരി ക്കോരി കൊടുത്തിട്ടുണ്ട് എന്ന് മനസ്സിലായി. അതുപോലെതന്നെ ചെറുപ്പക്കാ രുടെ ഓപ്പർച്യൂണിറ്റികൾ, അനന്തമായ സാധ്യതകൾ തുറന്നുവച്ചിരിക്കുകയാ ണ് കഴിഞ്ഞ ബഡ്ജറ്റിൽ കൊണ്ടുവന്ന Additional Skill Aquisition Programme(ASAP). നമുക്കറിയാം പ്രൊഫഷണൽ കോളേജുകളിലേയ്ക്ക് ആൺകുട്ടികൾ മുഴുവൻ പോകുകയും ആർട്സ് കോളേജുകൾ പെൺകുട്ടിക ളാൽ നിറഞ്ഞിരിക്കുകയുമാണ്. ജനറലായിട്ടുള്ള എല്ലാ ആർട്സ് കോളേജുക ളെയും വിമൻസ് കോളേജ് എന്നു വിളിക്കാവുന്ന രീതിയിലാണ്. ആ കോളേ ജുകളിലെ പെൺകുട്ടികൾക്ക് ആർട്സ് കോളേജിനകത്തുതന്നെ കാമ്പസ് ഇന്റർവ്യൂ നടത്താൻ പര്യാപ്തമായ വിധത്തിൽ അവരുടെ സ്കിൽ ഡെവലപ് ചെയ്യുന്ന ഏറ്റവും മനോഹരമായിട്ടുള്ള പദ്ധതിയാണ് ഇത്. വിദ്യാഭ്യാസ വകു പ്പിന്റെകൂടി നേതൃത്വത്തിൽ നടക്കുന്ന ആ പദ്ധതി വലിയ സാധ്യതകളാണ്

സത്യത്തിൽ ഈ മേഖലയിൽ തുറന്നു വച്ചിരിക്കുന്നത്. ഇതുപോലെയുള്ള നിരവധി കാര്യങ്ങളുണ്ട്. കേരളം അഭിമുഖീകരിക്കുന്ന പുതിയ പ്രശ്നങ്ങളെ എല്ലാ സ്റ്റേറ്റുകളിലും കാണുന്നതുപോലെയുള്ള ഒരു രീതിവച്ച് സമീപിക്കുന്നത് ശരിയല്ല. നമുക്ക് പരമ്പരാഗതമായ ചില പ്രശ്നങ്ങളുണ്ട്. കർണ്ണാടകയിൽ നടക്കുന്നതുപോലെ അതേ രീതി കേരളത്തിലും പിന്തുടരാനാവില്ല. നമ്മുടെ കാലാവസ്ഥ, നമ്മുടെ രീതി, ചുറ്റുപാടുകൾ, ഇൻഫ്രാസ്ട്രക്ച്ചറുകൾ അതിനനുസരിച്ച് കേരളത്തെ മുന്നോട്ടുകൊണ്ടുപോകാനുള്ള ഒരു പരിശ്രമം ചെറുതായിട്ടാണെങ്കിലും ഈ ബഡ്ജറ്റിനകത്തുണ്ട് എന്നത് ശ്രദ്ധേയമായ കാര്യമാണ്. അതിൽ പ്രധാനപ്പെട്ടതാണ് കോസ്റ്റൽ ഷിപ്പിംഗുമായി ബന്ധപ്പെട്ട് അദ്ദേഹം പറഞ്ഞ ഒരു കാര്യം, ചരക്കുകൾ കൊണ്ടുപോകുന്നതിന് വിഴിഞ്ഞത്തു നിന്നും ആരംഭിച്ച് അഴീക്കൽ പോർട്ടുവരെ നീണ്ടുനിൽക്കുന്ന ഒരു വലിയ ശൃംഖലയെക്കുറിച്ച് അദ്ദേഹം പറഞ്ഞു. നമ്മുടെ റോഡുകൾ എത്ര മാത്രം ഭീകരമാണ്. ചാലയിലെ ദുരന്തത്തെക്കുറിച്ച് നമുക്കറിയാം. ഈയടുത്ത കാലത്ത് ശ്രീ. ജെയിംസ്മാത്യൂവിന്റെ മണ്ഡലമായ തളിപ്പറമ്പിൽ ഒരു ദിവസം രാത്രി ടാങ്കർലോറി മറിഞ്ഞപ്പോൾ ആളുകൾ ഭയചകിതരായി എല്ലായിടത്തും പാഞ്ഞുനടക്കുന്നത് നമ്മൾ കാണുകയുണ്ടായി. എൽ.പി.ജി.യും അമോണിയയും പോലെ എത്രമാത്രം അപകടകരമായിട്ടുള്ള ചരക്കുകളാണ് തിരക്കേറിയ നമ്മുടെ റോഡുകളിലൂടെ കൊണ്ടുപോയിക്കൊണ്ടിരിക്കുന്നത്. ഈയടുത്ത കാലത്ത് ഞാൻ ബർമ്മയിൽ പോയപ്പോൾ, അഞ്ചും ആറും തട്ടുകളിലായി ആയിരം ലോഡഡ് വെഹിക്കിൾസ് കയറ്റിക്കൊണ്ടുപോകാവുന്ന വലിയ ബാർജുകൾ കണ്ടു. ഒരു പഠനത്തിൽ പറയുന്ന കാര്യം, കൊച്ചിയിൽ നിന്ന് അഴീക്കൽ പോർട്ട് വരെ 60 കീലോമീറ്റർ സ്പീഡിൽ ഒരു ലോഡഡ് വെഹിക്കിൾ നമ്മുടെ റോഡിലൂടെ യാത്ര ചെയ്യുന്നത് ഇംപോ

സിബിളാണ്, നടക്കുന്ന കാര്യമല്ല. കോസ്റ്റൽ ഷിപ്പിംഗ് – അത് കടൽ വഴിയാണ് പോകുന്നതെങ്കിൽ ഒന്നര മണിക്കൂർ ലാഭിക്കാമെന്നാണ്. എന്നുവച്ചാൽ 60 കിലോമീറ്റർ സ്പീഡിലൊന്നും യാത്ര ചെയ്യാൻ നമ്മുടെ റൂട്ടിൽ കഴിയില്ല. അങ്ങനെയാണെങ്കിൽ നമുക്ക് എന്തെല്ലാം ലാഭിക്കാൻ കഴിയും? റോഡ് മെയിന്റനൻസ്, വെഹിക്കിൾ മെയിന്റനൻസ്, ട്രാഫിക്, ഇന്ധനം, വായു മലിനീകരണം തുടങ്ങിയവ. നമുക്ക് ഇനി റോഡുകളെ ഡിപ്പന്റ് ചെയ്തുകൊണ്ട് അപകടകരമായി വസ്തുക്കളൊന്നും കൊണ്ടുപോകാൻ കഴിയില്ല. അതിന് ബദലായി കൊച്ചി, കൊടുങ്ങല്ലൂർ, ബേപ്പൂർ, പൊന്നാനി ഇങ്ങനെ അഴീക്കൽ വരെ നീണ്ടുകിടക്കുന്ന തീരസമൃദ്ധമായിട്ടുള്ള കേരളത്തിന്റെ സാധ്യതയെ നമുക്ക് ഉപയോഗപ്പെടുത്താൻ കഴിയേണ്ടതുണ്ട്. അതിന് കഴിയുന്ന ഒരു ചെറിയ തുടക്കം ഈ ബഡ്ജറ്റിനകത്തു വന്നു എന്നുള്ളത് വളരെ ശ്രദ്ധേയമായ കാര്യമാണ്. മറ്റൊന്ന് ഞാൻ നേരത്തെ പറഞ്ഞതുപോലെ കേരളത്തിന്റെ സാഹചര്യമനുസരിച്ച് നമുക്ക് മാതൃകയാക്കാവുന്ന നിർമ്മാണരീതികളുള്ളത് മലേഷ്യയിലാണ്. അവിടെയുള്ളത് ഇവിടത്തെ അതേ ക്ലൈമറ്റാണ്. രാജ്യത്തെ വേറൊരു സ്റ്റേറ്റുപോലെയല്ല ഇവിടെത്തെ കാലാവസ്ഥ, ആറുമാസം മഴയും ആറുമാസം വെയിലും, ടാർ ചെയ്യുമ്പോൾ അതുകൊണ്ടുണ്ടാകുന്നത് എന്താണ്? പി.ഡബ്ല്യൂ.ഡി. റോഡുകളുണ്ടാക്കി അടുത്ത ആറുമാസം കഴിയുമ്പോൾ പൊളിയും. ചില ആളുകൾക്ക് അതുകൊണ്ട് സൗകര്യമുണ്ട്. പലതരത്തിലുള്ള അഴിമതിയുടെ സാധ്യതകളുണ്ട്. പക്ഷേ നമ്മുടെ പൊതുമുതലിനെ സംബന്ധിച്ചിടത്തോളം അത് ഭീകരമായ നഷ്ടമായി എല്ലായിടത്തും മാറുകയാണ്. അതുകൊണ്ട് റോഡുകളുടെ വിഷയത്തിൽ മാത്രമല്ല ഇവിടെയുണ്ടാകുന്ന എല്ലാ ഡെവലപ്മെന്റുകളെക്കുറിച്ചും പഠിക്കുന്നതിനും റിസർച്ച് നടത്തുന്നതിനും കഴിയുന്ന തരത്തിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണം. അതിന്

അഞ്ചോ ആറോ കോടി രൂപ ചെലവഴിച്ചാൽപോലും ഭാവിയിൽ ലഭിക്കാവുന്നത് ആറും ഏഴും കോടിയൊന്നുമായിരിക്കില്ല, ഒരുപക്ഷേ സംസ്ഥാനത്തിന് മുതൽക്കൂട്ടാക്കി മാറ്റാൻ കഴിയുന്ന വമ്പിച്ച ലാഭമാകും. റോഡുകളടക്കമുള്ള കാര്യങ്ങളെക്കുറിച്ചും പദ്ധതികളെക്കുറിച്ചും റിസർച്ച് നടത്തിവേണം ഇവിടെ കൊണ്ടുവരേണ്ടത് എന്നാണ് എനിക്ക് പറയാനുള്ളത്. ഏറ്റവും സന്തോഷകരമായിട്ടുള്ള മറ്റൊരു കാര്യം, കണ്ണൂരിന്റെ പ്രത്യേകതയനുസരിച്ച് അവിടെ ഒരു ഹാന്റ്ലൂം വില്ലേജ് മാണിസാർ പ്രഖ്യാപിക്കുകയുണ്ടായി. കണ്ണൂർ രണ്ടു കാര്യത്തിൽ ശ്രദ്ധേയമായിട്ടുള്ളതാണ്. പ്ലൈവുഡിന്റെയും ഹാന്റ്ലൂമിന്റെയും ഒരു മേഖലയാണ് കണ്ണൂർ. ഹാന്റ്ലൂം തൊഴിലാളികൾ ഭീകരമായ നഷ്ടത്തിലും കഷ്ടത്തിലുമാണ്. അവരുടെ ജീവിതം വലിയ പ്രയാസത്തിലാണ്, ഇനിയും പിടിച്ചുനിൽക്കാനാവാത്ത അവസ്ഥയുണ്ട്. ഒരുപാട് കാലമായി പറഞ്ഞുകൊണ്ടിരിക്കുകയായിരുന്ന ഒരു കാര്യമാണ് ഹാൻഡ്‌ലൂം മിൽ എന്നുള്ളത്. അത് ഈ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയാണുണ്ടായത്. ഒബാമയുടെ ബെഡ്റൂം അലങ്കരിച്ചിക്കുന്നത് കണ്ണൂർക്കാരന്റെ കൈത്തറി കൊണ്ടാണ് എന്ന കാര്യം മലയാള മനോരമ പത്രത്തിൽ ഒരിക്കൽ വന്നിരുന്നു. ഒബാമയുടെ വീടുപോലും അലങ്കരിച്ചിരിക്കുന്നത് കണ്ണൂർക്കാരന്റെ കൈത്തറി കൊണ്ടാണ്. കേരളത്തിലുള്ളവർക്കൊന്നും അതിന്റെ ഗൗരവം അറിയില്ലെങ്കിലും അത്രയും പാരമ്പര്യമുണ്ട്. എമിറേറ്റ്സിലൊക്കെ ഫ്ളൈറ്റിൽ ഉപയോഗിക്കുന്ന പ്ലൈവുഡ് മെറ്റീരിയൽ കണ്ണൂരിലെ വളപട്ടണത്തുനിന്നും കൊണ്ടുപോകുന്നതാണ്. അത്രമേൽ പ്രാധാന്യമുള്ള ഒരു വ്യവസായത്തെ തകർന്നുപോകാതെ പരിരക്ഷിക്കാൻ കഴിയുന്ന ചില ഇടപെടലുകളുണ്ടാവുകയാണ്, അതൊരു വലിയ അറ്റംപ്റ്റാണ്. ആ അർത്ഥത്തിൽ എല്ലാ മേഖലയേയും ടച്ച് ചെയ്തുകൊണ്ടുള്ള ഒരു പരിശ്രമമാണ് ഈ ബഡ്ജറ്റിൽ എല്ലായിടത്തുമുണ്ടായിട്ടുള്ള

ത്. അതുകൊണ്ടുതന്നെ ഹൃദയം നിറഞ്ഞ സന്തോഷത്തോടുകൂടി ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: Thank you Mr. Shaji. കൃത്യമായി നിറുത്തിയതിന് നന്ദി. അടുത്തത് ബഹുമാനപ്പെട്ട ശ്രീ. ഇ. കെ. വിജയൻ. അങ്ങും ശ്രീ. കെ. എം. ഷാജിയുടെ പാത പിന്തുടർന്നാൽ നന്ന്.

ശ്രീ. ഇ.കെ. വിജയൻ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ബഡ്ജറ്റിലെ പേജ് 8–ൽ 15–ാമത്തെ ഇനമായി പറഞ്ഞിട്ടുള്ള ചെറുകിട കർഷകരുടെ പലിശ ബാദ്ധ്യത എഴുതിത്തള്ളുന്നു എന്നത് കേട്ടാൽ കേരളത്തിലെ കൃഷിക്കാർ രക്ഷപ്പെട്ടു എന്നുതോന്നും. യഥാർത്ഥത്തിൽ വധശിക്ഷ നടപ്പാക്കുന്നതിനുമുമ്പ് അവസാനമായി നിങ്ങൾക്ക് എന്തെങ്കിലും പറയാനുണ്ടോ എന്ന് ചോദിക്കുന്നതുപോലെയാണിത്. കേരളത്തിന്റെ കാർഷിക സമ്പദ്ഘടന തകർന്നു. കൃഷിക്കാരന് ഒരിഞ്ച് മുന്നോട്ടുനീങ്ങാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ആ സയമത്താണ് മാണി സാർ ബഡ്ജറ്റിൽ പറയുന്നത് വായ്പയുടെ മുതൽ അടയ്ക്കുന്നവർക്ക് വൺടൈം സെറ്റിൽമെന്റ് എന്ന നിലയ്ക്കായിരിക്കും ഈ പലിശ സൗജന്യം നൽകുകയെന്ന്. ആർക്ക് അടയ്ക്കാൻ കഴിയും? അതോടൊപ്പം വൻകിടക്കാർക്ക് അഗ്രികൾച്ചർ ഇൻകം ടാക്സ് ഒഴിവാക്കിക്കൊടുക്കുകയും ചെയ്യുന്നു. ഈ പലിശ സൗജന്യം കേരളത്തിലെ പാവപ്പെട്ട ഒരു കൃഷിക്കാരനും നേടാൻ കഴിയാത്ത സാഹചര്യമല്ലേ ഉള്ളത്? ഞാൻ വയനാട്ടിന്റെ സാഹചര്യം നേരത്തെ പറഞ്ഞു. നാളികേര കൃഷിക്കാരന്റെയും അവസ്ഥ ഇതാണ്. കൃഷിക്കാർക്ക് ഒരിഞ്ച് മുന്നോട്ട് നീങ്ങാൻ കഴിയാത്ത സാഹചര്യത്തിൽ ഈ

പലിശ എഴുതിത്തള്ളുന്നതിന്റെ ഗുണഭോക്താക്കളായി കേരളത്തിൽ ആർക്കും വരാൻ കഴിയുകയില്ല. ഈ ബഡ്ജറ്റ് ആദ്യാവസാനംവരെ പരിശോധിക്കുമ്പോൾ ഇതൊരു പ്രാദേശിക ജാതി–മത ചിന്തകളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലേയ്ക്ക് മാറുകയാണ് എന്ന് നമുക്ക് ബോദ്ധ്യപ്പെടും. വരുമാനത്തിന് പ്രൊവിഷൻ കാണാതെ വകയിരുത്തിയതായും കാണാൻ കഴിയും. വളർച്ചാനിരക്ക് എങ്ങനെയാണ് കാണേണ്ടത്? നമ്മുടെ കാർഷിക മേഖലയേയും വ്യാവസായിക മേഖലയേയും പരിപോഷിപ്പിക്കാനുള്ള എന്ത് പദ്ധതിയാണ് ഇതിലുള്ളത്; മുഖ്യ പ്രശ്നമായ ഭക്ഷ്യപ്രശ്നം പരിഹരിക്കാനുള്ള ഒരു നിർദ്ദേശവും ബഡ്ജറ്റിലില്ല. കാർഷിക മേഖലയെ പ്രത്യേകിച്ച് നെൽകൃഷിക്കാരെ പരിപോഷിപ്പിക്കാനുള്ള ഒരു പദ്ധതിയും ഇതിൽ ആവിഷ്കരിച്ചിട്ടില്ല. നേരത്തെ പലരും സൂചിപ്പിച്ച കാര്യങ്ങൾ ആവർത്തിക്കാൻ ഈ അവസരം ഉപയോഗിക്കുന്നില്ല. ഒട്ടേറെ ആനുകൂല്യങ്ങളെക്കുറിച്ചിവിടെ സൂചിപ്പിച്ചു. അവശ കലാകാരന്മാരുടെ എണ്ണം വളരെ കുറവാണ്. അവരുടെ പെൻഷൻ വർദ്ധിപ്പിച്ചിട്ടില്ല. അതുപോലെ കഴിഞ്ഞ സഭയിലാണ് കോഴിക്കോട് കോമൺവെൽത്ത് ഫാക്ടറി ഏറ്റെടുക്കുന്ന ബില്ല് പാസ്സാക്കിയത്. പക്ഷെ ആ ഫാക്ടറി ഏറ്റെടുക്കുന്നതിനുവേണ്ടി ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടില്ല. അതിന്റെ പിന്നിൽ ഒരു ഒളിച്ചുകളിയില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. എം.എൻ ലക്ഷംവീട് പദ്ധതിയെക്കുറിച്ചിവിടെ സൂചിപ്പിച്ചു. തീർച്ചയായും മറ്റിതര പദ്ധതികൾക്ക് 2 ലക്ഷംരൂപ നീക്കിവച്ചപ്പോൾ 75000 രൂപയാണ് ജനറൽ നീക്കിവച്ചത്. ആ പദ്ധതി പൂർത്തീകരിക്കാൻ കഴിയില്ല. ഇരട്ട വീടുകൾ ഒറ്റവീടുകളാക്കുന്ന പദ്ധതി അവസാനിപ്പിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. അതിന് പരിഹാരമുണ്ടാകണം. കുടിവെള്ളം കിട്ടാക്കനി

യായി മാറുന്ന സാഹചര്യത്തിൽ കേരളത്തിലെ എല്ലാ മേഖലകളിലും കുടിവെള്ളം ലഭ്യമാക്കാനുള്ള ഒരു സമഗ്ര പദ്ധതി ആവിഷ്കരിക്കണ്ടേ; അതോടൊപ്പം നെല്ലുൽപ്പാദന വർദ്ധനവുമായി ബന്ധപ്പെട്ട് കേരളത്തിലെ നദികളെയും പുഴകളെയും സംരക്ഷിക്കാനുള്ള സമീപനം ഈ ബഡ്ജറ്റിലൂടെയല്ലേ ഉയർന്നുവരേണ്ടത്. കേരളം വരളുകയാണ്. അത് പരിഹരിക്കാനുള്ള ഒരു നിർദ്ദേശവും ബഡ്ജറ്റിൽ വന്നിട്ടില്ല. കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര താലൂക്ക് നേരത്തെ പ്രഖ്യാപിച്ചതാണ്. പക്ഷെ ഇന്നലെ പുതിയ താലൂക്കുകൾ പ്രഖ്യാപിച്ചപ്പോൾ പേരാമ്പ്ര താലൂക്കിനെക്കുറിച്ച് കേൾക്കാൻ കഴിഞ്ഞില്ല. രാഷ്ട്രപിതാവിന്റെ ഫോട്ടോയുടെതാഴെ നിന്നുകൊണ്ടാണ് നമ്മൾ സംസാരിക്കുന്നത്. ഈ ബഡ്ജറ്റിൽ നമ്മുടെ ഗ്രാമങ്ങളെ മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശമുണ്ടോ; ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനുള്ള പ്രവർത്തനങ്ങൾ വേണ്ടേ; പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കാനുള്ള പദ്ധതികൾ ഇതിലില്ല. എത്ര വിരോധാഭാസമാണ്; പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനം എത്രമാത്രമാണ് നീങ്ങിയത്; 40% തുക മാത്രമേ ഇതിനകം വിനിയോഗിച്ചിട്ടുള്ളൂ. ഫണ്ട് വിനിയോഗം മാർച്ചിൽ പൂർത്തീകരിക്കാൻ കഴിയില്ല. അടുത്ത വർഷത്തെ പദ്ധതി പ്രവർത്തനങ്ങളാണ് പഞ്ചായത്തുകളിൽ ഇപ്പോൾ നടക്കുന്നത്. അതുകൊണ്ട് അതിന്റെ സമയം നീട്ടിക്കൊടുക്കുന്നതിനെക്കുറിച്ച് ഗൗരവപൂർവ്വം ആലോചിക്കണം. എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിംഗിൽ ക്ലാർക്ക് തസ്തിക അനുവദിച്ചിട്ടില്ല. പഞ്ചായത്തുകളിലെ ക്ലാർക്കുമാരെ എഞ്ചിനീയറിംഗ് വിംഗിലേയ്ക്ക് വിട്ടുകൊടുത്തതുകൊണ്ട് പഞ്ചായത്തുകളുടെ പ്രവർത്തനവും അവതാളത്തിലായിരിക്കുകയാണ്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്

കുടിശ്ശിക, ആനുകൂല്യങ്ങൾ തുടങ്ങിയവ വിതരണം ചെയ്യാൻ 127 കോടിരൂപ ആവശ്യമുണ്ട്. റിട്ടയർമെന്റ് ആനുകൂല്യം, സൂപ്പർ ആന്വേഷൻ, ചികിത്സാ സഹായം, മരണാനന്തര സഹായം, വിവാഹ സഹായം, പ്രസവാനന്തര സഹായങ്ങൾ എന്നിവ നല്കുന്നതിനുവേണ്ടിയാണ് പണം ആവശ്യമുള്ളത്. അത് നീക്കിവയ്ക്കണം എന്നുകൂടി ഞാൻ ആവശ്യപ്പെടുകയാണ്. ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞതിന് മറുപടി പറയാൻ അവസാന സമയം വിനിയോഗിക്കാം. ശ്രീ. ഷാഫി പറമ്പിൽ വളരെ ആവേശപൂർവ്വം സി.പി.ഐ(എം) –നെ എതിർക്കാൻ ഒരവസരം വിനിയോഗിക്കുന്നത് എനിക്ക് കാണാൻ കഴിഞ്ഞു. കേരളത്തിൽ അങ്ങനെയൊരു ഭരണം നടന്ന കാലയളവ് തീർച്ചയായും ഞങ്ങൾക്കോർമ്മയുണ്ട്. 'മുല്ലപ്പൂമ്പൊടിയേറ്റു കിടക്കും കല്ലിനുമുണ്ടാമൊരു സൗരഭ്യം'– കേരളത്തിൽ സി.പി.ഐ (എം)–നോടൊപ്പം കേരളത്തിലെ അന്നത്തെ ഭരണത്തിൽ കോൺഗ്രസ്സുണ്ടായിരുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ സീറ്റുകൾ നിലനിർത്താൻ കഴിഞ്ഞത് എന്ന കാര്യം വിസ്മരിക്കരുത്. കമ്മ്യൂണിസ്റ്റ് പാർട്ടി ആദ്യം ഇന്ത്യയിലെ കോൺഗ്രസ്സ് പാർട്ടിക്കൊപ്പമായിരുന്നു. കോൺഗ്രസ്സിനുവന്ന മാറ്റത്തെത്തുടർന്നാണ് കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയും അതിനുശേഷം കമ്മ്യൂണിസ്റ്റ് പാർട്ടിയും ഉണ്ടായതെന്ന കാര്യം വിസ്മരിക്കരുത്. അതിനുശേഷം ലോകത്തുണ്ടായ മാറ്റവും ഇന്ത്യയിലെ കോൺഗ്രസ്സിനുണ്ടായ മാറ്റവും ശ്രീ. ഷാഫി പറമ്പിൽ വിസ്മരിക്കരുത്. മഹാനായ ബാപ്പുജി ഊണിലും ഉറക്കത്തിലും സാമ്രാജ്യത്വ വിരോധിയായിരുന്നു. അതിന്റെ ഭാഗമായി നടന്ന ഉജ്ജ്വലമായ സാമ്രാജ്യ വിരുദ്ധ പോരാട്ടങ്ങളുടെ ഭാഗമായാണ് ഈ രാജ്യം സ്വാതന്ത്ര്യം പ്രാപിച്ചത്. ഇന്ന് കോൺഗ്രസ്സിന്റെ സ്ഥിതി എന്താണ്? നമ്മുടെ

രാജ്യത്തെ വീണ്ടും സാമ്രാജ്യത്വ ശക്തികളുടെ കൈകളിലേയ്ക്ക് എത്തിച്ചു കൊടുക്കാൻ പരിശ്രമിക്കുമ്പോൾ ശ്രീ. ഷാഫി പറമ്പിലിനെപ്പോലെയുള്ള ചെറുപ്പക്കാർ മുസ്സോളിനിയുടേയും ഹിറ്റ്ലറുടേയും കൂടെയുണ്ടായിരുന്ന ചെറുപ്പക്കാരെപ്പോലെ കോൺഗ്രസ്സിനുവേണ്ടി മുദ്രാവാക്യങ്ങൾ വിളിക്കുന്ന സമീപനമല്ല ഉയർന്നുവരേണ്ടത്. ഈ നാടിന്റെ മാറ്റം ആഗ്രഹിച്ചുകൊണ്ട് സാമ്രാജ്യവിരുദ്ധ പ്രസ്ഥാനത്തിന്റെ ഭാഗമായി ഇന്ന് ലോകത്ത് കാണുന്ന മാറ്റ ത്തിന്റെ ഭാഗമായി ഉയർന്നുവരണം. കോൺഗ്രസ്സിനെങ്ങനെ ഇത്തരത്തി ലുള്ള മാറ്റമുണ്ടായി? കഴിഞ്ഞ 20 വർഷങ്ങൾകൊണ്ട് ഇന്ത്യയിലുണ്ടായ മാറ്റമെന്ന് പറയുന്നത് പുത്തൻ സാമ്പത്തിക സമീപനമല്ല, സാമ്രാജ്യത്വ വികസന സമീപനം ഇന്ത്യാ രാജ്യത്ത് നടപ്പിലാക്കാൻ കഴിയുന്നു. ഈ രാജ്യ ത്തിലെ സ്വാതന്ത്ര്യ ബോധമുള്ള മനുഷ്യന് ഇതംഗീകരിക്കാൻ കഴിയുമോ? ഈ മാറ്റമാണ് തീർച്ചയായും നമ്മൾ കാണേണ്ടത്. അത്തരം ഒരു സാഹചര്യ ത്തിലാണ് കഴിഞ്ഞ മാസം 20, 21 തീയതികളിൽ ഇതുവരെ ദർശിച്ചിട്ടില്ലാത്ത പണിമുടക്ക് ഇന്ത്യയിൽ വന്നത്. കോൺഗ്രസ്സിനോടൊപ്പം നില്ക്കുന്നവർ ഐതിഹാസികമായ ഈ പണിമുടക്കിൽ അണിനിരന്നത് ഇതിന്റെ അടിസ്ഥാ നത്തിലാണ്. ഇന്ത്യ എങ്ങോട്ടാണ് പോകുന്നത് എന്ന് ശ്രീ. ഷാഫി പറമ്പിലിന് മനസ്സിലായില്ലെങ്കിലും ഇന്ത്യൻ തൊഴിലാളികൾക്ക് മനസ്സിലായി. ആ മാറ്റ മാണ് നമ്മൾ കാണേണ്ടത്. അതിനുവേണ്ടിയുള്ള വലിയ ശക്തി ഈ രാജ്യത്ത് ഉയർത്തിക്കൊണ്ടുവരാൻ പരിശ്രമിച്ചില്ലെങ്കിൽ തീർച്ചയായും നമ്മുടെ രാജ്യത്തിന്റെ സ്ഥിതി ആ രീതിയിലേയ്ക്ക് നീങ്ങും. അതാണ് ഇവിടെ മാണി സാറും അനുവർത്തിക്കുന്നത്. കേന്ദ്രനയം തുടരുന്ന സമീപ നത്തിലേയ്ക്ക് കേരളത്തെ മാറ്റാൻ ശ്രമിക്കുമ്പോൾ 1957-ലെ

ഗവൺമെന്റിനെ താഴെയിറക്കാൻ പരിശ്രമിച്ച എല്ലാ ശക്തികളും ചേർന്നുകൊണ്ട്, അതിന്റെ പ്രതിദ്ധ്വനികളാണ് ഈ ബഡ്ജറ്റിലൂടെ കാണാൻ കഴിയുന്നത്. ജാതി-മത ശക്തികളുടെ പിൻബലത്തിൽ കേരളത്തെ മുന്നോട്ടുകൊണ്ടുപോകാൻ വീണ്ടും പരിശ്രമിക്കുന്നു. അമേരിക്കയുടെ പിന്തുണ ആ സമരത്തിനുണ്ടായിരുന്നുവെന്ന് അന്നത്തെ വിമോചന സമരത്തിന് നേതൃത്വം കൊടുത്ത കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. എ.കെ. ആന്റണി തന്നെ പറഞ്ഞു. ഇന്ത്യയിൽ നടപ്പിലാക്കിയ ഈ മാറ്റങ്ങൾക്കെതിരെ തിരിഞ്ഞുനില്ക്കുന്ന ഒരു സമീപനമാണ് ഈ ബഡ്ജറ്റിലൂടെ വരുന്നത്. തീർച്ചയായും.......

ശ്രീ. ജി. സുധാകരൻ: സർ, ശ്രീ. ഷാഫി പറമ്പിൽ ഉൾപ്പെടെ നല്ല നിലയിൽ പ്രസംഗിക്കുന്ന ധാരാളം യുവ കോൺഗ്രസ്സ് സാമാജികരെ അംഗീകരിച്ചുകൊണ്ട് പറയുകയാണ്. അവരിങ്ങനെ ഇടതുപക്ഷത്തിനെതിരെ എന്തും പറയുമ്പോൾ ഇന്ത്യയിലെ യുവാക്കൾ അവരോടൊപ്പം അണിനിരക്കുന്നില്ല എന്നുള്ളത്, കഴിഞ്ഞ ഇലക്ഷനിൽ ശ്രീ. രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ ഉത്തർപ്രദേശിൽ ക്യാമ്പയിൻ നടത്തിയിട്ടും 27 സീറ്റാണ് കോൺഗ്രസ്സിന് ലഭിച്ചത്. ശ്രീ. മുലായം സിംഗ് യാദവിന്റെ മകന്റെ നേതൃത്വത്തിൽ അധികാരം പിടിച്ചെടുക്കുകയും പട്ടികജാതി വിഭാഗത്തിൽപെട്ട ഒരു സ്ത്രീയുടെ നേതൃത്വത്തിൽ 95 സീറ്റ് പിടിച്ചിട്ടും ശ്രീ. രാഹുൽ ഗാന്ധിക്ക് 27 സീറ്റ് മാത്രമേ കിട്ടിയിട്ടുള്ളൂ. യുവാക്കൾ അവരുടെ കൂടെയല്ല എന്നുള്ളതിനെക്കുറിച്ച് ചിന്തിക്കാൻ യുവാക്കളായ സാമാജികരെ നിങ്ങൾ തയ്യാറാകുമോ എന്നുള്ള കാര്യം അവരോട് ചോദിക്കാൻ പാടില്ലേ?

ശ്രീ. ഇ.കെ. വിജയൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച വിഷയം നിശ്ചയമായും അവരോട് ചോദിക്കേണ്ടതാണ്. അവിടെ മാത്രമല്ല

പല സ്ഥലങ്ങളിലും ആ മാറ്റം വന്നുകൊണ്ടിരിക്കുകയാണ്. അതുമാത്രമല്ല ഇന്നലെ മുതൽ കേന്ദ്ര ഗവൺമെന്റ് ആടി ഉലയുകയാണ്. ആ സാഹചര്യ ത്തിൽനിന്ന് എങ്ങനെ മോചിതമാകാൻ കഴിയും എന്ന ആലോചനയാണ് ഗൗരവപൂർവ്വം ഡൽഹിയിൽ ഇപ്പോൾ നടക്കുന്നത്. ഞാൻ സൂചിപ്പിച്ചത് അത്തരമൊരു സാഹചര്യത്തിലേയ്ക്ക് കേരളത്തെ മാറ്റാൻ പരിശ്രമിക്കു മ്പോൾ ഈ നാട് രക്ഷപ്പെടണമെന്ന് ആഗ്രഹിക്കുന്ന, ഇന്ന് ശ്രീ. ഷാഫി പറമ്പിൽ മൊയ്തു മൗലവിയുടെ സ്മാരകത്തിനുവേണ്ടി 10 ലക്ഷംരൂപ നീക്കി വച്ചതിനെക്കുറിച്ച് സൂചിപ്പിച്ചു. ആത്മാർത്ഥതയുണ്ടെങ്കിൽ, ദേശീയ ബോധമു ണ്ടെങ്കിൽ ഈ രാജ്യത്തോട് സ്നേഹമുണ്ടെങ്കിൽ ഇതിനെതിരെയുള്ള പോരാ ട്ടത്തിലാണ് നിങ്ങൾ നില്ക്കേണ്ടത്. ഈ രാജ്യത്തെ പുറകോട്ട് വലിക്കുന്നു. പൊതുമേഖലാസ്ഥാപനങ്ങൾ ഒന്നൊന്നായി ഇല്ലാതാക്കാൻ ശ്രമിക്കുന്നു. നമ്മുടെ രാജ്യത്തിന്റെ സ്വാശ്രയത്വത്തെ പണയപ്പെടുത്തുന്നതിനെതിരെ തിരിയണം. തീർച്ചയായും അത്തരം ശബ്ദങ്ങൾ അപ്പുറത്തുണ്ട്. ബഹുമാന പ്പെട്ട ആര്യാടൻ മുഹമ്മദിനെപ്പോലെയുള്ളവർ അക്കാര്യത്തിൽ വളരെയ ധികം ശ്രദ്ധിക്കുന്നുണ്ട് എന്ന് ഞങ്ങൾക്കറിയാം. പക്ഷെ ശക്തി പോരാ. വളരെ സംഘടിതമായി മുന്നോട്ട് വന്നെങ്കിൽ മാത്രമേ നമ്മുടെ നാടിനെ രക്ഷിക്കാൻ കഴിയൂ. പൊതു മേഖലയെയും സർവ്വീസ് മേഖലയെയും സംര ക്ഷിക്കണം. ഇന്നത്തെ അവസ്ഥ എന്താണ്? കുടിവെള്ളം മുട്ടുന്ന വിഷയം മുമ്പ് നമ്മൾ സൂചിപ്പിച്ചതാണ്. അതിനേക്കാൾ ഭീകരമായ രീതിയിൽ കെ. എസ്.ആർ.ടി.സി–യെ ഇല്ലാതാക്കാൻ പോകുന്നു. ആരാണിതിന് ഉത്തര വാദി? വളരെ ബോധപൂർവ്വം കേന്ദ്രഗവൺമെന്റ് എടുത്ത സമീപനത്തിന്റെ ഭാഗമായി നാട്ടിൻപുറങ്ങളിലെ പാവങ്ങൾക്ക് യാത്ര ചെയ്യാൻ കഴിയാത്ത

സാഹചര്യത്തിലേയ്ക്ക് പോകുമ്പോൾ സ്വല്പം മനോവികാരം ഉയർന്നുവരണ്ടേ? ഈ ബഡ്ജറ്റിൽ പ്രാമുഖ്യം നല്കേണ്ടത് എന്തിനാണ്? കേരളത്തിലെ പാവപ്പെട്ട മനുഷ്യരുടെ യാത്രയ്ക്ക് വിരാമമിടുന്ന സമീപനത്തിനെതിരെ ഈ ബഡ്ജറ്റ് ഒരു മാതൃകയായി കേരളത്തിൽ ഉയർന്നുവരണമെന്ന ആലോചനയല്ലേ വേണ്ടത്; കുടിവെള്ളം മുട്ടിച്ച് അതിൽ നിന്നും എങ്ങനെ കാശുണ്ടാക്കാമെന്ന് പരിശ്രമിക്കുന്ന സമീപനം അപ്പുറത്ത് വരുമ്പോൾ ദേശീയബോധം ഉയർന്നുവരണമെന്ന് പച്ചയുടെ പേരിൽ വർത്തമാനം പറയുന്ന ചെറുപ്പക്കാരെ ഞാൻ വിനയപുരസ്സരം ഓർമ്മപ്പെടുത്തുന്നു. ഇത്തരമൊരു സാഹചര്യത്തിൽ എനിക്ക് ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട മാണി സാറിനോട് എനിക്ക് സൂചിപ്പിക്കാനുള്ളത് 'ചിരിക്കുമ്പോൾ കൂടെ ചിരിക്കാൻ ആയിരംപേർ വരും

കരയുമ്പോൾ കൂടെ കരയാൻ നിൻ നിഴൽ മാത്രം വരും' - തീർച്ചയായും കേരളത്തിലെ ജനത കരയുകയാണ്. അതിനോടൊപ്പം നില്ക്കാൻ കെ.എം. മാണി സാർ ഉണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u>: സർ, ഇരിട്ടി താലൂക്ക് ഉൾപ്പെടെ 12 താലൂക്കുകൾ അനുവദിച്ച് കേരളത്തിന്റെ പുരോഗതിയെ ത്വരിതപ്പെടുത്താൻ തയ്യാറായ ശ്രീ. കെ.എം. മാണിസാറിനെ അഭിനന്ദിക്കുകയാണ്. ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ അനുകൂലിക്കുന്നു. ബഡ്ജറ്റിനെതിരായി വസ്തുതയ്ക്ക് നിരക്കാത്ത വിമർശനമുയർത്തിയത് ഡോ. ടി.എം. തോമസ് ഐസക്കാണ്. പാവങ്ങളിൽ നിന്നെടുത്ത് പണക്കാർക്ക് കൊടുക്കുന്ന

ബഡ്ജറ്റാണിതെന്ന് അദ്ദേഹം പറഞ്ഞു. ഡോ. ടി.എം. തോമസ് ഐസക്കിന്റെയും ശ്രീ. കെ.എം. മാണിയുടെയും ലോട്ടറി വകുപ്പ് മാത്രം പരിശോധിച്ചാൽ ഇങ്ങനെ പറയാൻ പറ്റുമോ? പാവങ്ങളുടെ വിയർപ്പുപുരണ്ട ലോട്ടറി വകുപ്പിന്റെ വരുമാനമെടുത്ത് സാന്റിയാഗോ മാർട്ടിന്മാർക്ക് കൊടുത്ത ഒരു കാലമായിരുന്നു ഡോ. ടി.എം. തോമസ് ഐസക്കിന്റേത്. എന്നാൽ ലോട്ടറി വകുപ്പിലെ പണം 'കാരുണ്യ പദ്ധതി' യിലൂടെ പാവപ്പെട്ട ക്യാൻസർ രോഗികൾക്കും ഹൃദ്രോഗികൾക്കും നൽകുന്നതാണ് ശ്രീ. കെ.എം. മാണിയുടെ ബഡ്ജറ്റ്. ഈ ഒറ്റ കാര്യത്തിൽ നിന്നുതന്നെ അങ്ങയുടെ വിലയിരുത്തൽ പൊളിഞ്ഞുപോയി എന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങ് ഈ ബഡ്ജറ്റിലൂടെ ആർഭാട വിവാഹത്തിനും മറ്റും നികുതി ചുമത്തിക്കൊണ്ട് വരുമാനം വർദ്ധിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും നമ്മുടെ സംസ്ഥാനത്തെ ഇനിയും ടാക്സ് ബേസ് വർദ്ധിപ്പിക്കേണ്ട മേഖലയെക്കുറിച്ച്, അത് ടാക്സിന്റെ ഭാഗമായാലും നോൺ ടാക്സിന്റെ ഭാഗമായാലും വർദ്ധിപ്പിക്കേണ്ട മേഖല നിരവധിയാണ്. ഞാൻ രണ്ട് ഉദാഹരണം പറയാം. ഒന്ന്, റബ്ബർ – 10 വർഷം മുമ്പ് 3500 കോടി രൂപയുടെ വിറ്റുവരവ് ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ 14500 കോടി രൂപയുടെ വിറ്റുവരവായി. എന്നാൽ നമ്മുടെ നികുതി വരുമാനം 295–ൽ നിന്ന് 300 –ലേക്ക് മാത്രം വർദ്ധിച്ചതെന്തുകൊണ്ടാണെന്ന് ഗൗരവത്തോടുകൂടി നാം ആലോചിക്കേണ്ടതാണ്. രണ്ട്, സ്വർണ്ണം – ഇതിൽ ഫെബ്രുവരി വരെ 350 കോടി രൂപയാണ് നികുതി കിട്ടിയത്. മാർച്ച് ആകുമ്പോൾ കഴിഞ്ഞ വർഷത്തെ 421 കോടി രൂപയിലേയ്ക്ക് പോയേക്കാം. കേരളത്തിൽ കൂൺ പോലെ സ്വർണ്ണക്കടകൾ വളർന്നു

കൊണ്ടിരിക്കുകയാണ്. എന്നോട് ടാക്സ് വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ പറഞ്ഞത്, ഇപ്പോൾ കിട്ടുന്ന 350 കോടി രൂപയുടെ നികുതി വരുമാനമെന്ന് പറഞ്ഞാൽ ഈ കേരളത്തിൽ നടക്കുന്ന സ്വർണ്ണകച്ചവടത്തിന്റെ 20 ശതമാനം പോലും ആകുന്നില്ല എന്നുള്ളതാണ്. ഇത് എങ്ങനെ പരിഹരിക്കാൻ കഴിയു മെന്ന് കേരളത്തിന്റെ രാഷ്ട്രീയ നേതൃത്വം ചിന്തിക്കേണ്ട കാര്യമാണ്. ഇപ്പോൾ ഇന്ത്യയിലെ ശരാശരി ആളോഹരി ടാക്സ് പരിശോധിച്ചുകഴി ഞ്ഞാൽ ഏറ്റവും മോശം കേരളമാണ്. കേരളം ടാക്സ് വെട്ടിപ്പിന്റെയും സബ്സിഡി തട്ടിപ്പിന്റെയും നാടാകുന്നു. ടാക്സ് വെട്ടിപ്പിന്റെ നാടും സബ്സിഡി തട്ടിപ്പിന്റെ നാടുമായി എന്തുകൊണ്ട് കേരളം മാറുന്നുവെന്നു ള്ളത് കേരളത്തിന്റെ രാഷ്ട്രീയനേതൃത്വം ഗൗരവത്തോടുകൂടി ആലോചിക്കേ ണ്ടതാണ്. ഇപ്പോൾ സ്വർണ്ണത്തിന്റെ കോമ്പൗണ്ടിംഗ് നികുതി 5 ശതമാനമാണ് ഈടാക്കുന്നത്. ഇത് രണ്ടും കൂടി ആയിട്ടും ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുന്നില്ല. നമ്മുടെ നാട്ടിൽ ചില ബിസിനസ്സ് നടത്തുന്ന ആളു കളെക്കുറിച്ച് ചിന്തിച്ചാൽ അവർ ഒരു കട തുടങ്ങി, അത് നേരിട്ടവർ നോക്കും, പിന്നേ കുറേ കടകൾ തുടങ്ങിക്കഴിഞ്ഞാൽ ആധുനിക സോഫ്ട് വെയർ ഉപ യോഗിച്ച് അവരുടെ ഓരോ കടയും നേരിട്ട് നോക്കാൻ കഴിയാത്തതുകൊണ്ട് അവർക്ക് അവരുടെ മൊബൈൽ ഫോണിൽ കണക്കുകൾ കിട്ടുന്ന കാലത്ത് എന്തുകൊണ്ട് അത്തരം സോഫ്ട് വെയർ വികസിപ്പിച്ചുകൊണ്ട് കേരളത്തിലെ മാർക്കറ്റിൽ പ്രത്യേകിച്ച് സ്വർണ്ണക്കച്ചവടത്തിൽ, ഇലക്ട്രോണിക്സ് കച്ചവട ത്തിൽ ഉൾപ്പടെയുള്ള ഈ നികുതി വർദ്ധനവ് എങ്ങനെയുണ്ടാക്കാൻ സാധി ക്കുമെന്നതിനെക്കുറിച്ച് ഗൗരവത്തോടുകൂടി കേരളം ആലോചിക്കണം. ഒരു കാര്യം കൂടി ഇതിന്റെ കൂടെ പറയാൻ ഞാൻ ഉദ്ദേശിക്കുകയാണ്. കേരള

ത്തിൽ സി& എ.ജി പറയുന്നത് 16 ലക്ഷം സ്ഥാപനങ്ങൾ വാണിജ്യ രജിസ്ട്രേഷനിൽ വരേണ്ടതായുണ്ട്. ഇവിടെ 2 ലക്ഷം സ്ഥാപനങ്ങൾക്കാണ് രജിസ്ട്രേഷനുള്ളത്. അതിൽ നിന്നാണ് അങ്ങ് 23,000 കോടി രൂപയുണ്ടാക്കിയത്. ഇവിടെ നസറുദ്ദീൻ പറയുന്നത് എന്റെ സംഘടനയിൽ 10 ലക്ഷം ആളുകളുണ്ടെന്നാണ് പറയുന്നത്. സി & എ.ജി പറയുന്നത് 16 ലക്ഷം ഉണ്ടെന്നാണ്. 2,00,000 –ൽ നിന്ന് 23,000 കോടി രൂപയാണെങ്കിൽ 10 ലക്ഷം വ്യാപാരികൾ രജിസ്ട്രേഷനിലേയ്ക്ക് കൊണ്ടുവരാനാണെങ്കിൽ ഞാൻ പറയുന്നു നമ്മുടെ വാണിജ്യ നികുതി ഒന്നേകാൽ ലക്ഷം കോടിയിലേയ്ക്ക് വർദ്ധിക്കാൻ പറ്റുന്ന സാഹചര്യമുണ്ട്. ഇന്ത്യൻ ജനസംഖ്യയുടെ രണ്ടേമുക്കാൽ ലക്ഷം ജനങ്ങളുള്ള ഈ സംസ്ഥാനത്ത് ഇന്ത്യൻ ഉപഭോഗത്തിന്റെ 15 മുതൽ 20 ശതമാനം വരെ വിറ്റഴിക്കപ്പെടുന്ന ഒരു മാർക്കറ്റായി കൂടി നമുക്ക് എന്തുകൊണ്ട് ടാക്സ് ബേസ് വർദ്ധിപ്പിക്കാൻ കഴിയുന്നില്ല? എനിക്ക് തോന്നുന്നത് വ്യാപാരികളെ ടാക്സ് കൊടുക്കുന്നതിലേയ്ക്ക് രജിസ്ട്രേഷനിലേയ്ക്ക് കൂട്ടികൊണ്ടുവരാനുള്ള അതിശക്തമായ ഒരു രാഷ്ട്രീയ സമവായവും ക്യാമ്പയിനും നടത്തിക്കൊണ്ട് കേരളത്തെ രക്ഷിക്കാൻ കഴിയണമെന്നാണ് എനിക്ക് പറയാനുള്ളത്. നികുതിയേതര വരുമാനത്തിന്റെയും മനോഭാവങ്ങൾ മാറ്റേണ്ടതുണ്ട്. എന്റെ ഒരു അനുഭവം പറയാം. കണ്ണൂർ ജില്ലാ ആശുപത്രിയിൽ, അവിടത്തെ ജില്ലാ പഞ്ചായത്ത് സി.പി.എം. ആണ്, ഞാൻ അതിലെ ഒരംഗം കൂടിയാണ്.........

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട എ.പി. അബ്ദുള്ളക്കുട്ടി, ചെറുകിടക്കച്ചവടക്കാർക്ക് ഇന്ന് 5 ലക്ഷം രൂപ വരുമാനമെന്ന് പറഞ്ഞാൽ

1800 രൂപയാണ്. ഒരു വർഷത്തിൽ 10 ലക്ഷം രൂപ വരുമാനമുള്ള ചെറുകിടക്കച്ചവടക്കാർ എന്നു പറഞ്ഞാൻ 2700 രൂപയാണ്. ലാഭമെന്ന് പറയുന്നത് ഒരു ദിവസം 270 രൂപയാണ്. ഭാര്യയും മക്കളുമൊക്കെയുള്ള ഒരു കുടുംബത്തിന് 270 രൂപ കൊണ്ട് ജീവിക്കാൻ സാധിക്കുമോ? കച്ചവടക്കാരിൽ ബഹുഭൂരിപക്ഷവും 10 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള പാവപ്പെട്ട കച്ചവടക്കാരാണ്. അവിടന്ന് ഇനി ടാക്സ് ഏർപ്പെടുത്തണമെന്ന് പറഞ്ഞാൽ അത് വലിയ ദ്രോഹമായി തീരുമെന്ന് ചിന്തിക്കേണ്ടതായി ഉണ്ടെന്നാണ് എന്റെ എളിയ അഭിപ്രായം.

<u>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി</u>: സർ, ശ്രീ. പി.സി.ജോർജിന്റെ അഭിപ്രായത്തോട് എനിക്ക് യോജിപ്പില്ല. ആ കണക്കൊക്കെ തെറ്റാണ്. കാരണം പൊന്ന് കച്ചവടത്തെ സംബന്ധിച്ചും റബ്ബറിന്റെ മേഖലയും നമുക്കറിയാം. വ്യാപാര മേഖലകളിൽ ഒരു ശക്തമായ പുതിയ പഠനം നടത്തിക്കഴിഞ്ഞാൽ ഈ രംഗത്ത് ഒരുപാട് വരുമാനമുണ്ടാക്കാൻ സാധിക്കും. നികുതിയേതര വരുമാനത്തിൽ കണ്ണൂർ ജില്ലാ ആശുപത്രിയിൽ വികസനസമിതിയോഗം ചേർന്ന് ഞങ്ങൾ അവിടത്തെ ഒ.പി. ടിക്കറ്റ് 2 രൂപയിൽ നിന്ന് 5 രൂപയാക്കാൻ തീരുമാനിച്ചു. ബാക്കിയുള്ളതും കുറച്ച് വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. ആരോഗ്യവകുപ്പുമന്ത്രി ആ തീരുമാനത്തിന് എതിരായിരുന്നു. ഈ വരുമാനം (അതായത് ഒ.പി. ടിക്കറ്റ് 2 രൂപയിൽ നിന്ന് 5 രൂപയാക്കിയാൽ ലഭിക്കുന്ന വരുമാനം) കൊണ്ട് ആശുപത്രിയിൽ ഗവൺമെന്റിന്റെ സഹായമില്ലാതെ ഒരുപാട് നല്ല കാര്യങ്ങൾ നടത്താൻ സാധിക്കും. പക്ഷേ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിൽ അപ്പുറത്തായാലും ഇപ്പുറത്തായാലും നമ്മുടെ മനോഭാവ

ത്തിൽ ശരിയായ മാറ്റം വരുത്തേണ്ടതുണ്ടെന്നാണ് എനിക്ക് പറയാനുള്ളത്. മുഹമ്മദ് കമ്മീഷൻ പറഞ്ഞത്, സ്വകാര്യ മെഡിക്കൽ കോളേജായാലും ഗവൺമെന്റ് മെഡിക്കൽ കോളേജായാലും ഒരു കുട്ടിയെ പഠിപ്പിക്കാൻ 3 ലക്ഷം രൂപ ചെലവാകുമെന്നാണ്. നമ്മുടെ സർക്കാർ മെഡിക്കൽ കോളേജിലെ ഫീസ് എത്രയാണ്? ഒരു വർഷം 25,000 രൂപയാണ്. എന്തുകൊണ്ട് ആ ഫീസ് 50,000 രൂപ ആക്കി വർദ്ധിപ്പിച്ചുകൂടാ? നമ്മുടെ സംസ്ഥാനത്ത് ആയിരം ലിറ്റർ വെള്ളം പി.എച്ച്.ഡി. വാങ്ങുന്നത് 4 രൂപയ്ക്കാണ്. 4 രൂപയെന്നുവച്ചാൽ 1 ലിറ്റർ വെള്ളത്തിന് 10-13 ഉം രൂപയുള്ള നാട്ടിൽ........ ഒരു പക്ഷെ നമ്മുടെ പഴശ്ശിഡാം, നെയ്യാർഡാം എന്നിവിടങ്ങളിൽ നിന്നു വരുന്ന വെള്ളം ബോട്ടിലിലുള്ള മിനറൽ വാട്ടറിനേക്കാൾ നല്ല വെള്ളമാണ്. എന്നാൽ ആ വെള്ളത്തിന് 1000 ലിറ്ററിന് 4 രൂപയെന്ന് പറയുന്നത് കാലോചിതമായി പരിഷ്ക്കരിക്കേണ്ടതായിട്ടുണ്ട്. തമിഴ്നാടും ഡൽഹിയും 10 രൂപ ആക്കിയിരിക്കുന്നു. നികുതിയേതര വരുമാനം വർദ്ധിപ്പിക്കാനുള്ള ധൈര്യവും തന്റേടവും നമ്മുടെ രാഷ്ട്രീയ കേരളം കാണിക്കണമെന്നാണ് ഇത് സംബന്ധിച്ച് എനിക്ക് പറയാനുള്ളത്. ഈ ബഡ്ജറ്റ് കാലയളവിലെ രാഷ്ട്രീയം പറയുകയാണെങ്കിൽ യു.ഡി.എഫ്-ന്റെ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടി ജനസമ്പർക്കപരിപാടി നടത്തിക്കൊണ്ടിരിക്കുമ്പോൾ എൽ.ഡി.എഫ്.-ന്റെ നേതാവ് ശ്രീ. പിണറായി വിജയൻ ജയിൽ സമ്പർക്കം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. ഒന്ന് സമാധാനത്തിന്റെയും മറ്റൊന്ന് അക്രമത്തിന്റേതുമാണ്. ഞാൻ എന്തുകൊണ്ടാണ് ഈ ബഡ്ജറ്റ് വിഷയത്തിൽ ഇത്തരം രാഷ്ട്രീയ കാര്യങ്ങൾ പറയാൻ കാരണമെന്ന് പറഞ്ഞാൽ ഏറ്റവും അവസാനം ഷുക്കൂർ വധക്കേസ്സിലെ

സാക്ഷികളെ ഭീഷണിപ്പെടുത്തി മാറ്റി. അത് സഭ ഗൗരവത്തോടുകൂടി ചർച്ച ചെയ്യേണ്ട വിഷയമാണ്. ടി.പി. ചന്ദ്രശേഖരൻ കൊലപാതകത്തിന് ശേഷം സി.പി.ഐ.(എം).-ന് അകത്തുപ്പോലും അക്രമരാഷ്ട്രീയം അവസാനിപ്പിക്കണമെന്ന വികാരം ശക്തമായി. പക്ഷെ കണ്ണൂരിന്റെ ലീഡർഷിപ്പ് മാറിയിട്ടില്ല. ഷുക്കൂർ വധക്കേസിലെ സാക്ഷികളെ എത്ര മാറ്റിയാലും നിങ്ങൾ ശിക്ഷിക്കപ്പെടുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. കാരണം ഷുക്കൂറിന്റെ ഉമ്മ ആ കൊലപാതകത്തിന് ശേഷം ഒരു വർഷം സംസാരിച്ചിട്ടില്ല. പല ചികിത്സയും നടത്തിനോക്കിയെങ്കിലും രക്ഷയില്ല. അവസാനം ബന്ധുക്കൾ അവരെ മക്കയിൽ കൊണ്ടുപോയി കഅ്ബയുടെ മുന്നിൽ വച്ച് ആ ഉമ്മ ആദ്യമായി സംസാരിച്ചു. സംസാരിച്ച ശേഷം ആ ഉമ്മ പറഞ്ഞു, 'പടച്ച തമ്പുരാനെ എന്റെ പൊന്നുമോനെ കൊന്ന കൊലയാളികളെ നീ കഠിനമായി ശിക്ഷിക്കണമേ'യെന്ന് പ്രാർത്ഥിച്ചിരിക്കുകയാണ്. ആ പ്രാർത്ഥനയെ സാക്ഷിപ്പെടുത്തി എനിക്ക് പറയാനുള്ളത് എന്ത് ഭീഷണി മുഴക്കിയാലും ഷുക്കൂറിന്റെ കൊലയാളികൾ ശിക്ഷിക്കപ്പെടുകതന്നെ ചെയ്യുമെന്നുള്ളതാണ്.

കണ്ണൂരിലെ അക്രമ രാഷ്ട്രീയത്തെപ്പറ്റി പറയുമ്പോൾ ഇപ്പോൾ സി.പി.ഐ(എം)-ന് സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു കാര്യം കൂടി പറയാനുണ്ട്. അഞ്ചേരി സുര എന്ന ആളിന്റെ വിവാഹത്തിന് കണ്ണൂരിലെ സി.പി.ഐ(എം) ലക്ഷക്കണക്കിന് രൂപ പിരിച്ചിരുന്നു. അതുപോലെ ഇപ്പോൾ പാനൂർ ഏരിയ കമ്മിറ്റി 'സഖാവ് പുരുഷോത്തമൻ ഭവന നിർമ്മാണ ഫണ്ട്' എന്ന പേരിൽ ഒരു പിരിവ് നടത്തുന്നുണ്ട്. പന്നിയന്നൂർ ചന്ദ്രൻ എന്ന ആളിനെ കൊലപ്പെടുത്തിയ കേസിൽ ജയിലിൽ കിടക്കുന്ന ആളിനുവേണ്ടി ഭവന നിർമ്മാണത്തിന്

ഫണ്ട് പിരിക്കുകയാണ്. ചന്ദ്രശേഖരൻ കൊലപാതകത്തിനുശേഷമാണ് ഇതൊക്കെ നടക്കുന്നത്. ഇത് നൽകുന്ന സന്ദേശം എന്താണ്? 'ചെറുപ്പക്കാരേ നിങ്ങൾ കൊടി സുനിയുടെ ക്വട്ടേഷൻ സംഘത്തിൽ ചേരൂ, നിങ്ങളുടെ ഭാര്യ യെയും മക്കളെയും ഞങ്ങൾ സംരക്ഷിക്കാം' എന്ന സന്ദേശം ഒരു രാഷ്ട്രീയ പ്രസ്ഥാനം നമ്മുടെ സമൂഹത്തിന് നൽകുന്നത് എത്ര ഗുരുതരമാണെന്ന് ഈ സന്ദർഭത്തിൽ നമ്മൾ ചിന്തിക്കേണ്ടതാണ്. അതുകൊണ്ട് കണ്ണൂരിലെ അക്രമ രാഷ്ട്രീയത്തോടുള്ള ഈ സമീപനം മാറ്റണമെന്ന് ഈ  സന്ദർഭത്തിൽ ഞാൻ ആത്മാർത്ഥമായി അഭ്യർത്ഥിക്കുകയാണ്. ശ്രീ. റ്റി.വി. രാജേഷും സ്വരാജും നടത്തിയ ഡി.വൈ.എഫ്.ഐ ജാഥയിൽ മഹാത്മാഗാന്ധിയുടെയും അബ്ദുറ ഹിമാൻ സാഹിബിന്റെയും മദർ തെരേസയുടെയും സ്വാമി വിവേകാന ന്ദന്റെയുമൊക്കെ ചിത്രം വയ്ക്കുന്നത് സി.പി.ഐ(എം)-ന്റെ പ്രത്യയശാസ്ത്ര പ്രതിസന്ധിയുടെ ഏറ്റവും വലിയ തെളിവാണ്. ഗാന്ധിജി ഇന്ത്യയെ മാന്തി പുണ്ണാക്കിയെന്നാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ മുമ്പ് ഞങ്ങളെ പഠി പ്പിച്ചിട്ട് ഇപ്പോൾ ഡി.വൈ.എഫ്.ഐ ജാഥയിൽ ഗാന്ധിജിയുടെ ചിത്രം വയ്ക്കുന്നത് വളരെ വിചിത്രമാണ്. യഥാർത്ഥത്തിൽ ഡി.വൈ.എഫ്.ഐ ജാഥ യിൽ നിങ്ങൾ വയ്ക്കേണ്ടത് കൊടി സുനിയുടെയോ കിർമ്മാണി മനോ ജിന്റെയോ കുഞ്ഞനന്തന്റെയോ ചിത്രമല്ലേ? മദർ തെരേസയുടെ ചിത്രം വയ്ക്കാൻ നിങ്ങൾക്ക് എന്ത് അധികാരമാണുള്ളത്? ബിഷപ്പുമാരെ കൊന്നൊ ടുക്കിയ, ബിഷപ്പ് തിരുമേനിയെ നികൃഷ്ട ജീവിയെന്ന് വിളിച്ച സ്റ്റാലിന്റെയും പിണറായി വിജയന്റെയും ചിത്രത്തിനിടയിൽ മദർ തെരേസയുടെ ചിത്രം വയ്ക്കാൻ ഡി.വൈ.എഫ്.ഐ-ക്ക് എങ്ങനെ സാധിക്കുന്നുവെന്ന് ഈ സന്ദർഭത്തിൽ ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഇന്ത്യ

യുടെ രാഷ്ട്രീയ ചരിത്രത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഗാന്ധിജിയോട് സ്വീകരിച്ച നിലപാട് തെറ്റായിപ്പോയി .......

ശ്രീ. പി.സി. വിഷ്ണുനാഥ്: സർ, ഇവിടെ ശ്രീ. ആർ. രാജേഷ് കുറെ രക്തസാക്ഷികളുടെ പേര് പറഞ്ഞു. രക്തസാക്ഷികൾ സ്വന്തം ജീവിതം പ്രസ്ഥാനത്തിനുവേണ്ടി സമർപ്പിച്ചവരായതിനാൽ നമ്മളും അവരെ ബഹുമാനിക്കുന്നു. എന്നാൽ അദ്ദേഹം പറയാൻ വിട്ടുപോയ ഒരു രക്തസാക്ഷിയുണ്ട്. പട്ടാമ്പി കോളേജിൽ ആർ.എസ്.എസ്-കാർ കൊലപ്പെടുത്തിയ സെയ്ദാലിയുടെ പേര് കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലം മുതൽ ഇവർ പറയാറില്ല എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: സർ, എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മഹാത്മാഗാന്ധിയെക്കുറിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് പറ്റിയ തെറ്റ്, ഗാന്ധിജി ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഉജ്ജ്വല നേതാവായിരുന്ന 1930 കാലയളവിൽ ലോക കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവ് Rajani Palme Dutt ഗാന്ധിജിയെക്കുറിച്ച് 'ബ്രിട്ടീസ് ബൂർഷ്വാസിയുടെ കോടാലിയാണ് ഗാന്ധി' എന്ന് ഒരു ലഘുലേഖനമെഴുതി. അത് കൃഷ്ണപിള്ളയും ഇ.എം.എസും വിറ്റുനടന്ന നാടാണിത്. ഗാന്ധിജി രക്തസാക്ഷിയായിട്ടും ഇന്ത്യയുടെ മഹാനായ നേതാവായിട്ടും ഗാന്ധിജി ഇന്ത്യ മാന്തി പുണ്ണാക്കി എന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി പറഞ്ഞു. ഗാന്ധിജിയോടുള്ള ഈ താത്വികമായ നിലപാടാണ് കമ്മ്യൂണിസ്റ്റ് പാർട്ടി മാറ്റേണ്ടത്.

ശ്രീ. എ.കെ. ബാലൻ: സർ, കമ്മ്യൂണിസ്റ്റ് പാർട്ടി ഒന്നിനും കഴിയാത്ത മോശമായ പാർട്ടിയാണ്. ആ പാർട്ടിയുടെ പേരിൽ എം.പി ആയി മാസം

തോറും 30,000 രൂപ പെൻഷൻ വാങ്ങുന്നത് അങ്ങ് സ്റ്റേറ്റിന് വിട്ടുകൊടുക്കുമോ? അങ്ങനെ കൊടുത്തിട്ടാണ് ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി ഇങ്ങനെ സംസാരിക്കുന്നതെങ്കിൽ താങ്കളുടെ സംസാരത്തിന്റെ ആത്മാർത്ഥതയെ ഞാൻ പരിപൂർണ്ണമായി ഉൾക്കൊള്ളുന്നു. ഒരു മോശമായ പാർട്ടിയുടെ ആനുകൂല്യം എന്തിനാണ് കൈപ്പറ്റുന്നത്?

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: സർ, പെൻഷനും ഈ ശമ്പളവുമൊക്കെ ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നതിന് കിട്ടിയതാണ്. ജനങ്ങൾക്കുവേണ്ടി തന്നെ ഞാൻ പ്രവർത്തിക്കുന്നുണ്ട്. യഥാർത്ഥത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി സ്വീകരിച്ചിട്ടുള്ള ഇത്തരം നിലപാടുകൾ തെറ്റാണ്. കേരളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട ഏറ്റവും വലിയ പ്രശ്നമാണ് റോഡ് വികസനം. ഇപ്പോൾ കേരളം ട്രാഫിക് കുരുക്കിൽ ശ്വാസംമുട്ടി വിയർത്തുകുളിച്ച് നിൽക്കുകയാണ്. എക്സ്പ്രസ് ഹൈവേയെ എതിർത്തത് സഖാവ് വി.എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. ഇന്ന് എല്ലാവരും എക്പ്രസ് ഹൈവേയ്ക്ക് അനുകൂലമാണ്. സഖാവ് വി.എസ് ജീവിച്ചിരിക്കുമ്പോൾ ത്തന്നെ കേരളത്തിൽ റോഡ് വികസനത്തിനെതിരായി അങ്ങ് നടത്തിയ സമരം തെറ്റായിപ്പോയി എന്ന് ഏറ്റുപറയാൻ തയ്യാറാകുമോ എന്നചോദ്യം ഞാനിവിടെ ഉന്നയിക്കുകയാണ്. റോഡ് വികസനവുമായി ബന്ധപ്പെട്ട് അങ്ങയുടെ ബഡ്ജറ്റിൽ കണ്ണൂർ, കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിലെ ട്രാഫിക് കുരുക്ക് മാറ്റാൻവേണ്ടി ചില ബൈപ്പാസുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. കണ്ണൂരിൽ തലശ്ശേരി–മാഹി ബൈപ്പാസിനായാണ് തുക വകയിരുത്തിയിരിക്കുന്നത്. എന്നാൽ കണ്ണൂരിൽ വളപട്ടണം മുതൽ മാഹിവരെ ബൈപ്പാസുണ്ടാക്കണം. സംസ്ഥാന ഗവൺമെന്റിന്റെ ഇന്നത്തെ സാമ്പത്തിക പരിമിതിയിൽ അതിന്

കഴിയില്ലെന്ന് എനിക്കറിയാം. കേന്ദ്ര ഗവൺമെന്റ് നൽകുന്ന ഫണ്ട് ചെലവാക്കാൻ നമുക്ക് സാധിക്കാത്തതെന്തുകൊണ്ടാണ്? നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ഒരു ഓഫീസ് കോഴിക്കോട് പ്രവർത്തിക്കുന്നുണ്ട്. അവിടെയുള്ള ഉദ്യോഗസ്ഥൻമാർക്ക് ഒരു പണിയുമില്ലാതെ പതിറ്റാണ്ടുകളായി കേന്ദ്ര ഗവൺമെന്റ് ശമ്പളം കൊടുത്തുകൊണ്ടിരിക്കുകയാണ്. കണ്ണൂരിലും കാസർഗോഡും റോഡിന്റെ നോട്ടിഫിക്കേഷൻ ചെയ്തിട്ടുണ്ട്. കണ്ണൂരിൽ ശക്തമായി സർവ്വേ നടക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ നാല് വരിപ്പാത, കണ്ണൂരിനുവേണ്ടി വളപട്ടണം വേങ്ങളത്തിനുവേണ്ടി പ്രത്യേകം കേന്ദ്ര സഹായത്തോടെ നടത്താനുള്ള ഒരു കാഴ്ചപ്പാടാണ് ഗവൺമെന്റ് കാണിക്കേണ്ടതെന്നാണ് ഇത് സംബന്ധിച്ച് എനിക്ക് പറയാനുള്ളത്. കേരളത്തിന്റെ റോഡ് വികസനവുമായി ബന്ധപ്പെട്ട് യുദ്ധകാലാടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്നില്ലെങ്കിൽ ഭാവി തലമുറ നമ്മെ കുറ്റപ്പെടുത്തും. അത്രമാത്രം അപകടകരമായ സ്ഥിതിവിശേഷമാണുള്ളത്. ഗ്രീൻ ഫീൽഡ് റോഡ് കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റിന്റെ സംഭാവനയാണ്. മനോരമ ചാനലിൽ ഇത് സംബന്ധിച്ച് ചർച്ച നടന്നപ്പോൾ ഞാൻ ഗ്രീൻഫീൽഡ് റോഡിനുവേണ്ടി ശക്തമായി വാദിച്ചു. പക്ഷേ ശ്രീ. കെ. കെ. നാരായണൻ എം.എൽ.എ അതിനെതിരായി പറഞ്ഞു. ഭരണമുള്ളപ്പോൾ 'നാരായണാ' എന്നും ഭരണം പോയാൽ 'കോരായണാ' എന്നും പറയുന്ന ഈ സമീപനം നിങ്ങൾ മാറ്റേണ്ടതാണ്. ഗ്രീൻ ഫീൽഡ് റോഡ് നിർമ്മാണത്തെ നിങ്ങൾ അനുകൂലിക്കേണ്ടതാണ്. അല്ലാതെ വിമാനത്താവളമുണ്ടാക്കിയിട്ട് ഒരു കാര്യവുമില്ല. വിമാനത്താവളമുണ്ടാക്കിയാൽ അവിടെനിന്ന് പോകാൻ നല്ല റോഡ് വേണ്ടേ? എന്റെ മണ്ഡലത്തിൽക്കൂടിയാണ് ഈ റോഡ് കൂടുതലായി കടന്ന് പോകുന്നത്. റോഡ് വിക

സനത്തിനുവേണ്ടി എം.എൽ.എ മാർ ഉറച്ച നിലപാട് സ്വീകരിച്ചാൽ മാത്രമേ കേരളത്തിൽ റോഡ് വികസനം സാധ്യമാകൂ എന്നാണ് എനിക്ക് പറയാനു ള്ളത്. ഇത്രയും പറഞ്ഞുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഒരി ക്കൽകൂടി അനുകൂലിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. ഇവിടെ രണ്ട് വർഷം പൂർത്തിയാക്കുന്ന യു.ഡി.എഫ് സർക്കാരിന്റെ ഭരണ നേട്ടങ്ങളൊന്നും പറയാനില്ലാത്തതുകൊ ണ്ടാണ് ഏറ്റവും ഒടുവിൽ പ്രസംഗിച്ച യു.ഡി.എഫ്-ന്റെ വക്താവ് കണ്ണൂർ മെമ്പർ സ്വതവേയുള്ളതുപോലെ ഒരു മാർക്സിസ്റ്റ് വിരുദ്ധ പ്രസംഗം നടത്തി സായൂജ്യമടഞ്ഞിരിക്കുന്നത്. കണ്ണൂരിലെ കമ്മ്യൂണിസ്റ്റുകാരൊക്കെ അക്രമകാ രികളാണെന്ന് അദ്ദേഹം കണ്ടുപിടിച്ചിരിക്കുന്നു. അദ്ദേഹം ഈ പാർട്ടിയിലായി രുന്ന കാലത്ത് അക്രമകാരികളായ കമ്മ്യൂണിസ്റ്റുകാർ ചെറുപ്പത്തിൽത്തന്നെ അദ്ദേഹത്തെ പാർലമെന്റ് മെമ്പറാക്കി, പത്ത് വർഷം എം.പി യാക്കി. സഖാവ് ഇ.കെ. നായനാർക്ക് ചെറുപ്പത്തിൽ പാർട്ടിയിൽനിന്ന് കിട്ടാത്ത സ്ഥാനങ്ങ ളാണ് ശ്രീ. എ.പി. അബ്ദുള്ളക്കുട്ടിക്ക് ലഭിച്ചത്. അദ്ദേഹം തന്നെ സി.പി.ഐ (എം)-ന് എതിരായി ഇത്തരം പ്രസ്താവന നടത്തണം. മാസംതോറും പെൻഷനായി ലഭിക്കുന്ന 30,000 രൂപ വേണ്ടെന്നുവച്ചതിനുശേഷം മാർക്സി സ്റ്റുകാർക്കെതിരായി പ്രസംഗിച്ചാൽപോരെ? ഓരോ പ്രസംഗം കഴിയുമ്പോഴും ചായ വാങ്ങിക്കുടിക്കുന്ന കാശ് ഞങ്ങളുടെ പാർട്ടി കൊടുത്തതാണ്. എന്നി ട്ടാണ് ഇങ്ങനെയുള്ള പ്രസംഗങ്ങൾ നടത്തുന്നത്? ശ്രീ. പി.സി. വിഷ്ണു നാഥോ ശ്രീ. ഷാഫി പറമ്പിലോ പറഞ്ഞാൽ കേൾക്കാം. ഇതുപോലുള്ള നില പാട് എടുക്കുന്നത് ശരിയാണോയെന്ന് ഇനിയെങ്കിലും ആലോചിക്കണമെ

ന്നാണ് എനിക്ക് പറയാനുള്ളത്. ഇന്നലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രി അവസാനം പ്രസംഗിച്ചപ്പോൾ അദ്ദേഹം ഇവിടെ നടത്തിയ ഇടപെടലോ ടുകൂടി ഒരു കാര്യം മനസ്സിലായി. ഈ സർക്കാർ കേരളത്തെ ഒരു ബനാന റിപ്പബ്ലിക്കായി മാറ്റിയിരിക്കുകയാണ്. ഒരു വ്യവസ്ഥാപിതമായ ഭരണമുള്ള രാജ്യത്ത് നടക്കേണ്ട കാര്യങ്ങളാണോ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രി ഇവിടെ നടത്തിയ നടപടികൾ.

ഇവിടെ 298 കോടി രൂപയുടെ പുതിയ നിർദ്ദേശങ്ങൾ വച്ചു. അതിനനു സരിച്ച് കമ്മി കൂട്ടി പ്രഖ്യാപിച്ചു. ഇവിടെ 11 താലൂക്കുകളാണ് ആദ്യം പറഞ്ഞ ത്. ശ്രീ. കെ. ബി. ഗണേഷ്കുമാർ ഒരു താലൂക്കുംകൂടി വേണമെന്ന് പറഞ്ഞ പ്പോൾ ഉടനെ 12 താലൂക്കായി പ്രഖ്യാപനം വന്നു. ഒരു താലൂക്കിനുവേണ്ടി 3 കോടി രൂപ അടിസ്ഥാനമാക്കി 11 താലൂക്കുകൾക്ക് 33 കോടി രൂപയാണ് വേണ്ടത്. ഒരു താലൂക്ക് പെട്ടെന്ന് വർദ്ധിച്ചപ്പോൾ അതിനുവേണ്ടി 3 കോടി രൂപ എന്തുകൊണ്ട് നീക്കിവച്ചില്ല; എന്തെങ്കിലുമൊരു ഹോംവർക്ക് നടത്തിയി ട്ടാണോ ഈ പ്രഖ്യാപനം നടത്തിയത്? പത്തനാപുരത്ത് നിലവിൽ താലൂക്ക് ഉണ്ട് എന്ന് പറയുന്നു. 22 പുതിയ കോളേജുകൾ പ്രഖ്യാപിച്ചു. ഒരു കോളേ ജിന് എത്ര കോടി രൂപയാണ് ഈ ബഡ്ജറ്റിൽ വകയിരുത്തിയത്; ഒരു നയാ പൈസയും വകയിരുത്തിയിട്ടില്ല. എന്ത് കോളേജാണ്; എവിടെയാണ് കൊടു ക്കാൻ പോകുന്നത്? ഇതാണ് ഞാൻ പറഞ്ഞത് ഒരു തയ്യാറെടുപ്പുമില്ലാതെ യു.ഡി.എഫ്-ലെ എം.എൽ.എ.മാരെ പിടിച്ചുനിർത്താൻ നടത്തിയിട്ടുള്ള പ്രഖ്യാപനമാണ്. ഇവിടെ യു.ഡി.എഫ്-ന്റെ ഒരു പാരമ്പര്യമുണ്ട്. ഒരു ഗവൺമെന്റിനെ നിലനിർത്താൻ ഒരു ജില്ല പ്രഖ്യാപിച്ച ഒരു പ്രസ്ഥാനമാണ്

യു.ഡി.എഫ്. കാസ്റ്റിംഗ് ഭരണകാലത്ത് ഒരു ജില്ല പ്രഖ്യാപിച്ചുകൊണ്ടാണ് ഒരു എം.എൽ.എ.യെ കൂടെ നിർത്തിയത്. ഇവിടെയിപ്പോൾ 10 യു.ഡി.എഫ്. എം.എൽ.എ.മാരെ പിടിച്ചുനിർത്താൻ 10 എം.എൽ.എ.മാർക്ക് 10 താലൂക്ക് കൊടുത്തു. 298 കോടി രൂപ ചെലവഴിച്ച് ഭരണത്തെ പിടിച്ചുനിർത്താൻ നടത്തിയിട്ടുള്ള ഒരു പൊളിറ്റിക്കൽ കറപ്ഷനാണ് ഇന്നലെ ശ്രീ. കെ. എം. മാണി നടത്തിയിട്ടുള്ള ഈ പ്രഖ്യാപനങ്ങൾ. ഇങ്ങനെയൊരു സർക്കാരിനെ പിടിച്ചുനിർത്തി ഈ ഗവൺമെന്റ് എത്രകാലം മുന്നോട്ടുപോകും? യഥാർത്ഥ ത്തിൽ ഈ സംസ്ഥാന ഗവൺമെന്റിന്റെ നയപരമായ സ്ഥിതിയെന്താണ്; എല്ലാം കമ്പനികളെ ഏൽപ്പിക്കുന്ന ഒരു ഗവൺമെന്റാണിത്. കെ.എസ്.ഇ.ബി. കമ്പനിവൽക്കരിക്കുന്നു. കെ.എസ്.ആർ.ടി.സിയെ ഇല്ലാതാക്കി അത് സ്വകാര്യവൽക്കരിക്കുന്നു. 2014 മാർച്ച് മാസത്തോടുകൂടി വാട്ടർ അതോറിറ്റി പഞ്ചായത്തുകളിൽ പ്രവർത്തനം നിർത്തുമെന്ന് ഓർഡർ ഇറക്കിക്കഴിഞ്ഞിരി ക്കുകയാണ്. 2015-ഓടുകൂടി മുൻസിപ്പാലിറ്റികളും 2016-ഓടുകൂടി കോർപ്പറേ ഷനുകളും നിർത്തും.

ശ്രീ. സി. പി. മുഹമ്മദ്: സർ, പോയിന്റ് ഓഫ് ഓർഡർ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പ്രസംഗം തടയാൻ വേണ്ടി പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത് ശരിയല്ല.

മി. സ്പീക്കർ: യെസ്. ശ്രീ. സി. പി. മുഹമ്മദ്..

ശ്രീ. സി. പി. മുഹമ്മദ്: സർ, ബഹുമാനപ്പെട്ട ശ്രീ കോടിയേരി ബാല കൃഷ്ണൻ താലൂക്കുകളെ വിമർശിക്കുന്നത് ഗവൺമെന്റിന്റെ നയത്തോടുള്ള എതിർപ്പാണെന്ന് മനസ്സിലാക്കാം. പക്ഷെ ഭരണം നിലനിർത്താൻ ഞങ്ങൾ 10 പേർക്ക് താലൂക്ക് തന്നുവെന്ന്.....

<u>മി. സ്പീക്കർ:</u> നോ... അതിലൊരു പോയിന്റുമില്ല. അത് ധനകാര്യ വകുപ്പുമന്ത്രി പറയും. ശ്രീ. കോടിയേരി ബാലകൃഷ്ണൻ...

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ഇവിടെ യഥാർത്ഥത്തിൽ കമ്പനികളെ ഭരണമേൽപ്പിക്കുന്ന സ്ഥിതിയിലേക്കാണ് കേരളം ചെന്നെത്തി നിൽക്കുന്നത്. അതാണ് വാട്ടർ അതോറിറ്റി വേണ്ടെന്നുവയ്ക്കാനുള്ള തീരുമാനം. അതിനുള്ള ഉത്തരവ് എന്റെ കൈവശമുണ്ട്, ഞാനത് ക്വാട്ട് ചെയ്യുന്നില്ല. കെ.എസ്.ആർ.ടി.സി.ക്ക് റീട്ടെയിൽ പ്രൈസിൽ ഡീസൽ നൽക ണമെന്ന് ഇന്ന് കേരള ഹൈക്കോടതി വിധിച്ചു. ഈ വിധി നേടിയെടുക്കു ന്നതിനായി ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് നടത്തിയ ഇടപെടലിനെ ഞാൻ പ്രത്യേകം ശ്ലാഘിക്കുകയാണ്. ഈ ചാർജ്ജ് വർദ്ധിപ്പിച്ചപ്പോൾ കുറച്ചു കിട്ടാൻവേണ്ടി ഗതാഗതവകുപ്പുമന്ത്രി ഡൽഹിയിൽപ്പോയി. അവിടെചെന്നപ്പോൾ ശ്രീ. വീരപ്പ മൊയ്ലി ഇല്ല. അവിടെച്ചെന്ന് ധനകാര്യ വകുപ്പുമന്ത്രിയെക്കണ്ടപ്പോൾ ഇതിനാണെങ്കിൽ ഇങ്ങോട്ട് വരികയേവേണ്ട എന്ന് അദ്ദേഹം പറഞ്ഞു. കേന്ദ്ര ഗവൺമെന്റ് ചെയ്യാത്ത ഒരു കാര്യം ചെയ്യിപ്പിക്കാൻ ഹൈക്കോടതിയിൽ പോകേണ്ടി വന്നില്ലേ; ഇവിടെയൊരു ഭരണമുണ്ടോ? കേന്ദ്ര ഗവൺമെന്റ് ദുർബലമായ പ്പോൾ കേന്ദ്രത്തിന് ഒന്നിലും ഇടപെടാൻ സാധിക്കുന്നില്ല എന്ന സ്ഥിതി വിശേഷമാണ് വന്നിരിക്കുന്നത്. ഹൈക്കോടതി ഇടപ്പെട്ട് റീട്ടെയിൽ പ്രൈസിൽ ഇപ്പോൾ ഡീസൽ കിട്ടാനുള്ള ഒരു സാഹചര്യം ഇവിടെ യുണ്ടാക്കി. ഇവിടെ കുടിവെള്ളം സ്വകാര്യവൽക്കരിച്ചാൽ സംഭവിക്കാൻ പോകുന്നത്, ഇപ്പോൾ 1000 ലിറ്റർ കുടിവെള്ളത്തിന് 4.20 രൂപയാണ് നമ്മൾ കൊടുക്കുന്നത്. കുടിവെള്ളത്തിന്റെ വില കൂട്ടണമെന്ന് കണ്ണൂർ മെമ്പർ

പറഞ്ഞു. കുടിവെള്ളം സ്വകാര്യവൽക്കരിച്ച് കമ്പനിയെ ഏൽപ്പിച്ചാൽ 1000 ലിറ്റർ കുടിവെള്ളത്തിന് ഇവിടെ 250 രൂപ നൽകേണ്ടിവരും. പ്രതിമാസം 2500 രൂപ കുടിവെള്ളത്തിന് അധികം നൽകേണ്ട ഒരു സംസ്ഥാനമായി കേരളം മാറും. ഞങ്ങൾ ഇത് കമ്പനിയെ ഏൽപ്പിക്കുമെന്നുതന്നെ മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ഇവിടെ പ്രഖ്യാപിക്കുകയുണ്ടായി. അതിരിക്കട്ടെ, പോലീസിനെപ്പോലും ഇവിടെ സ്വകാര്യവൽക്കരിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പ് നടത്തിയിട്ടുള്ള ബഡ്ജറ്റ് പ്രസംഗത്തിലെ 375-ാമത്തെ ഖണ്ഡിക നമ്മുടെ ആഭ്യന്തരവകുപ്പുമന്ത്രി എഴുതിക്കൊടുത്ത് ചേർത്തതാണോ എന്നെനിക്ക് അറിയില്ല. സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ കൊച്ചിയിൽ സൈബർ ക്രൈം സെന്റർ രൂപീകരിക്കാൻ 2 കോടി രൂപ നീക്കിവച്ചിരിക്കുന്നു. പോലീസിൽ അതിപ്രധാനമായിട്ടുള്ള ഈ സൈബർ സെന്റർ കൈകാര്യം ചെയ്യാൻ സ്വകാര്യ മേഖലയെ ഏൽപ്പിച്ചാൽ നമ്മുടെ കേരളത്തിലെ പോലീസിന്റെ രഹസ്യം എവിടെപ്പോകും; വർഗ്ഗീയ ശക്തികളുടെ കൈയിൽ കേരളത്തിലെ പോലീസിലെ രഹസ്യം ഏൽപ്പിക്കാൻ, പോലീസിന്റെ പ്രവർത്തനംപോലും സ്വകാര്യവൽക്കരണത്തിന് വിട്ടുകൊടുക്കുന്ന, സ്വകാര്യ മേഖലയ്ക്ക് ഇടപെടാൻ അവസരം കൊടുക്കുന്ന ഒരു ബഡ്ജറ്റ് പ്രസംഗമാണ് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ നടത്തിയത്. ആ സമീപനം നിർത്തണമെന്നാണ് ഞാൻ ഇവിടെ അഭ്യർത്ഥിക്കുന്നത്. പോലിസിനെ സ്വകാര്യവൽക്കരിക്കാൻ പാടില്ല. പോലീസിനകത്ത് ഇടപെടാൻ സ്വകാര്യമേഖലയ്ക്ക് അനുമതി കൊടുത്താൽ ഇവിടത്തെ ക്രൈം ഇൻവെസ്റ്റിഗേഷനിൽ ഉൾപ്പെടെ ഇടപെടാൻ സ്വകാര്യമേഖലയ്ക്ക് അവസരം ലഭിക്കും. ഇത് അപകടകരമായ

സ്ഥിതിയുണ്ടാക്കും. കുടിവെള്ള മേഖല സ്വകാര്യവൽക്കരിക്കുന്നതിനെതിരായി ഏറ്റവും ശക്തമായി ശബ്ദിച്ച ഒരാളായിരുന്നു വീരേന്ദ്രകുമാർ. അദ്ദേഹമെഴുതിയിട്ടുള്ള ലേഖനം എന്റെ കൈവശമുണ്ട്. അദ്ദേഹം 2001-ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ശങ്കരനാരായണൻ കുടിവെള്ളമേഖല സ്വകാര്യമേഖലയെ ഏൽപ്പിക്കും എന്നൊരു പ്രഖ്യാപനം നടത്തിയപ്പോൾ വീരേന്ദ്രകുമാർ എഴുതിയിട്ടുള്ള ലേഖനത്തിനകത്ത് അദ്ദേഹം പറഞ്ഞത് കുടിവെള്ളം ജീവ വായുവാണ്. ഇത് സ്വകാര്യ മേഖലയെ ഏൽപ്പിച്ചാലുള്ള ആപത്ത് സംബന്ധിച്ച് അദ്ദേഹം മാതൃഭൂമി പത്രത്തിൽ എഴുതിയിട്ടുള്ള ലേഖനം പിന്നീട് 'ലോകവ്യാപാര സംഘടനകളും ഊരാകുടുക്കുകളും' എന്ന പേരിൽ 2002-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിനകത്ത് പറയുന്ന ലേഖനമെഴുതിയിട്ടുള്ള പാർട്ടിയുടെ അംഗമായ ശ്രീ. കെ. പി. മോഹനൻ, അംഗമായുള്ള ഒരു മന്ത്രിസഭ കുടിവെള്ളം സ്വകാര്യ മേഖലയ്ക്ക് നൽകാൻ തീരുമാനിച്ചപ്പോൾ വീരേന്ദ്രകുമാർ എവിടെ? നയപരമായി ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന വ്യതിയാനത്തിന്റെ ഏറ്റവും വലിയ പ്രതിഫലനമാണ് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗത്തിലുള്ളത്. പങ്കാളിത്ത പെൻഷൻ ഇവിടെ നടപ്പാക്കാൻ തീരുമാനിച്ചു. പെൻഷൻ പ്രായം 60 വയസ്സാക്കി കൂട്ടി കൊടുക്കുമെന്ന് പറഞ്ഞു. പെൻഷൻതന്നെ ഇല്ലാതാക്കിയിട്ട് പെൻഷൻ പ്രായം കൂട്ടിയിട്ട് എന്താണ് കാര്യം? ഏപ്രിൽ മാസത്തിനുശേഷം സർവ്വീസിൽ കയറുന്ന ആളുകൾക്ക് ഇനി 10% ശമ്പളത്തിൽ നിന്നും പിടിച്ചെടുക്കും. ഇവിടെ സി. ആന്റ് എ.ജി. ചൂണ്ടിക്കാണിച്ചിട്ടുള്ള ഒരു കാര്യം ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിക്കട്ടെ; ഐ.എ.

എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥന്മാർക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ നേരത്തെ ബാധകമാണ്. സി. ആന്റ് എ.ജി. പറയുന്നത്, 2004-നുശേഷം സർവ്വീസിൽ ചേർന്ന 49 ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ കോൺട്രിബ്യൂഷൻ തുക ഒരു കോടി 30 ലക്ഷം രൂപ അടച്ചിട്ടില്ലായെന്നാണ്. ഈ കോൺട്രിബ്യൂട്ടറി പെൻഷൻ പ്രഖ്യാപിക്കുക, എന്നിട്ട് അടയ്ക്കാതിരിക്കുക, ഇത് അടയ്ക്കാതിരിക്കുന്നതിന്റെ പിന്നിലുള്ള ഇതേ സ്ഥിതി ഈ സർക്കാർ ജീവനക്കാരുടെ പെൻഷൻ കാര്യത്തിലും സംഭവിക്കും. ഏപ്രിൽ 1-നുശേഷം പിരിച്ചെടുക്കുന്ന തുക നിങ്ങൾ അടയ്ക്കാൻ പോകുന്നില്ല. ഐ.പി.എസ്., ഐ.എ.എസ്. ഉദ്യോഗസ്ഥരുടേത് അടയ്ക്കാത്തതുപോലെ തന്നെ ഈ തുകയും ഇവിടെ അടയ്ക്കാൻ പോകുന്നില്ല, ഇത് വലിയ തിരിമറിക്കുള്ള സാഹചര്യമാണ് ഇവിടെയുണ്ടാക്കാൻ പോകുന്നത്. അദ്ധ്യാപകരുടെ ലീവ് സറണ്ടർ ആനുകൂല്യം 24 ദിവസമെന്നത് 8 ദിവസമായി കുറച്ചില്ലേ; ആനുകൂല്യങ്ങൾ മുഴുവൻ കവർന്നെടുക്കുകയാണ്. ഇപ്പോൾ ഒരു നിയമനവും നടക്കുന്നില്ല. മാർച്ച് 31-ാം തീയതിക്കുള്ളിൽ ഒരു നിയമനവും വേണ്ടെന്ന് നിർദ്ദേശം കൊടുത്തിരിക്കുകയാണ്. ഇനിയുള്ള നിയമനങ്ങൾ മുഴുവൻ ഏപ്രിൽ 1-നുശേഷം നടത്തിയാൽ മതി. ഏപ്രിൽ 1-നുശേഷം നിയമനം ലഭിക്കുന്നവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ കൊടുക്കേണ്ടതില്ല എന്നതുകൊണ്ടാണ് നിയമനം മുഴുവൻ മാറ്റിവച്ചിരിക്കുന്നത്. പോലീസിനകത്തുള്ള നിയമനംപോലും നടത്തുന്നില്ല. മൂവായിരത്തിൽപ്പരം ഒഴിവുകൾ പോലിസിലിപ്പോൾ ഉണ്ട്. പോലീസിനകത്തുപോലും നിയമനം നടത്താതെ ഏപ്രിൽ 1-നുശേഷം നിയമനം നടത്താൻ മാറ്റിവച്ചിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് ഈ പെൻഷൻ പദ്ധതി നടപ്പിലാക്കിയപ്പോൾ ഡിഫെൻസിൽ

മിലിട്ടറികാർക്ക് ഇത് നടപ്പിലാക്കിയില്ല. സുപ്രീംകോടതി ജഡ്ജിമാർക്കും നടപ്പിലാക്കിയില്ല. കേരളത്തിൽ കോൺട്രിബ്യൂട്ടറി പെൻഷൻ നടപ്പിലാക്കുമ്പോൾ പോലീസുകാർക്കും ബാധകമാക്കി. കേരളത്തിലിത് നടപ്പിലാക്കുമ്പോൾ ജുഡീഷ്യറിക്കാർക്ക്, ഏപ്രിൽ 1-നുശേഷം സർവ്വീസിൽ കയറുന്ന മജിസ്ട്രേറ്റുമാർക്ക് ഇത് ബാധകമാകുമോ? കേരളത്തിൽ, ~~നമ്മുടെ~~ സംസ്ഥാന ട്രഷറിയിൽനിന്ന് ശമ്പളംപറ്റുന്ന എല്ലാപേർക്കും ഇത് ബാധകമാക്കിക്കൊണ്ട് ഒരു കോൺട്രിബ്യൂട്ടറി പെൻഷൻ കൊണ്ടുവന്നതാണോ ഈ സംസ്ഥാന ഗവൺമെന്റിന്റെ നേട്ടം. ഇവിടെ രണ്ട് വർഷത്തിലേക്ക് നീങ്ങാൻപോകുന്ന യു.ഡി.എഫ്. ഗവൺമെന്റ് അഴിമതിയുടെ ഒരു ഭരണമായി മാറിയിരിക്കുകയാണ്. ഇവിടെ 3 എം.എൽ.എ.മാർ എഴുതിക്കൊടുത്ത് ഈ ഗവൺമെന്റിലെ 3 മന്ത്രിമാർക്കെതിരായി അഴിമതിയാരോപണം ഉന്നയിച്ചുകഴിഞ്ഞു. വിജിലൻസ് കോടതി രണ്ട് മന്ത്രിമാർക്കെതിരായി വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടുകഴിഞ്ഞു. സ്ഥലം മാറ്റത്തിനുവേണ്ടി വലിയ അഴിമതി നടക്കുന്നുവെന്നുള്ള ആക്ഷേപം എൻ.ജി.ഒ. അസോസിയേഷൻ പോലുള്ള ചില സംഘടനകൾതന്നെ ഉന്നയിച്ചു. സ്ഥലം മാറ്റത്തിനിവിടെ അഴിമതി നടക്കുന്നുവെന്ന് കോൺഗ്രസ്സ് സംഘടനയുടെ സമ്മേളനത്തിൽ പറഞ്ഞു. മന്ത്രിമാർ ഞങ്ങളെ അഴിമതിക്ക് നിർബന്ധിക്കുന്നുവെന്ന് ഐ.എ.എസ്. ഉദ്യോഗസ്ഥർ യോഗംചേർന്നിട്ട് പറഞ്ഞു. കേരളത്തിലെ ചരിത്രത്തിലിങ്ങനെ ഉണ്ടായിട്ടുണ്ടോ? മന്ത്രിമാർ ഞങ്ങളെ അഴിമതിക്ക് നിർബന്ധിക്കുന്നുവെന്ന ഐ.എ.എസ്. ഉദ്യോഗസ്ഥന്മാരുടെ പ്രസ്താവന പരസ്യമായിട്ട് വന്നു. എന്നിട്ട് ഗവൺമെന്റിന്റെ തീരുമാന

ങ്ങൾക്കെതിരായി ഇനി ഞങ്ങൾ വിയോജനകുറിപ്പെഴുതുമെന്ന് ഐ.എ.എസ്. ഉദ്യോഗസ്ഥർ തീരുമാനിച്ചിരിക്കുകയാണ്.

മന്ത്രിസഭ തീരുമാനിച്ചാൽ ആ മന്ത്രിസഭാ തീരുമാനം 24 മണിക്കൂറു കൊണ്ട് ഉത്തരവിറക്കേണ്ട ക്യാബിനറ്റ് സെക്രട്ടറിയാണ് ചീഫ് സെക്രട്ടറി. അങ്ങനെയുള്ള ഒരു ചീഫ് സെക്രട്ടറിയാണ് ഡിസെന്റിംഗ് നോട്ടെഴുതാൻ ഐ.എ.എസ്. ഉദ്യോഗസ്ഥരായ സെക്രട്ടറിമാർക്ക് അനുമതി കൊടുത്തിരിക്കുന്നത്. ഇവിടെ ഒരു ഭരണസ്തംഭനമാണ് വന്നുചേർന്നിരിക്കുന്നത്. ഇവിടെ ഒരു ഭരണമില്ലാത്ത സ്ഥിതിയിലേക്കാണ് കാര്യങ്ങൾ പോകുന്നത്. ഇവിടുത്തെ അഡ്മിനിസ്ട്രേഷൻ രംഗത്ത് വന്നിരിക്കുന്ന അരാജകത്വമാണ് കേരളത്തിൽ സംഭവിച്ചിരിക്കുന്നത്. ഇവിടത്തെ ഡി.പി.ഐ. ആയ ശ്രീ. എ. ഷാജഹാൻ, IT @ School Director സ്ഥാനത്തുനിന്നും തന്നെ ഒഴിവാക്കിത്തരണമെന്നുപറഞ്ഞ് എഡ്യൂക്കേഷൻ സെക്രട്ടറിക്ക് കത്തയച്ചു. ഒഴിവാക്കിത്തരണമെന്ന് അനുമതി ചോദിച്ച അദ്ദേഹത്തെ എവിടെയോ ഇലക്ഷൻ നിരീക്ഷകനായി വിട്ടുവെന്നാണ് പിന്നീട് പത്രത്തിൽ കണ്ടവാർത്ത. ഐ.എ.എസ്. ഉദ്യോഗസ്ഥരിൽ നിന്നും വന്നിരിക്കുന്ന പ്രതികരണമാണിത്. ടാക്സസ് ഡിപ്പാർട്ടുമെന്റിൽ നടക്കുന്ന അഴിമതിയുടെ ഞെട്ടിപ്പിക്കുന്ന വിവരങ്ങൾ മാതൃഭൂമി വിഷൻ പുറത്തുകൊണ്ടുവന്നില്ലേ; കൈയോടെ പിടിച്ചില്ലേ; അതിന്റെ പേരിൽ ധനകാര്യ വകുപ്പുമന്ത്രിക്ക് മൂന്നുപേരെ സസ്പെന്റ് ചെയ്യേണ്ടിവന്നില്ലേ; കേരളത്തിലെ ടാക്സസ് വകുപ്പിൽ ഇതാണ് നടക്കുന്നതെങ്കിൽ മറ്റേത് വകുപ്പാണ് ഇതിനതീതമായി പ്രവർത്തിക്കുന്നത്? കേന്ദ്ര ബഡ്ജറ്റ് കേരളത്തോട് തികഞ്ഞ അവഗണന കാണിച്ചില്ലേ? കേന്ദ്ര ബഡ്ജറ്റ് വന്നതിനുശേഷം ഒരു ഡസൻ മന്ത്രിമാരേയും കൂട്ടി ബഹുമാനപ്പെട്ട

മുഖ്യമന്ത്രി ഡൽഹിയിൽ പോയി. എന്തെങ്കിലും കിട്ടിയോ? ധനകാര്യ വകുപ്പുമന്ത്രിമാരുടെ സമ്മേളനം ഇതിനുമുമ്പ് വിളിച്ചുചേർത്തപ്പോൾ ശ്രീ. കെ. എം. മാണി പങ്കെടുത്ത് കേരളത്തിന്റെ 20 ആവശ്യങ്ങൾ മുന്നോട്ടുവച്ചു. ആ 20 ആവശ്യങ്ങളിൽ ഏതാവശ്യമാണ് കേന്ദ്രഗവൺമെന്റിന്റെ ബഡ്ജറ്റിൽ അംഗീകരിച്ചത്? ശ്രീ. വി. എസ്. അച്ചുതാനന്ദൻ കേരളം ഭരിക്കുന്ന കാലത്ത് കേന്ദ്ര ഗവൺമെന്റ് കേരളത്തിന് 8 കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ നൽകി. ഇപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടി കേരളം ഭരിക്കുമ്പോൾ കേന്ദ്രം കേരളത്തിന് നൽകിയത് 8 കേന്ദ്ര മന്ത്രിമാരെയാണ്. അതിൽ ആറ് സഹമന്ത്രിമാർ. സഹമന്ത്രിമാരെ വഴിയിൽതട്ടി നടക്കാൻ കഴിയാത്ത ഒരു സ്റ്റേറ്റായി കേരളം മാറിയിരിക്കുകയാണ്. കേരളത്തിന് മറ്റെന്തെങ്കിലും പദ്ധതി യുണ്ടോ? പദ്ധതിക്കുവേണ്ടി ചോദിച്ച് ഡൽഹിയിൽ പോയാൽ ബഹുമാന പ്പെട്ട പ്രധാനമന്ത്രി പറയും, നിങ്ങൾക്കൊരു 'സഹ'മന്ത്രിയെക്കൂടി തരാമെന്ന്. ഈ നിവേദനം കൊടുത്തതിന്റെ ഫലമായി ഇനി ഒരു 'സഹ'യും കൂടി കിട്ടിയേക്കാം. എമർജിംഗ് കേരള ഇപ്പോൾ എവിടെയെത്തി? കേരളത്തിന്റെ എമർജിംഗ് ഏതുവിധത്തിലാണുണ്ടായതെന്ന് ചീഫ് വിപ്പിനെ നോക്കിയാൽ അറിഞ്ഞുകൂടെ? ഗവൺമെന്റ് ചീഫ് വിപ്പ് ബാധ്യതയാണ് എന്ന് കോൺഗ്രസ് എടുത്ത തീരുമാനം പത്രത്തിൽ വന്നു. ശ്രീ. പി. സി. ജോർജിന്റെ നാക്ക് അരിയണമെന്നാണ് കെ.പി.സി.സി.യുടെ ഒരു വൈസ് പ്രസിഡന്റ് പറഞ്ഞത്. ചീഫ് വിപ്പിനെ നീക്കണമെന്നാണ് ജെ.എസ്.എസ്.ന്റെ പ്രസ്താവന. ബഡ്ജറ്റ് മലപ്പുറം, കോട്ടയം ജില്ലയ്ക്കുവേണ്ടിയാണെന്നാണ് ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി പറഞ്ഞത്. ഇത് പുറത്തുവന്നപ്പോൾ ശ്രീ. ആര്യാടൻ മുഹമ്മദി നെതിരെ മുസ്ലീം ലീഗിന്റെ സംസ്ഥാന സെക്രട്ടറി ശ്രീ. കെ. പി. എ. മജീദ്.

എന്നെ ബഡ്ജറ്റിനെപ്പറ്റി പഠിപ്പിക്കാൻ ശ്രീ. കെ. പി. എ. മജീദും ശ്രീ. പാണക്കാട്ട് തങ്ങളും വളർന്നിട്ടില്ല എന്ന് ശ്രീ. ആര്യാടൻ മുഹമ്മദ്. ബഡ്ജറ്റ് എല്ലാവരുമായി ആലോചിച്ചിട്ടാണ് തയ്യാറാക്കിയതെന്ന് ശ്രീ. കെ.പി.എ. മജീദ്. എല്ലാവരുമായി ആലോചിച്ചിട്ടല്ല ബഡ്ജറ്റ് തയ്യാറാക്കിയതെന്നും അങ്ങനെ യാണ് തയ്യാറാക്കിയതെന്ന് തെളിയിച്ചാൽ താൻ മന്ത്രിസ്ഥാനം രാജി വയ്ക്കുമെന്നും ശ്രീ. ആര്യാടൻ മുഹമ്മദ്. ഇങ്ങനെ എല്ലാവരോടും ആലോചിച്ചിട്ടാണോ ബഡ്ജറ്റ് തയ്യാറാക്കുന്നത്? മന്ത്രിസഭയിൽപ്പോലും ചർച്ച ചെയ്തിട്ടല്ലല്ലോ ബഡ്ജറ്റ് തയ്യാറാക്കുന്നത്. ധനകാര്യ വകുപ്പ് തയ്യാറാക്കുന്നു, അവസാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി തലേദിവസം കാണുന്നു, അടുത്ത ദിവസം ഇവിടെ അവതരിപ്പിക്കുന്നു. ഇതുസംബന്ധിച്ച് ഇവിടെവന്ന വിവാദങ്ങൾ എന്തെല്ലാം സ്ഥിതിവിശേഷമാണുണ്ടാക്കിയത്. ഇതൊരു കൂട്ടുത്തരവാദിത്വമില്ലാത്ത സർക്കാരാണ് എന്നുള്ള സ്ഥിതി ഈ സംസ്ഥാനത്ത് വന്നില്ലേ? സർക്കാരിനെതിരെ സി.എം.പി. യുടെ ജനറൽ സെക്രട്ടറി ശക്തമായി പ്രതികരിച്ചില്ലേ? ശ്രീ. ഗണേഷ്കുമാറിനെ പുറത്താക്ക ണമെന്ന് പാർട്ടി ചെയർമാൻ ശ്രീ. ബാലകൃഷ്ണ പിള്ളയല്ലെ പറഞ്ഞത്? എന്റെ ശരീരം യു.ഡി.എഫ്.-ൽ ആണെങ്കിലും മനസ്സ് എൽ.ഡി.എഫ്-ൽ ആണെന്ന് ശ്രീ. എം. പി. വീരേന്ദ്രകുമാറല്ലെ പറഞ്ഞത്? എങ്കിൽ അവിടെ പ്പോയി ഇരുന്നോളൂ എന്ന് ശ്രീ. എം.എം. ഹസ്സൻ ശ്രീ. എം.പി. വീരേന്ദ്രകുമാ റിനോട് പറഞ്ഞില്ലെ? ഇവിടെ മന്ത്രിയുടെ ഭാര്യ പരാതി നൽകിയിട്ടില്ല എന്നു പറഞ്ഞിട്ട് ആ കത്ത് കീശയിലിട്ടു നടക്കേണ്ട ഗതികേട് ഒരു മുഖ്യമന്ത്രിക്കു ണ്ടായിട്ടുണ്ടോ? കേരളത്തിന്റെ ചരിത്രത്തിൽ ഇത് ആദ്യമായിട്ടല്ലേ? ഇങ്ങനെ അടിതെറ്റിയ ഒരു സർക്കാരാണ് യു.ഡി.എഫ്. സർക്കാർ. രാഷ്ട്രീയമായും ഭരണപരമായും സംഘടനാപരമായും ഈ സർക്കാർ പ്രതിസന്ധിയിലാണ്.

നിങ്ങൾ എന്തെല്ലാം പുതിയ പ്രഖ്യാപനങ്ങൾ നടത്തിയാലും ഈ ഗവൺമെന്റിന് ജനപിന്തുണ വർദ്ധിക്കാൻ പോകുന്നില്ല. ഇന്നത്തെ നിലയിൽ യു.ഡി.എഫ്. എത്രകാലം തുടരും? കേന്ദ്രത്തിൽ ഡി.എം.കെ. പിന്തുണ പിൻവലിച്ചതോടുകൂടി സ്വതവേ ന്യൂനപക്ഷമായ കേന്ദ്രഗവൺമെന്റ് കൂടുതൽ ന്യൂനപക്ഷമായി. ആ ഗവൺമെന്റിനെ നിലനിറുത്താൻ ഇപ്പോൾ സി.ബി. ഐ.യെ ഉപയോഗിക്കുകയാണ്. പിന്തുണ പിൻവലിച്ച ഡി.എം.കെ.യുടെ ട്രഷറർ ശ്രീ. സ്റ്റാലിന്റെ വീട്ടിൽ ഇന്നലെ രാത്രിതന്നെ സി.ബി.ഐ. റെയ്ഡ് നടത്തിയില്ലേ? അവസാനം ഡൽഹിയിൽ നിന്നും ഇടപെടുന്നു, സി.ബി.ഐ. സർച്ച് നിറുത്തുന്നു. ഇതെന്തൊരു രാജ്യമാണ്? കേന്ദ്ര ഭരണം കൈയിൽ വച്ചു കൊണ്ട് സി.ബി.ഐ.യെ ഉപയോഗിച്ച് കേന്ദ്രഭരണം നടത്തുന്നു. ഈ സംസ്ഥാന ഭരണം കൈയിൽ വച്ചുകൊണ്ട് ധനകാര്യ വകുപ്പിന്റെ ഫണ്ടു പയോഗിച്ച് സംസ്ഥാനഭരണം നടത്തുന്നു. ഇത് ആത്മാഭിമാനമുള്ള ഒരു സർക്കാരാണെങ്കിൽ പണ്ടേ ഇറങ്ങിപോകില്ലേ? ശ്രീ. പി. സി. ജോർജ്, ശ്രീമതി കെ. ആർ. ഗൗരിയമ്മയ്ക്കെതിരെ നടത്തിയ പ്രസ്താവനയെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തള്ളിപ്പറഞ്ഞോ; യു.ഡി.എഫ്.ന്റെ കൺവീനർ തള്ളിപ്പറഞ്ഞോ? ശ്രീമതി കെ. ആർ. ഗൗരിയമ്മ കേരളത്തിലെ ഒരു രംഗത്തും വിതുമ്പാതെ കണ്ട ഒരു രാഷ്ടീയ നേതാവാണ്. അവർ വിതുമ്പുന്ന രംഗം കേരളം കണ്ടില്ലേ? ഈ പാർട്ടി വിട്ട് യു.ഡി.എഫ്.ൽ ചേർന്നതിന്റെ പാരിതോഷികമാണ് ശ്രീമതി കെ. ആർ. ഗൗരിയമ്മയക്ക് കിട്ടിയത്. ഞങ്ങളുടെ പാർട്ടിയിൽ നിന്ന് വിട്ടുപോയ ശ്രീമതി കെ. ആർ. ഗൗരിയമ്മയ്ക്ക് സംഭവിച്ചിരിക്കുന്ന ഒരു സ്ഥിതിവിശേഷമാണിത്. ഈ പാർട്ടി വിട്ട് അപ്പുറത്തുപോയിട്ടുള്ള ആളുകൾ രൂപീകരിച്ച എല്ലാ പാർട്ടികളെയും കോൺഗ്രസ് ഓരോ തിരഞ്ഞെടുപ്പ് കഴിയുമ്പോഴും ഇല്ലാതാക്കുന്നുവെന്ന

തിൽ ഞങ്ങൾക്ക് ചെറിയൊരു സന്തോഷമുണ്ട്. കഴിഞ്ഞ തെരഞ്ഞെടുപ്പോടു കൂടി യു.ഡി.എഫ്. നിയമസഭയിൽ ജെ.എസ്.എസ്.-നെ ഇല്ലാതാക്കി. നിയമസഭയിൽ നിന്ന് സി.എം.പി.യെ ഇല്ലാതാക്കി. ചെറിയ പാർട്ടികളെ ഓരോരുത്തരെയായി കോൺഗ്രസ് ഇല്ലാതാക്കികൊണ്ടിരിക്കുകയല്ലേ? കോൺഗ്രസ്സുമായി മുന്നണി ഉണ്ടാക്കിയാൽ അത് ധൃതരാഷ്ട്രാലിംഗനം പോലെയായിരിക്കുമെന്ന് മനസ്സിലായോ? ശ്രീ. ദിനകരന്റെ ഡി.എൽ.പി. എന്ന പാർട്ടി ഇവിടെ ഉണ്ടായിരുന്നു. ഇപ്പോൾ ഡി.എൽ.പി. ഉണ്ടോ? എൻ.ഡി.പി. ഇവിടെ ഉണ്ടായിരുന്നു, ഇപ്പോൾ എൻ.ഡി.പി. ഉണ്ടോ? എസ്.ആർ.പി. എവിടെപ്പോയി? ആർ.എസ്.പി. പിന്നീട് കെ.ആർ.എസ്.പി. ആയി. ശ്രീ. കടവൂർ ശിവദാസന്റേയും ശ്രീ. ബാബു ദിവാകരന്റേയും ആ പാർട്ടി ഇപ്പോൾ എവിടെപ്പോയി? ഇവരൊക്കെ ഇല്ലാതായി. മാർക്സിസ്റ്റ് ലെനിനിസ്റ്റ് തത്വമനുസരിച്ച് പ്രവർത്തിക്കുന്ന പാർട്ടികളിൽനിന്ന് വിഘടിച്ച് വ്യക്തി ഗതമായ നേതൃത്വത്തിൽ പാർട്ടികളുണ്ടാക്കിയവർക്കെല്ലാം സംഭവിച്ചിരിക്കുന്ന ഒരവസ്ഥാവിശേഷമാണിത്. ഇത് ഇത്തരത്തിലുള്ളവർക്കുമാത്രമല്ല, നാളെ മറ്റുള്ളവർക്കും സംഭവിക്കും. ബഹുമാനപ്പെട്ട കെ. എം. മാണിയോട് എനിക്ക് പറയാനുള്ളത് നിങ്ങളുടെ പാർട്ടി 22 സീറ്റുവരെ കിട്ടിയ ഒരു പാർട്ടിയായി രുന്നു. 1980-ൽ ശ്രീ. കെ.എം. മാണി ഞങ്ങളുടെ കൂടെയായിരുന്നു. അന്ന് അദ്ദേഹം നായനാർ മന്ത്രിസഭയിൽ അംഗമായിരുന്നു. അന്ന് ശ്രീ. കെ. എം. മാണിക്ക് 9 സീറ്റ് ഉണ്ടായിരുന്നു. അന്ന് എൽ.ഡി.എഫ്.-ൽ ഉണ്ടായിരുന്ന ശ്രീ. പി.ജെ. ജോസഫിന് ആറ് സീറ്റുണ്ടായിരുന്നു. ഇവരെല്ലാംകൂടി ലയിച്ച് സംയുക്ത കേരള കോൺഗ്രസ്സായി. ഇപ്പോൾ സംയുക്ത കേരള കോൺഗ്രസ്സിന്റെ സീറ്റ് വെറും 9 ആണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, അതിൽ ഒരു ചരിത്ര സത്യമില്ലേ? ഞങ്ങൾ നിങ്ങളോടുകൂടി നിന്നപ്പോൾ നിങ്ങൾക്ക് ഭരണകക്ഷിയാകാൻ കഴിഞ്ഞു. ഞങ്ങൾ നിങ്ങളുടെ കൂടെ ഇല്ലാതായപ്പോൾ നിങ്ങൾക്ക് പ്രതിപക്ഷമാകേണ്ടിവന്നു. അതാണ് കേരള കോൺഗ്രസ്സിന്റെ ശക്തി. ഞങ്ങൾ എവിടെയുണ്ടോ ആ മുന്നണി ജയിക്കും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നിങ്ങളാരുമില്ലാത്ത കാലത്താണ് 1987–ൽ സഖാവ് ഇ. കെ. നായനാർ ഈ കസേരയിൽ വന്നിരുന്നതെന്ന കാര്യം ശ്രീ. കെ. എം. മാണി മറന്നുപോയോ?

ശ്രീ. കെ. എം. മാണി: അത് ഞാൻ എം.എൽ.എ. ആകുന്നതിനു മുമ്പാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 1987–ൽ താങ്കൾ പ്രതിപക്ഷത്തിരിക്കുന്ന ഒരു നേതാവായിരുന്നു. അന്ന് നായനാർ ഇടതുപക്ഷത്തിന്റെ ഗവൺമെന്റായിട്ടാണിവിടെ ഇരുന്നത്.

ശ്രീ. കെ. എം. മാണി: അതാണ് ഞാൻ പറഞ്ഞത് കേരള കോൺഗ്രസ് എന്ന് നിങ്ങളുടെകൂടെ ഉണ്ടായിരുന്നുവോ അന്ന് നിങ്ങൾ ഭരണകക്ഷിയായി. ഞങ്ങൾ നിങ്ങളുടെകൂടെ ഇല്ലാതായാൽ നിങ്ങൾ ഭരണത്തിൽ നിന്നും പോകും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അതാണ് ഞാൻ പറഞ്ഞത് ശ്രീ. കെ. എം. മാണിയും ശ്രീ. പി. ജെ. ജോസഫും ഞങ്ങളുടെകൂടെയില്ലാത്ത കാലത്ത്, 1987–ൽ ഞങ്ങൾ ഇവിടെ അധികാരത്തിൽ വന്നു. 1957–ൽ ഞങ്ങൾ അധികാരത്തിൽ വന്നു. അതുതന്നെ ഇവിടെ ആവർത്തിക്കും.

എനിക്ക് പറയാനുള്ളത് അടുത്ത തെരഞ്ഞെടുപ്പോടുകൂടി കേരള കോൺഗ്രസ് (മാണി)-ന്റെ ഇപ്പോഴുള്ള 9 സീറ്റ് നാല് സീറ്റായി കുറയും. ശ്രീ. കെ. എം. മാണിയുടെ മകനെ കേന്ദ്രമന്ത്രിയാക്കാൻ കോൺഗ്രസ് ഒരിക്കലും സമ്മതിക്കില്ല. രണ്ട് എം.പി.മാരുള്ള ലീഗിന് കേന്ദ്രത്തിൽ 'സഹ', രണ്ട് എം. പി. മാരുള്ള ശ്രീ. കെ.എം. മാണിക്ക് ഒരു 'സഹ'യുമില്ല, ഒന്നുമില്ല. വത്തിക്കാനിലേക്ക് ഒരു യാത്രമാത്രം. ഇവിടെ മന്ത്രിസഭ പുനഃസംഘടി പ്പിക്കും എന്നുവന്നപ്പോൾ ശ്രീ. കെ. എം. മാണി പോയി 'സഹ' ഉറപ്പിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ദൂതനെ വിട്ട് പറഞ്ഞു, ശ്രീ. കെ. എം. മാണി യുടെ മകന് മന്ത്രിസ്ഥാനം കൊടുക്കാൻ പാടില്ലെന്ന്. ഇവിടെ കേരള കോൺഗ്രസും കോൺഗ്രസും തമ്മിലാണ് മത്സരം. കേരള കോൺഗ്രസിന് സ്വാധീനമുള്ള കോട്ടയം, ഇടുക്കി, പത്തനംതിട്ട, എറണാകുളം എന്നീ ജില്ലക ളിലൊന്നും കേരള കോൺഗ്രസിനെ വളരാൻ കോൺഗ്രസ് സമ്മതിക്കില്ല. യു.ഡി.എഫ്.-നകത്ത് കോൺഗ്രസും ലീഗും മാത്രം മതിയെന്നുള്ളതാണ് കോൺഗ്രസിന്റെ നിലപാട്. ഓരോ തെരഞ്ഞെടുപ്പുകഴിയുമ്പോഴും സ്ഥിതി മാറും. യു.ഡി.എഫ്.ന്റെ കൂടെതന്നെ നിൽക്കാനാണ് ശ്രീ. കെ. എം. മാണി ഇപ്പോൾ തീരുമാനിച്ചതെന്ന് വ്യക്തമായി. അങ്ങനെയാകുമ്പോൾ അടുത്ത തെരഞ്ഞെടുപ്പോടുകൂടി മാണിസാറിന്റെ സ്ഥിതി എന്താകുമെന്ന് കണ്ടറിയേണ്ടിവരും. കോട്ടയത്ത് കേരള കോൺഗ്രസിനെ ഉന്മൂലനാശം ചെയ്യാൻ ശ്രീ. ഉമ്മൻ ചാണ്ടി നോക്കിയിരിക്കുകയാണ്. ഈ മുന്നണിയാണ് ഐക്യജനാധിപത്യമുന്നണി. കേരളത്തിലെ താല്പര്യങ്ങൾക്കെങ്കിലും പോരാടാൻ കഴിയുന്ന ഒരു നേതാവായിരുന്നു ശ്രീ. കെ. എം. മാണി. അദ്ദേഹം എല്ലാം കോൺഗ്രസിന്റെ മുമ്പിൽ എന്തിനാണ് അടിയറവ് വച്ചത്?

കേന്ദ്ര ബഡ്ജറ്റ് വന്നപ്പോൾ അദ്ദേഹം പറഞ്ഞു കേരളത്തോട് അവഗണനയുണ്ടായിയെന്ന്. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, കൊച്ചി– ബാംഗ്ലൂർ വ്യവസായ ഇടനാഴി തരാത്തതിനെക്കുറിച്ച് അദ്ദേഹം പറഞ്ഞു. പിന്നീടദ്ദേഹം ഒന്നും പറഞ്ഞതായി കേൾക്കുന്നില്ല. കേന്ദ്രത്തിന്റെ ബഡ്ജറ്റ് കേരളത്തെ സർവ്വനാശത്തിലേക്ക് നയിക്കും. ആ കേന്ദ്ര ബഡ്ജറ്റിനനുസരിച്ചുകൊണ്ട് ഇവിടെ ഈ നിലപാടിനെ സ്വീകരിക്കാൻ ഇറങ്ങിപ്പുറപ്പെടുന്ന ശ്രീ. കെ. എം. മാണിയുടെ ഈ ബഡ്ജറ്റ് കേരളത്തിന്റെ എല്ലാ പുരോഗതിയേയും തകർക്കും. ഇപ്പോൾ ചില പ്രഖ്യാപനങ്ങൾ നടത്താൻ സാധിച്ചത് ഇന്ന് കേരളത്തിൽ സാമ്പത്തിക കുഴപ്പങ്ങളില്ലാത്തതിനാലാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് 5 വർഷം ഭരിച്ചപ്പോൾ സാമ്പത്തിക രംഗത്ത് കാണിച്ച ഭദ്രതയുടെ ഫലമായി കുറേ കാര്യങ്ങൾ ചെയ്യാനുള്ള സാമ്പത്തിക ഭദ്രതയുള്ള സ്റ്റേറ്റായി മാറിയിട്ടുണ്ട്. സാധാരണക്കാർക്കുവേണ്ടി അനുകൂലമായ നിലപാടുകൾ സ്വീകരിക്കണം. ഇത്തരത്തിലുള്ള നിലപാടുകൾ സ്വീകരിച്ചുകൊണ്ട് പ്രതിപക്ഷത്തോട് കാണിക്കുന്ന അവഗണന അവസാനിപ്പിക്കണം. 67 എം.എൽ.എ.മാരായ ഞങ്ങളും ഈ സഭയിലേക്ക് ജനങ്ങൾ തെരഞ്ഞെടുക്കപ്പെട്ട് വന്നവരാണ്. യു.ഡി.എഫ്.നെ തെരഞ്ഞെടുത്താലേ വികസനമുണ്ടാകൂ എന്നുള്ള സ്ഥിതിയുണ്ടാക്കാൻ പാടില്ല. അതുകൊണ്ട് ഈ കാര്യത്തിലുള്ള വിവേചനം അവസാനിപ്പിക്കണം. ഈ വിവേചനം അവസാനിപ്പിക്കുന്നില്ലെങ്കിൽ വിവേചനം അവസാനിപ്പിക്കാനാവശ്യമായ സാഹചര്യം കേരളത്തിലെ ജനങ്ങളുണ്ടാക്കും എന്ന് മുന്നറിയിപ്പുനൽകിക്കൊണ്ട് ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ ശകതമായി എതിർക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, പോലീസിനെ സ്വകാര്യവത്ക്കരിക്കുന്നുവെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ സൂചിപ്പിച്ചു. അത് യാഥാർത്ഥ്യമല്ല. സി.സി.ടി.വി. ക്യാമറ പ്രൈവറ്റ് ഇൻസ്റ്റിറ്റ്യൂഷനുകളുടെ സഹായത്തോടുകൂടി സ്ഥാപിക്കുന്ന പദ്ധതി അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ ആരംഭിച്ചതാണ്. പക്ഷെ, അതിന്റെ മോണിറ്ററിംഗ് പോലീസ് സ്റ്റേഷനുകളിലാണ് നടത്തുന്നത്. ഈ പദ്ധതി പ്രകാരം സി.സി.ടി.വി. ക്യാമറ വാങ്ങുന്നതിനുവേണ്ടിയുള്ള സഹായം പ്രൈവറ്റ് ഇൻസ്റ്റിറ്റ്യൂഷനുകളിൽനിന്ന് തേടുകയാണ് ചെയ്യുന്നത്. *'സേഫ് കൊച്ചി സെക്യുവർ കൊച്ചി'* എന്ന സ്കീമിന്റെ അടിസ്ഥാനത്തിൽ കൊച്ചിയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടിയാണിത്. ഇത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയതാണ്. അങ്ങ് അത് ഓർക്കാത്തതുകൊണ്ട് വിമർശിച്ചതാണെന്ന് എനിക്ക് തോന്നുന്നു. പോലീസിലെ നിയമനങ്ങളെ സംബന്ധിച്ച് ഗവർണറുടെ സ്പീച്ചിൽതന്നെ പറഞ്ഞിട്ടുണ്ട്. 5% ആൾക്കാരെവച്ച് ഓരോ വർഷവും പോലീസിൽ കൂടുതൽ നിയമനം നടത്തും. 500 ആളുകൾക്ക് ഒരു പോലീസ് എന്നതാണ് ആൾ ഇന്ത്യാ ആവറേജ്. കേരളത്തിൽ അത് 850 ആണ്. അതുകൊണ്ട് ആൾ ഇന്ത്യാ ആവറേജിന് തുല്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികളിലേക്ക് പോകണം. ഓരോ വർഷവും 5 % വച്ച് പുതിയ നിയമനം നടത്തുമെന്നാണ് ഗവർണറുടെ സ്പീച്ചിൽ പറഞ്ഞിരിക്കുന്നത്. കഴിഞ്ഞ 7–8 കൊല്ലത്തെ കണക്കെടുത്താൽ ഏറ്റവും കൂടുതൽ പോലീസുകാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത് ഈ ഗവൺമെന്റിന്റെ കാലത്താണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുമ്പോഴും

ഇപ്പോഴും എല്ലാംകൂടി നോക്കുമ്പോൾ കഴിഞ്ഞ 7–8 കൊല്ലക്കാലം ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ തസ്തികകൾ പോലീസ് വകുപ്പിൽ സൃഷ്ടിച്ചിട്ടുണ്ട്. ഇതാണ് അങ്ങയുടെ വിമർശനത്തിനുള്ള എന്റെ മറുപടി.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ബഹുമാനപ്പെട്ട ആർ. രാജേഷ് ഇവിടെ ഉന്നയിച്ച ആരോപണങ്ങൾ സത്യവിരുദ്ധവും യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്തതാണ്. അതുകൊണ്ടുതന്നെ ഇതിനെ ഞാൻ ശക്തിയായും പൂർണ്ണമായും നിഷേധിക്കുകയാണ്. 2012–13 വർഷത്തിൽ എസ്.എസ്.എ.–യുടെ ടോട്ടൽ അലോക്കേഷൻ 523 കോടി രൂപയാണ്. അതിന്റെ 65% (331.95 കോടി രൂപ) ഗവൺമെന്റ് ഓഫ് ഇന്ത്യയിൽ നിന്നാണ് ലഭിക്കുന്നത്. 35% (183.05 കോടി രൂപ) സംസ്ഥാന ഗവൺമെന്റ് പഞ്ചായത്തുകളിലൂടെ ലഭ്യമാക്കേണ്ടതാണ്. നമുക്ക് ഇതുവരെ 411 കോടി രൂപയാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 281 കോടി രൂപ (68%) ഇതിനകം ചെലവഴിച്ചു. ഈ മാസം 31–ാം തീയതിക്കുള്ളിൽ ടീച്ചേഴ്സ് സാലറി ഇനത്തിൽ 37 കോടി രൂപ, ടെക്സ്റ്റ് ബുക്ക് ഇനത്തിൽ 20 കോടി രൂപ, സിവിൽ വർക്ക്സ് ഇനത്തിൽ 50 കോടി രൂപ, കമ്പ്യൂട്ടറിന് 5 കോടി രൂപ അങ്ങനെ 112 കോടി രൂപ കൊടുക്കാനുണ്ട്. അപ്പോൾ കാര്യമായി യാതൊരു തുകയും ബാക്കി വരുന്നില്ല. പഞ്ചായത്തുകളിൽ നിന്നും ലഭിക്കാനുള്ള തുക ലഭിക്കുമ്പോൾ മാത്രമേ ബാക്കിയുള്ള കാര്യങ്ങൾ വരികയുള്ളൂ. ഡൽഹിയിലെ പദ്ധതി അംഗീകാര സമിതി 200 കോടി രൂപ വെട്ടിച്ചുരുക്കിയെന്ന് പറയുന്നത് ശരിയല്ല. കാരണം പദ്ധതി അടങ്കലിന്റെ ഫൈനൽ അപ്രൈസൽ റിപ്പോർട്ട് ഇതുവരെ വന്നിട്ടില്ല. മാത്രമല്ല, ഡി.പി.ഇ.പി. പദ്ധതിയുള്ളപ്പോഴും

അതുപോലെതന്നെ. ഇപ്പോൾ എസ്.എസ്.എ.–യും ഓരോ വർഷവും ഓരോ ഘടകങ്ങൾ വീതം കുറച്ചുകൊണ്ടുവരികയാണ്. ഡി.പി.ഇ.പി. പത്ത് വർഷമുണ്ടായിരുന്നു. എസ്.എസ്.എ.–യുടെ പത്താമത്തെ വർഷമാണിത്. അദ്ധ്യാപക ഗ്രാന്റ്, എസ്.സി. മൈനോരിറ്റി ഗേൾസ് ഗ്രാന്റ് ഇങ്ങനെയുള്ള കാര്യങ്ങളിൽ കുറവുവരുത്തുമെന്നുള്ളത് നേരത്തേ തന്നെ സൂചിപ്പിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടുള്ള കുറവുകൾ സ്വാഭാവികമായും വരും. ഫൈനൽ അപ്രൈസൽ കഴിയുമ്പോൾ മാത്രമേ അടുത്ത വർഷത്തേക്കുള്ള പണം എത്രയാണെന്ന് പറയാൻ കഴിയുകയുള്ളൂ. അംഗവൈകല്യമുള്ള കുട്ടികൾക്കുള്ള ഉപകരണങ്ങൾ നാലും അഞ്ചും ഇരട്ടി വിലയ്ക്ക് വാങ്ങി എന്നൊരു ആരോപണം ഉന്നയിക്കുകയുണ്ടായി. എം.എച്ച്.ആർ.ഡി. അംഗീകരിച്ച ആനുവൽ വർക്ക് പ്ലാൻ നിബന്ധനകൾക്ക് വിധേയമായാണ് ഇത് വാങ്ങുന്നത്. സർക്കാർ ഏജൻസിയായ കെൽട്രോണിനെയാണ് വിതരണ ഏജൻസിയായി തെരഞ്ഞെടുത്തത്. വ്യക്തമായ ഗവൺമെന്റ് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇത് ചെയ്തിട്ടുള്ളത്. കുറ്റിപ്പുറത്തെ ഏജൻസിക്ക് കൊടുക്കണമെന്ന് ഗവൺമെന്റ് ഒരു ഉത്തരവിലും പറഞ്ഞിട്ടില്ല. ജില്ലാ പഞ്ചായത്തുകളെ നോക്കുകുത്തിയാക്കി എന്നുപറയുന്നതിൽ യാതൊരു അർത്ഥവുമില്ല. കാരണം, സംസ്ഥാന അടിസ്ഥാനത്തിൽ ഓർഡർ കൊടുക്കുമ്പോൾ സ്വാഭാവികമായും പേമെന്റുകൾ ജില്ലാ അടിസ്ഥാനത്തിലാണ് നൽകുന്നത്. മുൻ ഗവൺമെന്റുകളുടെ കാലങ്ങളിലും അങ്ങനെയാണ് ചെയ്തിട്ടുള്ളത്. മറ്റൊന്ന്, ലേണിംഗ് എൻഹാൻസ്മെന്റ് പ്രോഗ്രാമിനുള്ള ലാബ് എക്വിപ്മെന്റ്സ് വാങ്ങി എന്നുള്ളതാണ്. രാമാനുജൻ ഇയർ ഓഫ് മാത്തമാറ്റിക്സിന്റെ ഭാഗമായി ഈ വർഷം മാത്തമാറ്റിക്സ് ലാബ് സെറ്റ് ചെയ്യാൻ വേണ്ടിയാണ് മൂന്ന് കോടി രൂപ അനുവദിച്ചത്. അതും ഗവൺമെന്റ്

ഏജൻസിയായ സിഡ്കോ മുഖേനയാണ് സപ്ലൈ ചെയ്യാൻ തീരുമാനിച്ചത്. അതിനും ഗവൺമെന്റിന്റെ വ്യക്തമായ ഉത്തരവുണ്ട്. എസ്.എസ്.എ.-യുടെ ഗവേണിംഗ് ബോഡിയായ PEDSK-ൽ (Primary Education Development Society, Kerala) ഒരു എസ്.സി. പ്രതിനിധി ഉൾപ്പടെ മൂന്ന് അദ്ധ്യാപക പ്രതിനിധികളാണ് വേണ്ടത്. ഈയൊരു ക്രമീകരണത്തിനുവേണ്ടിയാണ് ഒരാളെ ഒഴിവാക്കിയത്. പകരം ഒരു എസ്.സി. പ്രതിനിധിയെ നിയമിക്കു കയും ചെയ്തിട്ടുണ്ട്. അഴിമതിക്കെതിരെ സർക്കാർ മുഖം നോക്കാതെ നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായാണ് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പ്രകാരം 21 ഉദ്യോഗസ്ഥർക്കെതിരെ മുഖം നോക്കാതെ നടപടി സ്വീകരിച്ചിട്ടുള്ളത്. ഇപ്പോൾ അഴിമതിക്കെതിരെ ശബ്ദിച്ചതിന് പുറത്താക്കപ്പെട്ടുവെന്ന് പരാമർശിക്കപ്പെട്ട വ്യക്തി നടപടിക്ക് വിധേയമായവരെ രക്ഷിക്കാനാണ് ശ്രമിച്ചത് എന്ന യാഥാർത്ഥ്യംകൂടി ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് എസ്.എസ്.എ. രംഗത്ത് വലിയ നേട്ടങ്ങളാണ് ഈ ഗവൺമെന്റ് ഉണ്ടാക്കിയിട്ടുള്ളത്. എസ്.എസ്.എ.-യിലൂടെ ഈ സർക്കാർ നേടിയെടുത്ത ചരിത്ര നേട്ടങ്ങൾ മറച്ചുവയ്ക്കാൻവേണ്ടിയാണ് ഇതുപോലെയുള്ള ആരോപണങ്ങൾ. ശ്രീ. ആർ. രാജേഷ് ഇവിടെ ഉന്നയിച്ച ആരോപണം രണ്ട് ദിവസം മുമ്പുതന്നെ പത്രങ്ങളിലെല്ലാം വന്നതാണ്. 9.37 ലക്ഷം കുട്ടികൾക്ക് രണ്ട് സെറ്റ് യൂണിഫോം വീതം നൽകി. കഴിഞ്ഞ ഗവൺമെന്റ് അത് ലാപ്സാക്കുകയാണ് ചെയ്തത്. എൽ.പി./യു.പി. ഹെഡ് ടീച്ചേഴ്സിനുപകരം 1890 അദ്ധ്യാപകരെ നിയമിച്ചു. 4480 പാർട്ട്ടൈം ഇൻസ്ട്രക്ടേഴ്സിനെ നിയമിക്കുന്നതിന് ഉത്തരവിറക്കി. 1190 റിട്രഞ്ച്ഡ് ടീച്ചേഴ്സിനെ ക്ലസ്റ്റർ കോ-ഓർഡിനേറ്റേഴ്സാക്കി ശമ്പളം നൽകി.

എസ്.എസ്.എ. ചരിത്രത്തിലെ ഏറ്റവും കൂടുതൽ ഫണ്ട് ചെലവഴിച്ചത് 2011–12, 2012–13 എന്നീ രണ്ട് വർഷങ്ങളിലാണ്. എസ്.എസ്.എ. ഫണ്ട് ഫല പ്രദമായി ഉപയോഗിക്കാൻ കഴിഞ്ഞതിൽ എനിക്ക് അതിയായ ചാരിതാർത്ഥ്യ മുണ്ട്. ഈ രീതിയിൽ എസ്.എസ്.എ.–യുടെ കാര്യത്തിൽ കഴിഞ്ഞ വർഷ ങ്ങളെ അപേക്ഷിച്ച് വളരെയേറെ ഗുണപ്രദമായ രീതിയിലാണ് പ്രവർത്തിച്ചിട്ടു ള്ളത്. പഞ്ചായത്തുകളിൽ നിന്നെല്ലാം ഇനിയും ഫണ്ട് വരാനുണ്ട്. അത് വന്നുകൊണ്ടിരിക്കുകയാണ്. അത് മുഴുവൻ ലഭിക്കുമ്പോൾ തീർച്ചയായും ചരിത്രത്തിലെ ഏറ്റവും വലിയ തോതിലുള്ള എക്സ്പെൻഡിച്ചർ ഈ രംഗത്ത് ഉണ്ടാക്കാൻ കഴിയും. ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ശ്രീ. എ. ഷാജഹാനെ ഇലക്ഷൻ നിരീക്ഷകനാ ക്കിയതിനെ സംബന്ധിച്ച് പരാമർശിക്കുകയുണ്ടായി. കേന്ദ്ര ഗവൺമെന്റാണ് ഇലക്ഷൻ നിരീക്ഷകനെ നിശ്ചയിക്കുന്നത്. കഴിഞ്ഞ വർഷവും ശ്രീ. എ. ഷാജഹാൻ പോയിരുന്നു, ഈ വർഷവും പോയിട്ടുണ്ട്. ഇത്രയും കാര്യങ്ങളാണ് എനിക്ക് പറയാനുള്ളത്. ഒരിക്കൽകൂടി ശക്തമായി ശ്രീ. ആർ. രാജേഷിന്റെ ആരോപണങ്ങളെ ഞാൻ നിഷേധിക്കുന്നു.

ശ്രീ. ആർ. രാജേഷ്: സർ, .....................

മി. സ്പീക്കർ: നോ, നോ, ശ്രീ. രാജേഷ്, അങ്ങ് പറയാനുള്ളത് എഴുതി ത്തന്നു, അത് പറയുന്നതിന് ആവശ്യമായ സമയം തന്നു. അതിനു ശേഷം......, ഞാൻ പറയാം, നിങ്ങൾ വെറുതേ അവരെ പ്രകോപിപ്പിക്കേണ്ട. പ്ലീസ്......

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ

താലൂക്കുകളുടെ പുനഃസംഘടനയെപ്പറ്റി പരാമർശിക്കുകയുണ്ടായി. ഭരണ കക്ഷി അംഗങ്ങൾക്കെല്ലാമാണ് താലൂക്ക് പുനഃസംഘടന നൽകിയതെന്ന് അദ്ദേഹം പറഞ്ഞു. ഞാൻ ശ്രീ. കോടിയേരി ബാലകൃഷ്ണനോട് ചോദിക്കുന്നത് മഞ്ചേശ്വരത്ത് സി.പി.ഐ. (എം) ഇല്ലേ; വെള്ളരിക്കുണ്ടിൽ സി.പി.ഐ.(എം) ഇല്ലേ; ഇരിട്ടിയിൽ സി.പി.ഐ.(എം) ഇല്ലേ; താമരശ്ശേരിയിലും, കൊണ്ടോട്ടിയിലും, പട്ടാമ്പിയിലും സി.പി.ഐ.(എം) ഇല്ലേ; ചാലക്കുടിയിലും ഇടുക്കിയിലും കോന്നിയിലും കാട്ടാക്കടയിലും വർക്കലയിലുമൊന്നും സി.പി.ഐ.(എം) ഇല്ലെന്നാണോ പറയുന്നത്? പുതിയ താലൂക്കുകൾ ഏതെങ്കിലുമൊരു പാർട്ടിക്ക് കൊടുത്തിട്ടുള്ളതല്ല. താലൂക്കുകൾ ആവശ്യമുള്ള സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് ഗവൺമെന്റ് വിലയിരുത്തുകയും ഗവൺമെന്റിന്റെ വിലയിലുത്തലിൽ ഏതെല്ലാം സ്ഥലങ്ങളിൽ താലൂക്ക് വേണം എന്നൊരു തീരുമാനമെടുത്തതിന്റെയും അടിസ്ഥാനത്തിൽ പ്രഖ്യാപിച്ചതാണ്. അല്ലാതെ ഇതുകൊണ്ട് ഭരണകക്ഷിക്ക് വല്ലതുമുണ്ടോ? ..... (ബഹളം).....

<u>മി. സ്പീക്കർ</u>: ഞാൻ ഒരു കാര്യം പറയാം, ശ്രീ. കോടിയേരി ബാലകൃഷ്ണൻ സംസാരിച്ചപ്പോൾ ഒരു സൂചി വീണാൽ ശബ്ദം കേൾക്കാമായിരുന്നു, പിൻഡ്രോപ്പ് സൈലൻസായിരുന്നു. മന്ത്രി മറുപടി പറയാൻ തുടങ്ങിയപ്പോൾതന്നെ ബഹളമുണ്ടാക്കിയാൽ മന്ത്രി എങ്ങനെയാണ് മറുപടി പറയുന്നത്?

<u>ശ്രീ. കെ. എം. മാണി</u>: തൊട്ടതിനെല്ലാം ഭരണകക്ഷി-പ്രതിപക്ഷ വ്യത്യാസം. ഇങ്ങനെയൊരു ഭരണകക്ഷി-പ്രതിപക്ഷ വ്യത്യാസമോ ഒരു ഡിവൈഡോ ഈ ഭരണത്തിൽ ഉണ്ടായിട്ടുണ്ടോ; ധനകാര്യ വകുപ്പുമന്ത്രിയുടെ ചെയ്തികളിൽ ഉണ്ടായിട്ടുണ്ടോ? ആസ്തി വികസന ഫണ്ട് എല്ലാ

എം.എൽ.എ.-മാർക്കും അഞ്ച് കോടി രൂപ (ആകെ 700 കോടി രൂപ) അതിന്റെ ഫലം അനുഭവിക്കുകയല്ലേ? എന്നിട്ട് വെറുതെ ഭരണകക്ഷി, പ്രതിപക്ഷം....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ആക്ഷേപം വരുന്നതിന്റെ പ്രധാന കാരണം മുമ്പ് നിരവധി കമ്മീഷനുകൾ താലൂക്കുകൾ കൊടുക്കണ മെന്ന് ചൂണ്ടിക്കാണിച്ച പല പ്രദേശങ്ങളും ഒഴിവാക്കിയിട്ടുണ്ട്. പയ്യന്നൂർ, കുന്നംകുളം, ഏറ്റുമാനൂർ ഇവയെല്ലാം ഒഴിവാക്കി. ഇതുസംബന്ധിച്ചാണ് ഇപ്പോൾ വിമർശനം വരുന്നത്. എന്തെങ്കിലും പരിശോധന നടത്തിയിട്ടാണോ ഈ തീരുമാനമെടുത്തത്?

ശ്രീ. കെ. എം. മാണി: സർ, ഏറ്റുമാനൂർ, ഈരാറ്റുപേട്ട, മുണ്ടക്കയം എന്നിവിടങ്ങളിലും താലൂക്ക് വേണമെന്ന് പറഞ്ഞല്ലോ. താലൂക്ക് അനുവദി ക്കണമെന്ന് പറയുന്ന ധാരാളം ആളുകളുണ്ട്, ആവശ്യമുണ്ട്, കേന്ദ്രങ്ങളുണ്ട്. പക്ഷെ എല്ലായിടത്തും താലൂക്കുകൾ അനുവദിക്കാൻ കഴിയുകയില്ലല്ലോ. എല്ലാംകൂടി വച്ച് ഒരു റിപ്പോർട്ട് വന്നാൽ അത് ഗവൺമെന്റ് സ്വീകരിക്കണ മെന്നുണ്ടോ? റിപ്പോർട്ടുകളിൽ പല നിർദ്ദേശങ്ങൾ കാണും. അതിലെ ചില നല്ല നിർദ്ദേശങ്ങൾ, ഗവൺമെന്റിന് അനുയോജ്യമായ നിർദ്ദേശങ്ങൾ സ്വീകരിക്കുമെന്നുമാത്രമേയുള്ളൂ. അതുകൊണ്ട് പുതിയ താലൂക്കുകൾ പ്രഖ്യാപിച്ചതിൽ യാതൊരു വിവേചനവുമുണ്ടായിട്ടില്ല.

ശ്രീ. സി. കൃഷ്ണൻ: സർ, 1987-ലെ താലൂക്ക് പുനഃസംഘടനാ കമ്മിറ്റി പ്രയോരിറ്റി നമ്പർ നാലായി പയ്യന്നൂരിനെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് എന്റെ സബ്മിഷന് ഈ സഭയിൽ മറുപടി നൽകിയിട്ടുണ്ട്. പുതിയ താലൂക്കുകളുടെ കൂട്ടത്തിൽ പയ്യന്നൂർ താലൂക്ക് ഇല്ല. പുതിയതായി പ്രഖ്യാപിച്ച താലൂക്കുക

ളുടെ കൂട്ടത്തിൽ പയ്യന്നൂരിനെക്കൂടി ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോയെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): എല്ലാവർക്കും വേണമെന്ന് ഏകാഭിപ്രായത്തിൽ പറയുന്ന താലൂക്ക് ഇനിയും വേണമെങ്കിൽ എടുക്കാം. അതിനൊന്നും ഒരു വിഷമവുമില്ല. ഞങ്ങൾ അതിനൊന്നും തടസ്സമല്ല. ഇപ്പോഴും മനസ്സിലായിട്ടില്ലേ ഞങ്ങളുടെ മനസ്സ്. നമ്മുടെ സംസ്ഥാനത്തിന്റെ എക്കണോമിക് ഗ്രോത്ത് ആണല്ലോ നമ്മൾ കാണേണ്ടത്. ഈ ബഡ്ജറ്റിന്റെ ലക്ഷ്യമെന്താണ്? ഈ ബഡ്ജറ്റ് എന്താണ് പ്രതിഫലിപ്പിക്കുന്നത്? കേരളത്തിന്റെ എക്കണോമിക് ഗ്രോത്ത് പ്രത്യേകിച്ച് ഇൻക്ലൂസീവ് ഗ്രോത്ത്. ഗ്രോത്ത് എത്തിച്ചെല്ലാത്ത പ്രദേശങ്ങൾ, ഗ്രോത്ത് എത്തിച്ചെല്ലാത്ത ജനവിഭാഗങ്ങൾ അവിടെയെല്ലാം ഗ്രോത്ത് ഉണ്ടാക്കികൊണ്ട് സമഗ്രമായ ഗ്രോത്ത്, ഗ്രോത്ത് വിത്ത് ഇൻക്ലൂഷൻ. അതാണ് ഈ ബഡ്ജറ്റ് പ്രതിഫലിപ്പിക്കുന്നത്. ഈ ബഡ്ജറ്റിന്റെ ലക്ഷ്യമതാണ്. 38 പദ്ധതികൾ ഇവിടെ പ്രഖ്യാപിച്ചു. അത് മിക്കവാറും ബഹുഭൂരിപക്ഷവും എക്കണോമിക് ഗ്രോത്ത് ബൂസ്റ്റ് ചെയ്യുന്ന പദ്ധതികളാണ്. എത്രയോ വലിയ സാമൂഹ്യ സുരക്ഷാ പരിപാടികളിവിടെ പ്രഖ്യാപിച്ചു. എത്രയോ വലിയ സഹായമാണ് നൽകിയിരിക്കുന്നത്. ഇൻക്ലൂസീവ് ഗ്രോത്തിന് ചെറുകിട കർഷകരുടെ പലിശ ബാധ്യത എഴുതിത്തള്ളുന്നു. എല്ലാ ചെറുകിട കർഷകർക്കും പലിശരഹിത വായ്പ, തൃപ്തി ഭക്ഷണശാല, തൊഴിൽ സംരഭകർക്ക് സ്റ്റാർട്ട് അപ് സബ്സിഡി, സ്ത്രീ ശാക്തീകരണം, വിധവകളുടെ മക്കൾക്ക് വിദ്യാഭ്യാസം, പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്,

തൊഴിലുറപ്പ് പെൻഷൻ യാചക വിമുക്ത കേരളം, ഓർഫനേജ് കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യം, മത്സ്യത്തൊഴിലാളി സഹായ പദ്ധതി. ബഹുമാനപ്പെട്ട ശ്രീ. കോടിയേരി....... തൊഴിലാളികൾക്കു വേണ്ടി, അവശ വിഭാഗ ങ്ങൾക്കുവേണ്ടി, ദുർബല വിഭാഗങ്ങൾക്കുവേണ്ടി ഈ ബഡ്ജറ്റിൽ പ്രഖ്യാ പിച്ച പരിപാടികൾ എങ്കിലും നല്ലതാണെന്ന് ഒരു വാക്കെങ്കിലും അങ്ങ് പറഞ്ഞോ? നിങ്ങളുടെ കാലഘട്ടത്തിൽ ഡോ. തോമസ് ഐസക് അവതരി പ്പിച്ച ബഡ്ജറ്റിനെക്കാളും എത്രയോ മാനുഷിക മുഖമുള്ള ഒരു ബഡ്ജറ്റാണ് ഇത്. ഞാൻ കൂടുതലൊന്നും പറയുന്നില്ല. എല്ലാവരും അംഗീകരിക്കുന്ന ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഇന്ന് വലിയ ചർച്ചയ്ക്ക് കാര്യമില്ല. ഇന്നലെ ഡിസ്ക്കഷൻ പൂർത്തിയാക്കിയ ബഡ്ജറ്റിലേക്കുള്ള നാല് മാസത്തേയ്ക്കുള്ള തുക ചെലവഴിക്കുന്നതിന് വേണ്ടി മാത്രം ഉള്ള വോട്ട് ഓൺ അക്കൗണ്ടാണ്. അതുകൊണ്ട് കൂടുതലായ ചർച്ചകൾ ഇനി ഇവിടെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. ഞാൻ എന്റെ വാക്കുകൾ ഉപസം ഹരിക്കുകയാണ്. പൊതുവേ എല്ലാ ജനവിഭാഗങ്ങളും ഈ ബഡ്ജറ്റിനെ അംഗീകരിച്ചിരിക്കുകയാണ്. പ്രതിപക്ഷമായി ഇരിക്കുമ്പോൾ എന്തെങ്കിലും പറയണ്ടേ..........

മി. സ്പീക്കർ: അവസാനം അങ്ങ് പ്രകോപിപ്പിക്കണ്ട.

ശ്രീ. കെ. എം. മാണി: സർ, ഞാൻ പ്രകോപിപ്പിക്കുന്നില്ല. ഇതൊക്കെയാ ണെങ്കിലും പ്രതിപക്ഷം കാണിച്ച സഹിഷ്ണുതയ്ക്ക് നന്ദി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ഇ. ചന്ദ്രശേഖരൻ, ശ്രീമതി പി. അയിഷാ പോറ്റി, ശ്രീ. ജി. സുധാകരൻ, ഡോ. ടി. എം. തോമസ് ഐസക്, ശ്രീ. വി. ചെന്താമരാ ക്ഷൻ, ശ്രീ. കെ. ദാസൻ, ശ്രീ. കെ. വി. വിജയദാസ്, ശ്രീ. എളമരം കരീം,

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ), ശ്രീ. എസ്. ശർമ്മ, ശ്രീ. ജെയിംസ് മാത്യു, ശ്രീ. ഇ. പി. ജയരാജൻ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. സി.കൃഷ്ണൻ, ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), ശ്രീ. മുല്ലക്കര രത്നാകരൻ, ശ്രീമതി കെ. കെ. ലതിക, ശ്രീ. കെ. കെ. നാരായണൻ, ശ്രീ. കെ. രാധാകൃഷ്ണൻ, ശ്രീ. ആർ. രാജേഷ്, ശ്രീ. റ്റി. വി. രാജേഷ്, പ്രൊഫ. സി. രവീന്ദ്രനാഥ്, ശ്രീമതി കെ. എസ്. സലീഖ, ശ്രീ. ബി. സത്യൻ, ശ്രീമതി.ഗീതാഗോപി എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി അവതരിപ്പിച്ച ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് ഓൺ അക്കൗണ്ട്സ് സംബന്ധിച്ച ഉപക്ഷേപം പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ–യെസ്, പ്രതികൂലിക്കുന്നവർ–നോ.

(ഇലക്ട്രോണിക് വോട്ടിംഗ് സംവിധാനത്തിലുണ്ടായ തകരാറുമൂലം സഭാംഗങ്ങൾ മാനുവലായി താഴെ പറയും പ്രകാരം പോൾ രേഖപ്പെടുത്തി)

A\p-Iq-en-¡p-¶-hÀ

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസമദ് സമദാനി

6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. ടി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
15. ശ്രീ. വി. ടി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. കെ. ബി. ഗണേഷ് കുമാർ
21. ശ്രീ. എ. റ്റി. ജോർജ്
22. ശ്രീ. പി. സി. ജോർജ്
23. ശ്രീ. ഹൈബി ഈഡൻ
24. ശ്രീമതി പി. കെ. ജയലക്ഷ്മി
25. ഡോ. എൻ. ജയരാജ്
26. ശ്രീ. കെ. സി. ജോസഫ്
27. ശ്രീ. പി. ജെ. ജോസഫ്
28. ശ്രീ. ജോസഫ് വാഴക്കൻ
29. ശ്രീ. വർക്കല കഹാർ
30. ശ്രീ. കെ. എൻ. എ. ഖാദർ
31. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
32. ശ്രീ. റ്റി. യു. കുരുവിള
33. ശ്രീ. ലൂഡി ലൂയിസ്
34. ശ്രീ. പി. എ. മാധവൻ

35. ശ്രീ. സി. മമ്മൂട്ടി
36. ശ്രീ. കെ. എം. മാണി
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. സി. മോയിൻകുട്ടി
39. ശ്രീ. മോൻസ് ജോസഫ്
40. ശ്രീ. സി. പി. മുഹമ്മദ്
41. ശ്രീ. ആര്യാടൻ മുഹമ്മദ്
42. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
43. ഡോ. എം. കെ. മുനീർ
44. ശ്രീ. കെ. മുരളീധരൻ
45. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
46. ശ്രീ. ഉമ്മൻ ചാണ്ടി
47. ശ്രീ. അടൂർ പ്രകാശ്
48. ശ്രീ. റ്റി. എൻ. പ്രതാപൻ
49. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
50. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
51. ശ്രീ. പാലോട് രവി
52. ശ്രീ. റോഷി അഗസ്റ്റിൻ
53. ശ്രീ. വി. പി. സജീന്ദ്രൻ
54. ശ്രീ. എൻ. ശക്തൻ
55. ശ്രീ. വി. ഡി സതീശൻ
56. ശ്രീ. ഷാഫി പറമ്പിൽ
57. ശ്രീ. കെ. എം. ഷാജി
58. ശ്രീ. എൻ. ഷംസുദീൻ
59. ശ്രീ. ആർ. സെൽവരാജ്
60. ശ്രീ. ഷിബു ബേബി ജോൺ
61. ശ്രീ. കെ. ശിവദാസൻ നായർ
62. ശ്രീ. വി. എസ്. ശിവകുമാർ
63. ശ്രീ. എം. വി. ശ്രേയാംസ്കുമാർ
64. ശ്രീ. സണ്ണി ജോസഫ്

65. ശ്രീ. സി. എഫ്. തോമസ്
66. ശ്രീ. തോമസ് ഉണ്ണിയാടൻ
67. ശ്രീ. പി. ഉബൈദുള്ള
68. ശ്രീ. എം. ഉമ്മർ
69. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
70. ശ്രീ. എം. എ. വാഹീദ്
71. ശ്രീ. എം. പി. വിൻസെന്റ്
72. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീ. എ. എ. അസീസ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. എം. എ. ബേബി
8. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീ. എം. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. വി. ചെന്താമരാക്ഷൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. പി. കെ. ഗുരുദാസൻ
19. ശ്രീ. എം. ഹംസ
20. ശ്രീമതി ജമീലാ പ്രകാശം

21. ശ്രീ. ജെയിംസ് മാത്യു
22. ഡോ. കെ. ടി. ജലീൽ
23. ശ്രീ. കെ. കെ. ജയചന്ദ്രൻ
24. ശ്രീ. ജി. എസ്. ജയലാൽ
25. ശ്രീ. ഇ. പി. ജയരാജൻ
26. ശ്രീ. ജോസ് തെറ്റയിൽ
27. ശ്രീ. എളമരം കരീം
28. ശ്രീ. സി. കൃഷ്ണൻ
29. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
30. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
31. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
32. ശ്രീ. കോവൂർ കുഞ്ഞുമോൻ
33. ശ്രീമതി കെ. കെ. ലതിക
34. ശ്രീ. മാത്യു റ്റി. തോമസ്
35. ശ്രീ. സി. കെ. നാണു
36. ശ്രീ. കെ. കെ. നാരായണൻ
37. ശ്രീ. എ. പ്രദീപ്കുമാർ
38. ശ്രീ. പുരുഷൻ കടലുണ്ടി
39. ശ്രീ. കെ. രാധാകൃഷ്ണൻ
40. ശ്രീ. പി. റ്റി. എ. റഹീം
41. ശ്രീ. എസ്. രാജേന്ദ്രൻ
42. ശ്രീ. ആർ. രാജേഷ്
43. ശ്രീ. റ്റി. വി. രാജേഷ്
44. ശ്രീ. കെ. രാജു
45. ശ്രീ. മുല്ലക്കര രത്നാകരൻ
46. പ്രൊഫ. സി. രവീന്ദ്രനാഥ്
47. ശ്രീ. സി. കെ. സദാശിവൻ
48. ശ്രീ. സാജു പോൾ
49. ശ്രീമതി കെ. എസ്. സലീഖ
50. ശ്രീ. എസ്. ശർമ്മ

51. ശ്രീ. വി. ശശി
52. ശ്രീ. എ. കെ. ശശീന്ദ്രൻ
53. ശ്രീ. ബി. സത്യൻ
54. ശ്രീ. വി. ശിവൻകുട്ടി
55. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
56. ശ്രീ. ജി. സുധാകരൻ
57. ശ്രീ. വി. എസ്. സുനിൽകുമാർ
58. ശ്രീ. കെ. സുരേഷ് കുറുപ്പ്
59. ശ്രീ. പി. തിലോത്തമൻ
60. ശ്രീ. തോമസ് ചാണ്ടി
61. ഡോ. ടി. എം. തോമസ് ഐസക്
62. ശ്രീ. ഇ. കെ. വിജയൻ
63. ശ്രീ. കെ. വി. വിജയദാസ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ-72
പ്രതികൂലിക്കുന്നവർ-63

നിഷ്പക്ഷത പാലിക്കുന്നവർ-ആരുമില്ല

ഉപക്ഷേപം പാസ്സായിരിക്കുന്നു. വോട്ട് ഓൺ അക്കൗണ്ട് അനുവദിച്ചിരിക്കുന്നു.

## റൂളിംഗ്

മി. സ്പീക്കർ: രാവിലെ ആഭ്യന്തര മന്ത്രിയുടെ പരാമർശത്തിനിടയിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ശശിയുമായി ബന്ധപ്പെട്ടുകൊണ്ട് അദ്ദേഹം പറഞ്ഞ വാക്കുകൾ പിൻവലിക്കുന്നതായി അദ്ദേഹം തന്നെ എഴുതിത്തന്നിട്ടുണ്ട്. അദ്ദേഹം ഉപയോഗിച്ച വാക്കുകൾ രേഖയിൽനിന്ന് നീക്കണമെന്ന് അദ്ദേഹംതന്നെ ആവശ്യപ്പെട്ടിട്ടുണ്ട്. അത് രേഖയിൽനിന്നും നീക്കം ചെയ്തു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2013 മാർച്ച് മാസം 22–ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം **4.20**–ന് പിരിഞ്ഞു.)

-------------